

കൗമുദി

ഈ ലക്കത്തിൽ

കുറിപ്പുകൾ — കെ ബാലകൃഷ്ണൻ

എല്ലാം സഹിക്കുന്നു — കിടക്കുകൾ

സ്പോർട്ട്സ്

ഗ്രഹാമിൻറെ പ്രഥമവിജയം — ശ്യാമകൃഷ്ണൻ.

പത്രാധിപരോട് സംസാരിക്കുക — പത്രാധിപർ

കഴിഞ്ഞതെല്ലാം ഒരു കൊല്ലത്തെ കോൺഗ്രസ്സ് സമ്മേളനം — എൻ. രാമചന്ദ്രൻ

കൊച്ചിയിൽ ഇന്നു നടക്കുന്ന ദ്വൈവാർഷിക രാഷ്ട്രീയസമ്മേളനം — മല്ലികശ്ശേരി ചെല്ലപ്പൻപിള്ള, കൊച്ചി

മാവോസെതുംഗ് വാഴ്സായ് ചർച്ചകളും കാരണങ്ങളും — എൻ. ശ്രീകണ്ഠൻനായർ എം. പി.

ഭ്രാന്തിയുടെ ദാഹം (ചെറുകഥ) — വി. കെ ബാലഗോപാലൻ

അക്ഷരനായ രാജകുമാരൻ (പ്രസ്തകഥ) — കെ എ ജയ്സാർ

സാഹിത്യത്തിലെ സംസ്കാരി പ്രവണതകൾ — കെ. ആർ തിരുനിലത്ത്

തെരുവിലെ പെങ്ങൾ (കവിത) — പുതുശ്ശേരി രാമചന്ദ്രൻ

വനിതാപംക്തി — ലേഖനങ്ങളിൽനിന്ന്

കേരളമുദിച്ചീടുക — ഉഷാഭ്യുച്ചി

സഖിയോട് (കവിത) — എസ്സ്. സച്ചിദാനന്ദകുമാരി

അവനും ജീവിക്കണം (ചെറുകഥ) — എം രാജകുമാരി


പ്രപഞ്ചഗായകൻ (കവിത) — കെ ശ്രീധരൻനായർ, ഇടപ്പള്ളി

സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ സംരക്ഷണനടപടികളും തുല്യവേതനവും — സി നാരായണൻ എം എ, എൽ ടി.

ജീവിതസമരം — സി. കേശവൻ

കഴിഞ്ഞലക്കം

മുഖചിത്രം: — ശ്യാമ



ബഹിഷ്കൃതമന്ത്രിസഭ
അധികാരത്തിൽ
ഇന്ന്
125-ാം ദിവസം



പത്രാധിപർ—കെ. ബാലകൃഷ്ണൻ

Reg. M. 5661 Phone No- 2128 സഹപത്രാധിപർ സി. എൻ ശ്രീകണ്ഠൻനായർ.

കുമുദി

പുസ്തകം 4 1129 മകരം 12 തിങ്കൾ ലക്കം 44

കുമുദിക്കുറിപ്പുകൾ

രാജാജിവന്നു രാജാജിപോയി—

കാൺഗ്രസ്സ് തിരഞ്ഞെടുപ്പുപ്രചരണത്തിൻറെ ആദ്യത്തെ ദിവസത്തിനുമുൻപുതന്നെ കഴിഞ്ഞിരിക്കുന്നു കൊല്ലത്തുനടന്ന കാൺഗ്രസ്സ് കൺവെൻഷനും, രാജഗോപാലാചാരിയും, അനന്തശയനം അയ്യങ്കാരും, കൃഷ്ണമേനോനുമായിരുന്ന പ്രധാന സംഭവങ്ങളും കൊല്ലം കൺവെൻഷനിലെ പ്രസംഗങ്ങളുടെ പൂർണ്ണവിവരങ്ങളും ഒരു ഇലക്ഷൻ ആഫീസിൽ ഇതുപോലെ ഗതിയിൽ ഇതു കുറിക്കുമ്പോൾ ഏതൊക്കെ മുൻപിലില്ല. രാജാജി വന്നു സഞ്ചരിച്ചുപോകുന്നതിനിടയിൽ നടത്തിയ പ്രസംഗങ്ങൾ മലയാളപത്രങ്ങളിലും ഇംഗ്ലീഷുപത്രങ്ങളിലും വന്നിരുന്നതു സൂക്ഷ്മമായിട്ടുണ്ടെന്നു ഞാൻ പറഞ്ഞല്ലോ. അതുകളെ വശീകരിക്കത്തക്ക വാചാലതയും പ്രസിദ്ധനാണ് രാജാജി. അനേകം വർഷത്തെ പ്രവർത്തനത്തിൻറെ അനുഭവങ്ങളുമുണ്ട് അതുകൊണ്ട് അദ്ദേഹമായിരിക്കും കാൺഗ്രസ്സിനുവേണ്ടി ഏറ്റവും വിദഗ്ധമായി വാദിക്കുന്നതെന്നു ഒരുപക്ഷെ പ്രതീക്ഷിക്കപ്പെട്ടിരുന്ന രാജാജിയുടെ പ്രസംഗങ്ങളും ഈ രാജ്യത്തു വലിയ ബുദ്ധിമുട്ടുകളുണ്ടാക്കിയിട്ടില്ലെങ്കിലും അതു പ്രസംഗങ്ങളും കാര്യമായി എണ്ണാതിരിക്കേ ബുദ്ധിയില്ലാഞ്ഞു നടപടിയായിരിക്കും ഒരു കാര്യം രാജാജി പ്രസംഗങ്ങളിൽ നിന്നു വ്യക്തമായിട്ടുണ്ട്. തീർച്ചയായും ജയിക്കാൻ പോകുന്ന ഏതു കാൺഗ്രസ്സുകാരിൽ ചിലർക്കുകിലുമുള്ള വിശ്വാസം രാജാജിക്കു കാൺഗ്രസ്സിനെസംബന്ധിച്ചിടത്തോളം ഇല്ല. നിങ്ങളുടെ പുലയായ മാതാവാണ് കാൺഗ്രസ്സെന്നും കാൺഗ്രസ്സിനെ ഒരു കാരണവശാലും യുക്തിയായ ഭാര്യയെക്കുതി ഉപേക്ഷിക്കരുതെന്നും രാജാജി അപേക്ഷിച്ചു കേഴ്ക്കുന്നതുതന്നെ അതുകൊണ്ടായിരിക്കണം. ഈ രാജ്യത്തെ മരണകക്ഷിയെന്നനിലയ്ൽ കാൺഗ്രസ്സിനു വീണ്ടും അധികാരത്തിൽവരാനുള്ള യോഗ്യതകളെപ്പറ്റി മാത്രവശാൽ രാജാജി ഒന്നും :പറഞ്ഞില്ല. പണ്ഡിതനെഹ്രുവിൻറെ സാഹോദര്യമതിപ്പിനും മറ്റു സ്ഥലങ്ങളിലെപ്പോലെ ഇവിടെയും കഴുപ്പമില്ലാതെ മരണം തുടരുന്നതിനും കാൺഗ്രസ്സിനു വോട്ടുചെയ്യണമെന്നു മാത്രമേ രാജാജിക്കു വാദമുള്ളു ഇവിടെ ഒരു കമ്മ്യൂണിസ്റ്റുഭരണമാണു നിലനിന്നിരുന്നതെങ്കിൽ താൻ അങ്ങനെ പറയുകയില്ലായിരുന്നെന്നും നിലനിൽക്കുന്ന ഭരണം തുടരണമെന്നുള്ളതുകൊണ്ടുമാത്രമാണ് ഇങ്ങനെ പറയുന്നതെന്നും രാജാജി വാദിക്കുന്നു. ഇതിനു "സ്റ്റാറ്റസ്കോവാദം" എന്നുപറയാം. ലോകമുണ്ടായ കാലംമുതൽ എല്ലാ വ്യവസ്ഥിതികളും നടത്തിയിട്ടുള്ള ഒരു വാദരീതിയാണതു്. ആ വാദരീതി ഒരു നൂറാണ്ടുമുൻപു നാം അംഗീകരിച്ചെങ്കിൽ ഇൻഡ്യ സ്വതന്ത്രയാകുകപോലുമില്ലായിരുന്നു. ഇൻഡ്യ വിജ്ഞിക്കണമെന്നു രാജാജി വാദിക്കുകയില്ലായിരുന്നു. മാറ്റത്തിനു വേണ്ടിയുള്ള ഒരു വാദവും ലോകത്തുണ്ടാകുകയില്ലായിരുന്നു. ജീവിതം അത്ഭുതശൂന്യവും കഥയില്ലാത്തതുമാകുമായിരുന്നു രാജാജി ഈ കഥയില്ലായ്മയ്ക്കുവേണ്ടിയാണ് വാദിക്കുന്നതെന്നു തിരുവനന്തപുരം പ്രസംഗം ക്ലൂടെ പ്രകടമാക്കി. മനുഷ്യർക്കു മൃഗങ്ങളേക്കാൾ ബുദ്ധിക്കുടിപ്പോയതുകൊണ്ടു അവൻ ചിന്തിക്കുന്നു. ഈ ചിന്തയാണ് കുഴപ്പമുണ്ടാക്കുന്നതെന്നാണ് രാജാജിയുടെ വാദം. മനുഷ്യനും ചിന്തിക്കാതെ മൃഗങ്ങളെപ്പോലെ വോട്ടുചെയ്യാൻ തയ്യാറായാലേ കാൺഗ്രസ്സിനു വോട്ടു കിട്ടുകയുള്ളു എന്നു നിശ്ചയമുള്ളതുകൊണ്ടായിരിക്കാം രാജാജി അങ്ങനെ പറഞ്ഞതു്. മൃഗങ്ങളെപ്പോലെ മാറുന്നതിൽ ആകാംക്ഷയില്ലാതെ ചിന്തിക്കാതെ രാഷ്ട്രീയാധികാരം വിനിയോഗിക്കുകയാണു ശരിയെന്നു തോന്നുന്നതുകൊണ്ടാണ് കാൺഗ്രസ്സിനു വോട്ടുചെയ്യണമെന്നാണ് രാജാജിയുടെ ആദ്യത്തെ വാദം. ആ വാദത്തിൽ എനിയ്ക്കൊന്നുമില്ല. കാരുക്കുടി ശരിക്കു പറയുകയാണെങ്കിൽ ആ വാദത്തോടു വളരെയധികം യോജിപ്പാണ് എനിക്കുള്ളതു്. അങ്ങനെ കാൺഗ്രസ്സിനു വോട്ടുചെയ്യുന്നവരെപ്പറ്റി സഹതാപമല്ലാതെ എനിക്കു പരാതിയില്ല.

രാജാജിയുടെ രണ്ടാമത്തെവാദം കാൺഗ്രസ്സാണ് സ്വാതന്ത്ര്യം സമ്പാദിച്ചുതന്നതു് അതുകൊണ്ടു കാൺഗ്രസ്സിനു വോട്ടുചെയ്യണമെന്നാണ് സ്വാതന്ത്ര്യം അകാശത്തുനിന്നു പൊട്ടിവീണതല്ലെന്നകാര്യം തീർച്ചയുതന്നെയാണ്. ഈ രാജ്യത്തെ ജനങ്ങളും അതികഠിനമായി പ്രയത്നിച്ചു് ഒട്ടേറെ യാതനകളും കഷ്ടപ്പാടുകളും സഹിച്ചാണ് സ്വാതന്ത്ര്യംസമ്പാദിച്ചതു്. ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കഷ്ടപ്പെട്ട പ്രയത്നിച്ചവരെ വിസ്മരിക്കുന്നതെന്നുപറയുന്നതിൽ കഥയില്ലായ്മയുണ്ടെന്നുപറയാൻ സാധ്യമല്ല. അതുമാത്രം യോഗ്യതയായിക്കരുതുന്നതു ശരിയായിരിക്കയില്ല. ഏതുകിലും വാദത്തിനുവേണ്ടി അതും സമ്മതിക്കാമെന്നതന്നെയിരിക്കട്ടെ. അപ്പോൾ എന്താണുവാദം? രാജ്യത്തിൻറെ സ്വാതന്ത്ര്യത്തിനുവേണ്ടി കഷ്ടപ്പെട്ടവരെ വിസ്മരിച്ചു അവസരവാദികളുടെ പിറകേപോയി രാജ്യലക്ഷ്യത്തെ വഞ്ചിക്കരുതു് അതു വാദം അനുപടി സ്വീകരിച്ചുകൊണ്ടു കാൺഗ്രസ്സ് സ്ഥാനാർത്ഥികളുടെയും ഐക്യമുന്നണി സ്ഥാനാർത്ഥികളുടേയും ലിസ്റ്റുകൾ പരിശോധിക്കുക. രാജ്യത്തിൻറെ സ്വാതന്ത്ര്യത്തിനുവേണ്ടി കാൺഗ്രസ്സിൻറെ കൊടിക്കീഴിൽനിന്നു പൊരുതിയിട്ടുള്ളവർക്കുതന്നെ വോട്ടു നൽകുകയാണെങ്കിൽ ഐക്യമുന്നണിസ്ഥാനാർത്ഥികളും ബഹുഭൂരിപക്ഷത്തോടെ നിയമസഭയിൽ വരാതെ തരമില്ല. രാജാജിയുടെ രണ്ടാമത്തെ വാദത്തോടും അങ്ങനെ ഹൃദയത്തിൽ എനിയ്ക്കൊതിർപ്പില്ല

രാജാജിയുടെ മൂന്നാമത്തെ വാദം ഇൻഡ്യയുടെ അന്തസ്സ് വിദേശ രാജ്യങ്ങളിൽ ഉയർന്ന നിലക്കുന്നതിനു തിരു-കൊച്ചിയിൽ കാൺഗ്രസ്സ് വിജയിക്കണമെന്നാണ്. ഇൻഡ്യയുടെ വിദേശനയം ഈ തിരഞ്ഞെടുപ്പിൽ ഒരു പ്രശ്നമേയല്ല. തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനെ എതിർക്കുന്ന എല്ലാ പാർട്ടികളും ഇൻഡ്യാ ഗവൺമെൻറിൻറെ വിദേശനയത്തെയോട്ടു കാതലായ എല്ലാ കാര്യങ്ങളിലും യോജിക്കുന്നതായി പരസ്യമായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഒരിക്കൽ പറഞ്ഞാൽ പണ്ഡിത നെഹ്റുവിനെ കൂടുതൽ പിന്താങ്ങുന്ന ഇക്കാര്യത്തിൽ നൽകുന്നതു കാൺഗ്രസ്സുകാരെക്കാൾ ഇടതുപക്ഷങ്ങളാണ്. തിരു കൊച്ചിയുടെ കാര്യത്തിൽ ഒരു പ്രത്യേകതയുമുണ്ട്. രാഷ്ട്രീയ കാര്യങ്ങളിൽ പട്ടണികളുടെയും വിദേശ മതാധ്യക്ഷന്മാരുടെയും ഇടപെടൽ രാജ്യങ്ങിനു ഹാനികരമാകുന്നുരീതിയിൽ വളർന്നുവരുന്നുണ്ടെന്നു അടുത്തയിടയ്ക്കു കേന്ദ്ര പാർലമെൻറിൽ ഇയ്യിടെപ്രസ്താവിക്കയുണ്ടായി. തിരു-കൊച്ചി സംസ്ഥാനത്തുനിന്നു ഇക്കാരണത്താൽരണ്ടു പാതിരിമാരോട് നാടുകടന്നുകൊള്ളാൻ ഇൻഡ്യാ ഗവൺമെൻറ് ആജ്ഞാപിച്ചിട്ടുമുണ്ട്. അമേരിക്കയു പാക്കിസ്ഥാനമായി ഉണ്ടാകാൻപോകുന്ന സൈനികകരാർ ശക്തിയായി എതിർക്കുന്ന ഒരു നയമാണ് പണ്ഡിതനെഹ്റു സ്വീകരിച്ചിട്ടുള്ളതു്. പാകിസ്ഥാനെപ്പോലെ ഇൻഡ്യയുമായും ഒരു സൈനികകരാർ ഉണ്ടാക്കണമെന്നു അമേരിക്കയിലെ കത്തോലിക്കാവൈദികർ ഈയ്യിടെ ആവശ്യപ്പെടുകയുണ്ടായി. ഇതിനു ആവശ്യമായ പ്രചാരണം നടത്തിപ്പിക്കുവാനുള്ള അതിബൃഹത്സാവഹമായ ഒരു നടപടി അമേരിക്ക ആസൂത്രണം ചെയ്തിട്ടുമുണ്ട്. ഈ രാജ്യത്തു പോക്കുവരവുക്രമണംപോലെ അമേരിക്കക്കാർ ഇറങ്ങിയിട്ടുണ്ട്. അവരുടെ പ്രവർത്തനകേന്ദ്രങ്ങൾ പട്ടണികളാണ്. പട്ടണികളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഇവിടത്തെ ജൻമന്ത്രിസഭ നീങ്ങിക്കൊണ്ടിരിക്കുന്നതു്. അപ്പോൾ ഇൻഡ്യയുടെ പ്രഖ്യാപിതവിദേശനയത്തിനു തുരങ്കംവയ്ക്കുന്ന അപകടകാരികളെ താലോലിക്കുന്ന ഒരു അബദ്ധം പറ്റിസംഭവിച്ചാണ് ഇവിടെ അധികാരത്തിലിരിക്കുന്നതെന്നും ഇനി അധികാരത്തിൽവരാൻ പരിശ്രമിക്കുന്നതെന്നും വ്യക്തമാകുന്നു. ഇൻഡ്യയുടെ വിദേശനയം തുരങ്കംവയ്ക്കാനുള്ള നടപടികളും ഇൻഡ്യയ്ക്കകത്തുതന്നെ നടക്കുന്നതിൽ കൂടുതൽ ആക്ഷേപം പണ്ഡിതനെഹ്റുവിനു വരാനില്ല എന്നും പണ്ഡിതനെഹ്റുവിൻറെ സ്വന്തം പാർട്ടിയായ കാൺഗ്രസ്സുകാരുടെ ഭാഗത്തുനിന്നുതന്നെ ആ സംരംഭം നടക്കുമ്പോൾ പണ്ഡിതനെഹ്റുവിൻറെ വിദേശനയം വിജയിക്കണമെങ്കിൽ ഈ അബദ്ധപത്രികളിൽനിന്നു കഴിയുന്നതുംവേഗം ജനാധിപത്യാധികാരം മാറിക്കൊടുക്കുകയാണ് ഭാരതത്തിനുമായി വേണ്ടതു്. രാജാജിക്കു യഥാർത്ഥത്തിൽ പണ്ഡിതനെഹ്റുവിനേയും അദ്ദേഹത്തിനു വിദേശങ്ങളിലുള്ള മതിപ്പിനെയും പറ്റി അത്രകാംക്ഷയുണ്ടെങ്കിൽ ജൻമന്ത്രിസഭയുടെ "പള്ളി ഭരണ"ത്തിനെതിരായാണ് ശബ്ദമുയർത്തേണ്ടതു്. പണ്ഡിതനെഹ്റുവിൻറെ വിദേശ നയങ്ങിൻറെ വിജയത്തിനു വേണ്ടി കാൺഗ്രസ്സിനു വോട്ടു ചെയ്യുന്നവർ സ്വന്തം വാളാൽ സ്വയംവെട്ടി നശിക്കാൻ കച്ചകെട്ടുന്നവരാണ്.

ഇൻഡ്യയുടെ മഹത്കൃമായ സംസ്ക്കാരത്തേയും മനുഷ്യസ്നേഹത്തേയും ഭൗതികാദിക ബന്ധങ്ങളേയും പറ്റി രാജാജി ഒരു വേദാന്തിയുടെ ഉയർച്ചയിൽ നിന്നു സംസാരിച്ചു കേട്ടു. സംസ്ക്കാരത്തിൻറെ ഔന്നത്യമായ മണി പീഠത്തിൽ നിൽക്കുന്ന രാജാജിയെ സ്നേഹപൂർവ്വം ഒരു കഥ അനുസ്മരിപ്പിക്കട്ടെ. പണ്ടു ത്രിപുരിയിൽ ചരിത്രപ്രസിദ്ധമായ ഒരു കാൺഗ്രസ്സ് സമ്മേളനം നടന്ന സുഭാഷ് ചന്ദ്രബോസായിരുന്ന ആ സമ്മേളനത്തിൽ അധ്യക്ഷംവഹിച്ചതു്. പ്ലാറ്റ്ഫാറത്തിൽ ഒരുകസേരപോലുമിടാതെ വിറപൂണ്ടുകിടന്ന അദ്ദേഹത്തിനു 105 ഡിഗ്രി പനിയുണ്ടായിരുന്നു. കാൺഗ്രസ്സ് പ്രസിഡൻറിനു വക്കിംഗ്കമ്മിറ്റി ശുപാർശചെയ്തിരുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യം നടപ്പാക്കുന്നതിനുവേണ്ടി കാൺഗ്രസ്സ് ഭരണഘടന. സുഭാഷ് ചന്ദ്രബോസ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പരാജിതനായതു പട്ടാഭി മാത്രമായിരുന്നില്ല. പട്ടാഭിയുടെ പിന്നിൽ രാജാജിയും, പന്തും, പട്ടേലും മറ്റെല്ലാ വലതുപക്ഷ വൻതോക്കുകളും അണിനിരന്നിരുന്നു. നെഹ്റു അന്നു നിഷ്പക്ഷനായിരുന്നു. സുഭാഷ് ചന്ദ്രബോസ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടകഴിഞ്ഞിട്ടും രാജാജിക്കും മറ്റും പകർന്നില്ല. അവർ അദ്ദേഹത്തെ പ്രസിഡൻറു സ്ഥാനത്തുനിന്നു മാറ്റാൻ ഒരടവു കണ്ടുപിടിച്ചു. അദ്ദേഹത്തെ അവമാനിച്ചു രാജിവയ്പിക്കാൻ കാൺഗ്രസ്സ് പ്രസിഡൻറു വക്കിംഗ്കമ്മിറ്റി രൂപീകരിക്കുന്നതു മഹാത്മാഗാന്ധിയുമായി ആലോചിച്ചായിരിക്കണം എന്നൊരു പ്രമേയം പണ്ഡിത പന്തു് അവതരിപ്പിച്ചു. യഥാർത്ഥത്തിൽ ഇങ്ങനെയൊരാലോചന നടത്താൻ ബോസു തയ്യാറായിരുന്നു. പക്ഷേ അങ്ങനെയൊരു പ്രമേയം പാസ്സായാൽ അതു അദ്ദേഹത്തിൻറെ മേലുള്ള പരോക്ഷമായ അവിശ്വാസപ്രമേയമാകുമായിരുന്നു. പ്രമേയം പാസ്സായി. ബോസു രാജിവയ്ക്കുകയും ചെയ്തു. പ്രമേയത്തെ പിൻതാങ്ങിയതാണു രാജാജി അന്നു ചരിത്രപ്രസിദ്ധമായ ഒരു പ്രസംഗം നടത്തി. രണ്ടു വള്ളങ്ങളുടെ ഉപമയാണ് അന്നദ്ദേഹം സ്വീകരിച്ചതു്. ഒന്നു പഴയതും മറ്റേതുള്ളതുമാണു്. അതിനു വർണ്ണശബളിമയും അലങ്കാരങ്ങളുമില്ല. പക്ഷേ സ്ഥാനത്തുചെന്നെത്തുമെന്നു തീർച്ചയാണ്. വർണ്ണപ്പകിട്ടോടെ മറ്റേതു ബോട്ടിനിൽപുണ്ടു്. കാഴ്ചയിൽ മനോഹരമാണു്. വേഗതയും കൂടുതലുണ്ടാകാം പക്ഷേ അതിൽ ഒരു ഭാരം വീണിട്ടുണ്ടു്. അതിലൂടെ വെള്ളം മുകളിലേക്കു കയറുകയാണു്. ഏതുനിമിഷവും അതു മുങ്ങിയേക്കാം. ഇങ്ങനെപോയി ഉപമ. ജീവിതത്തോടും മരണത്തോടും മാറിമാറി മത്സരിച്ചുകൊണ്ടു നൂറിഞ്ചുധിഗ്രി പനിയുമായികിടന്ന രാഷ്ട്രത്തിൻറെ ജനനിഷേധ്യ യുവസിംഹത്തെ നോക്കിയാണു രാജാജി പറഞ്ഞതു് ഈ വള്ളം മുങ്ങിക്കാണ്ടിരിക്കയാണെന്നു്. സാംസ്കാരികമായ ആ ഉയർച്ചയോടും ഈ നാട്ടിലെ ജനങ്ങളും ഉയർന്നിട്ടില്ല. രാജാജി പഴയ വങ്ങാടിയിൽവന്ന ശ്രീ പട്ടത്തോടു പിന്മാറാൻ പറയുകയുണ്ടായി. രാജാജിയല്ലേ പറഞ്ഞതു്. പട്ടം പിന്മാറുമായിരിക്കാം ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരം ഒരു തീച്ചൂളയിലെത്തിയ സമയമുണ്ടായിരുന്നു 1942 അന്നു പട്ടം ജയിലറകൾക്കുള്ളിലും രാജാജി സ്വസ്ഥമായി ഭവനത്തിലുമായിരുന്നു മധുരയിലോ മറ്റോ വന്നു താരം ചീട്ടുകളിയും സ്വീകരിച്ചുതായും ഓർമ്മയുണ്ടു്. സ്വാതന്ത്ര്യ സമരം നടത്തിയ കാൺഗ്രസ്സിൻറെ ചേരിൽ രാജാജി പട്ടത്തോടു പിന്മാറാൻ പറയുന്നു. പിന്മാറാതെന്തു ചെയ്യും? ജനങ്ങൾ തിരഞ്ഞെടുത്തയക്കുന്നവരാണ് ജനപ്രതിനിധികൾ. പട്ടം ഇന്നവരെ ഞങ്ങനെയാണു നിയമസഭയിൽ പോയിട്ടുള്ളതു്. രാജാജിയും നിയമസഭാസാമാജികനാണു്. പക്ഷേ ആ സാമാജികത്വത്തിനു ജനങ്ങളുമായി ഒരു ബന്ധവുമില്ലെന്നുമാത്രം വോട്ടുചെയ്തു തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ചേർന്നു ഭരിക്കുന്നതുമാണു് ജനാധിപത്യം. ആ ജനാധിപത്യത്തിൻറെ മേൽ നോമിനേറ്റഡ് നായകനായി അരങ്ങേറിയിരിക്കയാണു് രാജാജി. പട്ടത്തോടു അദ്ദേഹത്തിൻറെ പാർട്ടിയിൽപെട്ടവർ രാജിവയ്പ്പാനാവശ്യപ്പെട്ടില്ല. പക്ഷേ അവർ വിശ്വാസമില്ലെന്നു ഒരു സൂചന നൽകിയപ്പോൾ അദ്ദേഹം രാജിവച്ചു. രാജാജിയോടു സ്വന്തം പാർട്ടിയിലെ ഭൂരിപക്ഷം രാജിവയ്പ്പാനാവശ്യപ്പെട്ടിട്ടു മാസം രണ്ടു തികഞ്ഞിട്ടില്ല രാജാജി രാജിവച്ചുമില്ല. രാജാജി പറയുന്നു ജനാധിപത്യത്തിൻറെ പേരിൽ പട്ടം പിന്മാറണമെന്നു്. പിന്മാറാതെന്തു ചെയ്യും? മര്യാദയുടെ ലജ്ജാലില്ലായ്മ വന്നാൽ അതിനു ഒരു പ്രതിവിധി ലോകം ഇന്നുവരെ കണ്ടുപിടിച്ചിട്ടില്ല. രാജാജിയുടെ പിന്മാറൽ പ്രസംഗങ്ങിനു് പ്രതിവിധിയും മറുപടിയുമില്ല പക്ഷേ ഈ ഉപമാലങ്കാര പ്രവീണനു ഈ നാട്ടിൽ വോട്ടുപിടിക്കാൻ കഴിയുമെന്നു മാത്രം വ്യാമോഹിക്കരുതു്. രാജാജിവന്നു, രാജാജി പോയി രാജ്യം ഇന്നും പഴയപോലെ നിൽക്കുന്നു.

—കെ ബാലകൃഷ്ണൻ



എല്ലാം സഹിക്കുന്നു

★

I

കൊല്ലവർഷം 1114. തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ്സ് എന്നൊരുകൂട്ടം വിപ്ലവകാരികൾ നാട്ടിൽ സൈ്വരജീവിതം നശിപ്പിക്കാൻ ഇറങ്ങിയിരിക്കുന്നു. പൊന്തതിരുമേനി നാടുവാഴുന്നു. അവിടത്തെ ദിവാൻ ഭരിക്കുന്നു. ദിവാൻ ജിമുതൽ വില്ലാശിപായിവരെയുള്ളവർ പൊന്തതമുരാന്റെ ഹിതമനുസരിച്ച് രാജ്യഭരണചക്രം തിരിച്ചുകൊണ്ടിരിക്കുന്നതുകണ്ട് തമ്പുരാന്റെ ഉപ്പും ചോറുംതിന്നുന്ന പ്രജകൾ സംതൃപ്തരായി കഴിഞ്ഞുകൂടി. അങ്ങിനെ ശാന്തിയും സമാധാനവും രാജ്യത്തു വിളയാടിയ കാലത്ത് ചില രാജ്യദ്രോഹികൾ വില്വവത്തിനൊരുങ്ങി അവർ തൊഴിലാളികളെക്കൊണ്ടു പണിമുടക്കിക്കുന്നു വിദ്യാർത്ഥികളെക്കൊണ്ട് സ്ട്രൈക്കുകൾ നടത്തിക്കുന്നു. ഘോഷയാത്രകൾ, മുദ്രാവാക്യം വിളികൾ, മീറ്റിംഗുകൾ, കൊടി പിടിച്ച റാലികൾ, വില്വവശംഖങ്ങൾ—എന്നുവേണ്ട ശാന്തമായിരുന്ന ആ രാഷ്ട്രീയാന്തരീക്ഷത്തിൽ അവർ സർവ്വത്ര വിപ്ലവത്തിന്റെ വിത്തു കുഴിച്ചിട്ട ദിവാൻ സ്വാമിയുടെ സൈ്വരം കെടുത്തുന്ന ഈ വില്വവക്കാരെയെല്ലാം നല്ല പാഠം പഠിപ്പിക്കുവാൻ മന്നത്തു പത്മനാഭനേയും എ. ജെൻ. സത്യനേശനേയും വടക്കും തെക്കുമുള്ള മണ്ഡപത്തും വാതുക്കലുകളിലേക്ക് അവശ്യമുള്ളിടത്തോളം അദ്ധ്വം അർത്ഥവും നൽകി ഭക്തിവിലാസത്തുനിന്നും അനുഗ്രഹാശിസ്സുകളോടെയാത്രയാക്കി. തെക്കുമുഖത്തേക്കു പടനീങ്ങിയ സത്യനേശൻ പുത്തരിക്കണ്ടത്തു കൂടുകൂട്ടി കളിച്ചുകൊണ്ടിരുന്ന അമ്പത്തു് അങ്ങാടിപ്പിള്ളയെ റിക്രൂട്ടുചെയ്ത തകരപ്പട്ടാളം എന്ന ടാങ്കുകളും നിരത്തിക്കൊണ്ടു നെയ്യാറ്റിൻകരസമരമുഖത്തേക്കു യാത്രയായി. സത്യനേശന്റെ പട പുറപ്പെട്ടു്മണിക്കൂർ മുന്നു കഴിഞ്ഞപ്പോൾ പുറത്തിരുന്ന ഉദ്യോഗസ്ഥപ്രമുഖരുടെ ഭാരംകഴിഞ്ഞ പടക്കുതിരകളും ചാലക്കമ്പോളത്തിലൂടെ തിരുവനന്തപുരത്തേക്കു പാഞ്ഞുവരുന്നതുകണ്ടു ജനങ്ങളും അമ്പരന്നു. പാട്ടകൊട്ടിന്റെ ഉഗ്രപ്രഹരങ്ങളേറ്റു നെയ്യാറ്റിൻകരയിലെ വില്വവനേതാക്കന്മാർ നിലം പരിശാക്കപ്പെട്ടു, തോക്കിനുമുമ്പിൽ ചാടിനിന്നു വീരമൃത്യുകാട്ടിക്കൊടുത്ത രാഘവൻ മരിച്ചുവീണതും, സമരമുഖത്തുനിന്നും വീരോചിതമായ ശാന്തിസൈന്യത്തിന്റെ പടത്തലവൻ സത്യനേശൻ വിജയകരമായ ഡങ്കൽപിന്മാറ്റംനടത്തി ഒരു തലനാരിഴയ്ക്കുപോലും കേടുപാടുകൂടാതെ ഭക്തിവിലാസത്തെ പടകുടീരംപൂകിയതുമെല്ലാം പ്രകീർത്തിക്കപ്പെട്ടതെക്കൻ സമരമുഖം സുരക്ഷിതമെന്നും, വടക്കൻ മുഖമായിരുന്ന അപ്രതിരോധ്യമെന്നും വടക്കനിന്നും വന്നവർ പറഞ്ഞു. നെയ്യാറ്റിൻകര നടന്നുവെന്നു പറയുന്നതു ഭാരതയുദ്ധമായിരുന്നെങ്കിൽ, കൊല്ലം പീരങ്കി മൈതാനത്തുവച്ചു നടന്ന പട്ടരണം രാമരാവണയുദ്ധമായെന്നെയിരുന്നുവെന്നാണ് പറയുന്നതു്. അക്കരെയിക്കരെ വ്യക്തമായി കാണാൻ വയ്യാത്ത പരന്ന കിടക്കുന്ന പീരങ്കി മൈതാനത്തു് മന്നത്തു പത്മനാഭന്റെ നേതൃത്വത്തിലുള്ള ശാന്തിസേന എത്തുന്നതിനു മുമ്പായിരുന്നെന്നു അമൈതാനം ശത്രുക്കൾ കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു. മർമ്മപ്രധാനമായ ആ സ്ഥാനം തിരിച്ചു പിടിച്ചില്ലെങ്കിൽ ഏതു നിമിഷവും രാജധാനിയുടെ പതനം പ്രതീക്ഷിക്കാമായിരുന്ന ഈ രാജ്യത്തുണ്ടായ സകല വിപ്ലവങ്ങൾക്കും കാരണഭൂതനായ സാക്ഷാൽ സിംഹളസിംഹം സി കേശവന്റെ നേതൃത്വത്തിലുണ്ടവിടെ ശത്രുവ്യൂഹം ചമച്ചിരുന്നതു്. അതോർത്താൽ കൊല്ലം സമരത്തിന്റെ മുമ്പിൽ നെയ്യാറ്റിൻകരസമരം നിഷ്പ്രഭമായിപ്പോകുമെന്നു തരമുള്ളവരെല്ലാം ഓടിയോടിച്ചെന്നാക്രമിച്ചു. ഒടുവിൽ സൂര്യനസ്തമിച്ചതോടെ ശാന്തിസേന രംഗത്തുനിന്നും പിന്മാറി. ഇങ്ങട്ടുള്ള സമരം ചെയ്യുകയെന്നുള്ളതു ധർമ്മയുദ്ധമുറയിൽപെട്ടതല്ലല്ലോ.

വിജയം കരസ്ഥമാക്കി

വില്വവരസൈന്യത്തിന്റെ അതിക്രമണങ്ങൾ ഇങ്ങിനെ പലസ്ഥലത്തും ഉണ്ടായി കിടങ്ങാവറയും, ചെങ്ങന്നൂർ, എന്നിങ്ങനെ രണഭൂമികളിൽ നടന്ന സമരങ്ങൾ കഴിഞ്ഞു് പേട്ട രാജേന്ദ്രമൈതാനത്തുവച്ചു ശത്രുസേനയെ ശാന്തിസേന നിശ്ശേഷം പരാജിതരാക്കി

II

കൊല്ലവർഷം 1126 കൊല്ലം പീരങ്കിമൈതാനം വീണ്ടും ഒരു കുരുക്ഷേത്രമായി മാറിയിരിക്കുന്നു. രാമരാജ്യം വാണരുളിയ കുലശേഖരപ്പെരുമാൾ ചെങ്കോലാണ്ടിരുന്ന ഹിന്ദുക്കളുടെ സുവർണ്ണകാലം ഒരു ചരിത്രസ്മൃതിയായിമാത്രം അവശേഷിച്ചിരിക്കുന്നു. മഹാത്മാഗാന്ധിജിയുടെ പാവനനാമധേയത്തേയും വിശുദ്ധ

ഗുലാമിന്റെ പ്രശസ്തവിജയം

(ശ്യാമകൃഷ്ണൻ)

ഒരു ടെസ്റ്റ്മത്സരത്തിന്റെ അന്ത്യമായി നേതൃത്വം നൽകുന്നതിനു പുറമെ ഒരു ബൗളർമാത്രമായ പുതിയൊരു ക്യാപ്റ്റൻ, പുതിയ മൂന്നു ടെസ്റ്റ് ക്യാപ്പുകൾ, ഇംഗ്ലീഷ് മണ്ണിൽ ഒരു ടെസ്റ്റ്മത്സരത്തിനു ഒരുക്കപ്പെട്ടിട്ടുള്ള പുതിയൊരു കളം—ഇതെല്ലാടി ഭീതിയും സംശയവും ഇടകലർന്ന ഒരന്തരീക്ഷത്തിലാണ് പുത്തൻ ഡേവിയോട്ടൂൺ ചെയ്ത മഭിയാളിടെസ്റ്റിനെപ്പറ്റി വാസ്തിക്കും ആരാധകാവൃന്ദം ഖിയേർസ് സ്റ്റെല്ലിനും പറയാനുള്ളതു കേൾക്കാനാരംഭിച്ചു് ഇൻഡ്യൻ ക്യാപ്റ്റൻ ഗുലാം അഹമ്മദിനെ ടോസ്സ് ലഭിച്ചുവെന്ന മംഗളവാർത്തയോടുകൂടി യിസ്സി ശ്രോതാക്കളെ സന്തോഷപ്പെടുത്തി

പുതിയ ടെസ്റ്റ് ക്യാപ്പായ ശ്രീനിവാസൻ, പങ്കജ് റോയി എന്നിവർ ഇൻഡ്യയുടെ ഒന്നാം ഇന്നിങ്സു ഉൽഘാടനം ചെയ്തു. ശ്രീനിവാസൻ (11 റൺസ്) മഞ്ജ്രേക്കർ (17 റൺസ്) എന്നിവരുടെ നിഷ്ക്രമനത്തോടുകൂടി ഗോപിനാഥ് രംഗപ്രവേശം ചെയ്തു. ഹെവർസന്റെ ബൗളിങ്ങ് അതിജീവിക്കുമെന്നു പലരും പ്രതീക്ഷിച്ച ഗോപിനാഥിനെ 25 റൺസിനു മഹാമാന്ത്രികൻ തന്നെ പുറത്താക്കി. അധിക സമയമാകുന്നതിനുമുൽപു ബോഡ് ഉദ്യോഗർ (12 റൺസ്) കൃപാൽസിങ്ങ് (31 റൺസ്) എന്നിവരെ കളത്തിൽനിന്നും ബഹിഷ്ക്കരിച്ചു. ആത്മവിശ്വാസത്തോടുകൂടി ബാറ്റുചെയ്ത റോയി, രാംചന്ദ്, പുതിയ ബൗളർ ടെസ്റ്റ്ക്യാപ്പായ കെനി എന്നിവർ ഈ അത്യാഹിതങ്ങൾക്കു വേണ്ട പടി പഠഞ്ഞു. ഹെവർസൺ, ലോഡർബോറി, ലാക്സ്റ്റൺ എന്നിവരുടെ ബൗളിങ്ങിനെ ധിക്കരിച്ചു റോയി വിലപ്പെട്ട രണ്ടുബൗണ്ടറിയിൽനിന്നും 141-ലേയ്ക്കു കടക്കവേ ലാക്സ്റ്റൺ റോയിയെ പന്തലിലേയ്ക്കു തിരിച്ചയച്ചു. 96 റൺസ് രാംചന്ദ്, 65 റൺസ് പ്രഗത്ഭനായ കെനിയും സമ്മാനിച്ചതോടുകൂടി 9 വിക്കറ്റിനു 440 റൺസ് സ്കോർ ബോർഡിൽ പ്രത്യക്ഷപ്പെട്ട നീണ്ട കരഘോഷങ്ങൾക്കിടക്കു ക്യാപ്റ്റൻ ഗുലാം ഒന്നാം ഇന്നിങ്ങ്സു അവസാനിച്ചതായി പ്രഖ്യാപിച്ചു

ക്യാപ്റ്റൻ ഗുലാം, ഇപ്പോഴെന്നിവരുടെ പുതിയതും മർശനമായിരുന്ന രജതജൂബിലി റ്റീമിന്റെ ഒന്നാം ഇന്നിങ്ങ്സ് ഗുലാമിനെ അതിജീവിച്ചവരുടെ വിക്കറ്റുകളും ഇപ്പോഴുടെ ആക്രമണത്തിന്റെ മുൻപിൽ നിശ്ശേഷം ശിഥിലമായി. വിക്കറ്റിനുവേണ്ടി ഇവർ നടത്തിയ മൽസരം ഏറ്റവും രസകരമായിരുന്നു ഈ മൽസരത്തിൽ ഗുലാം, ഏഡ്രിച്ച് (19 റൺസ്) ലാക്സ്റ്റൺ (26 റൺസ്) ബ്രാ. ഏ ബാർനെറ്റ് (6 റൺസ്) ബ്രൈറി (റൺസ്സില്ല) ലോസൻ (3 റൺസ്) എന്നിവരുടെ വിക്കറ്റുകളും ഇപ്പെ മുംമാൻ (124 റൺസ്) സി. ജെ ബാർനെറ്റ് (6 റൺസ്) വാറ്റ് കിൻസ് (5 റൺസ്) ഡോറിക്ക (4) റൺസ് എന്നിവരുടെ വിക്കറ്റുകളും കരസ്ഥമാക്കി. 222 റൺസിനു പ്രഥമ ഇന്നിങ്ങ്സ് പര്യവസാനിച്ച രജതജൂബിലി റ്റീം അങ്ങിനെ ഉടൻ ബാറ്റുചെയ്വാൻ നിർബ്ബന്ധിതരായി ഒരിക്കൽക്കൂടി ക്യാപ്റ്റൻ ഗുലാം ക്രിക്കറ്റുപ്രേമികളെ അവിശ്വസനീയമായ ഒരിന്ദ്രജാലംകൊണ്ടു വിസ്മയഭരിതരാക്കി. 51.1 ഓവറുകളിൽ—അതിൽ 32 എണ്ണം മെയ്ഡനായിരുന്നു—ഇദ്ദേഹം സി ജെ ബാർനെറ്റ് (14 റൺസ്) ഏഡ്രിച്ച് (2) മുംമാൻ (1) വാറ്റ് കിൻസി (44) ലാക്സ്റ്റൺ (9) ബ്രൈറി (0) ലോഡർ (7) എന്നിവരുടെ വിക്കറ്റുകളും അപഹരിച്ച് ഒരു ഇന്നിങ്ങ്സു വിജയത്തിന്റെ അടിത്തറ പടുത്തുയർത്തി. മാർഷൻ (36 റൺസ്) ബാരിക്ക (24) ബി. ഏ ബാർഹാറ് (20) എന്നിവരുടെ വിക്കറ്റുകളും അപഹരിച്ച് ഗുപ്പെ ഒരിന്നിങ്ങ്സു 50 റൺസു മുഴുമിൽ ആ വിജയ സൗധം പൂർത്തിയാക്കി.

അഭിമാനിക്കാവുന്ന ഒരു സംപൂ

(ശേഷം 39-ാംപേജിൽ)

യിൽനിന്നുകൊണ്ടു വിളിച്ചുപറഞ്ഞു. ജോണും വാഗിസും ഷുമേൻ വിളിച്ചു മുന്നേ കണ്ടക്ഷേത്രയുദ്ധം കണ്ട പീരങ്കിരൈമതാനം കിടന്നകിടപ്പിൽകിടന്നു കോട്ടുവായിട്ടു.

വർമ്മീയെയും വൃദ്ധിചരിപ്പിച്ചു ഒരു കൂട്ടം അധർമ്മികളുടെ കയ്യിൽ അകപ്പെട്ടു് രാജ്യലക്ഷ്മിയും ഹിന്ദുധർമ്മവും വീർപ്പുമുട്ടിക്കൊണ്ടിരിക്കുന്നു. വഞ്ചിരാജ്യം കൃസ്ത്യൻകാൺഗ്രസ്സിന്റെ രക്തപങ്കിലമായ നഖരങ്ങളിൽ അമർന്നുപോയി. ശബരിമലക്ഷേത്രത്തിനു കൃസ്ത്യൻകാൺഗ്രസ്സുകാർ തീകൊളുത്തി. ധർമ്മരാജാവിന്റെ തിരുവിഗ്രഹം കുംഭമന്ത്രർ അടിച്ചുടച്ച കാട്ടിൽ വലിച്ചെറിഞ്ഞു ശ്രീ കോവിലിൽവച്ചു പത്മനാഭനെ അവഹേളനം അവിടമെല്ലാം അശുദ്ധമാക്കി. അയിരമായിരം ഹിന്ദുക്ഷേത്രങ്ങളിലെ ബിംബങ്ങൾ മോഷ്ടിക്കപ്പെട്ടു. പള്ളിക്കൂടങ്ങളിലും അശുദ്ധപത്രികളിലുംവച്ചു് ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യാനുള്ള ശ്രമം തകൃതിയായി നടക്കുന്നു. രണ്ടാം വസന്തത്തിന്റെ ആഗമനമായി എന്നു് ഭീപികയച്ചൻ മുഖപ്രസംഗമെഴുതി. ഹിന്ദുധർമ്മത്തെ ഉദ്ധരിക്കാനായി അവതരിച്ച മന്നശങ്കരന്മാരെ ദേവസ്വംബോർഡിൽനിന്നും വലിച്ചെറിഞ്ഞു ഹിന്ദുമതം അപകടത്തിൽ എന്നു് മുകലക്ഷങ്ങൾ മാറത്തടിച്ച നിലവിളിച്ചു. ആ നിലവിളികേട്ട വജ്രംഭിതവീര്യരായ മന്നശങ്കരന്മാർ ഹിന്ദുമഹാമണ്ഡലമെന്ന മഹാരാജസന്ന്യത്തെ കൊല്ലം പീരങ്കിരൈമതാനത്തേയ്ക്കു നയിച്ചു. ആ രൈമതാനത്തിന്റെ വടക്കേഅതിരിക്കിടയ്ക്കു് ക്രിസ്ത്യൻ കാൺഗ്രസ്സിന്റെ പടകുടീരം.

1114-ലെ യുദ്ധത്തിന്റെ കയ്പേറിയ അനുഭവങ്ങളുടെ ഒഴിച്ചുകൂടാത്തിൽ ശത്രുഹൃദയം മൈതാനം കരസ്ഥമാക്കുന്നതിനുവേണ്ടി രൈമതാനത്തിനുചുറ്റും കിടങ്ങുകൾ കുഴിപ്പിക്കുവാൻ മന്നത്തു പത്മനാഭൻ ആജ്ഞാപിച്ചു. പിറ്റേന്നു നേരം പുലർന്നപ്പോൾ പീരങ്കിരൈമതാനം ഒരു സീജ്ഫീഡ് പ്രതിരോധവ്യവസ്ഥയാൽ സുരക്ഷിതമായി. രൈമതാനത്തുകെട്ടിയുയർത്തുജനബാഹുല്യത്തിനെയും അറബാഹുല്യത്തിനെയും ചെറുത്തുനിൽപ്പാൻപോരുന്ന ഉരുക്കുകോട്ടകളും ഉയർന്നു. അങ്ങനെ സുസജ്ജരായി നിന്നുകൊണ്ടു് കൃസ്ത്യൻ കാൺഗ്രസ്സിന്റെ അണികളുടെ നേരെ മന്നശങ്കരന്മാർ പ്രയോഗിച്ച പീരങ്കികൾക്കൊണ്ടു് ശത്രുക്കളും അത്മരക്ഷാർത്ഥം തെക്കോട്ടോടി തിരിഞ്ഞോടിയ കാൺഗ്രസ്സ് സൈന്യത്തെ രക്ഷിയ്ക്കുന്നായി സർദാർ പട്ടേലിന്റെ നേതൃത്വത്തിൽ ഒരു വിമാനപ്പടയും തിരുവനന്തപുരത്തേക്കു തിരിച്ചു. പരാക്രമഹിന്ദുമണ്ഡലസേനയുടെ വിമാനശീകരണ പീരങ്കികളുടെയും ഷെല്ലുകളുടെയും പ്രവർത്തനഫലമായി പട്ടേലിന്റെ വിമാനങ്ങൾക്കു താഴെഇറങ്ങാനോ മൊറാർജിയുടെ കപ്പൽപ്പടയ്ക്കു കരയടുക്കാനോ സാധിക്കാതെ മടങ്ങേണ്ടിവന്നു. അങ്ങിനെ മന്ന-ശങ്കരന്മാർ കൃസ്ത്യൻ കാൺഗ്രസ്സിന്റെ അധിപത്യത്തിൽനിന്നും ഹിന്ദുധർമ്മത്തെയും ഹിന്ദുക്കളെയും രാജ്യത്തേയും വീണ്ടെടുത്തു

III

കൊല്ലവർഷം 1129 കൃസ്ത്യൻ കാൺഗ്രസ്സിനെ ചുണ്ണാമ്പുവള്ളത്തിൽ ശ്രദ്ധിചെയ്ത തനി കാൺഗ്രസ്സാക്കിയിരിക്കുന്നു. കെ. നാരായണപിള്ള എന്ന കൃസ്ത്യൻപ്രധാനമന്ത്രിപോയി ഏ. ജെ ജോൺ എന്ന തനിഹിന്ദുവാണിന്നു് കാൺഗ്രസ്സിന്റെ ചീഫ് മിനിസ്റ്റർ സനാതനബ്രാഹ്മണനായ ജവഹർലാൽ നെഹ്റു അഖിലേന്ത്യാ കാൺഗ്രസ്സിന്റെ പ്രസിഡണ്ടും ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി അവരോധിതനായിരിക്കുന്നു. സർവ്വോപരി ടി. എം വറുഗീസെന്ന ആഢ്യബ്രാഹ്മണന്റെ കയ്യിൽ തിരു-കൊച്ചിയിലെ ഹിന്ദുക്കളുടെ താല്പര്യങ്ങൾ ഭദ്രതരമായി സുരക്ഷിതമായിരിക്കുന്നു. ഹിന്ദുധർമ്മത്തിന്റെയും രാജ്യത്തിന്റെയും യഥാർത്ഥ ശത്രുക്കളും ഇടതുപക്ഷക്കാരാണെന്നു് തെളിഞ്ഞുകഴിഞ്ഞു അവരെ ഏതിർത്തു യുദ്ധംചെയ്തു തോല്പിക്കുവാൻ ദൃഢനിശ്ചയം ചെയ്തുകൊണ്ടു് കാൺഗ്രസ്സിന്റെ ശാന്തിസേന രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും കൊല്ലത്തേയ്ക്കു മാർച്ചുചെയ്തു. അവിടെയാണ് സഖ്യക്കരും ഒളിച്ചിരിക്കുന്നതു്. അവർ ഒളിച്ചിരിക്കുന്ന മാളങ്ങൾകണ്ടുപിടിക്കുവാൻ ഉപയോഗിച്ചുകൊണ്ടു് മന്നശങ്കരന്മാർ കാൺഗ്രസ്സിന്റെ ശാന്തിസേനയെ മുന്നോട്ടു നയിച്ചു. എല്ലാ റോഡും കൊല്ലത്തേയ്ക്കു തിരിഞ്ഞു. പീരങ്കിരൈമതാനം വീണ്ടും കണ്ടക്ഷേത്രമായി മാറി. മഹത്തായ കാൺഗ്രസ്സിനെ എതിർക്കുന്നവനാരെടാ എന്നു് മന്നശങ്കരന്മാർ ഒന്നിച്ചു കൊലവിളി വിളിച്ചു. ആ വിളിയുടെ അലച്ച് അടുത്തുള്ള പൂട്ടുകാട്ടിൽ പ്രതിധ്വനിച്ചു അപ്പുമുടിക്കായൽ സ്തംഭിച്ചു. നിണക്കരപ്പാലം വിറച്ചു. മന്നശങ്കരന്മാരുടെ നേതൃത്വത്തിലുള്ള ശാന്തിസേനയുടെ പ്രവാഹം തടഞ്ഞു സഖ്യകരും പാതഭൂത്തിലൊളിച്ചു കാൺഗ്രസ്സിനെ ഏതിർത്തു സംസാരിക്കുന്നവരുടെയെല്ലാം തലകൊയ്യണം എന്നു മന്നത്തു പത്മനാഭൻ ആ രണഭൂമി

പത്രാധിപരോട് സംസാരിക്കുക

[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അഞ്ചു രൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

എൻ. തങ്കപ്പൻ, തമ്പാനൂർ.

നിങ്ങൾക്കു ശ്രീ പി. സുബ്രഹ്മണ്യത്തോടു ഇത്രവലിയ വൈരാഗ്യംവരാൻ കാരണമെന്താണു്?

അതുപറഞ്ഞു എനിക്കദ്ദേഹത്തോടു വൈരാഗ്യമുണ്ടെന്നോ? മറിച്ചു ഇന്നും എനിക്കദ്ദേഹത്തു സ്നേഹവും ബഹുമാനവുമാണു്. വ്യക്തിപരമായി പറയുകയാണെങ്കിൽ ഞാൻ കൃതജ്ഞനായിരിക്കേണ്ട കാരണങ്ങളനവധിയുണ്ടു്. ചിരുവിമർശനങ്ങളും വ്യക്തിപരമല്ല. അദ്ദേഹത്തിന്റെ ഒരു നല്ല ചിത്രത്തെപ്പറ്റി, വിമർശിച്ചെഴുതിയ ഉടനേതന്നെ അതുകുലച്ചെഴുതാൻ ഞാൻ കാത്തിരിക്കുകയാണു്. അദ്ദേഹത്തിനു അതു കഴിയുമെന്നാണു് എന്റെ വിശ്വാസം.

ജി. എസ്. രവി, തിരുമറാടി.

വെറും ജല്പനങ്ങളും നടത്തിയും വങ്കത്തരങ്ങളും പറഞ്ഞും പ്രതിരിപ്പുമാർക്കു മുതലെടുക്കാൻ അവസരംകൊടുക്കുന്ന തങ്കളും എം. എന്നും ജനയുഗവും ഒരുപോലെ വിഡ്ഢികളല്ലേ?

ഈ ചോദ്യം ഇപ്പോൾ എന്നോടുചോദിച്ച രവിയേ?

എൽ. രവീന്ദ്രൻനായർ, ശാസ്താംമംഗലം.

നിങ്ങൾ സ്ഥാനാർത്ഥിയായിനിൽക്കുന്ന നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സിനെതിരായി എന്തുപ്രചരണമാണു നിങ്ങൾ നടത്താൻപോകുന്നതു്?

വളരെയുണ്ടു്. പക്ഷേ എന്റെ നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സിന്റെ പ്രചരണം കാണുന്നില്ല. മാസിന്റെ പ്രചരണം തകൃതിയായി നടക്കുന്നുണ്ടു്. അതു കോൺഗ്രസ്സിന്റെ പ്രചരണം കൂടിയായി മാറുമായിരിക്കും.

പി. സി. നാരായണൻ, കോട്ടയം.

ഒരു സ്ഥാനാർത്ഥിയായിനിന്നു തിരഞ്ഞെടുപ്പു പ്രചരണം നടത്തിത്തുടങ്ങിയതോടെ എന്തു തോന്നുന്നു?

മിച്ചാരിക്കുന്നപോലെ നിസ്സാരമല്ല സ്ഥാനാർത്ഥിയായിനിന്നു പ്രചരണം നടത്തുന്ന ഏർപ്പാടെന്നു മനസ്സിലായി. സ്ഥാനാർത്ഥിയായിനിന്നുകൊണ്ടു പ്രചരണത്തിനു തൊണ്ണമിട്ടുകൂടാനും സ്ഥാനാർത്ഥിയായിനിന്നുള്ള പ്രചരണത്തിനു വളരെ പോരാത്തവരാണെന്നും മനസ്സിലായി.

പി. പ്രഭാകരൻ, കുമാരപുരം.

നിങ്ങൾ ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥിയായിനിൽക്കുന്നവിവരം പത്രങ്ങളിൽകണ്ടു. ഇതിനിടെ ചില വ്യവരെഴുത്തുകളുംകണ്ടു. പക്ഷേ നിങ്ങളെ ഇതുവരെകണ്ടില്ല. ഇവിടെയുള്ളവർ സമ്മേളയാവുന്നു നിങ്ങൾക്കു വോട്ടുചെയ്യണമെന്നാണോ?

പറയുന്നതെല്ലാം നേരാണു്, പക്ഷേ ഇതു അച്ചടിച്ചു പുറത്തുവരുന്നതിനു മുൻപു ഞാൻ അവിടെ എത്തിയിരിക്കും. ഞാൻ വന്നില്ലെങ്കിൽതന്നെ എന്താണു പ്രഭാകരാ? നിങ്ങളൊക്കെ അവിടിലല്ലേ? ഒരു ദിവസം മുഴുവൻ പ്രവർത്തിച്ചാൽ അടുത്ത ദിവസം കിടക്കയിലാകുന്ന ഒരു ഉപ്പിട്ട കലമാണു ഞാൻ. അതുകൊണ്ടും ക്ഷീണിയാണു് തിരഞ്ഞെടുപ്പിൽനിന്നു മാറിനിൽക്കാൻ ഞാൻ ആഗ്രഹിച്ചതു്. എല്ലാ വോട്ടറന്മാരേയും കണ്ടു വോട്ടു ചോദിക്കാൻ ഞാൻ ശ്രമിച്ചാൽ അഥവാ ഞാൻ വിജയിക്കുകയാണെങ്കിൽ നിയമസഭയിൽ പോകാൻ വേറെ ആളെ നോക്കേണ്ടിവരും. എങ്കിലും ആ നിസ്സഹായതയിൽ മനുഷ്യസ്നേഹത്തിന്റെ പേരിലെങ്കിലും എനിക്കു അനുകമ്പതോന്നുന്നില്ലേ?

കെ. എസ്. പിള്ള, മൂവാറ്റുപുഴ.

എന്റെ കയ്യക്ഷരം കണ്ടിട്ടു എന്തു തോന്നുന്നു?

നിങ്ങൾ ഒരു കോൺഗ്രസ്സുകാരനാണെന്നു തോന്നുന്നു. കയ്യക്ഷരം ഭംഗിയുള്ളതാക്കാൻ വലിയ പരിശ്രമം നടത്തിയിരിക്കുന്നു. പക്ഷേ ആ പരിശ്രമമുണ്ടായിട്ടും കയ്യക്ഷരം വികൃതമായിരിക്കുന്നു.

ആർ. സുധാകരൻ, യൂണിവേഴ്സിറ്റികോളേജ്.

കോളേജുവിദ്യാർത്ഥിനികളുടെ "വാൽപ്രസ്ഥാനം" വളർന്നുവന്നാൽ കോളേജുകുമാരന്മാർ പ്രയോഗിക്കേണ്ട "അറകയ്യ്" എന്താണു്?

അവരെ വെറുതെവിടുക്കു. വാൽപ്രസ്ഥാനം കോളേജുകുമാരന്മാർക്കു ഒരുപദ്രവവും ഉണ്ടാക്കാൻപോകുന്നില്ല.

പി. എസ്. പന്ന്യത്ത്, പത്തനംതിട്ട.

അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഇടതുപക്ഷപാർട്ടികൾക്കു പ്രതിപക്ഷം കിട്ടുകയും സി: കെ. ബാലകൃഷ്ണനും സി. ഠി. കെ. ദിവാകരനും എം. എൽ.

എ. മായിതീരുകയും ചെയ്താൽ മന്ത്രിയാകാൻ ഇ
ത്തിൽ യോഗ്യൻ ആരായിരിക്കും പത്രാധിപരെ?

തീർച്ചയായും ദിവാകരൻ,

റി. എസ്. പി. ഖാൻ, മുണ്ടക്കയം.

അവിവാഹിതയായ ഒരു യുവതി ഗർഭം ധരി
ച്ചാൽ സ്ത്രീയോ പുരുഷനോ ആരാണ് തെറ്റുകാർ?

ഇതിൽ ഒരാളെമാത്രം തെറ്റുകാണിച്ചാൽ ഈ പ്രശ്നം ഉദി
ക്കുകയേയില്ല.

സി. വി. പ്രഭാകരൻ, പാളയം.

തിരഞ്ഞെടുപ്പു സമീപിച്ചിരിക്കുന്ന ഈ സന്ദർ
ഭത്തിലെങ്കിലും തിരുവനന്തപുരത്തു ജാഥകളും പ്ര
കടനങ്ങളും നടത്തുന്നതിനു നൽകിയിരിക്കുന്ന നി
രോധനം പിൻവലിക്കുന്ന കാര്യം ഗവർമ്മെൻറു
പുനരാലോചിക്കുമോ?

ഇപ്പോൾ മൈക്രകോപ്പും അനപേക്ഷണീയമായ ഒരു നിരോ
ധനം ഏർപ്പെടുത്തിയിട്ടുള്ളതായി അറിയുന്നു ഈ നിരോധന
ങ്ങളും പിൻവലിക്കാൻ ഒരു സ്ഥാനാർത്ഥി എന്നനിലയിൽ ഞാൻ
ആവശ്യപ്പെടുന്നുണ്ട്. ഫലമെന്താകുമെന്നറിഞ്ഞില്ല.

കെ. നസീം, മുക്കംപുഴ

വിവാഹമെന്നതു് വധൂവരന്മാർക്കു ഒരു പോലെ
അവകാശമുള്ള ഒരു ക്രയവ്യവഹാര കമ്പനിയാണ്.
പക്ഷേ കുഴപ്പമുണ്ടാകുന്നതു് സമവകാശിയായ ഭർ
ത്താവു് സഹായികാരംപ്രയോഗിച്ചു കമ്പനിയുടെ
മാനേജിംഗ് ഡയറക്ടറാകാൻ ശ്രമിക്കുന്നതുകൊ
ണ്ടല്ലേ?

കമ്പനി മാനേജുചെയ്യാൻ അറിഞ്ഞാമതേ നടക്കുകയുള്ളൂവെന്നാ
ണോ നസീമിൻറെ വാദം? ഭർത്താവു് മാനേജിംഗ് ഡയറ
ക്ടറാകുമ്പോൾ ഭാര്യ ഡയറക്ടർബോർഡായും മാറാറില്ലേ?

കെ. രഘുമേനോൻ, പരിപ്പള്ളി.

"ഭാര്യമാരുടെ പടത്തലവൻ" വായിച്ചുതുടങ്ങു
ടി ഇന്നാട്ടിലുള്ള സകല വിധവകളും സംഘടിക്ക
ണമെന്നും അതിൻറെ പ്രസിഡൻറായി അനുഭവ
ജ്ഞാനവും ആത്മാർത്ഥതയുമുള്ള കെ. ബാലകൃഷ്ണ
നെ ഐകകണ്ഠ്യേന തിരഞ്ഞെടുക്കണമെന്നും വി
ധവകൾക്കുടി തീരുമാനിച്ചിരിക്കുന്നു. എന്താ സമ്മ
തമാണോ?

ഒരു ജാഥയായി ഇങ്ങു തിരുവനന്തപുരത്തേക്കുപോരൂ. ഞാൻ
തിരഞ്ഞെടുപ്പുപ്രവർത്തനങ്ങളിൽ സഹകരിക്കുമെങ്കിൽ എനിക്കു
വലിയ സഹായമായിരിക്കും.

കെ. രാമൻപിള്ള, കൊല്ലം.

നിങ്ങളുടെ നിയോജകമണ്ഡലത്തിൽ യാതൊരു
രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളെ നിർത്തു
ന്നില്ല. മനവും ശങ്കരനും രണ്ടു സ്വതന്ത്രസ്ഥാനാർത്ഥി
കളാണ്. നിങ്ങൾക്കു വോട്ടുചെയ്യാതിരിക്കാൻ പാ
ടില്ല എന്നാൽ നിങ്ങൾ ആർക്കുവോട്ടുകൊടുക്കും?

ഞാൻ വെള്ളരിക്കാപട്ടണത്തിലാണോ കഴുത്തു ജീവിക്കുന്ന
ത്? നിങ്ങൾക്കു എന്താണറിയേണ്ടതു്? ഞാൻ ജാതിക്കാരനു
തന്നെ വോട്ടുചെയ്യുമോ എന്നാണോ? ഈ തിരഞ്ഞെടുപ്പുകാല
ത്തു ഒരു നല്ല കാര്യവും നിങ്ങൾക്കു ചിന്തിക്കാറായില്ലാതെ പോ
യല്ലോ

മാത്യു എം. കുവലം, ചങ്ങനാശ്ശേരി.

യുക്തികളും ഉപമകളുംകൊണ്ടു വസ്തുതകളെ
ഖണ്ഡിക്കാൻ സാധിക്കുമോ?

സാധിച്ചാലുമില്ലെങ്കിലും അതിനുള്ള പരിശ്രമമാണ് രാജാ
ജി തിരു-കൊച്ചിയിൽ നടത്തിയതു്.

കെ. രഘുമാധവൻനായർ, കൊല്ലൂർ.

കൊല്ലംസമ്മേളനത്തിലെ കോൺഗ്രസ്സുകാരുടെ
പ്രധാനമുദ്രാവാക്യം "മലബാറിൻറെമക്കളെ മല
നാട്ടിനുവേണ്ട" എന്നായിരുന്നു. അങ്ങനെയാണെ
ങ്കിൽ മാർപ്പാപ്പായുടെയും ഐസനോവറിൻറെയും
മക്കളെ മലനാട്ടിനുവേണോ?

ഇവരുടെയൊക്കെ മുദ്രാവാക്യങ്ങിനെ മറപടിയുണ്ടാക്കാൻ
മിനക്കെടരുതു്. നമ്മുടെ അമ്മമാരെപ്പറ്റി നമുക്കൊരു ബഹു
മാനമില്ലേ? അവർക്തില്ലെന്നുവച്ചു നമുക്കും അതുപോലെ ചെ
യ്തിയിൽ മുങ്ങാൻ പാടുണ്ടോ?

എസ്. വി. കുഞ്ഞുകൃഷ്ണൻ, പടനായർക്കുളങ്ങര.

തിരഞ്ഞെടുപ്പിൽ നിങ്ങൾക്കു നേരിടുന്ന ഏറ്റ
വും വലിയ ബുദ്ധിമുട്ടെന്താണു?

ഈ വാരികനടത്തി എൻറെകയ്യിൽ കുറെ കാശുവന്നു. വന്ന
പോലതന്നെ അതു ഞാൻ തിരിച്ചയക്കുകയുംചെയ്തു. ഇപ്പോൾ
ഇതുകൊണ്ടു കഷ്ടിച്ചു ജീവിക്കാമെന്നുണ്ടു്. എനിക്കു നാലുകാശു
സമ്പാദ്യമുമില്ല. തിരഞ്ഞെടുപ്പിനു പണമുണ്ടാവുണ്ടു്. എൻറെ
കയ്യിൽ കാൽകാശിൻറെ കോപ്പില്ലെന്നു എനിക്കും എന്നെ ഏ
റ്റവും അടുത്തറിയാവുന്നവർക്കുമേ നിശ്ചയമുള്ളു. ഞാൻ നിൽ
ക്കുന്നപ്രസ്ഥാനത്തിനും പണമില്ല. പണംപിരിക്കുന്നും ബുദ്ധിമുട്ടു
ണ്ടു്. എങ്ങനെ മുന്നോട്ടുനീങ്ങണമെന്നറിയാതെ ഞാൻ വിഷമി
ക്കുകയാണു്. നിങ്ങളുടെ ഈ ചോദ്യംകണ്ടപ്പോൾ ആദ്യമായി
എനിക്കു തോന്നിയ കാര്യങ്ങളും ഞാൻ ഏറ്റീതിയെന്നേയുള്ളു.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം കെ. രഘുമാധവൻനായർ കൊല്ലൂരി
നു നൽകുന്നു.

കേരളി ആഴ്ചപ്പതിപ്പ്

കുഴിഞ്ഞായാഴ്ച

കൊല്ലത്തെ കാൺഗ്രസ്സ് സമ്മേളനം

★

കാൺഗ്രസ്സിന്റെ കഴിഞ്ഞകാലചെയ്തികൾ ഓർത്തു വോട്ടുചെയ്യാനും കഴിഞ്ഞകാലചെയ്തികൾ മറന്നു വോട്ടുചെയ്യാനും ആഹ്വാനങ്ങൾ

എൻ. രാമചന്ദ്രൻ

തിരു-കൊച്ചി പ്രദേശ് കാൺഗ്രസ്സിന്റെ ഒരു കൺവെൻഷൻ കൊല്ലത്തുവച്ചു ആർഭാടകരമായി നടന്നിരിക്കുന്നു. മൂന്നുദിവസം നീണ്ടുനിന്ന സമ്മേളനപരിപാടികൾ അവസാനിച്ചദിവസം അതിശക്തിരമായ ഒരു റാലിയും പൊതുയോഗവും നടത്തപ്പെട്ടു.

16-ാംനു- ശാന്തിനഗരിൽ വച്ചുനടന്ന സമ്മേളനവും കലാപരിപാടികളും 17-ാംനു-നടന്ന റാലിയും പൊതുയോഗവും കലാപ്രകടനങ്ങളും ഞാൻ നേരിട്ടു കാണുകയുണ്ടായി. 16-ാംനു- നടന്ന പൊതുയോഗം ഇവിടത്തെ ഭരണകക്ഷിയുടെ അന്തസ്സിനു ചേർന്നവണ്ണം ഗംഭീരമല്ലായിരുന്നുവെങ്കിലും അതിനടുത്ത ദിവസം നടന്ന റാലിയും ശാന്തിനഗരിൽവച്ച ക്രൂടിയ പൊതുയോഗവും ആ കുറവു പരിഹരിക്കുക്കവണ്ണം പ്രൗഢവും വർണ്ണോജ്ജ്വലവുമായിരുന്നു. അന്നു കൊല്ലം സന്ദർശിക്കുന്ന ഒരാളിനു നഗരംമുഴുവൻ ദേശീയോത്സവം ആഘോഷിക്കുകയാണോയെന്നു തോന്നുമായിരുന്നു.

തിരഞ്ഞെടുപ്പു അടുത്തുവരുന്ന ഈ സമയത്തു കാൺഗ്രസ്സ് സംഘടനയുടെ ശക്തി കേന്ദ്രീകരിച്ചു പ്രകടിപ്പിക്കുന്നതിനു തീരുമാനിച്ചതു ബുദ്ധിപൂർവ്വകമാണു്. ഘോഷയാത്രകളുടെ നീളവും പൊതുയോഗങ്ങളിലെ പ്രസംഗങ്ങളും കേൾക്കുന്നതിനും കലാപ്രകടനങ്ങൾ കാണുന്നതിനും തിങ്ങിക്കൂടുന്ന ആളുകളുടെ എണ്ണവുംനോക്കി പാർട്ടികളുടെ പൊതുജനപിന്തുണ തിട്ടപ്പെടുത്തുന്നവരെ കൊല്ലത്തെ കാൺഗ്രസ്സ് പരിപാടികൾ അമ്പരിപ്പിക്കുമായിരുന്നു. 17-ാംനു- കൊല്ലത്തു തിങ്ങിനിറഞ്ഞ ഗാന്ധിസ്തൊപ്പികളുടെ എണ്ണം കണ്ടു് കാൺഗ്രസ്സ് നേതാക്കന്മാർക്കും അനുയായികൾക്കും ഈ വിഭാന്തിയുണ്ടായെന്നു അന്നത്തെ പ്രകടനങ്ങൾ കണ്ടൽതോന്നുമായിരുന്നു. മരിച്ചുപോയ മഹാത്മാഗാന്ധിക്കും മരണശാസനം ശ്വസിക്കുന്ന ഭാരതമാതാവിനും വേണ്ടി വിളിച്ചുകൂട്ടുന്ന ഈ സമ്മേളനത്തിനു ഇത്രയധികം ജനങ്ങൾ ഒഴുകിയെത്തിയതിൽ അത്ഭുതപ്പെടാനൊന്നുമില്ല. കാൺഗ്രസ്സിനു ഇന്നു ഭാരതത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ടു്. അതിനു ഒരു പ്രത്യേക ശക്തിയുണ്ടു്. അതിനു ഒരു പ്രത്യേക ആകർഷണശക്തിയുണ്ടു്. അതിനു ഒരു പ്രത്യേക പ്രഭാവലയമുണ്ടു്. ഈ ശക്തിയും ആകർഷണശക്തിയും പ്രഭാവലയവും ഇന്നു ഭാരതത്തിൽ മറ്റൊരു രാഷ്ട്രീയകക്ഷിക്കുമില്ല. ഇതു ഒരു വസ്തുതയാണു്. ഈ വസ്തുതയെ നിഷേധിക്കുന്നതു ആത്മവഞ്ചനയാണു്. കമ്മ്യൂണിസ്റ്റുപാർട്ടിയെ അധിക്ഷേപിച്ചുകൊണ്ടുമുഴുവനായിട്ടുള്ള മിക്ക മുദ്രാവാക്യങ്ങളും കലാപരിപാടികളും ഇതുപോലെതന്നെ കമ്മ്യൂ: പാർട്ടിയുടേയും മറ്റു ഇടതുപക്ഷ പാർട്ടികളുടെയും നേരെ കൊഞ്ഞനം കാണിക്കുന്നവയായിരുന്നുമിക്കകലാപ്രകടനങ്ങളും തിരഞ്ഞെടുപ്പുകാലത്തു പ്രചരണത്തിനുവേണ്ടി ഒരു പാർട്ടി മറുപാർട്ടികളെ വിമർശിക്കുന്നതും ഒരുതിരിഞ്ഞിവരെ അധിക്ഷേപിക്കുന്നതുപോലും മനസ്സിലാക്കാം. പക്ഷെ മഹോന്നതമെന്നു പഠയപ്പെടുന്ന ചില ആദർശങ്ങളുണ്ടെന്നു അവകാശപ്പെടുന്ന മഹത്തായ ഒരു സംഘടനയ്ക്കു മാത്രമല്ല തെരുവുപിള്ളേർക്കുപോലും ഭൂഷണമല്ലാത്ത ഒരു നിലവാരമുള്ള കലാപ്രകടനങ്ങൾ പതിനായിരക്കണക്കിനു ആളുകൾ തിങ്ങിക്കൂടിയിരുന്ന ഒരു ജനസമൂഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിച്ചു കാൺഗ്രസ്സുകാരനു ഈ നാട്ടിൽ ഏറ്റവും കാണിക്കാരനെന്നു തെളിയിക്കുകമാത്രമല്ല ഇവിടത്തെ സാംസ്കാരികവളർച്ചയുടെ നേരെ കത്തി ഓങ്ങുക കൂടിയാണു ഇക്കൂട്ടർ ചെയ്തതു്. ''പോടാ പുല്ലെ പുല്ലി ഒക്ക രാഷ്ട്രീയം'' എന്നു തുടങ്ങിയ പാട്ടുകൾ മഹാത്മജിയുടെ കാൺഗ്രസ്സിന്റെ മണ്ഡപത്തിൽനിന്നുയർന്നുകേട്ടപ്പോൾ വാസ്തവത്തിൽ ഹൃദയവേദന ഉണ്ടായി. കാൺഗ്രസ്സ് അധികാരത്തിൽവന്നതിനു ശേഷം സാമൂഹ്യവും സാമ്പത്തികവുമായ മറ്റേതൊരു മണ്ഡലങ്ങളിൽ അധഃപതനങ്ങളുണ്ടായിട്ടുള്ളതിനേക്കാൾ അധികം അവർ കലാരംഗത്തേക്കു ഒരു ആക്രമണം ആരംഭിച്ചിരിക്കുകയാണു്. മറ്റു പാർട്ടികളുടെയും സിദ്ധാന്തങ്ങളുടെയും ഏതിർക്കുന്നതിനു കലാരംഗം ഉപയോഗപ്പെടുത്തുന്നതിനു കാൺഗ്രസ്സുകാർക്കു സ്വാതന്ത്ര്യമുണ്ടു്. പക്ഷെ കലയിൽകച്ചവടമോ ഇറച്ചിവെട്ടുപോലുള്ള ഒരു തൊഴിലാണെന്നുധരിച്ചു വച്ചിട്ടുള്ളവർക്കു കാൺഗ്രസ്സുകാർ പ്ലാറ്റ്ഫാറത്തുള്ള പോലീസ് ബന്ധവസ്സും നൽകുന്നതു പാപകരമാണു്. ഏതു ശ്രുദ്ധത രമായ ആക്രമണങ്ങളും നടത്തുന്നതിനായാലും ഏതെല്ലാം ചിന്താശതികളെ ഹനിക്കുന്നതിനായാലും അതിനുള്ള കഴിവും കഴിവുണ്ടായിരുവുമുള്ളവരെ ഏർപ്പെടുത്തിയില്ലെങ്കിൽ മറിച്ചുള്ളഫലങ്ങൾ ഉണ്ടാകുമെന്നു മാത്രമല്ല ഇവിടത്തെ കലാരംഗംതന്നെ കാൺഗ്രസ്സുകാർ അശ്ലീലമാക്കിത്തീർക്കുകയും ചെയ്യും. ശാന്തിനഗരിൽ നടന്ന കലാപരിപാടികളിൽ ശ്രീ കേശവദേവ് അവതരിപ്പിച്ച രാഷ്ട്രീയ ഹാസ്യനാടകം അവിടെ കാണിക്കപ്പെട്ട മറ്റു കോപ്രായങ്ങളിൽ നിന്നു കഴിഞ്ഞുകൂടാൻ നിൽക്കുന്നവെന്നു് തോന്നുമായിരുന്നു. മാർക്സിസത്തേയും കമ്മ്യൂണിസ്റ്റുപാർട്ടിയേയും അവഹേളിക്കുന്നതിനും രാഷ്ട്രീയരംഗത്തു അരാജകത്വം സൃഷ്ടിച്ചു പിൻതിരിപ്പൻ ചിന്താശതികൾക്കു വളരുന്നതിനുള്ള പശ്ചാത്തലം സൃഷ്ടിക്കുന്നതിനും മാത്രമേ ദേവിന്റെ നാടകം ഉപകരിക്കയുള്ളുവെങ്കിലും ആ നാടകത്തിന്റെ പിന്നിലെത്ര കലാകാരന്മാരുള്ളതുകൊണ്ടു അതിനു ഒരു പ്രത്യേക നിലവാരം സൃഷ്ടിക്കാൻ കഴിഞ്ഞു. അതിന്റെ ഫലം പ്രേക്ഷകരുടെ പ്രതിസ്പന്ദനങ്ങളിൽ പ്രകടമാക്കുകയും ചെയ്തു.

നരകത്തിൽ വീണുപോയ ദൈവത്തെനോട്ടു തോന്നുന്ന അനുകമ്പയോടുകൂടി ദേവിന്റെ നാടകം നാം കണ്ടുകൊണ്ടിരിക്കും. പക്ഷേ ശാന്തി നഗറിലും ഗാന്ധിനഗറിലുമായി അവതരിപ്പിക്കപ്പെട്ട മറ്റു ചില കലാപ്രകടനങ്ങൾകാണുമ്പോൾ കലാരംഗത്തു ഒരു തരം അഭ്യുശുപാ പോലീസുകാർ കടന്നുവന്നിരിക്കുന്നുവെന്നു തോന്നുമായിരുന്നു. കാൺഗ്രസ്സിനു ലഭിക്കുമായിരുന്ന ഒട്ടേറെ വോട്ടുകൾ ഈ മുട്ടാളന്മാർ തീർച്ചയായും നഷ്ടപ്പെടുത്തിയിട്ടുണ്ടു്.

തിരഞ്ഞെടുപ്പിനു വളരെ അടുത്തായി നടന്ന ഈ കൺവെൻഷൻ രാഷ്ട്രീയമായി വളരെയേറെ പ്രാധാന്യമുണ്ടു് ഏതടിസ്ഥാനത്തിലാണു് ഈ കൺവെൻഷൻ വിളിച്ചുകൂട്ടിയതു്? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുനേട്ടമുണ്ടായി? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുകോട്ടമുണ്ടായി? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുനേട്ടമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുകോട്ടമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുനേട്ടമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുകോട്ടമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുനേട്ടമുണ്ടായി? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുകോട്ടമുണ്ടായി? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുനേട്ടമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു? ഈ കൺവെൻഷൻ കൊണ്ടു കാൺഗ്രസ്സിനു എന്തുകോട്ടമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു?

(ശേഷം 38-ാംപേജിൽ)

ജയശ്രീ പദപ്രശ്നം No 2 ★ Rs 750 കരസ്ഥമാക്കുക!

ഉത്തരങ്ങളും സ്വീകരിക്കുന്ന അവസാനതീയതി **5-2-1954.** ശരിഉത്തരം **10-2-1954.** (ജയശ്രീമാസികയിൽ)

ഒന്നാംസമ്മാനം **400** രൂപ; ഒരുതെറ്റ്, രണ്ടുതെറ്റ്, മൂന്നുതെറ്റ് **300** രൂപ; കൂടുതൽ ഉത്തരം അയയ്ക്കുന്ന ആളിന് **50** രൂപ.

	സൂചന	ഉത്തരം 1	ഉത്തരം 2
1	ജയശ്രീ പദപ്രശ്നം നമ്പർ 2 മുതൽ അതിന്റെ പ്രവേശനഫീസിൽ സാരമായ.....വരുത്തിയിട്ടുണ്ട്.	മാറ്റങ്ങൾ	കുറവുകൾ
2	ഡിമോക്രസിയുടെ വിജയത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള ഒന്നാണ് ജനകീയവിശ്വാസം	നേതൃത്വം	ഭരണം
3	ഉദ്യോഗസ്ഥമണ്ഡലത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളിൽ കാൺഗ്രസ്സ് എം. എൽ. എ. മാർ കൈകടത്തുന്നതിനെ ശക്തിയായി.....ഒരു മുഖ്യമന്ത്രിയാണ രാജാജി	പ്രതിഷേധിച്ചിട്ടുള്ള	പ്രതിരോധിച്ചിട്ടുള്ള
4	തൊഴിലാളികളുടെ ഇടയിൽ ഇന്ന.....കുറഞ്ഞുവരുന്നു	അച്ചടക്കം	കായ്ക്ഷമത
5	രാജ്യം പുരോഗമിക്കണമെങ്കിൽ.....ഇല്ലാതാവണം	വർഗ്ഗീയത	വിഭാഗീയത
6	അയൽരാജ്യങ്ങളിലേതെങ്കിലും രാഷ്ട്രത്തിന ആയുധം നൽകിയാൽ അതു.....ത്തിനുവേണ്ടിയാണെന്ന പറയപ്പെടുന്നു	ആക്രമണ	പ്രതിരോധന
7	ഇൻഡ്യൻ വ്യവസായാഭിവൃദ്ധിക്ക.....അവശ്യമാണ്	സംരക്ഷണം	വിദേശമൂലധനം
8	ലോകത്തിൽ ധനികരാകുവാനുള്ള ആവേശത്താൽ ഇന്ന ഈ കലയ്ക്ക കൂടുതൽ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു	സാങ്കേതികം	സാംസ്ക്കാരികം
9	സ്വകാര്യസ്വത്തുക്കളുടെ ഉടമയെ സംബന്ധിച്ച് ഇൻഡ്യൻ ഭരണഘടനയിൽ വേണ്ടത്ര.....ചെയ്തിട്ടുണ്ട്.	വ്യവസ്ഥ	ഉറപ്പ്
10	ലോകപ്രശ്നങ്ങളും പരിഹരിക്കുകയും ലോകജനതയെ അടുപ്പിക്കുകയും ചെയ്യുന്നതു.....ശക്തി ആയിരിക്കാം	ആറമിക്ക്	ആത്മീയ
11	കഴിഞ്ഞ രണ്ടു കൊല്ലങ്ങളെ അപേക്ഷിച്ച് ഇന്ന ഭക്ഷ്യധാന്യങ്ങളുടെ.....കായ്ക്ഷമമായി വർദ്ധിച്ചിട്ടുണ്ടെന്ന പറയപ്പെടുന്നു	ഉൽപ്പാദനം	വിതരണം
12	പഞ്ചവൽസരപദ്ധതിയിൽ ഈ പരിപാടികൾക്ക് കൂടുതൽ പണം ചെലവാക്കുന്നു	നിർമ്മാണം	സംവിധാനം
13	ഒരു പ്രാസംഗികനുണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങളിൽ ഒന്ന്	ആത്മവിശ്വാസം	പരിശീലനം
14	തിരുവൊച്ചിയിൽ ചില സ്ഥലങ്ങളിൽ ഇതു ഈയിടെ ധാരാളമായി കണ്ടു	ചെങ്കൊടി	കരിങ്കൊടി
15	ഇൻഡ്യയിൽ ഇൻഷ്വറൻസ് കമ്പനികൾക്ക.....മായ ഒരു ഭാവിയുണ്ട്	ഭാസുര	ആദായകര

——ഇവിടെ മുറിക്കണം——

Jai Sree Cross (2) Words, Shertally

ഉത്തരങ്ങളുടെ എണ്ണം

കളക്ടർ No.....

അയയ്ക്കുന്ന തുകയുള്ള രസീതോ, കൂപ്പൺവൗച്ചറോ, പോസ്റ്റൽഓർഡറോ, മണിഓർഡർ രസീതോ ഇതോടൊന്നിച്ചയയ്ക്കണം:

രസീതു് No.....

അയയ്ക്കുന്ന തുക	
രൂ	

M, O. No.....P. O. No.....കൂപ്പൺവൗച്ചർ.....

പേരു്.....

മേൽവിലാസം.....

പോസ്റ്റാഫീസു്.....

ഒരു ഉത്തരം 4 ണ; 3 ഉത്തരം 8 ണ; 7 ഉത്തരം 1 രൂ; 24 ഉത്തരം 3 രൂ.

1																									
2																									
3																									
4																									
5																									
6																									
7																									
8																									
9																									
10																									
11																									
12																									
13																									
14																									
15																									

ശരി ഉത്തരം പ്രതീക്ഷിക്കുക:---10---2---54-ൽ പ്രസിദ്ധപ്പെടുത്തുന്ന മാതൃഭൂമി, കേരളകൗമുദി, ദിനപ്പത്രങ്ങളിലും ജയശ്രീമാസികയിലും.

ഏജന്റുമാർക്കും കൂട്ടുന്നവർക്കും സ്പെഷ്യൽ സമ്മാനം: കൂപ്പൺവൗച്ചറിനും, രസീതിനും ആവശ്യപ്പെടുക:— മാനേജർ, ജയശ്രീ ചേത്തല.

കൊറിയയിൽ ഇന്നു് നടക്കുന്ന സൈനിക രാഷ്ട്രീയ നാടകം

★

മല്ലികത്തു ജി വെല്ലൂർപിള്ള, കൊറിയ

(തുടർച്ച)

വിശദീകരണഫലമായി മനസ്സു മാറുകയുണ്ടായ തടവുകാരെ നാട്ടിലയയ്ക്കാനായി തടവുകാരുടെ സ്വന്തം കക്ഷിയെ ഏല്പിക്കുന്ന മുമ്പത്തെ കമ്മീഷനേറതാണു്. പറഞ്ഞതുകേട്ടാൽ പ്രയാസരഹിതമെന്നു തോന്നാവുന്ന ഈ വിശദീകരണപ്പാറയിലാണു് കമ്മീഷനറുടെ തല മുട്ടിയുടഞ്ഞതു്. അത്രമാത്രം വൈഷമ്യങ്ങളും കമ്മീഷനു നേരിടേണ്ടിവന്ന വിശദീകരണം സംബന്ധിച്ചു് കമ്മീഷനറുടെ പ്രധാനകർത്തവ്യങ്ങളും രണ്ടാണു്. ഒന്നു്, വിശദീകരണംകൊടുക്കാൻ വന്ന പ്രതിനിധികൾക്കു് ശാന്തിയും സുരക്ഷയും നിറഞ്ഞ സാഹചര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുക. രണ്ടു്, വിശദീകരണം കേൾക്കാൻവന്ന തടവുകാർക്കു് ഭയരഹിതരായി ഇഷ്ടം കേൾക്കാനും യാതൊരു വിഷമങ്ങളും കൂടാതെ സ്വന്തമിഷ്ടം പ്രകടിപ്പിക്കാനും, സുരക്ഷയും ഉണ്ടാക്കുക. ഈ രണ്ടു മുമ്പത്തലകളും നിർവഹിക്കാൻ പറ്റിയ മുറുപാടുകളും സൃഷ്ടിക്കാനും, യോഗ്യമായി പുലത്തിക്കൊണ്ടുപോകാനും കമ്മീഷൻ വളരെ ബദ്ധപ്പെടേണ്ടിവന്നു. അതിനു പൊതുവേ കാരണം, യുദ്ധകക്ഷികളുടെ പരസ്പരശത്രുതയും, വിശ്വാസമില്ലായ്മയും, വിട്ടുവീഴ്ചയ്ക്കു തയാറില്ലായ്മയും ആയിരുന്നു. വിശേഷിച്ചുള്ള കാരണം, ഐക്യരാഷ്ട്രകക്ഷി വിശദീകരണത്തുടങ്ങിനോടുകാണിച്ച നീരസഭാവവും, ഐക്യരാഷ്ട്രകക്ഷിയിൽനിന്നും ഏറ്റവുമടുത്ത തടവുകാരുടെ ഇടയിലുള്ള ഒരു രഹസ്യസംഘടനയുടെ വിശദീകരിപ്പവത്തനങ്ങളും അതായിരുന്നു. തടവുകാർക്കു് കമ്മ്യൂണിസ്റ്റുപ്രതിനിധികളും വിശദീകരണം കൊടുത്തു് മനസ്സുമാറ്റിയാൽ അയ്യായിരത്തോളം ഐക്യരാഷ്ട്രകക്ഷിതടവുകാരെപ്പറ്റി പ്രത്യേകം പറഞ്ഞിരുന്നതെല്ലാം കളവാകുമല്ലോ. അതു് മറുകക്ഷിയുടെ ഒരു രാഷ്ട്രീയവിജയമായി പരിണമിക്കുകയും ചെയ്യും. നീരസത്തിന്റെ കാരണം സ്പഷ്ടമാണല്ലോ. വിശദീകരിപ്പവത്തനങ്ങൾമൂലം പാവപ്പെട്ട തടവുകാരെ ചൊല്പടിക്കുനടത്താൻ കഴിവുള്ള ഒരു സംഘടന ഏർപ്പെട്ടിരുന്നതിവിടുതിനും കാരണമിതുതന്നെ. തടവുകാരിൽനിന്നും കിട്ടിയ തടവുകാരുടെ ഇടയിലും സംഘടനയില്ലെന്നു പറഞ്ഞുകൂടാ. പക്ഷേ യാതൊരു വിശദീകരിപ്പവത്തനങ്ങളിലും അവർ ഏർപ്പെട്ടിട്ടില്ല.

ഇൻഡ്യൻസൈന്യവും പ്രതിനിധികളും

1953 സെപ്തംബറിലാണു് ഞങ്ങൾ ഇവിടെ എത്തിയതു്. ഞങ്ങളെ ഏകദേശം അറായിരംപേരെ, നാലുകപ്പലും നാലു വിമാനവും കൂടിയാണു് കൊറിയായിലെത്തിച്ചതു്. "ഇന്ത്യൻ" തുറമുഖത്തു നിന്നും പാൻമുൻജാണിലേക്കു് ഈ അറായിരംപേരും ഹെലിക്കോപ്റ്ററിൽ കേറിയാണു് വന്നതു്. എന്തെന്നാൽ, ഹാനമാനെ ലക്ഷ്യമിട്ടയന്നപോലെ ഞങ്ങളെ ഡാക്ടറി, തെക്കൻ കൊറിയായിൽ കാലുകുത്താൻ സമ്മതിച്ചില്ല. ഞങ്ങളുടെ കൂടെ, അയ്യായിരം പട്ടാളക്കാരും, മിലിട്ടറിയും സിവിലുമായി ഏഴെട്ടു് ഉയന്ന ഉദ്യോഗസ്ഥന്മാരും കൂടാതെ ഒരു കളക്ടറും, ഒരു ഡി. എസ്. പി. യും, ധാരാളം പത്രറിപ്പോർട്ടന്മാരും ഉണ്ടു്. തടവുകാരെ സെപ്തംബർ 10-നു മുതൽ ഏറ്റെടുക്കാൻ തുടങ്ങി. 24-നു തീയതി ഏറ്റെടുപ്പു് സമാപിച്ചു.

തടവുകാർ

ഐക്യരാഷ്ട്രകക്ഷിയുടെ പക്കൽ നിന്നും 22,604 പേരെയാണു് ഏറ്റെടുത്തതു്. ഇവരിൽ 7,900 പേർ വടക്കൻകൊറിയാക്കാരും, 14.704 പേർ ചൈനാക്കാരുമായിരുന്നു. വടക്കർ ഞങ്ങളെ ഏല്പിച്ചതു് 359 പേരെ മാത്രമാണു്. അവരിൽ 335 പേർ തെക്കൻ കൊറിയാക്കാരും 23 പേർ അമേരിക്കരും, ഒരാൾ ബ്രിട്ടീഷുകാരനും ആയിരുന്നു, തെക്കരിൽ നിന്നും ലഭിച്ച തടവുകാരെ പാൻമുൻജാണിനു തെക്കു് "ടാംഗ്ജാംഗ് നി" എന്ന സ്ഥലത്തും, വടക്കരിൻനിന്നും വാങ്ങിയവരെ പാൻമുൻജാണിനു വടക്കു് "സോഗ്ഹോങ്നി" എന്ന സ്ഥലത്തും കൈമാറുചെയ്തു. രണ്ടു കൈമാറ്റകേന്ദ്രങ്ങളായി അഞ്ചുമൈൽ ദൂരമുള്ള മുള്ളുവേലികെട്ടിത്തിരിച്ച പറമ്പുകളിലാണു് തടവുകാരെ പാർപ്പിച്ചിരിക്കുന്നതു്.

വിശദീകരണത്തിനു തടസ്സങ്ങൾ

തെക്കൻ കൈമാറ്റത്തിലെ തടവുകാർ ആദ്യം ഇൻഡ്യൻസേനയെ മാറ്റിനിർത്തിക്കാണിച്ചു കമ്മ്യൂണിസ്റ്റുകാർക്കെതിരായി മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞു. ചൈനായ്ക്കും വടക്കൽ കൊറിയായ്ക്കും പോകുന്നില്ലെന്നു് സമ്മതിപ്പിക്കുള്ളതെല്ലാം ഏർപ്പെടുത്തിച്ചു. "തടവാനി"ൽ പോകണമെന്നു വിളിച്ചുകൂകി (തടവാൻ ഫോർ പോസിയുടെ തത്സമാനമാണു്) ഒരു ദിവസം പരിശോധനയ്ക്കു് ഉള്ളിൽകടന്ന മേജർ ജനറൽ തൊറാട്ടിനെ പിടിക്കാൻ തടവുകാർ ശ്രമിച്ചു. മേജർ ഗ്രിഫാളിനെ പിടിച്ചു. തടഞ്ഞു വയ്ക്കുകയും ചെയ്തു.

കുറെ ദിവസത്തിനകം ഇൻഡ്യക്കെതിരായ പ്രകടനങ്ങൾ അടങ്ങിയെന്നു മാത്രമല്ല വളരെ സ്നേഹം പ്രകടിപ്പിക്കാനും തുടങ്ങി. എങ്കിലും വിശദീകരണത്തിനു വിളിച്ചപ്പോൾ തടവുകാർ ബഹളംകൂട്ടി. ഒരു വെടിവയ്പും, കുറെ തടവുകാർക്കു തൽഫലമായി മരണവും സംഭവിച്ചതോടെ ബഹളം അമർന്നു എങ്കിലും വിശദീകരണം കേൾക്കാൻ അവർ തയാറായില്ല. തടവുകാരെ വെടിവച്ചാൽ ഇൻഡ്യൻ സേനയെ ആക്രമിക്കുമെന്നു് ഡാക്ടർ റീഫ്നിപ്പെട്ടു. വിശദീകരണം നടത്താൻ ആവശ്യമുള്ള ടെൻറുകളും മറ്റും തയാറാക്കിത്തന്ന കാര്യത്തിൽ ഐക്യരാഷ്ട്രകക്ഷി (കാര്യവശാൽ, ഐക്യ രാഷ്ട്രകക്ഷി എന്നു പറയുമ്പോൾ, അമേരിക്ക എന്നു മനസ്സിലാക്കിയാൽ മതി) വരുത്തിയ കാലതാമസംമൂലവും തടവുകാരുടെ അനുസരണക്കേടു നിമിത്തവും ഒക്ടോബർ 1 നു തുടങ്ങാനിരുന്ന വിശദീകരണം തുടങ്ങിയതു് 15-നു ആയിരുന്നു. തുടങ്ങിയിട്ടും കാര്യങ്ങൾ നേരേപോയില്ല. വിശദീകരണം കേൾക്കാൻ വന്ന തടവുകാർ വിശദീകരണംകൊടുക്കുന്ന കമ്മ്യൂണിസ്റ്റുകാരെ കല്ലെറിയാനും പീഡിപ്പിക്കാനും തുടങ്ങി. അവരെ നിയന്ത്രിക്കാൻ ഇൻഡ്യൻ സേന വളരെ നയചാതുര്യവും അല്പം ബലവും പ്രയോഗിക്കേണ്ടിവന്നു. തടവുകാരെ തൊടുകാരണം കൂടാതെ ദുഃഖാപഹാരവും ചെയ്യുന്നോ അവമാനിക്കുന്നോ പാടില്ലാ എന്നു് ജനീവാ കൺവെൻഷനിൽ നിബന്ധനയുണ്ടു് നിഷ്പക്ഷകമ്മീഷനറുടെ പ്രവർത്തനത്തിനു വേണ്ടി യുദ്ധകക്ഷികളും ഏർപ്പെടുത്തിയുണ്ടാക്കിയ ചട്ടങ്ങളിലും ഇക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ടു്. അക്രമം കാണിക്കുന്ന തടവുകാരെ എങ്ങനെ അനുസരിപ്പിക്കും? വിശദീകരണം കൊടുക്കുന്ന

പ്രതിനിധികളെ ഏതാപത്തിൽ നിന്നും അവരുടെനിന്നും രക്ഷിച്ചുകൊള്ളണമെന്നും യുക്തികമിറ്റി ഏഴുതിയുണ്ടാക്കിയ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഒരു വ്യാജ ധർമ്മസങ്കടങ്ങളിലാണ് കമ്മീഷൻ ചെട്ടവശാലുള്ളത്. ഇതും കൂടാതെ, കമ്മിഷനിലെ സ്വിസ്സ് മെമ്പറും സ്വീഡിഷ് മെമ്പറും, തടവുകാരുടെ മേൽ ഇൻഡ്യൻ സേന വെടിവയ്പുനടത്തിയാൽ തങ്ങളും കമ്മീഷനിൽ നിന്നും പിൻമാറുമെന്ന് താക്കീതും ചെയ്തു. പരുങ്ങലിനു് ഇനി വ്യക്തംകൂടിവേണമോ?

വിശദീകരണത്തിനു വരാൻവിസമ്മതിച്ച തടവുകാരെ തന്മയ്യാ നയമുപയോഗിച്ചാണ് വരുത്തിയതു്. തടവുകാരുടെ നേതാക്കന്മാരോടു് തിമ്മയ്യാ 'ഗ്രനേഡോഷം'പറഞ്ഞു. അങ്ങനെ തടവുകാർ വരാൻസമ്മതിച്ചു എന്നാൽ ഈ നയചാതുരിക്കു് പ്രശംസയ്ക്കുപകരം പ്രതിഷേധമാണ് പോളിഷ് പ്രതിനിധിയിൽനിന്നും ചെക്കോസ്ലോവേക്യൻ പ്രതിനിധിയിൽനിന്നും ലഭിച്ചതു്. തടവുകാരുടെ നേതാക്കന്മാരായി അഭിനയിക്കുന്നവർ തടവുകാരുടെ യഥാർത്ഥ പ്രതിനിധികളല്ലെന്നും ഐക്യരാഷ്ട്രകക്ഷിയുടെ ഉദ്ദേശലക്ഷ്യത്തിനും പിൻഭാഗണയോടുംകൂടി ഡാക്ടർ റീയും ചിയാങ്ങ്കൈഷെക്കും നിയമിച്ചിട്ടുള്ള ഏജൻറന്മാരാണെന്നും അവർ മറ്റു പാവപ്പെട്ട തടവുകാരെ ശിക്ഷനിപ്പെടുത്തിയിട്ടിരിക്കുകയാണെന്നും പോളണ്ടും ചെക്കോസ്ലോവേക്യയും വാദിച്ചു. അവരോടു് തിമ്മയ്യാ സംസാരിച്ചതുതന്നെ അബദ്ധവും അപകടകരവുമാണെന്നു് ആക്ഷേപിച്ചു. ഏജൻറന്മാരെ എല്ലാം അംസ്റ്റർചെയ്തു് വേറെ പാർപ്പിക്കണമെന്നു കമ്മീഷണിസ്റ്റർ കക്ഷി ആവശ്യപ്പെട്ടു. നേതാക്കന്മാരായി കാണപ്പെടുന്നവർതന്നെയാണോ യഥാർത്ഥ ഏജൻറന്മാർ? ഏജൻറന്മാർ പുറകിൽനിന്നു് അവരുടെ പിടിയിലമർന്നു കിടക്കുന്ന വല്ലവരേയും നേതാക്കന്മാരായി നിർത്തിയിരിക്കുകയാവാമല്ലോ. ഏജൻറന്മാർതന്നെയാണു് നേതാക്കന്മാർ എങ്കിൽതന്നെയും പ്രത്യക്ഷമായി കുറ്റം ചെയ്തുകാണാതെ അവരെ എങ്ങനെ അംസ്റ്റർചെയ്യാനൊക്കും? ഈ പ്രശ്നങ്ങളാണ് തിമ്മയ്യായ്ക്കും മറ്റു് ഇൻഡ്യൻ പ്രതിനിധികൾക്കും തലവേദനയുണ്ടാക്കിയതു്. തെക്കൻക്യാമ്പിലെ തടവുകാർ ഒരു രഹസ്യസംഘടനയോടുകൂടിയാണു് ഇൻഡ്യൻ സേനയുടെ കൈവശം വന്നുചേർന്നതെന്നും, ഈ രഹസ്യസംഘടന എല്ലാ തടവുകാരെയും പേടിപ്പിച്ചു നിയന്ത്രണത്തിൽ വച്ചിരിക്കുകയാണെന്നും ഇൻഡ്യൻ പ്രതിനിധികൾക്കു് പൂർണ്ണബോധ്യം വന്നിരുന്നു.

തെളിവുകൾ ലഭിക്കുന്നു

വിശദീകരണം തുടങ്ങുന്നതിനു് മുൻപും, തുടങ്ങിയതിൽ പിന്നെ വിശദീകരണഫലമായും അല്ലാതെയും, കുറെ തടവുകാർ നാട്ടിൽ പോകാൻ അപേക്ഷ സമർപ്പിച്ചു. അവരിൽ നിന്നും തെക്കൻ ക്യാമ്പിലെ പല രഹസ്യങ്ങളും കമ്മീഷനു കിട്ടിവായി. തടവുകാരുടെ ഇടയിൽ രഹസ്യസംഘടനയുണ്ടെന്നുള്ളതിനു പൂർണ്ണലക്ഷ്യം കിട്ടി സംഘടന കമ്മ്യൂണിസത്തിനു് എതിരാണു്. നാട്ടിൽപോകാൻ ആഗ്രഹിക്കുന്ന തടവുകാരെ രഹസ്യസംഘം തല്ലിക്കൊല്ലും അവർക്കു് ഡാക്ടർ റീയുമായും ചിയാങ്ങിൻറെ ആളുകളുമായും കത്തിടപാടുണ്ടു്. റേഡിയോ മുഖാന്തിരവും, കൊടികാട്ടൽ, പാട്ടു്, ഫൈറടിക്കൽ മുതലായവ മൂലവും സന്ദേശങ്ങൾക്കുമാറ്റം മൂലത്തിവരുന്നു. തടവുകാർക്കായുള്ള ആശുപത്രിയിലെ നഴ്സുകൾ ഈ സന്ദേശങ്ങൾക്കുമാറ്റത്തിനു് ഇടനിൽക്കുന്നുമുണ്ടു്. ചില തടവുകാരിൽനിന്നും പിടിച്ചെടുത്ത ഏഴുത്തുകളിൽനിന്നും മുൻപറഞ്ഞ വിവരങ്ങൾക്കു് കൂടുതൽ സ്ഥിരീകരണംലഭിച്ചു.

ഈ രഹസ്യനേതാക്കന്മാരെ അറസ്റ്റുചെയ്യാനും, അവരുടെ പിടിയിൽനിന്നും മറ്റു തടവുകാരെ മോചിപ്പിക്കാനും വഴിയെന്തെന്നു കമ്മീഷൻ പയ്യാലോചിച്ചു. ബലപ്രയോഗം കൂടിയേതീരുകയുള്ളൂവന്നപ്പോൾ അതിനു് തക്കതും അനുകൂലിക്കുകയില്ലെന്നു് സ്വിസ്സ്മെമ്പറും സ്വീഡിഷ്മെമ്പറും ഒഴിഞ്ഞുപറഞ്ഞു. ബലപ്രയോഗത്തിനു് അനുകൂലിക്കാൻ ആവശ്യപ്പെട്ടപ്പോൾ പോളിഷ്മെമ്പറും ചെക്കോസ്ലോവേക്യൻ മെമ്പറും പറഞ്ഞതു് ഈ കാര്യത്തിൽ ഇൻഡ്യൻ സേനയുടെ ചുമതലയാണെന്നാണ് വെടിവച്ചോ വയ്യാതെയോ രഹസ്യസംഘടനയെ ഉലയ്ക്കണമെന്നും അവർ ആവശ്യപ്പെട്ടു. നിരായുധരായ തടവുകാരെ വെടിവച്ചു എന്ന പേരു ഇൻഡ്യയുടെ തലയിൽമാത്രം കെട്ടിയേല്പിക്കുവാൻ തിമ്മയ്യായും മനഃസാക്ഷിയും തയാറായില്ല അതിനാൽ തെക്കൻക്യാമ്പിലെ വിശദീകരണം തുടങ്ങിയും മുടങ്ങിയും നടന്നുകൊണ്ടിരുന്നു. മൂന്നുമാസത്തിനുള്ളിൽ പത്തുദിവസംമാത്രമാണ് വിശദീകരണം നടന്നതു്. 22,604 തടവുകാരിൽ 2,49 പേർക്കു് വിശദീകരണംകൊടുത്തു. ഈ പത്തു ദിവസത്തെ വിശദീകരണം കൊണ്ടു നാട്ടിൽ പോകാൻതയാറായവർ 137 ആണു്. എന്നാൽ വിശദീകരണം കൂടാതെനാട്ടിൽപോകാൻ വന്നവരുടെ എണ്ണം 232 ആണു്. (ഇതും കൊറിയൻ നാടകത്തിലെ ഒരു വിശിഷ്ടസംഭവമാണു്.)

രഹസ്യസംഘടനയുടെ കുട്ടം കൈകഴിക്കുന്നു

ആകെ പത്തു ദിവസം മാത്രമാണു് തടവുകാർ വിശദീകരണം കേൾക്കാൻ വരാൻ രഹസ്യനേതാക്കന്മാർ സമ്മതിച്ചിട്ടുള്ളതു്. ആ ദിവസങ്ങളിൽ തടവുകാർ അവരുടെ പൂർണ്ണനിയന്ത്രണത്തിലാണെന്നും അവരുടെ നിർദ്ദേശങ്ങളും അനുസരിച്ചു് എല്ലാ തടവുകാരും പെരുമാറിക്കൊള്ളുമെന്നും ഇതു നേതാക്കന്മാർക്കു് വിശ്വാസം ഉണ്ടായിരിക്കണം. അവർ മൻകൂട്ടി ഏർപ്പാടു ചെയ്ത രീതിയിലാണു് (ആരു മുൻപു്, ആരു പുറകേ, ആരാണു ക്ലാക്കിവിളിക്കേണ്ടതു്, ആരാണു് അടിക്കേണ്ടതു് മുതലായവയുടെ രീതി) തടവുകാർ വിശദീകരണക്കാരുടെ മുന്നിൽ ഹാജരായതു്. വിശദീകരണക്കാരെ അടിക്കാൻ ഏറ്റിട്ടുള്ളവർ അടിക്കാതിരുന്നാൽ അവനെയും, അവൻറെ മുൻപിലും പിൻപിലും പോയവനേയും വധിച്ചുകളയുമെന്നാണു് തടവുകാരെ പഠിപ്പിച്ചു പേടിപ്പിച്ചു വച്ചിരുന്നതു്. പാക്കുന്ന പാഠങ്ങളിൽ വച്ചു് ആരെങ്കിലും നാട്ടിൽ പോകാനുള്ള അപേക്ഷ കാണിച്ചുപോയെങ്കിൽ അവനെയും അവൻറെ അടുത്തു താമസിക്കുന്നവരേയും നേതാക്കന്മാർ രാത്രിയോപകലോ ഏല്പിക്കുകയോ കൊല്ലുകയോ ചെയ്തിട്ടുണ്ടു്. ഒൻപതുപേരെ അങ്ങനെ കൊന്നിട്ടുണ്ടു്. പലരേയും പട്ടിണിയിട്ടു് വിഷമിപ്പിച്ചിട്ടുണ്ടു്.

ഡിസംബർ 23-നു് വിശദീകരണകാലാവധി അവസാനിച്ചു ജനുവരി 22-നു് വരെ സ്വന്തമനസ്സാൽ നാട്ടിൽ പോകണമെന്നുതോന്നുന്നവർക്കു് കമ്മീഷനെ സമീപിക്കാം. 23-നു്തെക്കൻക്യാമ്പിലെ തടവുകാരെ ഐക്യരാഷ്ട്രകക്ഷിയെ തീരിയെ ഏല്പിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇവരുടെ കാര്യവും മറ്റു തർക്കവിഷയങ്ങളും തീരുമാനിക്കാൻ ക്രേണ്ടതായ പൊളിറ്റിക്കൽകാൺഫറൻസ് അതിനുവേണ്ടി ആരംഭിച്ച പ്രാഥമിക ചർച്ചകളിൽതന്നെ കുഴങ്ങിവീണു കിടക്കുകയാണല്ലോ.

വടക്കൻ ക്യാമ്പിലെ തടവുകാർ


ആകെ 359 തടവുകാരെയാണ് അവിടെ ഏറ്റെടുത്തതു് അവിടെ ഡിസംബർ ആദ്യവാരമാണു് വിശദീകരണം തുടങ്ങിയതു്. വിശദീകരണം തുടങ്ങുന്നതിനുമുമ്പേ ഒരു അമേരിക്കനും ഏഴു തെക്കൻകൊറിയാക്കാരും നാട്ടിൽപോകാൻ അപേക്ഷസമർപ്പിച്ചു, അവരെ കമ്മീഷൻ ഐക്യരാഷ്ട്രകക്ഷിയെ ഏല്പിക്കുകയും ചെയ്തു. വിശദീകരണം മൂലം ഒരാൾക്കും മനംമാറ്റം ഉണ്ടായില്ല. തെക്കൻക്യാമ്പിലെപ്പോലെയുള്ള ഭീകരപ്രവർത്തനങ്ങളൊന്നും അവിടെയില്ല. സംഘടന അവർക്കും ഇല്ലായിരുന്നു.

ചില നാടകീയരംഗങ്ങളും അവിടെയുംനടന്നു. ഒരു ദിവസം തെങ്ങുകളുടെ മുന്നു് ആഫീസ്സറന്മാരെ അവർ തടഞ്ഞുവച്ചു കമ്മീഷനിലെ അംഗങ്ങളെല്ലാവരുംകൂടി അവിടെ ഓടിയെത്തിയപ്പോൾ, കമ്മീഷനെ കണ്ടയുടൻ ചില കാര്യങ്ങളും പറയാൻ ഒരു ഉപായമെടുത്തതാണെന്നു് തടവുകാർ പറഞ്ഞു. ആഫീസ്സറന്മാരെ വിടുകയും ചെയ്തു.

ആളിരുത്തുന്നവനും ടിക്കറ്റു്!

തെക്കൻ ക്യാമ്പിലെ തടവുകാർ വിശദീകരണത്തിനു രേഖപ്പെടുത്തുന്നു

കഥയിലെ ആൾ ചുവടുതിരിച്ചു



യാണല്ലോ ചെയ്തത്. വടക്കൻ ക്യാമ്പിലെ തടവുകാർ, നേരേമറിച്ച്, വിശദീകരണത്തെ ഇഷ്ടപ്പെട്ടതുമാത്രവുമല്ലാ, കൂടുതൽ വിശദീകരണം ആവശ്യപ്പെട്ട് ശാന്തരായി മനസ്സോടെ വന്ന് ഇന്നത്തെ വിശദീകരണം കേട്ടതിനുശേഷം പല തടവുകാരും 'തിന്നോ സാറേ, എനിക്ക് വീട്ടിൽ പോകാൻ മനസ്സില്ല. ഞാൻ കമ്മ്യൂണിസ്റ്റ് രാജ്യത്ത് ഇത്രനാൾ കഴിഞ്ഞോളാം. നിങ്ങൾക്കു വന്ദനം" എന്നു പറഞ്ഞു തിരികെപ്പോകുകയാണ് ചെയ്തത്. മറ്റു ചിലർ വിശദീകരണക്കാർക്ക് വിശദീകരണം കൊടുക്കാൻ തുടങ്ങി! "മാക്സ്വാദം' 'വിപ്ലവായുധപ്രയോഗം" "ഫാസിസം" തുടങ്ങിയ വിഷയങ്ങളെപ്പറ്റി അവർ വിശദീകരണക്കാരോട് പല കുട്ടി ചോദ്യങ്ങളും ചോദിച്ചു. ചോദ്യശരങ്ങളേറ്റ് വിശദീകരണക്കാർ കുഴഞ്ഞു. കൂടുതൽ വിശദീകരണം കിട്ടാതെ ഏഴിച്ചുപോകാൻ പല തടവുകാരും വിസമ്മതിച്ചു. അപ്പോൾ ചിലരെയെല്ലാം ഇൻഡ്യൻ ടേന്മാർ എടുത്തു മാറ്റേണ്ടിയും വന്നു. അങ്ങനെയുള്ള 359-പേരിൽ 255 പേർക്ക് വിശദീകരണം കൊടുത്തതോടുകൂടി, വിശദീകരണക്കാർ തങ്ങളുടെ വിശദീകരണം കേൾക്കുക കൂടി വേണമെന്ന തടവുകാരുടെ അപേക്ഷ സ്വീകാര്യമാകാഞ്ഞതിനാൽ വടക്കൻ ക്യാമ്പിലെ വിശദീകരണവും സ്തംഭനാവസ്ഥയിൽ എത്തി.

വടക്കൻ ക്യാമ്പിൽ നിന്നും ഒരു തടവുകാരൻ ഒളിച്ചോടി തെക്കൻ കൊറിയായ്ക്കു പോയി. അയാളും അവരോട് യാത്ര ചോദിക്കാതെ ടി പാർട്ടി നടത്താൻ അവർക്ക് സമ്മതം കൊടുക്കാതെ, മുങ്ങിപ്പോയതിൽ മറ്റു തടവുകാർ ഖേദം പ്രകടിപ്പിച്ചു!

നാടകീയത വർദ്ധിക്കുന്നു

ഒരു അമേരിക്കൻ തടവുകാരന്റെ അമ്മ അമേരിക്കയിൽ നിന്നും പറന്ന് ടോക്കിയോവിൽ എത്തി എയർ സ്പേസ് ഒരു എഴുത്ത് മകനയച്ചതിൽ അതിനു മകന്റെ മറുപടി, തനിക്കും വീട്ടുകാരെയും നാട്ടുകാരേയും വളരെ സ്നേഹമാണെന്നും, എന്നാൽ, അമേരിക്കൻ സാമ്രാജ്യത്തിനുവേണ്ടി വാസ്തവമില്ലാത്തതിനാൽ താൻ അങ്ങോട്ടുവരുന്നില്ലെന്നും ആണ്.

ഡിസംബർ 23-നു മുമ്പേ വടക്കൻ ക്യാമ്പിലെയും വിശദീകരണ കാലയളവ് അവസാനിച്ചു പൊളിറ്റിക്കൽ കോൺഫറൻസിന്റെ അഭാവത്തിൽ അവിടെയുള്ള തടവുകാരെ കമ്മ്യൂണിസ്റ്റുകക്ഷിയെ തിരിയെ ഏല്പിക്കുകയേ ശത്രുസൈന്യത്തിനുള്ളിൽപത്തുദിവസം മാത്രമാണ് വിശദീകരണ സമയം ലഭിച്ചിട്ടുള്ളതിനാൽ ഇനിയും എൺപതുദിവസം വിശദീകരണം നടത്താനുള്ള അവകാശം അവർക്കുണ്ടെന്നുമാണ് കമ്മ്യൂണിസ്റ്റുകക്ഷി വാദിച്ചിരിക്കുന്നത്. എല്ലാദിവസവും വിശദീകരണം നടക്കാനൊക്കാതിരുന്നതിന്റെ കുറ്റം ഐക്യരാഷ്ട്രകക്ഷിയുടേയും കമ്മീഷന്റേയും ആണെന്ന് അവർ യുക്തിയുക്തം വാദിച്ചിരിക്കുന്നു.

വിശദീകരണം നടന്ന ദിവസങ്ങളുടെ എണ്ണമെത്രയായാലും, ഡിസംബർ 23-നു-യോടുകൂടി അതിനുള്ള കാലയളവ് തീർന്നിരിക്കുന്നു എന്നും, യുദ്ധകക്ഷികൾതന്നെ ഒരു പുതിയ തീരുമാനത്തിലെത്തിയെങ്കിലേ ഇനി വിശദീകരണം സാധ്യമാക്കൂ എന്നും കമ്മീഷൻ മറുപടിയും കൊടുത്തിട്ടുണ്ട്.

ഡിസംബർ 23-നു-വരെയുള്ള കമ്മീഷന്റെ പ്രവർത്തനരീതിപ്പറ്റി അന്നുവരെ കമ്മീഷൻ നേരിടേണ്ടിവന്ന വൈഷമ്യങ്ങളും വിശദീകരണത്തിനു പറ്റിയ, സ്തംഭനങ്ങളുടെ കാരണങ്ങളും കാണിച്ച്, സമഗ്രവും എന്നാൽ സംക്ഷിപ്തവുമായ ഒരു ഇടക്കാല റിപ്പോർട്ടെഴുതി യുദ്ധകക്ഷികൾക്കു സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കമ്മീഷന്റെ എല്ലാ അംഗങ്ങളും പങ്കെടുത്തു എങ്കിലും പൂർണ്ണമായ പ്രോസ് സ്വീഡിഷ് മെമ്പറും സ്വീഡിഷ് മെമ്പറും തങ്ങൾ റിപ്പോർട്ടിനെ അനുകൂലിക്കുന്നില്ലെന്നും പറഞ്ഞ് ഒരു മൈനോറിട്ടി റിപ്പോർട്ട് സമർപ്പിച്ചു. അതും യുദ്ധകക്ഷികൾക്കയച്ചിട്ടുണ്ട്. മൈനോറിട്ടി റിപ്പോർട്ടിൽ കമ്മീഷന്റെ വിജയക്കുറവിനു കാരണം യുദ്ധകക്ഷികളുടെ ചില പ്രവർത്തനങ്ങളും, തടവുകാരുടെ ഇടയിലുള്ള രഹസ്യ സംഘത്തിന്റെ ഭീകര ഭരണവുമാണെന്നു കാണിച്ചിട്ടുള്ളതിൽ കുറേ ഭാഗം അല്പം തെക്കോട്ടുമാറിയിച്ചിട്ടുണ്ട്. മൈനോറിട്ടി റിപ്പോർട്ടിലാകട്ടെ ആ കാരണഭാഗം അല്പം വടക്കോട്ടു തള്ളിവച്ചിരിക്കയാണ്. അല്ലാതെ മറ്റു പറയത്തക്ക വ്യത്യാസങ്ങൾ ഒന്നും രണ്ടു റിപ്പോർട്ടിലുമില്ല.

വീട്ടിൽ പോകുവാൻ ഏറ്റവുമധികം ഉടക്കിയിരുന്ന കമ്മീഷൻ, വിശേഷിച്ച്, ഇൻഡ്യൻ പ്രതിനിധിയും ഇൻഡ്യൻ സേനയും, യാത്രാസംരംഭങ്ങൾ ഒന്നു നിന്നുവച്ചിരിക്കുന്നു. കാരണം ഇതുവരെ വ്യക്തമായിട്ടില്ല.

പുതുമയുള്ള ഒരു സംഭവം ഡിസംബർ 31-നു ഉണ്ടായി. ആഞ്ഞൂറു തടവുകാരുള്ള ഒരു പാന്മിൽ നിന്നും "നാട്ടിൽ പോകാനിഷ്ടമുള്ളവർ വെളിയിൽ വരിൻ" എന്ന് ഞങ്ങളുടെ കൂടെ പ്രതിനിധികളും വിളിച്ചു പറഞ്ഞു. 131 തടവുകാർ ഓടിയിറങ്ങിവന്നു. അവരെ നാട്ടിലയയ്ക്കുന്നതിനായി കമ്മീഷനെ ഏല്പിക്കുകയും ചെയ്തു ഈ പൊടിവേല, ഞങ്ങളും ഇനിയും ആവർത്തിക്കും.

അങ്ങനെ തെക്കൻ ക്യാമ്പിലെ 22,614 തടവുകാരിൽ നിന്ന് വിശദീകരണം കൂടാതെ നാട്ടിൽ പോയവരുടെ എണ്ണം 363-ആയി വർദ്ധിച്ചു. വിശദീകരണഫലമായി പോയവർ 137.

വടക്കൻ ക്യാമ്പിൽ നിന്നും ജനുവരി 1-നു- ഒരമേരിക്കൻ (വിശദീകരണം കൂടാതെ നാട്ടിൽപോകാനായി കമ്മീഷനെ സമീപിച്ചിട്ടുണ്ട്. അങ്ങനെ, വടക്കുനിന്നും വിശദീകരണം കൂടാതെ നാട്ടിൽ പോകാൻ വന്നവരുടെ എണ്ണം 9 ആയി വിശദീകരണഫലമായി ആരും വന്നില്ല.

കമ്മീഷന്റെ ജോലി ജനുവരി 22-നു- തീരുമോ? ജോലി തുടരുമോ? കൊറിയായിൽ ഇനിയെന്താണ് നടക്കാൻപോകുന്നത്? കൊറിയായും ഇൻഡോചൈനായും (പക്ഷേ കാഷ്മീരുംകൂടി) കൂടി ഒരു ലോകമഹായുദ്ധം വരുത്തിവയ്ക്കുമോ? ഈ പ്രശ്നങ്ങളും ലോകസമാധാനേച്ഛുക്കളുടെ ഹൃദയത്തിൽ തീപ്പൊരി ചിതറിക്കൊണ്ടിരിക്കുന്നു.

.....



പ്രധാനമന്ത്രി ചൗ എൻ ലായ്

ചർച്ചകളും കാഴ്ചകളും

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

ഷാംഗായിലേയ്ക്കു പോയിൻമാറ്റം ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ചൈനയെക്കുറിച്ചു എനിക്കുള്ള അഭിപ്രായം ഇന്ത്യയിലേക്കു പ്രക്ഷേപണംചെയ്യുന്നതിനു എനിക്കു ഒരു ക്ഷണം ലഭിച്ചു വ്യാവസായികപുരോഗതിയെക്കുറിച്ചുള്ള പ്രക്ഷേപണം നടത്തുന്നതിനു മുഖ്യഡണിൽവച്ചു് എനിക്കു ലഭിച്ചു ഒരു ക്ഷണം ഞാൻ നേരത്തേ നിരസിക്കുകയുണ്ടായി രണ്ടാമതും ഒരു ക്ഷണംനിരസിക്കുക മര്യാദയല്ലെന്നു എനിക്കു തോന്നി ക്രടാതെ ചൈനയിലെ സ്ഥിതിഗതികളും നേരിട്ടു പഠിക്കുന്നതിനു എനിക്കു അവർ ഇന്നത്തെ സാഹചര്യങ്ങളിൽ കഴിയുന്ന സൗകര്യങ്ങളെല്ലാം ചെയ്തുതരികയും ചെയ്തിരുന്നു. ഏന്നിട്ടും ഇന്ത്യയിലേക്കു പ്രക്ഷേപണം നടത്തുന്നതിനു എനിക്കു പ്രയാസം തോന്നി. അത്തരം ഒരുനടപടിമൂലം അഴിക്കാൻ പാടില്ലാത്ത ഉടമ്പാടുകളും ഞാൻ ഉണ്ടാക്കുകയായിരിക്കും ചെയ്യുന്നതെന്നു എനിക്കു തോന്നി ഏൻറെ പ്രത്യേകാഭിപ്രായങ്ങളും അഭിപ്രായമായി തുറന്നുപറയുവാൻ എനിക്കു മടിതോന്നി. ഒരുമാസപൂർവ്വം എന്നെ സല്ക്കരിച്ച ഏൻറെ അതിഥേയരുടെ വികാരങ്ങളെ വേണ്ടപ്പെട്ടതുന്നതു എനിക്കിഷ്ടമായിരുന്നില്ല. അതുപോലെതന്നെ ഏൻറെ രാജ്യക്കാരെ പറഞ്ഞിക്കുന്നതും എനിക്കിഷ്ടമല്ലായിരുന്നു. ഷാംഗായിൽവച്ചു് ഏതെങ്കിലുമൊക്കെ പറയുകയും പിന്നീട്ട അവ നിഷേധിക്കുകയും ചെയ്യാൻ ഞാൻ തയ്യാറില്ലായിരുന്നു അതുകൊണ്ടു ഇന്ത്യയോട്ട സംസാരിക്കുന്നതിനേക്കാളും ചൈനയോട്ട സംസാരിക്കുവാനാണു നിക്കിഷ്ടമെന്നു ഏൻറെ സ്നേഹിതൻ സ: ലുക്കാങ്ചുവഴി ഞാൻ റേഡിയോ അധികാരികളെ അറിയിച്ചു ചൈനയോട്ട സംസാരിക്കുന്നതിനു എനിക്കു ഒരവസരം ലഭിക്കുകയാണെങ്കിൽ അതു അതിഥേയരാഷ്ട്രത്തിൽ ഞാൻകണ്ട നല്ല കാര്യങ്ങളെപ്പറ്റി അവരോട്ട പുകഴ്ത്തിപ്പറയുകയും എനിക്കു അഭിപ്രായവ്യത്യാസങ്ങളുള്ള കാര്യങ്ങളെപ്പറ്റി പറയാതിരിക്കുകയും ചെയ്യുമായിരുന്നു. റേഡിയോ അധികാരികളും ഒരു മദ്ധ്യമാർഗ്ഗം നിർദ്ദേശിച്ചു. ഏഷ്യയെ അഭിസംബോധനചെയ്തു പ്രസംഗിക്കുവാൻ അവർ അവരുടെപ്പട്ടി. ഞാൻ ഭയന്ന അപകടങ്ങളും അതിനിർദ്ദേശത്തിലുണ്ടായിരുന്നു. എങ്കിലും ഞാൻ വളരെ ശ്രമിച്ചു ഒരു പ്രസംഗം തയ്യാറാക്കി. ജനകീയചൈനയുടെ, സാമൂഹ്യവും സാമ്പത്തികവുമായ നേട്ടങ്ങളെക്കുറിച്ചു അതു പ്രസംഗത്തിൽ അർഹിക്കുന്ന പ്രാധാന്യവും ഞാൻ നൽകിയിരുന്നു. എനിക്കു അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളെപ്പറ്റി നേരിയ ചില സൂചനകളും നൽകുന്ന പല പ്രയോഗങ്ങളും അങ്ങിങ്ങായിട്ടുണ്ടായിരുന്നു. പക്ഷേ അക്കാര്യങ്ങളൊന്നും അതിൽ മുഴുത്തലായി വ്യക്തമാക്കാൻ ഞാൻ അഗ്രഹിച്ചിരുന്നില്ല. 1953 മേയ് 25-നു ബൈകിട്ട് ഏൻറെ പ്രസംഗം ഞാൻപ്രക്ഷേപണംചെയ്തു

അടുത്ത പ്രഭാതത്തിൽ ഞങ്ങൾ ഹാനിഹോയിലേയ്ക്കു തിരിച്ചു ട്രെയിനായപ്പോഴേക്കും ചൈനയിലെ "പട്ടണപൂന്തോട്ടം" എന്നറിയപ്പെടുന്ന മനോഹരമായ നഗരത്തിൽ ഞങ്ങൾ ചെന്നെത്തി. നാലുമണിക്കു ഞങ്ങൾ തടാകത്തിലേക്കു തിരിച്ചു സ: ലിനിംഗ് ഏൻറെ മുറിയിൽ വന്നു ഏന്നു ക്ഷണിച്ചുകൊണ്ടു പോയി സ: ലിനിംഗിൻറെ കുടുംബത്തിൽ കയറി ചൈനയെക്കുറിച്ചു നിഷേധ്യനായ ആ ടേഡ്യൂണിയൻ നേതാവു ഒരു വിനോദയാത്രയ്ക്കുവേണ്ടി ഏന്നെ ക്ഷണിച്ചപ്പോൾ എനിക്കു അത്ഭുതംതോന്നി. കാറിൽ രണ്ടരമൈൽ സഞ്ചരിച്ചശേഷം ഞങ്ങൾ ഒരു ബോട്ടിൽക്കയറി. അല്പം മുറി ഇംഗ്ലീഷ് അറിയാവുന്ന ഒരു ചൈനക്കാരനും ഞങ്ങളോടൊപ്പം ബോട്ടിലുണ്ടായിരുന്നു. ഇംഗ്ലീഷ്ഭാഷയിൽ പറയത്തക്ക പരിജ്ഞാനമൊന്നുമില്ലെങ്കിലും അയാളെ സ:ലിനിംഗ് വിശ്വസ്തനായി സ്വീകരിച്ചതു അയാളും വിശ്വസ്തനായ ഒരു പാർട്ടിക്കാരനായതുകൊണ്ടായിരിക്കണം. ഞങ്ങളുടെ ബോട്ട കായലിൻറെ നടുക്കു എത്തിയപ്പോഴേയ്ക്കും ഞാൻ ഗുഴ കൈവശമാക്കി. സ: ലിനിംഗ് തടസ്സം പറഞ്ഞെങ്കിലും ഞാൻ മറ്റു ബോട്ടുകളുമായി ഒരു മത്സരം നടത്തി. ഞങ്ങൾ തിരിച്ചുപോകുന്നവഴി സ: ലിനിംഗ് ഏന്നെ അടുത്തിരുത്തി ചൈനയെക്കുറിച്ചു എനിക്കുള്ള അഭിപ്രായങ്ങൾ ആരാഞ്ഞു.

ചൈനയിൽ ഞാൻ കണ്ട പല കാര്യങ്ങളും ഏന്നെ വളരെ ആകർഷിച്ചിരുന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഇന്ത്യയിൽ നിന്നു വരുന്ന ഒരാളെന്ന നിലയ്ക്കു മറ്റോസേതുങ്ങിനെ ജനങ്ങൾക്കു കണ്ടുകിട്ടാത്തവണ്ണം അവരെ അകറ്റി നിർത്തിയിരിക്കുന്നതു എനിക്കു മനസ്സിലാക്കാൻ സാധ്യമല്ലെന്നു ഞാൻ പറഞ്ഞു. സ്റ്റാലിൻ അങ്ങനെ ചെയ്തിരിക്കാം എന്നു കരുതി മാവോ അതിനെ അനുകരിക്കണമെന്നുണ്ടോ? ചണ്ഡിഗഢ് ധാരാളംവെളിയിലിറങ്ങി സഞ്ചരിക്കാവുണ്ടെന്നും യാത്രാവേളകളിൽ പൊതുജനങ്ങളുമായി സമ്പർക്കം പുലർത്താവുണ്ടെന്നും ഞാൻ മുണ്ടിക്കാണിച്ചു.

സ: ലിനിംഗ്- "അദ്ദേഹം പൊതുജനങ്ങളുമായി ഇടപഴകുന്നതു് അദ്ദേഹത്തിൻറെ ജനങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളോളം തുല്യപ്രാധാന്യമുള്ളതാണോ?"

ഞാൻ—"അതെ എന്നെ സംബന്ധിച്ചിടത്തോളം അതിനെക്കാളും പ്രാധാന്യമുള്ളതാണു് ഒരു മേജർ അധികാരിയുടെ മാനുഷികവശങ്ങളും

(ശേഷം 23-ാംപേജിൽ)

★ ഭൂമിയിൽ ദാഹം ★

വി. കെ. ബാലഗോപാലൻ

ഭൂമി അതിന്റെ അച്ചുതണ്ടിൽ വിരാമമില്ലാതെ അങ്ങിനെ മുറിവിടാതെ കറങ്ങിക്കൊണ്ടിരിക്കയാണല്ലോ. അപ്പോഴും, അന്തമാറ കരയും കടലും, മലകളും മരങ്ങളുമെല്ലാം അതിവേഗം കറങ്ങിക്കൊണ്ടിരിക്കുകയാണ്. അക്കൂട്ടത്തിൽ ഈ വിശാലമായ പട്ടണവും, അതിന്റെ ഒരൊഴിഞ്ഞ കോണിലുള്ള അധികം ആളും സഞ്ചാരമില്ലാത്ത ഈ നാലും കൂടിയ കവലയും, ആ കവലയിൽ ഒറ്റക്കു നിൽക്കുന്ന ഞാനും കറങ്ങിക്കൊണ്ടു തന്നെയിരിക്കണമല്ലോ നിൽക്കുന്നത് എന്തായാലും ഒന്നറിഞ്ഞിരിയ്ക്കും; ഞാൻ അടിമുടി അപ്പാടെ കറങ്ങിയാലും ഇല്ലെങ്കിലും എന്റെ തലകറങ്ങിക്കൊണ്ടുതന്നെയാണിരിക്കുന്നത്. ഞാനിപ്പറയുന്നത് വെറും ഉഡായിപ്പൊന്നുമല്ല. എന്റെ തലകറങ്ങുന്നുവെന്നുള്ളതു് പരമാർത്ഥമാണ്. അതിനു കാരണവുമുണ്ട് പതിവില്ലാതെ ഞാനിന്നിറ കള്ളുകുടിച്ചുപോയി.

പതിവില്ലാതെയെന്തു പറഞ്ഞപ്പോൾ, ഇതിനുമുമ്പ് ഞാൻ കുടിച്ചിട്ടില്ല. കുടിക്കുന്നതു നിർബന്ധമുള്ളകൊണ്ടല്ല. കുടിക്കുന്നതെന്തെന്ന് മോഹംതോന്നാഞ്ഞതുകൊണ്ടുമാത്രം ഏങ്കിലും ഇന്നു ഞാൻ കുടിച്ചു കുടിച്ചുകഴിഞ്ഞപ്പോഴാണ്, എനിക്കു കളിപ്പുപറഞ്ഞപ്പോയെന്നു മനസ്സിലായതു്. എന്റെ ക്ലാസ്സുകാർ പറയാറുള്ള ഒരു സുഖവും എനിക്കനുഭവപ്പെട്ടില്ലെന്നുമാത്രമല്ല, ആകപ്പാടെ ഒരു പന്തികേട് ഒരു മനംമറിച്ചിലുപോലെയൊക്കെ തോന്നിവരുന്നു.

ഈ വിശാലമായ പട്ടണത്തിലെ ഒരു നല്ല ഹോട്ടലിലെ, അലങ്കരിച്ച ഒരു ക്യാബിനിൽ ഒരു കൃഷ്ണൻ സോഫായിലിരുന്നു, ഒരു ബിസ്കിയോ ബ്രാൻഡിയോ വരിച്ചു കുടിച്ചിരുന്നെങ്കിൽ ഒരു പക്ഷേ എന്റെ ക്ലാസ്സുകാർ പറയാറുള്ള സുഖമെല്ലാം എനിക്കും അനുഭവപ്പെട്ടേനേ. എന്നാൽ എനിക്കു പിശകുപറ്റിയിരിക്കുന്നു.

ഞാൻ കുടിച്ചതു് അല്പിഞ്ഞുനാറുന്ന ഒരന്തരീക്ഷത്തിൽ വച്ചാണ്, അതു പറഞ്ഞാലേ നിങ്ങൾക്കു മനസ്സിലാവുകയുള്ളു.

നാലുവശവും കമ്പിവേലികൊണ്ടു കെട്ടിയിട്ടുള്ള ഒരു ഗുഹന്ന വെളിപ്രദേശം. അതിന്റെ ഒരറ്റത്തു് ഇരുളടഞ്ഞ ഇട്ടുങ്ങിയ ഇരുമ്പൊളിഞ്ഞ ഒരു ക്രൂര അതിനുള്ളിൽ കഴുകാത്ത നാറുമുള്ള കുപ്പികളിൽ കള്ളുനിറച്ച് അങ്ങിനെ ഇറുന്നിട്ടിരിക്കുകയാണ്. കുപ്പികൾ ഏതുതു രുമെന്നു നല്ല നിശ്ചയമില്ല.

സന്ധ്യയുടെ അരണ്ട വെളിച്ചത്തിൽ, ആ വെളിമ്പ്രദേശത്തു നിന്നു, അവിടത്തെ പതിവുകാർ കുടിക്കുകയായിരുന്നു. അവരിൽ മുക്കാലും റിക്ഷാക്കാരും തോട്ടികളും, കുതിരവണ്ടിക്കാരുമാണ്. ക്ലാർത്തറയിൽവേ യാർഡ്സിൽ പണിയെടുക്കുന്ന കൂലി തൊഴിലാളികളും. മുഷിഞ്ഞ റിയും, കാക്കിച്ചട്ടയിട്ടിയും, അസഭ്യംപറഞ്ഞുകൊണ്ടും ആ തടിച്ച ജനസമൂഹം അവിടെ കുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് വഴിതെറ്റി ഞാനും അവിടെ എത്തിയതു്.

ഒരണക്കു് കടലയും രണ്ടു വടയും കടലക്കാരൻ ചെറുക്കനോട്ട് അരയണക്രൂരിക്കു് ഒരു ഗ്ലാസ്സുവാങ്ങി ഞാനും ഒരു മൂലയിൽ സ്ഥലംപിടിച്ചു.

രണ്ടോമൂന്നോ കവിളിറക്കിക്കാണും, എനിക്കു് മനം മറിക്കാൻ തുടങ്ങി. അന്തരീക്ഷത്തിന്റെ സ്വതവേയുള്ള വാടമുക്കുചീറ്റലിന്റെയും, കാക്കിച്ചുട്ടപ്പുലിന്റെയും ഇതുപ്പ് സാവഹമായ ഓക്കു, അതിനൊക്കെപ്പുറമേ ആ ചീഞ്ഞുനാറുന്ന കുപ്പി. പിന്നെ പുളിച്ച് ഒരുമാതിരി ഞുനാറ്റംവച്ചുതുടങ്ങിയ കള്ളും.

അങ്ങിനെ ആ അന്തരീക്ഷത്തിൽ നിന്നും രക്ഷതേടി ഞാൻ കവലയിൽ വന്നു നിൽക്കുകയാണ്.

ഇപ്പോഴും എനിക്കു ദാഹമുണ്ട്. വയറുനിറയെ എന്തെങ്കിലുമൊന്നു കുടിക്കണം പക്ഷേയാലും തരക്കേടില്ല പിന്നെ സുഖമായൊന്നുറങ്ങണം; എന്നു പറഞ്ഞാൽ അതുമൊരുദാഹമാണ്. സുഖമായ ഒരുറക്കത്തിനുവേണ്ടിയുള്ള ഈ ദാഹം ഇന്നും ഇന്നലെയും തുടങ്ങിയതല്ല

അതായതു്, ഞാൻ പറഞ്ഞുകൊണ്ടുവന്നതു്. ഉറക്കത്തിനു് ഒരു ക്ഷണം. അങ്ങിനെ വിശപ്പും ദാഹവുമടക്കി സമാധാനത്തോടെ ഒരു രാത്രി ഭീവൻ ഒന്നുറങ്ങിത്തീർക്കണം പിന്നെ, ഉന്മേഷത്തോടെ പരാതികളൊന്നുമില്ലാതെ ഒരു പ്രഭാതത്തിലേക്കുണർന്നെഴുന്നേൽക്കാൻ കഴിയുമല്ലോ

ഞാനങ്ങിനെ നിൽക്കുമ്പോൾ, ഒരാൾ ഭാര്യയുപണിക്കാരിക്കൂടെ അതിലേ കടന്നുപോയി ഏട്ടപ്പോം ചെറുപ്പമാണ്; അവശ്യത്തിലുമധികം വളർന്ന അവയവങ്ങളുമുണ്ട്.

ആത്തിയോടെ, നിറഞ്ഞ ദാഹത്തോടെ ഞാനവരെ ഉറ്റുനോക്കി. ക്രൂരലില്ലാതെ അവരും നോക്കുന്നുണ്ട്. അവർക്കും ദാഹമുണ്ടെന്നതോന്നുന്നു എങ്ങിനെ കാണാതിരിക്കും നിറഞ്ഞയൌവ്വനമാണ്. വിവാഹം കഴിഞ്ഞു കാണുകയില്ല. ഒന്നുമ്മിത്തൊട്ടു കിടക്കാൻ ആ മുഖം പ്പുരതെയാണ്, അവരും രാത്രി കഴിക്കേണ്ടിയിരിക്കുന്നു. അതെയെങ്കിലും കിട്ടിയാൽ, വിശപ്പും ദാഹവും തീർത്തു്, ഒരു രാത്രി ഒന്നു സുഖമായുറങ്ങാമെന്നു്, അവരുടെയും മനസ്സിൽ കാണും.

അവർ തിരിഞ്ഞുനോക്കിക്കൊണ്ടുതന്നെ നടന്നകലുന്നു. അവരാറ മാറിക്കാതിരുന്നെങ്കിൽ, എന്തെങ്കിലുമൊന്നു് പറഞ്ഞു തുടങ്ങാമായിരുന്നു.

ലോകം അല്പംകൂടി വളർന്നു് കഴിഞ്ഞിട്ട്, ഒരു സ്വതന്ത്രമായ അന്തരീക്ഷത്തിൽ പിന്നെക്കാണുന്നെങ്കിൽ, അപ്പോഴാകട്ടെ എന്നു് എന്നപ്പോലെ തന്നെ അവരും ആശിച്ചു കാണും

അപ്പോഴാണ് ആ കൊച്ചുമനുഷ്യൻ അങ്ങോട്ടുനടന്നടുക്കുന്നതു് എന്റെ മുമ്പിൽവന്നു് പൊട്ടുന്നു് ബ്ലേക്കിട്ടതുപോലെ അയാളും നിന്നു. എന്നിട്ട് തലയുയർത്തി എന്റെ മുഖത്തേക്കു് വളരെ ശരവത്തോടെ, എന്നാൽ നിർവികാരമായി നോക്കുകയാണ്.

എന്നേക്കാളും നീളവും വണ്ണവും കറഞ്ഞ അക്കക്കുന്മാരായ ആളുകളുടെ മുമ്പിൽനിൽക്കുമ്പോൾ, എനിക്കു് സാധാരണ അല്പം ശരവം വർദ്ധിക്കാറുണ്ട്. അപ്പോൾ ഞാനാകെക്കൂടി ഒന്നുവളർന്നുപോലെ എനിക്കു് തോന്നും എന്റെ മസിലുകളിലും ഒരു തരിതരിപ്പുണ്ടാവും അങ്ങനെ ഒരുജന്മത്തേക്കുവേണ്ടുവോളം പരാക്രമിയുടെ ഭാവംനടിച്ചു് ഞാനും ഒന്നു് നീണ്ടുനിവർന്നു് നിന്നു.

എന്നിട്ട് ഞങ്ങൾ പരസ്പരം നോക്കുകയാണ് നോട്ടമെന്നു പറഞ്ഞാൽ കൃഷ്ണമണികൾ പോലും ചലിപ്പിക്കാതെ ഇമവെട്ടാതെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടുള്ള ഒരു നോട്ടം അതിന്റെ ഒടുവിലാണ് ഞങ്ങളിൽ വർഷനാറാണെന്നു് നിശ്ചയിക്കേണ്ടതു്.

എന്നപ്പോലെ തന്നെ അയാളും കുറച്ചു തലകറങ്ങുന്നുണ്ടെന്നുള്ളതു തീർച്ചതന്നെ; കാരണം അയാളും വരുന്നതു് മരോങ്ങും നിന്നുമല്ല. തന്നതാൻ "ഞാനൊരു കറഞ്ഞ പുള്ളിയല്ലെ"ന്നൊരഭാവം അയാളുമുണ്ടു്, അതും തീർച്ച. അതയാളുടെ നിൽപിൽ നിന്നു് മനസ്സിലാക്കാം.

അങ്ങനെ മിനിട്ടുകളും കടന്നുപോവുകയാണ് ഒന്നു്.....രണ്ടു്.....മൂന്നു്.....

എന്നിട്ടും ഞങ്ങടെ നോട്ടം മാറുന്നില്ല ആ കൊച്ചു മനുഷ്യന്റെ മുമ്പിൽ തോൽക്കുന്നതെനിക്കു കുറച്ചിലാണ്. ഒരു പക്ഷിപ്പുലിയുടെ മുമ്പിൽ തോൽക്കുന്നതയാളുക്കും പോരായ്മതന്നെ

അപ്പോഴും, ഞങ്ങളുടെ നോട്ടമത്സരം അതിതീവ്രമായി പുരോഗമിക്കുകയാണ്. അതിലേ വഴിപോക്കർ ആരെങ്കിലും അപ്പോഴാം കടന്നുപോയിരുന്നെങ്കിൽ, രണ്ടു കടിയന്മാരുടെ ഈ നോട്ടമത്സരം കാ

ണാൻ അവർ അവിടെ പഠിക്കുടിയേനേ

പക്ഷേ, അതിനു മുമ്പ് ഞാനൊന്നു ചിരിച്ചുപോയി. എന്റെ ഇമകളും ഒന്ന് വെട്ടിയടഞ്ഞു. വിജയശ്രീലാളിതനെപ്പോലെ, ആ കൊച്ചുമനുഷ്യൻ ഒന്നെഴുന്നേറ്റുനിന്നു. എന്നിട്ട് പിന്നെ ചോദ്യമാണ്.

'കൊച്ചനെങ്ങോട്ടാ'

'എങ്ങോട്ടെ വേണമെങ്കിലും പോയാം.'

'ലോഫാണ് അല്ലേ.'

'എന്തു വേണമെങ്കിലും നിനച്ചുകൊള്ളൂ.'

'എന്നാൽ യത്രേ.'

'വന്നാൽ വല്ല ഗുണവുമുണ്ടോ'

'ഗുണമുണ്ടാക്കാം.'

'അപ്പോൾ, എനിക്കു വേണ്ടതെന്താണെന്ന് നിങ്ങൾക്കറിയാമോ?'

'തന്നേപ്പോലുള്ളവർക്ക് വേണ്ടതു് അതല്ലേ ഉള്ളൂ.'

'അതെന്ത് പഠഞ്ഞാൽ'

'പടക്കം'

എന്നിട്ട്, നിന്ന് അയ്യാൾ ചിരിക്കുകയാണ്. ആ ചിരി കണ്ടാൽ തോന്നും ലോകത്തുള്ള സകല പെണ്ണുങ്ങളുമെയാളുടെ കൈക്കുള്ളിലാണെന്ന്. ഇങ്ങനെയൊക്കെയാണെങ്കിലും എന്തോ എനിക്ക വിശ്വാസം വരുന്നില്ല അതെങ്ങനെ വിശ്വാസം വരാനാണ്? കഷ്ടിച്ച നാലടി പൊക്കമുള്ള ഒരുണ്ട മനുഷ്യനാണെന്റെ മുമ്പിൽ നിൽക്കുന്നതു്. ഒരൻപതു വയസ്സു പ്രായം കാണും തലമുടിയൊക്കെ നരച്ചു കൊഴിഞ്ഞു തുടങ്ങിയിരിക്കുന്നു. ഒരു ചൊവ്വും സുന്ദരവുമില്ലാത്ത അഴുക്കടിഞ്ഞ നരച്ച തുടി ഷർട്ടുമിട്ടൊക്കെ മുറുക്കാൻ തുള്ളുകയും വിണ്ട് കട്ടപിടിച്ചിരിക്കുന്നു. ആകെമാനമായി നനയ്ക്കാത്ത ഒരു കീറിയ നീളൻകുപ്പായവും, അതിനടിയിൽ കഷ്ടിച്ച് മുട്ടിനതാഴെവരെ എത്തുന്ന ഒരു കാലുറയും. വലത്തെ കൈയിൽ ഒരു മൺകുടം കയറിൽ കെട്ടിത്തൂക്കിപ്പിടിച്ചിട്ടുണ്ട്. ഇടത്തേതോളിൽക്കൂടി ഒരു സഞ്ചിയുണ്ടു്. കുപ്പായത്തിന്റെ പോക്കറ്റിലും എന്തോരക്കെ വീർത്തിരിപ്പുണ്ട്.

ഞാനാകുന്നിൽക്കുന്നതുകണ്ട് അയ്യാൾ വീണ്ടും പഠഞ്ഞു:—

'നിന്നെ കളയാനെനിക്ക് സമയമില്ല'

പഠഞ്ഞ് കളിപ്പിക്കാനാണെങ്കിൽ അതു് ഇപ്പഴേപഠഞ്ഞേക്കണം'

'തന്നെ കളിപ്പിച്ചിട്ടെനിക്കെന്തു കിട്ടാനാ'

'അപ്പോൾ, വന്നാൽ തീർച്ചയായിട്ടല്ലോ'

'അതു ഞാനേറ്റു'

'ഒട്ടുവിൽ ഒരുകൈമലത്തിക്കാണിച്ചാൽ ഞാൻ തന്റെ പിടലി ഒടിക്കും' എനിക്ക് കഴിവുള്ള സകല പരാക്രമങ്ങളും പ്രകടിപ്പിച്ചുകൊണ്ട് ഞാനും പഠഞ്ഞു.

'എടോ, താനല്ല തന്റെക്കൂടെ ഒരു പത്തുപേരുടെയെങ്കിൽ, നിനപഠയാനൊള്ള വകപ്പുടി നമ്മുടെ കയ്യിലൊണ്ട്'

'ങ്ഹാ, പിന്നൊരു കാര്യം കൂടെ'

'അതെന്തൊന്നാ'

'എന്റെ കയ്യിൽ കാശധികമൊന്നുമില്ല.

'എന്നാലും'

വഴിയരികിലേയ്ക്ക് മാറിനിന്ന് പോക്കറ്റിലുള്ള ചില്ലറ ഞാൻ കൈയിലോട്ട കുടഞ്ഞിട്ട അയ്യാൾ അതിനിടയിൽ ഒരു തിപ്പെട്ടിക്കൊള്ളിയുരച്ചു. ആ വെളിച്ചത്തിൽ ഞാനെണ്ണിനോക്കി രണ്ടു രൂപാ മൂന്നണ മൂന്നു പൈ

'മതി, ഇതുമതി' അയ്യാൾ പരിചയപ്പെടുത്തി.

എന്നിട്ടും എനിക്ക് സംശയമാണ്. ഈ രണ്ടു രൂപാ മൂന്നേകാലണയ്ക്ക് ആരെ കിട്ടാനാണ്. പിന്നെ ഇവനും വല്ലതും കൊടുക്കണ്ടേ. അങ്ങിനെ തർക്കിച്ചുള്ള എന്റെ നില കണ്ട് അയ്യാൾ വീണ്ടും പഠഞ്ഞു:

'താൻ വരൂ ഞാനല്ലേ പഠഞ്ഞതു് പരിപ്പെടുത്താമെന്ന്'

അങ്ങിനെ ഞങ്ങൾ മുന്നോട്ട നടന്നു. ഇടക്കിടക്ക് അയ്യാളെന്റെ മുഖത്തു് ഉറ്റുനോക്കിക്കൊണ്ടിരുന്നു. അയ്യാളുടെ വലത്തെ തോളിൽ കൈയിട്ട് അയ്യാളെ എന്റെ ശരീരത്തോടടുക്കി പിടിച്ചുകൊണ്ട് ഞാൻ ചോദിച്ചു:

'എന്നാൽ നമുക്കൊരല്പം വേഗം നടക്കരുതോ'

'അതുവേണ്ട, ഒരു പത്തുമണിക്കഴിഞ്ഞു് അങ്ങു് ചെന്നാപ്പെ കാര്യം പറയാം.'

'എവിടെയാ ഇതു്'

'അതോ' ഒന്നാലോചിച്ചു നിന്നിട്ട് അയ്യാൾ പഠഞ്ഞു:

'ചട്ടക്കാരികളും'

'ചട്ടക്കാരികളോ' ഞാൻ നിന്നനിൽപ്പിൽ ഒന്നു കുതിച്ചുപോയി. രണ്ടുരൂപാ മൂന്നേകാലണയ്ക്ക് ഏതു ചട്ടക്കാരിയാപ്പാ വരുന്നതു്. വല്ല തെണ്ടികളുമായിരിക്കും. ഞാൻ ചോദിച്ചു:—

'വല്ല സുഖക്കേടുകാരികളുമാണോ'

'എടോ കാളേജിൽ പഠിക്കുന്നതുങ്ങളാ.' മനസ്സിലായോ!

എനിക്കൊരല്പം ആശ്വാസമായി. ഇതു് കായ്യം പഠിയേയ്ക്കും. കാളേജിൽ പഠിക്കുന്നതുങ്ങളായതുകൊണ്ട്, കാശു മേടിക്കേണ്ട. അവയ്ക്ക് സുഖംമാത്രംമതി പിന്നെ, ഈ രണ്ടുരൂപാ മൂന്നേകാലണ വിഷമാണെന്റെ ഫീസുമായി. അങ്ങിനെയാണെങ്കിൽ, എനിക്കൊരു ചായകുടിക്കണം ഒരു സിഗരറ്റുംവേണം. രാവിലത്തെ ചായകുടിച്ചതു നാലണ ഇങ്ങെടുക്കേംവേണം. ബാക്കിയേ ഇവനു കൊടുക്കാവൂ.

എന്റെ തലയൊന്നു നിവർന്നു കണ്ണുകളിൽ ഒരു തിളക്കംവീണതുപോലെയായി. ശരീരത്തിനു പുട്ടം വർദ്ധിച്ചുതുടങ്ങി. ആ പുതിയ ആവേശത്തിൽ ഞാനെന്റെ ക്ലട്ടുകാരനേ ഭേഷത്തോടുചേത്തൊന്നമത്തി.

'ഉജാറുകേറി എന്റെ എല്ലൊടിക്കാതെനിക്ക് പോകാ'

'പിന്നെ ഒരുകാര്യം'

'അതെന്തു'

'അങ്ങു ചെല്ലുമ്പം കൈമലത്തികാണിക്കരുതു്.'

'തനിക്കെന്താ ഇത്ര വിശ്വാസക്കുറവു്'

'അന്നച്ച വെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കാണുമ്പോഴേ മറുകുമെടോ'

'അപ്പോ തന്നെ ഇതിനു മുമ്പാരോടൊക്കെ കളിപ്പിച്ചിട്ടുണ്ടല്ലോ.'

'അതല്ലിയോ ഇപ്പോഴേന്നേ'

'എന്നാൽ ഈ കേളവൻ പഠഞ്ഞാൽ പകിട പന്ത്രണ്ടാകുന്നത് വിശ്വാസം.'

എനിക്കും തോന്നി കേളവനൊരു രസികത്തമുള്ളതായി.

'അപ്പഴേ, അമ്മാവൻ ജോലിയെന്താ'

'തയ്യൽ'

'കടയുണ്ടോ'

'ഒണ്ട്'

'എവിടാ'

'ഇച്ചിരുടങ്ങോട്ട ചെല്ലുമ്പട്ടെ. കൂടിണിച്ചു തരാം'

എനിക്കു കുറച്ചുകൂടി വിശ്വാസം വർദ്ധിച്ചു. ടൈണിൽ ഒരു തയ്യൽക്കടയും വച്ചിരിക്കുന്നുണ്ടെങ്കിൽ പുള്ളി കടകാണിച്ചു തരാമെന്നും പറയുന്നു. അപ്പോൾ കളിപ്പിക്കാനൊക്കുമോഴ് കളിപ്പിച്ചാൽ തന്നെ കാലത്തു് പിടികൂടുമോ 'എന്നെ കളിപ്പിച്ചാൽ ഈ പട്ടിയെടെ തല ഞാൻ കൊയ്യും' ഞാൻ തന്നെ ഞാൻ പിറുപിറുത്തു.

'താനെന്തോന്നാടോ പിറുപിറുക്കുന്നേ'

'അതോ അമ്മാച്ചൻ ഒരുളുമ്പം വീരനാണെന്നു്'

'കൊച്ചൂടങ്ങോട്ട ചെല്ലുമ്പട്ടെ. അപ്പം നെനക്കറിയാം അമ്മാച്ചനാരാണെന്നു്'

എനിക്കു് ഒരു ചൊറിയ പേടി തോന്നിത്തുടങ്ങി. ഈ പോക്രിക്ക് വല്ല ചട്ടമ്പിമാരുമായും പരിചയം കാണും. ഒരുമുഴം തട്ടിയെടുത്തു് രണ്ടു തന്ന കൂന്നെ പറഞ്ഞയച്ചാൽ, യാതൊരു പരിചയവുമില്ലാത്ത ആ പട്ടണത്തിൽ എനിക്കെന്തു ചെയ്യാൻ കഴിയും?

എന്നാലും,

എന്നാലും 'ഞാനൊരു പുരുഷനല്ലേ. ഒരുകൈ നോക്കിക്കളയാം.'

'എടാ പിന്നേം താനെന്തോന്നാ ഈ പൊരുപൊരുക്കുന്നേ'

'അതോ. ഇന്നു കണികണ്ടോനെന്നാളെം കാണണമെന്നു്'

അങ്ങിനെ ഞങ്ങൾ ഒരല്പം ഇരുട്ടുള്ള സ്ഥലത്തു്എത്തി. അവിടെ ഒരു ചൊറിയ കലുങ്കുണ്ട്. കലുങ്കിന്റെ ഇറക്കത്തിൽ കുറേമരങ്ങൾ റോഡിലേക്ക് ചാഞ്ഞുകിടക്കുന്നു. അയ്യാൾ ആ ഇറക്കത്തിലോട്ടനടന്നു. എനിക്കൊരുപേടി ഈ ശല്യാഹിയുടെ കയ്യിൽ വല്ല കഠാരയോ മറോ ഉണ്ടങ്കിലോഴ് എങ്കിൽ!

ഞാൻ മടിച്ചുനിൽക്കുന്നതുകണ്ട് അയ്യാൾ വിളിച്ചു:

'ഈ മീശേം വച്ചിട്ട് താനെന്തിനാടോ പേടിക്കുന്നേ വരൂ'

'എന്തിനാ അങ്ങോട്ട പോന്നേ'

'നമുക്കിത്തിരി ഇവിടിരിക്കാം'

'എന്താ ക്ഷീണിച്ചുപോയോ'

'അതല്ല കായ്യമൊണ്ട്'

അവനാ ഇരുട്ടത്തുള്ള കാര്യമൊണ്ടെനുപോലും. എന്റെ ചങ്കിട

ഉറുദുസാഹിത്യത്തിൽ ഒരു സ്ത്രീയുണ്ടാക്കിയ
ആദ്യത്തെ കൊട്ടുകാറ്റ്—

"പുതപ്പിനുള്ളിൽ"

ഒരു നീണ്ട ലൈംഗിക കഥ—

ഗ്രന്ഥകർത്താവ്:-ഇസ്മത്ത് ചുഗ്ത്തായി

വില 6 ണ. 7 ണ സ്റ്റാമ്പയച്ചു് അപേക്ഷിക്കുക.

K. A. Jabbar,
P. O. Kothaparambo,
Cranganore, S. Malabar.

ക്കാൻ തുടങ്ങി. എന്നാലും ഇറങ്ങിച്ചെന്നു. ഞങ്ങൾ ആ ഇറക്കത്തിൽ, ചാഞ്ഞുകിടക്കുന്ന മരങ്ങളുടെ അടിയിൽ എഴുന്നേൽക്കുന്ന ഒരു വേരിന്റെ പുറത്തു് ഇരുന്നു എന്നിട്ടു് അയാൾ ആ കുടമെടുത്തു് ഒപ്പാക്കിപ്പിടിച്ചു്, അതിൽ നിന്നും മെല്ലെ കുടിക്കാൻ തുടങ്ങി. ഞാൻ നോക്കിയിരിക്കുകയാണു്. മരിദ്രവാസി നിരുത്താതെ അങ്ങു കുടിച്ചു പോകുന്നു. ഇവ കഴുത്തോടെ വയറ്റിൽ ഇതിനും വേണ്ടി സ്ഥലമൊണ്ടോ? അതോ ഇനി ഈ പന്നിയുടെ അവസാനമായോ? കുടിച്ചു്, കുടിച്ചു് കൊടലുപൊട്ടി വഴിലങ്ങാനും മറിഞ്ഞു വീണു ചത്താൽ ഇനി കൊലപാതകത്തിന്റെ മുതലും പറയേണ്ടിവരുമോ?

'ഏന്റെ നാരായണാ!'

എന്നാലും തരക്കേടില്ല. വായിൽ വന്നതെല്ലാം വിളിച്ചു പോകുന്നതെങ്ങനാ'

അങ്ങിനെയിരിക്കെ അവിടൊരു നാറ്റം ഉണ്ടാകാൻ തുടങ്ങി ഞാൻ നോക്കുമ്പോൾ ആ നാറി അവന്റെ സഞ്ചിയിൽ കയ്യിട്ടു് ഏതോ എടുത്തു് വായിലേയ്ക്കു ഇട്ടു ചവക്കുകയാണു്.

'മീനാണോ' എന്റെ വായിലും വെള്ളം നിറയുന്നുണ്ടു്. അവൻ ഒരു കൊതിയൻ പട്ടിയേപ്പോലെ ഒന്നു മുറുമുറുത്തു

'ഇതെവിടുന്നുകിട്ടി'

'ഞാൻ വീട്ടിന്നുകൊണ്ടുവന്നതാ'

അപ്പോൾ ഈ ശവം കുടിക്കാൻ തയാറായിട്ട തന്നെയാണു് വന്നിരിക്കുന്നതു്. എന്നിട്ടു് വീണ്ടും ആ കുടം വലിച്ചുയർത്തി അവൻ ഒരു ഒടിപ്പുകുടി അകത്താക്കി. ഇടയ്ക്കൂടെ ഒന്നു ചോദിച്ചു:—

'മോന്തു് വേണോ'

കിട്ടിയാൽകൊള്ളാമെന്നുണ്ടു്. പക്ഷേ ആ മരിദ്രവാസി മൊത്തിക്കുടിച്ചതാ. എന്നാലും തരക്കേടില്ല എങ്കിലും വേണമെന്നുണ്ടെങ്കിനെ പറയും. അതവനറിഞ്ഞു തരേണ്ടതല്ലേ. അങ്ങിനെ ഞാനോർത്തുകൊണ്ടിരിക്കുമ്പോൾ, അവൻ പറയുകയാണു്:—

'അല്ലേൽ താൻ കുടിക്കണ്ടാ' തനിക്കിപ്പഴേ തലനേരേനിക്കുന്നില്ല'

'ഓ അങ്ങിനൊന്നുമില്ല' മുഖനിരിക്കിക്കൊണ്ടു് ഞാൻ പറഞ്ഞു

'എടോ തല നേരേ നിന്നിട്ടല്ലെങ്കിൽ, ആ പെമ്പിള്ളേരു് തന്റെ മുഞ്ഞിക്കു് കാക്കിച്ചു തുപ്പും'

ആ പ്രമാണം എനിക്കു് ബോധ്യമായി. അടുത്തു നടക്കാൻപോകുന്ന സമരത്തിനു് കുറേ ശക്തിയുടെ ആവശ്യമുണ്ടു്. കുറേ നേരത്തിയെക്കെ എന്റെ കയ്യിലുണ്ടെന്നതന്നെ വച്ചോളൂ, എന്നിട്ടും ഒരു ഭയം. അയാൾ പെമ്പിള്ളേരെന്നു് ബഹുവചനമാണു് പ്രയോഗിച്ചിരിക്കുന്നതു് അപ്പോൾ ഒന്നിൽ കൂടുതലുണ്ടോ? എങ്കിൽ ഞാൻ കറങ്ങി.

'ഭഗവാനേ, ആകെ ഒന്നേ കാണാവേ' ഞാൻ ആകാശത്തേയ്ക്കു നോക്കി ഉള്ളുഴിഞ്ഞു് ഒന്നു് പ്രാർത്ഥിച്ചു.

'താനെന്തോന്നാടോ പിന്നേം ഈ പൊരുപൊരുക്കുന്നേ' ഒരു ശരം പോലെ വീണ്ടും അവന്റെ ചോദ്യം

'അതോ, അപ്പം പെമ്പിള്ളേരു് അവിടെ ഒന്നിൽകൂടുതലുണ്ടോന്നു്'

'താനെന്തൊരു മിണ്ണാമിണ്ണാങ്കട്ടിയാപ്പാ, കാളേജിൽ ഒരു പെണ്ണുമാത്രമാ പഠിക്കുന്നേ'

'കാളേജ്ൽ ഒരുപാടു് പെമ്പിള്ളേരൊണ്ടെന്നുവച്ചു്.'

'താനൊന്നും വയ്ക്കാൻ പോവണ്ടാ. തനിക്കെത്ര വേണം.'

ദ്രോഹി ചോദിക്കുകയാണു്, എത്ര വേണമെന്നു്.

അനേകായിരം പെമ്പിള്ളേർ എന്റെ മുന്നിൽ അണിനിരന്നിരിക്കുന്ന പച്ച ജമ്പറും നീല സാരിയും, വെള്ള ജമ്പറും ചുവപ്പു സാരിയും, വെളുത്ത യൂണിയിൽ നീലപ്പുള്ളുള്ള സാരിയും മഞ്ഞ ജമ്പറും, പിന്നെ പാവാടകളും, തിങ്ങി ഞെരുങ്ങുന്നു മാറിടങ്ങളും, ചെഞ്ചോരച്ചുണ്ടുകളും, ചലിക്കുന്ന കണ്ണിണകളും, കുലുങ്ങിയുള്ള നടത്തം, നഗ്നമായ കൈത്തണ്ടകളും, കഴുത്തു്, വയറു് ഒക്കെ ഒക്കെ....പരസഹസ്രം കന്യകമാർ അണി നിരക്കുകയാണു്, ഒന്നിനു പുറകേ ഒന്നായി ഒരു ഘോഷയാത്രപോലെ.

'തനിക്കെത്ര വേണ';

ഒരു നൂറു്. ഒരു നൂറു മതിയോ അല്ലെങ്കിലൊരിരുന്നൂറാവട്ടെ, പക്ഷേ, ഈ ഇരുനൂറും കൂടി ഒന്നിച്ചിങ്ങോട്ടു് ഇരച്ചു വന്നാലോ? എന്റെനാരായണാ, ആയു വേണ്ടാ രണ്ടുമതി, വെറും രണ്ടേ രണ്ടു്.

'തനെന്തോന്നാടോ ഈ ആലോചിക്കുന്നതു്' പിന്നേയും ആ ശപ്പന്റെ ചോദ്യമാണു്

എന്നിട്ടും ഞാനാലോചിക്കുകയാണു്. എത്ര വേണം?

രണ്ടുവേണോ? രണ്ടു് അംബാകസുന്ദരികളും സംഗീതവും തന്നുകൊണ്ടു് എന്റെ മുമ്പിൽ പൊട്ടിവിരിഞ്ഞങ്ങനെ നിൽക്കുന്നു! തടിച്ചുകൊഴുത്തു് കണ്ണുകളിൽ നിറയെ ഭാവവുമായി ഞാൻ കണ്ണിമക്കാതെ അവരേനോക്കുകയാണു്. അവരുടെ മുഖം ചുമന്നവരുന്നതുപോലെ, രക്തം മുഖത്തേക്കു് രച്ചുകയറുകയാണു്. മൂക്കിൻതുമ്പും ചുണ്ടും നിന്നു വിറയ്ക്കുന്നു. ആ തടിച്ച മാംസങ്ങളെല്ലാം കൂടുപരാതിയുണ്ടെന്നു ആ ഒല്ലെങ്കിൽ കൈകാലുകൾ ഞങ്ങിനെ ഇളകുമോ തന്നെയോ,മാറിടങ്ങളും മുന്നോട്ടു് മുന്നോട്ടു് ആയുന്നു. ദീർഘശ്വാസമായി, അതിരുകൾ മായി അവർ മുച്ചും വിടുന്ന ആ മുച്ചുവിടലിൽ അന്തരീക്ഷം തന്നെ ഞെട്ടി വിറക്കുന്നു.

ഏന്റെ നാരായണാ, രണ്ടുവേണ്ടാ?

'എനിക്കൊന്നുമതി.

'ഇതിനാണോ താനിത്ര ഞെളി പിരികൊണ്ടതു്"

പോക്കറ്റിൽ ഒരു പച്ച വാഴയിലയിൽ പൊതിഞ്ഞുവച്ചിരുന്ന പരിപ്പുവടകളിൽ ഒന്നെടുത്തു് എരിയുറി ചവച്ചരച്ചു തിന്നുകൊണ്ടു് എന്റെ ക്ലർക്കുകാരൻ ചോദിച്ചു.

ഞാൻ അത്ഭുതാദരങ്ങളോടെ അയാളെ നോക്കുകയാണു്. അവൻ അയാൾ സാമാന്യനല്ല. മഹാവീരനായ ഒരു മനുഷ്യൻ എന്നായാലും എന്നേക്കാളും ആയിരംമടങ്ങു മഹാനായ ഒരു മനുഷ്യൻതന്നെ.

കാരണം, ഞാൻ ഒരു രൂപയ്ക്കുവേണ്ടി വെറുമൊരു ചൊട്ടയ്ക്കുണ്ണിനുവേണ്ടി, ഭാഗിച്ചുപോരിയുമ്പോൾ, ആയിരക്കണക്കിനു് കന്യകമാർ അണിയണിയായി അവന്റെ കയ്യിൽ നൃത്തം വയ്ക്കുന്നു.

'മഹാനായ സ്നേഹിതാ! പരാക്രമിയായ പുരുഷരത്നമേ' അങ്ങിനെ എന്റെ ഹൃദയം അയാളുടെ അപദാനങ്ങൾ ഉരുവഴിച്ചുകൊണ്ടിരിക്കുമ്പോൾ ആ മകുടച്ച മനുഷ്യൻ എഴുന്നേറ്റു ഞങ്ങൾ വീണ്ടും നിരത്തിലൂടെ നടക്കുകയാണു്.

എന്നിട്ടും എനിക്കു് ജിജ്ഞാസ. ഞാൻ ചോദിച്ചു: 'അപ്പോൾ നമുക്കു വരടെ ഹോസ്റ്റലിൽ പോകേണ്ടിവരുമോ.

'എന്താ പേടിയാണോ'.

'അതല്ല. അവിടെ കാവലുമൊക്കെയ്ല്ലേ.'

'എന്നാൽ അവിടെ പോകണ്ടാ.'

'പിന്നെ'

'താൻ വരൂ'

ആയു് അധ്യക്ഷനായ ഒരു കല്പനയായിരുന്നു അയാൾക്കു് കല്പിക്കാൻ കഴിവുണ്ടു് ആയിരം കന്യകമാർ അയാളുടെകൈവെള്ളയിൽ! ഞാൻ ഒരു മിണ്ടാപ്രാണിയേപ്പോലെ അയാളെ അനുഗമിച്ചു എന്നിട്ടും ചോദ്യങ്ങൾ പൊന്തിവന്നു:

'അപ്പോഴെ, ഈ കാളൂമതിയോ?

'ഞാൻ മുഴുവൻ വേണ്ട'

'പിന്നെ'

'രണ്ടുപ്രാമതി'

'ഇരുകൺത്തുകൾ അവർ മേടിക്കുമോ'

'കാശായിട്ട കൊട്ടക്കണ്ടാ'

'പിന്നെ'

'ഒരു കുപ്പിമേടിക്കണം. നാടൻ മതി. രണ്ടുരൂപാക്കുകിട്ടും'

'അപ്പോൾ അതുങ്ങളുകുടിക്കുമോ'

'അതു് അതുങ്ങക്കല്ല'

'പിന്നെ'

'അവിടെടത്തെ മുതുക്കിക്കൊണ്ടേ'

'അപ്പോൾ ഇതുങ്ങള മുതുക്കിയുടെക്കുടാനോ താമസം'

'അവിടെവരെം. മുതുക്കിക്കിറവ കുടിക്കാൻ കൊടുത്താൽമതി'

'അവളും ചട്ടക്കാരത്തിയാണോ'

'അതേ. ഒരു പഴയ താപ്പാനയാ'

ഇപ്പോൾ എനിക്കു ബോദ്ധ്യം വന്നു. പരിപൂർണ്ണമായ ബോദ്ധ്യം. അപ്പോൾ അമ്മാവൻ കള്ളനല്ല. നെറിയുള്ളവനാണു്. അങ്ങിനെയിരിക്കേ വീണ്ടും ഒരു സംശയം കൂടി.

'അമ്മാവനൊന്നും വേണ്ടേ'

നീയെന്തെപ്പറ്റി ഏതോന്നാ വിചാരിക്കുന്നേ. ഒരു ചേതമില്ലാത്ത ഉപകാരം ചെയ്യാമെന്നു വച്ചപ്പോ --'

'ക്ഷമിക്കണം'

എനിക്കു് ആ പരമഭോഗ്യവാനോടുള്ള ബഹുമാനം വർദ്ധിച്ചു. ആ വിശാലഹൃദയനായ വയോവൃദ്ധൻ എനിക്കു് വേണ്ടി ഒരു നിസ്വാർത്ഥസേവനത്തിനു് തയാറായിരിക്കുമ്പോൾ നീചനീചനായ ഈ ഞാൻ.....

ഞാൻ എന്തോതെന്നെ ശപിക്കാൻ തുടങ്ങി. തന്നത്താൻ തലക്കിട്ടൊന്നുകൊടുത്തു.

ഇപ്പോൾ അദ്ദേഹം ആടിയാടി മുമ്പേയാണു് നടക്കുന്നതു് ഞാൻ ഒരു വിനീതശിഷ്യനേപ്പോലെ പുറകേയും. എന്റെ സകല അഹങ്കാരങ്ങളും സർവ്വവിധമർദ്ദങ്ങളും ആ കുപ്പായുടെയുള്ള ഡംഭം തകർന്നു്, തനിപ്പുരിശുദ്ധിയിലേക്കു് എന്റെ ഹൃദയം ഒരു തീർത്ഥയാത്രപോലെ നീങ്ങുകയാണു്.

'അമ്മാവാ' ഞാൻ ഉറക്കത്തിൽ നിന്നുണർന്നവനേപ്പോലെ വിളിച്ചു 'ഇതെന്റെ കൈയ്യിൽ കാശില്ല.

'അതിനു് ഞാൻ നിന്നോടു് കാശു ചോദിച്ചോ'

'അതല്ല നമുക്കു് നാളെ ഒന്നു നല്ലപോലെ ചായ കുടിക്കണം'

'അതു നിർബ്ബന്ധം'

അങ്ങനെയിരിക്കെ, ഞങ്ങൾ വീണ്ടും അല്പം ഇരുട്ടുള്ള മരച്ചോല സ്ഥലത്തെത്തി. അവിടെയും ഞാനതേ അനുഭവമിച്ചു. ആ കുടത്തിലെ ഉള്ളടക്കം, വരുത്ത ഉണക്കമീനും കുടിച്ചുതീർന്നു, വടമേന്തോടിയും ചേർത്തു് ആ പരിസ്ഥലം വീണ്ടും വയറിലാക്കി. അപ്പോഴും ഞാൻ വെള്ളവുമിറക്കിക്കൊണ്ടു് നോക്കിനിൽക്കുകയാണു്.

പക്ഷേ, ഇത്തവണ എനിക്കതിൽ പരാതിയില്ല. കാരണം ഒരു ശ്രോഷയാത്രപോലെ അവർ അണിനിരക്കും എനിക്കു ശക്തിവേണം

പിന്നെയും ഒന്നോ രണ്ടോ ഇടത്തു ഞങ്ങളും നിന്നു അതു കുടവും, സഞ്ചിയും, പോക്കറവും കാലിയായി, ആ കുടം അമ്മാവൻ എന്റെ കയ്യിൽ തന്നു.

'കുഞ്ഞേ, എന്റെ തലകവലിക്കുന്നു.'

ഒരു മുറുമുറുപ്പുംകൂടാതെ ആ സഞ്ചികൂടി ഞാനേറ്റവാങ്ങി, ഇപ്പോൾ ഞങ്ങളും പട്ടണത്തിന്റെ ഹൃദയത്തിലേക്കു കയറാൻപോവുകയാണു്. സിനിമാകൊട്ടക അടുത്തുകഴിഞ്ഞു. എനിക്കൊരു ചൂളൽ പോലെ ഇതു വേഷത്തിൽ, അത്തരമനുഷ്യനൊപ്പമുടെ, എന്നെ അറിയുന്നവർ അധികംപേരൊന്നും അവിടെയില്ല

സിനിമാകൊട്ടകയ്ക്കടുത്തു്, ഒരു മുക്കാൻകടയ്ക്കുമുമ്പിൽ ഞങ്ങളും നിന്നു. രണ്ടുപേരും ഒരോന്നുമുക്കി. അമ്മാവനൊരണക്കു ബീഡിവാങ്ങി. ഞാനൊരണക്കുമുട്ടായിയും

ഇപ്പോൾപിന്നെ രണ്ടുരൂപാ മൂന്നുപൈ കയ്യിലുണ്ടു് ഞങ്ങളും കാലിടറാതെ മുന്നോട്ടതന്നെ നീങ്ങിക്കൊണ്ടിരുന്നു;

കാളേജ് സ്കൂപയാട്ടുകയാണു്. ഇരുണ്ട അന്തരീക്ഷത്തിൽ മരച്ചുള്ളുകൾക്കിടയിൽ വെള്ള തേച്ച ചുമരുകളും ഉയർന്നു കാണാം.

എന്റെ ഹൃദയം അതിശക്തമായി മിടിക്കാൻ തുടങ്ങി ഞാൻ അമ്മാവനെ തോളോടു് ചേർത്തു് ഒന്നു ഞെരിച്ചു

കോളജിന്റെ മുറ്റത്തു് വിളക്കുകൾ തെളിഞ്ഞു നിൽക്കുന്നു പല മുറികളിലും വിളക്കുകൾ അണഞ്ഞിട്ടില്ല

അവിടെ ഏതു ഏതു മുറികൾ. അതിലൊക്കെയാണു്. അയിരക്കണക്കിനു് മന്നിനു് പുറകെ മന്നായി ഒരു ശ്രോഷയാത്രപോലെ.....

'അമ്മാവാ ഇതല്ലേ പെണ്ണുങ്ങളുടെ കാളേജു്.

'നീ മിണ്ടാതെ വാ'

കോളേജുംകടന്നു് മുന്നോട്ടു് നീങ്ങുകയാണു്. എന്നിട്ടും അമ്മാവനൊരനക്കവുമില്ല എനിക്കു് സംശയങ്ങൾ വളരുന്നു

'അതു കിളവി ഇതിനടുത്തല്ലേ താമസം'

'അതല്പം ദൂരെയാ'

ഇപ്പോൾ വളരെ വേഗത്തിൽ ടെഴണിൽനിന്നും ഞങ്ങൾ അകന്നുകൊണ്ടിരിക്കുകയാണു്. പത്തുമണി അടിക്കുന്ന ശബ്ദം അല്പം മുമ്പു് കേട്ടിരുന്നു ഇപ്പോൾ പത്തരയായിരിക്കും ഒരിടുങ്ങിയ തെരുവിലേയ്ക്കു് അമ്മാവൻ തിരിഞ്ഞു.

എനിക്കു വിശ്വാസം വർദ്ധിച്ചു. കാരണം ഇങ്ങനെയുള്ളവർ സാധാരണ ഇടുങ്ങിയ തെരുവുകളിലല്ലേ?

ഒരു പലകനിരയുള്ള കടയുടെ മുമ്പിൽ ഞങ്ങൾ നിന്നു. കടക്കാരൻ കട അടച്ചുകൊണ്ടിരിക്കുകയാണു്. രണ്ടുരൂപാ ഞാൻ അമ്മാവനെ ഏല്പിച്ചു. ഒരു ചൂടുള്ള കുപ്പിയും കക്ഷത്തിലാക്കി അമ്മാവൻ മുമ്പേയും ഞാൻ പുറകേയും....

'കുപ്പിയിങ്ങു തന്നാൽ ഞാൻ സഞ്ചിയിലിട്ടോളാം'

'ഓ ഇതിനെ വലിയ ഭാരമൊന്നുമില്ല.'

അതു കുപ്പി കക്ഷത്തിലമർത്തി ഇറുക്കിക്കൊണ്ടു് നടക്കുന്നതിൽ കൊടുവനൊരു ഉത്സാഹംപോലെ.

'അടുക്കാറായോ'

'കൊറച്ചുകൂടെ'

'നമ്മളു ചെല്ലുമ്പഴത്തേക്കു് അവരൊറങ്ങിക്കഴിഞ്ഞാലോ'

'അവരൊറങ്ങും എഴുന്നേൽക്കുന്ന സമയമേ ആകുന്നുള്ളു'

അമ്മാവൻ കാലു നീട്ടി വയ്ക്കാൻ തുടങ്ങി. തൊട്ടു തൊട്ടു് ഞാനുമുണ്ടു്. എനിക്കു് നടക്കാൻ ഒരുത്സാഹകുറവു്. കുടത്തിനെന്റെ ഭാരംകൊണ്ടു് കൈയ്വേദനിക്കുന്നു. സഞ്ചിയിൽ നിന്നും ഒരുതുമ്പു നാറുന്നു. എന്നാലും സാരമില്ല അണിയണിയായി, ഒന്നിനു പുറകേ ഒന്നായി ഒരു ശ്രോഷയാത്രപോലെ അവർ....

വളഞ്ഞു തിരിഞ്ഞ ഇടവഴികളും ഒന്നിനു പുറകേ മന്നായി ഞങ്ങളും പിന്നിട്ടുകയാണു്. ഏതു വെന്നു് നല്ല നിശ്ചയമില്ല. മുൻസിപ്പാലിറ്റി വിളക്കുകൾ അവസാനിക്കാൻ തുടങ്ങുന്നു. ബീഡിനിറങ്ങിയ രണ്ടു പോലീസുകാർ ഞങ്ങളെ കടന്നുപോയി. അവരിലൊരുവനു് അമ്മാവനെ അറിയാം. അമ്മാവൻ അയാളെ താണുതൊഴുതു ഇനിയും നടപ്പുതന്നെ. എനിക്കു് സംശയം വർദ്ധിക്കാൻ തുടങ്ങി

'അടുത്തില്ലേ'

'ഒരിത്തിരി കൂടി'

അപ്പോഴാണു് ഞാനോർത്തതു്

'അമ്മാവന്റെ കട'

'അതെപ്പോഴേ കഴിഞ്ഞു'

'വീടേ'

'അടുക്കാറായി'

'അതെല്ലാമുണ്ടു്'

'എന്റെ കുളവി'

'പിന്നെ'

'മകളും'

മകളോ! എനിക്കൊരു പുതിയ വെളിച്ചം വന്നതുപോലെ.

''കല്യാണം കഴിഞ്ഞതാണോ'

'അല്ല'

'തീരെ കൂട്ടിയായിരിക്കും'

'പതിനെട്ടു വയസ്സായി'

അപ്പോൾ സംശയികളുടെ കിടപ്പുങ്ങിനെയാണു്. എന്നാലും തരക്കേടില്ല.

അങ്ങിനെ ഞങ്ങളും ഒരു വെളിപ്രദേശത്തിനടുത്തെത്തി. അവിടെ വീട്ടകം അവസാനിക്കുകയാണു്. മുൻസിപ്പാലിറ്റി വിളക്കും തീർന്നു. മുന്നിലെങ്ങും നിലാനിലത്തിൽ മൈതാനമാണു്. ശ്മശാനമാണെന്നതോന്നുന്നു

അവിടെ ഒരു പീറമരത്തിനതാഴെ ഇരുട്ടിൽ എന്നെ കൊണ്ടുചെന്നു നിറുത്തിയിട്ടു് അമ്മാവൻ പറയുകയാണു്:—

'അതു കുടമിങ്ങതന്നേ'

ഒരാശ്വാസത്തോടെ കുടവും സഞ്ചിയും ഞാനയാളെ ഏല്പിച്ചു.

'എന്നാൽ അനിയൻ ഇവിടെ നിയ്ക്കു്. ഞാനൊന്നുപോയി നോക്കിയിട്ടു വരട്ടെ'

'ഏതാ വീടു്'

അയാളും ഒരു വീടു ചൂണ്ടിക്കാണിച്ചു എന്നിട്ടു് നടക്കാൻതുടങ്ങി. കുപ്പിയും അയാളുടെ കക്ഷത്തിലാണു്. എനിക്കൊരു ഭീതോദയംപോലെ. ഞാൻ പറഞ്ഞു:

'കുപ്പി അതുകൂടി കാണിക്കണ്ടാ ഞാൻ വച്ചോളാം'

'അങ്ങനല്ല കുപ്പി കാണിച്ചാലെ

അവിടം കതകടച്ചു'

എന്തോ എനിക്കൊരു വിശ്വാസക്കുറവ്. 'എന്നാലേ' ഞാൻ പറഞ്ഞു: നമുക്കൊന്നു തപ്പിച്ചു നോക്കിയിട്ടു കൊട്ടത്താൽമതി.

അതയാൾക്കും ശരിയാണെന്നു തോന്നി. കപ്പിയിറക്കാൻ എന്നെ ഏൽപിച്ചു ആ ചുട്ടുള്ള കപ്പി കക്ഷത്തിലിറുക്കിക്കൊണ്ട് ഞാൻ പറഞ്ഞു:—

'ഇനി അമ്മാവൻ പോയിനോക്കിയിട്ടുവാ'

'കപ്പിയില്ലെങ്കിലവിടം.....'

'എന്നോട്ട് വെളവെട്ടുകയുമ്', എന്റെ കണ്ണുകൾ ചുവക്കാൻതുടങ്ങി. എന്റെ ഭാവം മാറിയപ്പോൾ അമ്മാവൻ മുന്നോട്ടൊന്നു നടന്നു, എന്നിട്ട് പെട്ടെന്ന് തിരിച്ചുവന്നു.

''അപ്പോ നിനക്കെന്നെ വിശ്വാസമില്ലേ'

അപ്പോ അമ്മാവനെന്നെ വിശ്വാസമില്ലേ'

'അതു കപ്പി കാണിച്ചാലേ അവിടം.....'

'എന്നാൽ ഞാൻ ക്രൂടെ വരാം'

'അതുപാടില്ല.'

'എന്നാൽ ഇതും പാടില്ല.'

ഇത്തവണ അയാൾ നടന്നു ഒരു മുളക്കിന്റെ വളവിൽ മറഞ്ഞു; എന്നിട്ട് ഒരരമിനിട്ടിനുള്ളിൽ വീണ്ടും തിരിച്ചുവന്നു.

'അവളു പറഞ്ഞു കപ്പി കാണിക്കാൻ'

'അപ്പോ ഞാനും വരാനോ'

'അതു വേണ്ട'

എന്റെ മുഖം ശുഷ്കമായി. എനിക്ക് അടിമുടി ഒരു വിറയൽ അരംഭിച്ചു. ആ കിഴട്ട കഴിതയുടെ തോളിൽ പിടിച്ചു ഞാൻ കേറി.

'എന്റടുത്തു് വെളവെട്ടുത്താൽ നിന്റെ തല ഞാൻ തകർക്കും'

നിവ്വികാരനപ്പോലെ ആ ശനിയൻ മിഴിച്ചു നിൽക്കുകയാണ്.

'നീ പറഞ്ഞതുപോലെ കാര്യം സാധിക്കും. ഈ കപ്പിമുഴുവൻ നിന്റേതു്', കക്ഷത്തിൽ നിന്നും കപ്പിവലിച്ചൂരി അവന്റെ മുമ്പിലിട്ട്, അതൊന്നു് ഞാൻ വെട്ടിമിന്നിച്ചു ആ നാലടി ശരീരം ഒന്നു വളയാൻ തുടങ്ങി.

അങ്ങിനെ ക്രമേണ വളഞ്ഞു്, പരവശമായ കണ്ണുകൾ ചിമ്മിച്ചിമ്മിച്ചുകൊണ്ട്, കൈകൂപ്പിയും കുട്ടിച്ചിട്ടിച്ചു് അവൻ യാചിക്കുകയാണ്:—

'കുഞ്ഞേ ഒരു തുള്ളി'.

'എന്തിനു് ഒരു തുള്ളി. ഈ കപ്പി മുഴുവനെടുത്തോ. പക്ഷേ എന്നെ ഒരു പെണ്ണിന്റെ മുമ്പിലൊന്നുകൊണ്ടുചെന്നു് നിർത്തിയിട്ടു്.'

അവന്റെമുമ്പിൽ ഒരു തവണകൂടി ആ കപ്പി ഞാൻ ഉയർത്തിപ്പിടിച്ചു. അതിനുള്ളിൽ വെള്ളം തുളുമ്പുന്ന ദ്രാവകം ഇരച്ചിളകുകയാണ്. അതങ്ങിനെ നോക്കിനിൽക്കുമ്പോൾ അവനു് ഭ്രാന്തിളകുന്നപോലെ. ഒരുകടം പുളിച്ചു കള്ളുകുടിച്ചിട്ടും അതത്രയ്ക്കു് ദാഹം ശമിപ്പിച്ചിട്ടില്ല. ഇനിയും അവനു് കുടിക്കണം. അവന്റെ ദാഹിക്കുന്ന നാക്കു് വരണ്ടുണങ്ങിയുടെ ഓടാൻ തുടങ്ങി. എന്നിട്ട് അവനെന്തോ നിനച്ചിരിക്കുന്നു.

'ഒരു തുള്ളി എന്റെ പൊന്നല്ലേ'

അപ്പോൾ എന്റെ കയ്യും നിങ്ങളൊന്നോർത്തുനോക്കണം സന്ധ്യമുതൽ നടപ്പാണു് വയറിലൊന്നുമില്ല. വായിലെല്ലാം ഒരു വരൾച്ച. വല്ലാത്ത ക്ഷീണവുമുണ്ടു്. ഇതിനെല്ലാംപുറമേ അരിശവും, നിരാശയും സങ്കടവും.....പോരാഞ്ഞിട്ടു് ചിരിയും വന്നുണ്ടു്.

അപ്പോഴും ആ പന്നി അതേ നിലതന്നെ. അവനൊരേ ഒരു പല്ലവി. 'ഒരു തുള്ളി'

എനിക്കു് അവന്റെ തലക്കിട്ടു് കൈകൊണ്ടു് ഒന്നു കൊട്ടുക്കണമെന്നുണ്ടു്. പക്ഷേ, എങ്ങിനടിക്കും, ഒരടിക്കു് ആ പീറമാറിലൊതുവിണ മലച്ചുപോയാലോ!

അടക്കാൻവല്ലാത്ത അരിശത്തോടെ ഞാൻ തിരിഞ്ഞുനടന്നു അതിവേഗത്തിൽ ഇടവഴികടന്നു പിന്നിട്ടുകയാണ്. കോട്ടിപ്പിടിച്ചു കൈക്കുമ്പിളുമായി ആ തപ്പുനെന്റെ പുറകേയുമുണ്ടു്.

'എന്റെ കുഞ്ഞല്ലേ ഒരു തുള്ളി'

അങ്ങിനെ അധികം വീടില്ലാത്ത ഒരു തെരുവിന്റെ നടുക്കു് ഞാൻ നിന്നു. എന്റെമുമ്പിൽ അവനും നിലയുറപ്പിക്കുകയാണ്.

'എന്റെ പൊന്നു് ഒരു തുള്ളി മതി.'

'ഒരു തുള്ളിയല്ല ഈ കപ്പി മുഴുവൻ നിന്റേതു്. പക്ഷേ എന്റെ കാര്യം.'

എന്നിട്ടും അവനതു കേൾക്കാനുള്ള ഭാവമില്ല വിരാമമില്ലാതെ അവൻ തുടരുകയാണ്.

'എന്റെ പൊന്നു് ഒരു തുള്ളി മതി!

ഒരു നിശ്ചയത്തോടെ ഞാൻ ആ കപ്പി ആകാശത്തിലേക്കുയർത്തിപ്പിടിച്ചു. എന്നിട്ട് ഞാൻ അവനു് എന്റെ അന്ത്യശാസനം നൽകുകയാണ്: —

'ഒരു നിമിഷംകൂടി സമയമുണ്ടു്. അതിനുമുമ്പു് രണ്ടിലൊന്നു് തീർച്ചപ്പെടുത്തിക്കൊള്ളു. എന്നെ ഒരെണ്ണഞ്ഞിന്റെ മുമ്പിലൊന്നു നിർത്തിത്തന്നാൽ ഈ കപ്പി മുഴുവൻ നിനക്കു് ഇല്ലെങ്കിൽ ഇതു് ഈ റോഡിന്റെ നടുക്കു്.

ഞാൻ കപ്പിയൊന്നു കൂടി ഉയർത്തി. അതൊന്നു ചിമ്മിച്ചിമ്മിച്ചു നോക്കിയ നിലാവിൽ ആ ദ്രാവകം ഒന്നുകിളുങ്ങുകയാണ്.

വാലാട്ടുന്ന ഒരു പട്ടിയെപ്പോലെ അവന്റെ പൃഷ്ഠം ചലിക്കാൻ തുടങ്ങി. കാലും നിലത്തുറയ്ക്കുന്നില്ല. നിന്നു തുള്ളുകയാണ്. എന്തോ പിറുപിറുക്കുന്നുമുണ്ടു്. അങ്ങിനെ ആർത്തിയോടെ ആകാശത്തിലുയർന്നു നിൽക്കുന്ന കപ്പിയെ നോക്കിക്കൊണ്ടു് അവൻ തുടരുകയാണ്

'എന്റെ പൊന്നു് ഒരു തുള്ളി'

നിലാവധികമായിക്കൊണ്ടിരിക്കുകയാണ്. നിരത്തിലും ആരുമില്ല. എനിക്കഭിമുഖമായി അവനും അവനഭിമുഖമായി ഞാനും മാത്രം.

പറഞ്ഞില്ലേ എനിക്കു് വല്ലാതെ ദാഹിക്കുന്നു. കഠിനമായ വിശപ്പും എന്റെ നാവിലും, ഹൃദയത്തിലും കണ്ണിലുമെല്ലാം വിശപ്പും ദാഹവും നിറഞ്ഞു നിൽക്കുകയാണു്.

'എന്റെ പൊന്നു് ഒരു തുള്ളി' അവനു് ദാഹിക്കുന്നു.

അടുത്ത ഏതു നിമിഷവും ആ കപ്പി താഴെ വീണു തകരും അതിലെ ചുട്ടുള്ള ദ്രാവകം ആക്കുമില്ലാതെ ഒഴുകിപ്പോകുമെന്നവനറിയാം അതിനുമുമ്പൊരു തുള്ളി. അതാണവന്റെ അഭ്യർത്ഥന.

എന്റെ കാര്യവും അതുതന്നെയുള്ളതല്ല ഒരുതുള്ളി ഞാനെ കൊടുത്തുപോയാൽപിന്നെ ഞാൻ വെള്ളത്തിലായി. ആ അഭ്യർത്ഥനയുടെ.

അങ്ങനെ ദാഹത്തോടും അഭ്യർത്ഥനയോടുംകൂടി ഞാൻ ആകാശത്തേക്കു നോക്കി.

വെള്ളിമേഘങ്ങളും നിറഞ്ഞുനിൽക്കുന്ന നീലനീലമായ ആകാശം. ആ ആകാശത്തിനുമപ്പുറത്തു്—അപ്പുറത്തെന്നു വച്ചാൽ വളരെവളരെ അപ്പുറത്തു് പുണ്യപാപങ്ങളില്ലാത്ത, നല്ലതും ചീത്തയും തിരിച്ചറിയാത്ത സ്വർഗ്ഗം. ആ സ്വർഗ്ഗത്തു് നന്ദനോദ്യാനത്തിൽ, മന്ദാരമരങ്ങളുടെ ശീതളച്ഛായയിൽ, തേന്മഴപെയ്ത പൂമൊട്ടുകളുടെ മണംനിറഞ്ഞ വായുവിനു് താഴെ, അനശ്വരയൌവനമുള്ള, മദാലസകളായ അപ്സരകുമാരികൾ, മദിരാപാനം ചെയ്തു് തലതിരിഞ്ഞു് ബോധംകെട്ട ഗന്ധർവന്മാരെക്കൊണ്ടു് പാതിവ്രത്യഭംഗം ചെയ്യിപ്പിച്ചു് സുഖിക്കുന്നു.

താഴെ ഭൂമിയിലോ!

ഉണങ്ങിവരണ്ടു വിണ്ട ഭൂമിയുടെ ഹൃദയത്തിൽനിന്നും തീ പറക്കുന്നു. ആ തീയുടെ നടുക്കു് കോലുപോലെ നീണ്ടുമെലിഞ്ഞ ഉടയിയാൽ പറക്കുന്ന ഞാനും, എന്റെ മുമ്പിൽ ഒരു വളഞ്ഞ മുട്ടുസൂചിപോലെ കുകിളുനിയ ആ കൊച്ചു മനുഷ്യനും

ഒരു പട്ടിയെപ്പോലെ വാലാട്ടി, എന്തോ നഷ്ടപ്പെട്ടിരിക്കുന്നു, കണ്ണു തള്ളിച്ചു് പ്രാണശ്വാസങ്ങൾപോലും എന്റെ കപ്പിയിൽകേന്ദ്രീകരിച്ചുകൊണ്ടു അവൻ യാചിക്കുകയാണ്: —

'എന്റെ പൊന്നു് ഒരു തുള്ളി.'

അവനു ഒരുങ്ങാത്ത ദാഹമാണു് അതുപോലെതന്നെ എനിക്കും. എനിക്കും ദാഹിക്കുന്നു. ആ ചുട്ടുള്ള മദ്യം നിറഞ്ഞ കപ്പി ഉയർത്തിപ്പിടിച്ചു്, അവനെ കൊതി പിടിപ്പിച്ചുകൊണ്ടു്. തൊണ്ടയിലെ ദാഹം അവനെ അറിയിക്കുകയാണു്.

'ഒരു പെണ്ണു്'

ഈ തെണ്ടിയും രണ്ടുപേരുടെയും നടുവിലൂടെയൊഴി അണിയണിയായി, വരിവരിയായി, കുന്നിനു പുറകേ കുന്നായി ഒരു ജനപ്രവാഹംപോലെ അവർ.....

അവർക്കും ദാഹിക്കുന്നു. അല്ലെങ്കിൽ കടിച്ചുതിന്നാനുള്ളപോലെ അവരിങ്ങനെ നോക്കുമോ?

★ അക്ഷമനായ രാജകുമാരൻ ★

★

[കഴിഞ്ഞലക്കത്തിൽ ചേർത്തിരുന്ന പുലിയോ പെണ്ണോയെന്ന കഥയുടെ ഒരനുബന്ധമാണിതു്. ഇതും ഒരു പ്രശ്നകഥ തന്നെ.]

—കെ. എ. ജെബ്ബാർ—

അർജ്ജുനപരിഷ്കൃതനായ രാജാവിന്റെ മാരകമായ തീയേറ്ററിനുള്ളിൽ വെച്ചു നടന്ന സംഭവത്തിനു ശേഷം ഒരു വർഷം കഴിഞ്ഞു. ദൂരദേശത്തു് നിന്നു് ഒരു നിവേദകസംഘം രാജകൊട്ടാരത്തിൽ വന്നു കൊട്ടാരത്തിലെ ഉദ്യോഗസ്ഥനായ ആഫീസർ അവരെ സ്വീകരിച്ചിരുത്തി, നിവേദക സംഘത്തിന്റെ നേതാവു് മാഫീസറോടോതി:

"പ്രഭോ, ഞങ്ങളുടെ നാട്ടിൽ നിന്നു് ഒരാൾ, രാജകുമാരിയുടെ കാമുകന്റെ വിധിനടത്തുമ്പോൾ ഇവിടെയുണ്ടായിരുന്നു. അയാൾ പ്രകൃത്യാ ഒരു ദുർബ്ബലനും വികാരങ്ങളെ നിയന്ത്രിക്കാൻ സാധിക്കാത്ത പ്രാവുമായിരുന്നു. യുവാവു് മുറിയിലേക്കു കടക്കേണ്ട വാതിൽ സമീപിച്ചപ്പോൾ ഞങ്ങളുടെ നാട്ടുകാരൻ അതുകെ വിവശനായി. മുമ്പാകാരനായ വന്യമൃഗം യുവാവിനെ കടിച്ചു് ചീന്തുന്ന രംഗം അയാൾക്കു് അസഹ്യമായി. അതു കാണാതിരിക്കാൻവേണ്ടി അയാൾ പെട്ടെന്നു തീയേറ്ററിൽ നിന്നു് പുറത്തുകടന്നു് കതിർപ്പുറത്തുകയറി അതിവേഗം നാട്ടിലേക്കു തിരിച്ചുപോന്നു. നാട്ടുകാരൻ പറഞ്ഞ സംഭവം ഞങ്ങളെ വല്ലാതെ രസിപ്പിച്ചു, പക്ഷേ സംഭവത്തിന്റെ അനന്തരഫലം എന്തെന്നറിയാതെ അയാൾ പോന്നതിൽ ഞങ്ങൾക്കു വല്ലാത്ത നിരാശതോന്നി. ഇതിനിടയിൽ ഏതെങ്കിലും സഞ്ചാരികൾ സംഭവമറിയാമെന്നാശിച്ചു. പക്ഷേ ഇതുവരെ ആരും വന്നുകണ്ടില്ല. അവസാനം ഒരു നിവേദകസംഘത്തെ അയച്ചു ചോദിക്കാമെന്നു തീരുമാനിച്ചു

"ഏതാണു പുറത്തുവന്നതു്? പുലിയോ പെണ്ണോ?"

നിവേദകസംഘത്തിന്റെ ചോദ്യംകേട്ടു് ഓഫീസർ ഇങ്ങനെ മറുപടിപറഞ്ഞു:

"മാന്യരെ, നിങ്ങളുടെ സംശയത്തിനു് മറുപടിപറയുന്നതിനുമുമ്പു് എനിക്കു് മറ്റൊരു സംഭവം പറയാനുണ്ടു്. ആ സംഭവം നിങ്ങളുന്നയിച്ച സംഭവം നടന്നതിനു ശേഷമുണ്ടായതാണു്.

ഞങ്ങളുടെ രാജാവിന്റെ കൊട്ടാരത്തിൽ ധാരാളം ലലനാമണികളുണ്ടെന്നുള്ളതു് സുപ്രസിദ്ധമാണു്. രാജ്യഭരണത്തിന്റെ നാനാഭാഗങ്ങളിൽനിന്നും തിരിഞ്ഞുപിടിച്ചുകൊണ്ടുവന്നവരാ അവർ. സൌന്ദര്യസങ്കല്പങ്ങളിൽ ഇരുപതിധികം പ്രശസ്തിയുള്ള സ്ത്രീകളും നിറഞ്ഞ കൊട്ടാരങ്ങളും ഏങ്ങുമില്ലെന്നതന്നെ പറയാം രാജാവിന്റെ കർത്തവ്യനിർവഹണത്തെ ഭയന്നിട്ടാണു് പലതും ഈ സ്ത്രീരത്നങ്ങളെ നേരിട്ടു കാണാൻപോലും മുതിരാതിരുന്നതു്.

പക്ഷേ കുറച്ചു നാളുകൾക്കുമുമ്പു് വിദേശിയായ ഒരു രാജകുമാരൻ ഇവിടെ വന്നു. ആ രാജകുമാരനെ ഞങ്ങളുടെ രാജാവു് ആഡംബരസമേതനായും സൽക്കരിച്ചു ആഗമനോദ്ദേശം ചോദിച്ചു. അപ്പോൾ രാജകുമാരൻ കലവറകൂടാതെ പറഞ്ഞു; തനിക്കു് കൊട്ടാരത്തിലെ ഒരു സുന്ദരിയെ ഭാര്യയായി ലഭിക്കണമെന്നു്.

ക്രൂരസ്വഭാവമുള്ള രാജകുമാരന്റെ അഭ്യർത്ഥനകേട്ടപ്പോൾ രാജാവു് കോപംകൊണ്ടു ചുവന്നു. ഞങ്ങളെല്ലാംവിചാരിച്ചു എന്തോ അത്യാപത്തു് രാജകുമാരനെ സമീപിച്ചിട്ടുണ്ടെന്നു്. പക്ഷേ രാജാവു് രോഷമെല്ലാം നിയന്ത്രിച്ചിട്ടു് പറഞ്ഞു:

"ശരി താങ്കളുടെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു, നാളെ മദ്ധ്യാഹ്നത്തിൽ താങ്കൾക്കു് ഇവിടത്തെ ഏറ്റവും നല്ല സുന്ദരിയെ പരിഗ്രഹിക്കാം" അതു പറഞ്ഞു് സേവകന്മാരുടെ നേരെ തിരിഞ്ഞു:

"രാജകീയ വിവാഹത്തിനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്യുക, കൂടാതെ രാജകുമാരനു വേണ്ട ഭക്ഷണകാര്യങ്ങളും മറ്റും ശരിയാക്കിക്കൊടുക്കുക" അതു കേട്ട രാജകുമാരൻ പറഞ്ഞു.

"പ്രഭോ, ഇതെല്ലാം ചെയ്യുന്നതിനു മുമ്പു് എനിക്കു്...."

"ഒറ്റവാക്കുരിയാടരുതു്"

രാജാവു ഗർജ്ജിച്ചു "എന്റെ ശാസന അവസാനത്തേതാണു് താങ്കൾ എന്നോടപേക്ഷിച്ചതുപോലെ ഞാൻ നൽകാമെന്നു സമ്മതിച്ചു. അതു മതി. ഇനി നാളെ ഉച്ചയ്ക്കു കാണാം".

രാജാവെഴുന്നേറ്റുപോയി, രാജകുമാരൻ, അദ്ദേഹത്തിനുവേണ്ടി സജ്ജമാക്കിയ മുറിയിലേക്കാനയിക്കപ്പെട്ട രാജകുമാരന്റെ മനസ്സു് അസ്വസ്ഥമായി എന്തുകൊണ്ടാണു രാജാവു തന്റെ ഭാര്യയാവാൻപോകുന്ന സ്ത്രീയെ കാണിച്ചുതരാതിരുന്നതു്? രാജകുമാരൻ, തനിക്കായി നിയമിക്കപ്പെട്ട പരിചാരകരോടു സംശയം ചോദിച്ചു അവർ കൈമലർത്തുകയല്ലാതെ ഒന്നും പറഞ്ഞില്ല. പെണ്ണുകാണാനുള്ള രാജകുമാരന്റെ അക്ഷമ വർദ്ധിച്ചുകൊണ്ടിരുന്നു. അപ്പോൾ വാളയത്തിപ്പിടിച്ചുകൊണ്ടു അതികായനായ ഒരു മല്ലൻ കയറിവന്നു. വെട്ടിമിനുക്കിയ വാളിനെ കീർത്തിയോടെ നോക്കി രാജകുമാരൻ ചോദിച്ചു:

"താനാരാണു്?"

"ഞാനോ? ഞാൻ അക്ഷമരായവരെ നിലയ്ക്കു നിർത്തുന്നവൻ, ഞങ്ങളുടെ തിരുമേനിയുടെ ആജ്ഞകളെ നിരസിക്കുന്ന ഏതാളായാലും അയാളെ ചെല്ലുംചെലവും നൽകുന്നതാണു് എന്റെ തൊഴിൽ.

കുറച്ചു കഴിഞ്ഞു രാജകുമാരന്റെ അക്ഷമ വീണ്ടും തികട്ടിയെഴുന്നു. പെണ്ണുകാണാൻ അയാൾ ധൃതികൂട്ടി. അപ്പോൾ കൃപാണധാരിയായിരുന്നു:

"രാജൻ ഇങ്ങിനെ ധൃതികൂട്ടിയാൽ ഈ വാളിന്റെ സ്വാദറിയേണ്ടിവരും."

രാജകുമാരൻ മൂകനായി

ഇംഗ്ലീഷ് വ്യാകരണ പ്രവേശിക

ഇംഗ്ലീഷ് വ്യാകരണം മലയാളത്തിൽ

ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ ഒരേ ഒരു പുസ്തകം. ഒരാഴ്ചകൊണ്ടു് ഭാഷ കൈകാര്യം ചെയ്യാൻ പഠിക്കാം. വില രൂപാ രണ്ടര തപാൽ ക്ലബ്ബി 10 അണ.

ഇംഗ്ലീഷ് മലയാളനിഘണ്ടു പദങ്ങളും, ശൈലികളും, പ്രയോഗവിശേഷങ്ങളും എന്നിവയുടെ നാനാർത്ഥത്തോടുകൂടിയതും അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും തർജ്ജമക്കാർക്കും എന്നുവേണ്ട ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന എല്ലാ മലയാളികൾക്കും അത്യാവശ്യമായ ഒരു ഗ്രന്ഥം ഇതു, 600 പുറം. മുഴുകാഡ്ബോർഡ്. വില രൂപ 6 തപാൽക്ലബ്ബി രൂപാ 1

വിദ്യാധിരാജൻ ബുക്ക്ഡിപ്പോ
പഴവങ്ങാടി (K. W)
തിരുവനന്തപുരം—1

USHA

പിറേദിവസം പട്ടുവസ്ത്രങ്ങളും വിശിഷ്ടനായ രാജകുമാരനെ ഒരു തളത്തിലേയ്ക്കാനയിച്ചു. രാജാവും പരിവാരവും അവിടെയിരുന്നിരുന്ന രാജാവിനെ കണ്ട ഉടനെ രാജകുമാരൻ ചോദിച്ചു:

"വിവാഹത്തിനുമുമ്പു് എനിക്കു്....."

അതു പറഞ്ഞുതീരുന്നതിനുമുമ്പു് ഒരു ഭടൻവന്നു് രാജകുമാരന്റെ കൺകളും ഒരു ടവ്വൽകൊണ്ടു വരിഞ്ഞുകെട്ടി. തന്റെ കണ്ണുകളും അക്രമമായി ബന്ധിച്ചപ്പോൾ രാജകുമാരനു കാര്യം മനസ്സിലായി. അയാളെ കൊണ്ടുപോകുന്നതു കണ്ണുകെട്ടിയ ശിലവലിച്ചുകീറണമെന്നു തോന്നി. അതിനുവേണ്ടി കയ്യുയർത്തിയപ്പോൾ പിന്നിൽനിന്നു് മല്ലന്റെ ശബ്ദം പൊങ്ങി:

"ഞാനിവിടെയുണ്ടു്, തിരുമേനി" രാജകുമാരന്റെ കൈ താനെ വീണു.

പുരോഹിതൻ വിവാഹമന്ത്രങ്ങൾ തന്റെമുമ്പിൽ നിന്നുരുവിട്ട

ന്നതു രാജകുമാരൻ കേട്ടു. ഉടൻതന്നെ സമീപത്തുള്ള പട്ടണത്തിലെ ഉദ്യോഗസ്ഥന്മാരുടെയും പുരോഹിതന്മാരുടെയും അകമ്പടിയോടുകൂടി അയാൾ ചെന്നു. അയാൾ തന്റെ വധുവിനെ കണ്ടു. അവളുടെ സൗന്ദര്യം അയാളെ അത്ഭുതപരതന്ത്രനാക്കി. അയാൾ അവളുടെ കൈപിടിച്ചു. അവൾ അയാളുടെ കൈപിടിച്ചു. അവർ പുരോഹിതന്റെ മുമ്പിൽ നിന്നു. പുരോഹിതൻ അവരുടെ കൈകൾ കൂട്ടിക്കെട്ടി. അവർ ഭാര്യാഭർത്താക്കന്മാരായിത്തീർന്നു.

അവർ ഒരുമിച്ചു കൊട്ടാരത്തിലേക്കു പോയി. അവിടെ അവർക്കുവേണ്ടി വിശിഷ്ടമായ ഒരു വിരുന്നു തയ്യാറാക്കിയിരുന്നു. അവർ ഭക്ഷണം കഴിച്ചു. അതിനുശേഷം അവർ ഒരുമിച്ചു കിടപ്പുമുറിയിലേക്കു പോയി. അവിടെ അവർക്കുവേണ്ടി ഒരു സുന്ദരമായ കട്ടിൽ ഒരുക്കിയിരുന്നു. അവർ അതിൽ കിടന്നു. അവർ ഉറങ്ങിപ്പോയി.

രാജകുമാരൻ ഉണർന്നപ്പോൾ അയാൾ തന്റെ അടുത്തു കിടക്കുന്നതു തന്റെ ഭാര്യയെയല്ലെന്നു കണ്ടു. അയാൾ അത്ഭുതപരതന്ത്രനായി. അയാൾ ചിന്തിച്ചു: "ഞാൻ ഇന്നലെ വിവാഹം കഴിച്ചതു ഈ സ്ത്രീയെയല്ലല്ലോ. ഞാൻ വിവാഹം കഴിച്ചതു മറ്റൊരു സ്ത്രീയെയാണല്ലോ. ഞാൻ ഇന്നലെ കണ്ട സുന്ദരിയെയാണല്ലോ. ഞാൻ ഇന്നലെ കണ്ട സുന്ദരിയെ എവിടെ? അവൾ എവിടെ?"

അയാൾ ഉറക്കെ വിളിച്ചു. അയാളുടെ ശബ്ദം കേട്ടു പരിചാരകന്മാർ ഓടിവന്നു. അവർ ചോദിച്ചു: "എന്താണു പ്രഭോ?"

"എന്റെ ഭാര്യയെവിടെ?"

"അവളിവിടെയുണ്ടല്ലോ" രാജാവിന്റെ ആജ്ഞ അവർ അനുസരിച്ചു. അവർ അവളെ കൊണ്ടുവന്നു. അവൾ വന്നു. അവൾ വന്നപ്പോൾ രാജകുമാരൻ അവളെ നോക്കി. അവൾ അതിസുന്ദരിയായിരുന്നു. അവൾ രാജകുമാരന

സാഹിത്യത്തിലെ സാംസ്കാരിക പ്രവണതകൾ!

— കെ. ആർ. തീരനിലത്ത് —

ബൽസാക്കും, ഫ്ളോബേർട്ടും, സോളയും, മോപ്പസാങ്ങും സാഹിത്യസാംസ്കാരിക രംഗങ്ങളിൽ വന്നിച്ച വിപ്ലവങ്ങൾ സൃഷ്ടിച്ചവരാണ്. എന്നാൽ അവരുടെ നാച്വറലിസവും ഹ്യൂമനിസവും അപകടകരമായൊരു വഴിത്തിരിവിലാണ് ചെന്നെത്തിയത്. അവർ യൂറോപ്യൻ ബൂർഷ്വാലോകത്തിന്റെ പ്രതിനിധികളും, ബൂർഷ്വാ ഹ്യൂമനിസ്റ്റുകളുമായിത്തീരുകയുമാണ ചെയ്തത്. ഫ്ളോബേർട്ടിന്റെ "മാഡം ബോവറി"യും മോപ്പസാങ്ങിന്റെ "ബൽ അമി"യും ആ മഹാരഥന്മാരുടെ വിജയസ്മാരകങ്ങളാണെങ്കിലും ശരി. റിയലിസത്തിന്റെ കാതലായ അംശങ്ങൾ അവ വിനിയോഗിക്കയും ചെയ്തിട്ടുണ്ട്. പക്ഷെ അവരുടെ നാച്വറലിസം അപകടകരമായിരുന്നു എന്നു പറയാതെ തരമില്ല.

യഥാർത്ഥജീവിതത്തെ അഗാധമായ കൈകാര്യംചെയ്ത ഗാൽസ്വർത്തി മുതലായവർക്കും, നിലവിലിരുന്ന വ്യവസ്ഥിതിയുടെമേൽ ആഞ്ഞടിച്ച ഹെമിങ്വേയിനും പുതിയ ഒരു വ്യവസ്ഥിതിയുടെ നാനാമുഖമായ പുരോഗതിക്കും, ശാസ്ത്രീയമായും ബോധപൂർവ്വമായും നേതൃത്വം നൽകുവാൻ കഴിഞ്ഞില്ല വിശിഷ്ടമായ ഓസ്റ്റായുടെ 'എമിലി'വരെയുള്ള കൃതികളും അതിനുദാഹരണങ്ങളാണ്. നിലവിലിരുന്നിരുന്ന ബൂർഷ്വാവ്യവസ്ഥിതിക്ക് ഒരടിയിളക്കം നൽകുവാൻ അവരുടെ കൃതികൾ ഉപകരിച്ചിട്ടുണ്ട്.

ഗോർക്കിയുടെ "വിൽഹേം മീസ്റ്റർ" മനുഷ്യപ്രയത്നത്തെ ഒട്ടുമേ മാനിച്ചിട്ടില്ലെന്നായി കാണുന്നു. വാൾട്ട് വിറ്റ്മാൻ, റോമങ്ങ് മുതലായ ഗ്രന്ഥകർത്താക്കൾ മനുഷ്യനെ മാനിച്ചിട്ടുള്ളവരും, സാമൂഹ്യപുരോഗതിയെ സഹായിച്ചിട്ടുള്ളവരുമാണ്. ടോൾസ്റ്റോയിയുടെ കാലഘട്ടമാകുമ്പോഴേയ്ക്കും അതു കുറച്ചുകൂടി ജീവത്തായും സത്യാത്മകമായും കലാപരമായും ബോധപൂർവ്വം വിജയിച്ചുകാണുന്നുണ്ട്. റഷ്യൻവിപ്ലവത്തിന്റെ കണ്ണാടിയായി ടോൾസ്റ്റോയിയുടെ കൃതികളെ കാണണമെന്ന് ലെനിൻ പറഞ്ഞിട്ടുള്ളതുമതുകൊണ്ടാണ്. മനുഷ്യമഹാസ്നേഹം ജനതയിൽ വളർത്തിക്കൊണ്ടുവരുന്നതിനും, സാംസ്കാരികമായ വിപ്ലവബോധം ജനതയിലുളവാക്കുന്നതിനും അദ്ദേഹത്തിന്റെ കൃതികൾ ഉപകരിച്ചിട്ടുണ്ട്. സാംസ്കാരികമായ വളർച്ചയുടെ അടിത്തറയിലേ എല്ലാ മേഖലകളിലുള്ള വിപ്ലവത്തെയും വിജയിക്കുകയുള്ളൂ. സാംസ്കാരികവിപ്ലവങ്ങൾക്ക് നേതൃത്വം നൽകുകയെന്ന ചരിത്രപരമായ മഹത്തായ കടമയെ ടോൾസ്റ്റോയിയുടെ കൃതികളെയും നിർവഹിച്ചിട്ടുണ്ട്. "അന്നകരിനീന" "യുദ്ധവും സമാധാനവും" 'ഉയിർത്തെഴുന്നേൽപ്പ്' "ടെസ്സാസ്റ്റാപ്പുലകഥകൾ" തുടങ്ങിയ എല്ലാ കൃതികളും അതിനുദാഹരണങ്ങളാണ്. "റിസറക്ഷൻ" എന്ന അദ്ദേഹത്തിന്റെ മഹത്തായ ആഖ്യായിക, റഷ്യൻ ജീവിതത്തിന്റെ പ്രതിഫലനമല്ലാതെ മറ്റൊന്നല്ല. കണ്ണീരും കയ്മയും, പട്ടിണിയും നഗ്നതയും അസ്വാതന്ത്ര്യവും ഭീതിയുമനുഭവിച്ച കേവലം അടിമകളെപ്പോലെ കഴിഞ്ഞിരുന്ന സാറിസ്റ്റ് റഷ്യയിലെ മനുഷ്യസമുദായത്തെ വരച്ചുകാണിക്കുകയാണ് ടോൾസ്റ്റോയികൃതികളുടെ നേട്ടമായിരുന്നു. അങ്ങനെ തങ്ങളെ ശരിക്കും തങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ടുള്ള ആ വരച്ചുകാട്ടൽ, അനന്തരകാലത്ത് റഷ്യയിൽ വിപ്ലവത്തിന് സഹായിക്കുകയും ചെയ്ത സോളയുടെയും ഫ്ളോബേർട്ടിന്റെയും നാച്വറലിസം ലൈംഗിക മനശ്ശാസ്ത്രപ്രവണതകളാൽ പിന്നോട്ടു കടന്നുകണ്ടിരുന്നപ്പോൾ, ടോൾസ്റ്റോയിയുടെ ഗ്രന്ഥങ്ങൾ മനുഷ്യാത്മാക്കളുടെ ഹൃദയകവാടവും തുറന്ന് അകത്തു പ്രവേശിക്കുകയായിരുന്നു. അതതുയരം വെളിച്ചം വീശുകയും തലമുറകളാൽ സമരമനോഭാവമുദിപ്പിക്കുകയും ചെയ്തു

ജീവനുള്ള കഥാപാത്രങ്ങൾ

വിക്ടർ ഹ്യൂഗോയും തോമാസ് ഹാർഡിയും മറ്റും സാംസ്കാരിക വിപ്ലവത്തിനും സാമൂഹ്യപുരോഗതിക്കും സഹായിച്ചിട്ടുള്ളവരാണ്. റോമൻറിക്ക് റിയലിസവും ഹ്യൂമനിസവുമാണ് അവർ സാഹിത്യത്തിൽ കൈകാര്യം ചെയ്തത്. വിക്ടർ ഹ്യൂഗോയിന്റെ "ലാമിറാബ്ളെ" "ഹഞ്ചുബാക്ക് ഓഫ് നോട്ടിസം" മുതലായ ഗ്രന്ഥങ്ങളും സമുദായവും മതവും മനുഷ്യനെ കൂച്ചുവിലങ്ങിടുന്നതും ശരിയുടെ മനുഷ്യപ്രയത്നത്തെ കീഴടങ്ങി നശിക്കുന്നതുമായ നല്ലജീവനുള്ള ചിത്രങ്ങളാണ് പാവങ്ങളിലെ 'ഴാങ്വാങ്ഴാങ്ങ്'നെയും, 'കൊസെത്ത്'നേയും നാം ഒരിക്കലും മറക്കുകയില്ല. "ഹഞ്ചുബാക്ക് ഓഫ് നോട്ടിസം" എന്ന ഗ്രന്ഥത്തിലെ ആ നോട്ടസോം പള്ളിയിലെ കപ്യാരായ ക്വാസനെ ഒരിക്കൽ പരിചയപ്പെട്ടവർക്ക് വിസ്മരിക്കുവാനാകുമോ? വായനക്കാരുടെ മുഴുവൻ സഹാനുഭൂതിയും അനുകമ്പയുമർഹിക്കുന്ന കഥാപാത്രങ്ങളാണ് ഹ്യൂഗോവിന്റെ എല്ലാനോവലുകളിലും ജീവിക്കുന്നത്

തോമാസ് ഹാർഡിയുടെ ടെസ്സ് "ഓഫ് ഡബ്ബർവിൽസ്" എന്ന ഗ്രന്ഥത്തിലെ 'ടെസ്സ്' പ്രത്യക്ഷത്തിൽ പാവപങ്കിലമെന്നു തോന്നുമെങ്കിലും സഹൃദയരുടെ മുഴുവൻ സ്നേഹവും അനുകമ്പയും മതിപ്പും ആ കഥാപാത്രം അർഹിക്കുന്നുണ്ട്. അത്രയ്ക്കു സ്നേഹസമ്പന്നയും പരിശുദ്ധയുമായി അംഗീകരിക്കാൻ നാം നിർബന്ധിതരാകുന്നു. 'അന്നകരിനീന'യിലെ നായകനായ ലിവിൻ തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന ബൂർഷ്വാവ്യവസ്ഥിതിയുടെ തികഞ്ഞൊരു സിംബലാണെങ്കിൽ; ഗോർക്കിയുടെ 'മദർ' എന്ന ആഖ്യായികയിലെ നായകനായ പാവൽ, തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ, പുതിയൊരു വ്യവസ്ഥിതിയുടെ പ്രതിനിധിയും യോദ്ധാവുമാണ്. മനുഷ്യസ്നേഹത്തിന്റെ അകാരംപൂണ്ട ആ രൂപം മറക്കുന്നതല്ല

സുപ്രസിദ്ധ നോർവ്വീജിയൻ നോവലിസ്റ്റായ നട്ഹാംസന്റെ കഥാപാത്രങ്ങളെല്ലാം നല്ല ജീവനുള്ള പ്രതിരൂപങ്ങളാണ്. അദ്ദേഹത്തിന്റെ 'അഗസ്റ്റസ്', എന്ന കഥാപാത്രത്തെ മറക്കാതിരിക്കാൻ വയ്യ. 'അഗസ്റ്റസ്' ആദ്യമായി 'ഒരണ്ടികം' എന്ന നോവലിലാണ് പ്രത്യക്ഷപ്പെടുന്നത്. 'ആറ് മലിഗ്' എന്ന പേരോടുകൂടി അഗസ്റ്റസ് വീണ്ടും "The road leads on" എന്ന നോവലിൽ പുനർജീവിക്കുന്നുണ്ട്. ഒരേസമയം വ്യക്തിയുടെയും സമൂഹത്തിന്റെ പ്രതിനിധിയും, ആധുനിക കാലഘട്ടത്തിന്റെ പ്രതിഫലവും, വ്യവസായീകരണത്തിന്റെ പ്രവാചകനുമാണ് നട്ഹാംസന്റെ ജീവത്തായ അഗസ്റ്റസ് എന്ന കഥാപാത്രം.

റഷ്യൻ ഗ്രന്ഥകർത്രിയായ വാൻഡാവാസിലിയുവിസ്കിയുടെ 'റയിൻബോ' എന്ന പ്രോലിട്ടേറിയൻ നോവലിൽ ഓജസ്സുള്ള നല്ല മിഴിവും വെണ്മയുമുള്ള ധീരവതിയായ ഒരു കഥാനായികയെകാണാം 'ഒക്സീന' എന്ന ആ കഥാപാത്രം യുദ്ധാവസരങ്ങളിൽ ശത്രുക്കളോട് സധീരം പടപൊരുതുവാനുള്ള ആത്മധൈര്യവും സമരമനോഭാവവും ത്യാഗബുദ്ധിയുമുദിപ്പിക്കുന്ന ഒരു ധീര നായികയാണ്, സ്ത്രീകളിലും കുട്ടികളിലും വന്നിച്ച സ്വാധീനതയിലെത്തുവാൻ ആ നായികയ്ക്കു കഴിഞ്ഞിട്ടുണ്ട്.

വിശ്വസാഹിത്യത്തിൽ മായാത്ത വ്യക്തിമുദ്ര സമ്പാദിച്ചിട്ടുള്ള അമേരിക്കൻഗ്രന്ഥകർത്താവായ ഏണസ്റ്റ് ഹെമിങ്വേയുടെ കഥാപാത്രങ്ങളും മനസ്സിൽനിന്നെളുപ്പം മാഞ്ഞുപോകുന്നതല്ല. ജീവിതത്തെ സ്നേഹിക്കുവാനും, കർത്തവ്യം നിറവേറ്റുവാനും ജനതയെ പഠിപ്പിക്കുന്ന കഥാപാത്രങ്ങളെയാണ് അദ്ദേഹത്തിന്റെ

നോവലുകളിൽ കാണുന്നതു് "For Whom the Bell Tolls" എന്ന പ്രസിദ്ധ നോവലിലെ കഥാനായകനായ 'റോബെർട്ടു് ജോർസനും' കഥാനായികയായ 'മേറിയ'യും അതിനു തെളിവാണു്.

മനുഷ്യമഹാസ്നേഹത്തിന്റെ മായാത്ത സിംബലാണു് ഹെമിംഗ്വേയുടെ 'The snows of Kilimanjaro' എന്ന കഥയിലെ 'ഹാരി'യെന്ന നായിക. ഒരു വെപ്പാട്ടിയാണെങ്കിലും, തന്റെ ശത്രുവിനെപ്പോലും, ഒരു മനുഷ്യനെന്ന നിലയിൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന 'ഹാരി'യുടെ മനുഷ്യസ്നേഹത്തിന്റെ തികഞ്ഞ ഒരു പ്രതിരൂപമാണു്. "The sun also rises" എന്ന നോവലിലെ ഫിസ്റ്റാ (fista) എന്ന നായിക അടങ്ങാത്ത കാമവികാരങ്ങളുടെയും. ശൈഥില്യങ്ങളുടെയും പ്രതിച്ഛായയാണെങ്കിൽ 'ഹാരി' സഹതാപമർഹിക്കുന്നവളും സ്നേഹസമ്പന്നയുമാണു്. Fore well to arms എന്ന നോവലിൽ പ്രേമത്തിന്റെ മഹാകാവ്യവുമായി ഒരു ഇംഗ്ലീഷുകാരി പ്രത്യക്ഷപ്പെടുന്നുണ്ടു്. ഒരു ആംബുലൻസ് ലെഫ്റ്റനന്റായ ഒരമേരിക്കനും അ ഇംഗ്ലീഷുകാരിയായ നേഴ്സുമായി പ്രേമബദ്ധരാകുകയാണു്. എന്നാൽ സ്നേഹസമ്പന്നനായ കാതറിൻ ബാർക്ലെ പ്രസവിച്ചു കുട്ടിയോടൊപ്പം മരിക്കുകയാണു് ചെയ്യുന്നതു്. ഫ്രെഡറിക്ക് ഹെൻറി യെന്ന ആ അമേരിക്കക്കാരൻ ലെഫ്റ്റനന്റു് നിരാശനും ഏകാകിയുമായിത്തീരുന്നു. വായനക്കാരുടെ ഉള്ളുഴിഞ്ഞ സഹതാപം ഈ രണ്ടു കഥാപാത്രങ്ങളും അർഹിക്കുന്നുണ്ടു്.

ഗോർക്കിക്കു ശേഷം റഷ്യൻ വിപ്ലവാനന്തരം ഒട്ടേറെ പ്രശസ്തി നേടിയിട്ടുള്ള വിശ്വസാഹിത്യകാരിത്തത്തിലെ ഒരുത്തമനാണു് ഒരെക്കേൽ ഷോളോക്കോവു്. അ ദ്ദേഹത്തിന്റെ കഥാപാത്രങ്ങളെ മായി പരിചയപ്പെട്ടുന്നവർക്കു്, അ കഥാപാത്രങ്ങൾ നൽകുന്ന ചൂടേറിയ അനുഭവങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാൻ സാധ്യമല്ല 'ടിഖി ഡോൺ' എന്ന നോവലിൽ 'ഇലിനിച്ചിനെ' എന്ന സ്നേഹസമ്പന്നയായ ഒരമ്മയെ നിങ്ങൾക്കു കാണാം. ഈ രണ്ടു പാരമ്പര്യങ്ങളുടെയും മദ്ധ്യത്തിൽക്കിടന്നു വട്ടംതിരിയുന്ന ഗ്രഗറിമെലെഹോവിനെയും നാം മറക്കുകയില്ല

പഴയതും പുതിയതുമായ രണ്ടു പാരമ്പര്യങ്ങളുടെയും തികഞ്ഞ ഒരു പ്രതിനിധിയാണു് ഗ്രഹറിമെലെഹോവു്. എന്നാൽ തികച്ചും അഭിമാനസമ്പന്നനും മനുഷ്യമഹാസ്നേഹിയുമായ ഒരു കഥാപാത്രമാണു് "Virgin soil uprooted" എന്ന ആഖ്യയികയിലെ സെക്രട്ടേറിയേവിഡോഫ് എന്ന പേരിൽ പ്രത്യക്ഷപ്പെടുന്നതു്. അ അഭിമാനസമ്പന്നനായ കഥാനായകനെ ഏതെങ്കിലും നിന്ദ്യ അഭിനന്ദനങ്ങളോടെ നാം വീക്ഷിക്കുകയില്ല.

സോഷ്യലിസ്റ്റു് റിയലിസത്തിന്റെ ജനയിതാവും റഷ്യൻ വിപ്ലവത്തിന്റെ പ്രേണേതാവും, പുത്തൻതലമുറയുടെ വാക്താവുമായ മാക്സിം ഗോർക്കിയാണു് സാഹിത്യത്തിൽ ആദ്യമായി അഭ്യാനിക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ ശബ്ദമുയർത്തിയതു്. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെല്ലാം ഒരു പുതിയ വെളിച്ചത്തിന്റെ സന്ദേശവാഹകരും, മനുഷ്യമഹാസ്നേഹികളും മനുഷ്യമഹത്വത്തേയും ശക്തിയേയും മാനിക്കുന്നവരുമാണു്.

അഭ്യാനിക്കുന്ന മനുഷ്യവംശത്തിന്റെ ഹൃദയത്തുടിപ്പും, മനുഷ്യസ്നേഹത്തിന്റെ മഹത്തായ ശബ്ദവുമാണു് ഗോർക്കിയുടെ കഥാപാത്രങ്ങളിൽനിന്നും നാം ശ്രവിക്കുന്നതു് പാവലും, നദാഷയും, സ്നേഹസാന്ത്വനിയായ അ 'അമ്മ'യും എല്ലാം ഒരേ ശബ്ദത്തിൽ സഹാനുഭൂതിയുന്നതും, സമഭാവസുന്ദരമായ ഒരു പുതിയ യുഗത്തിന്റെ പുലരിയെയാണു്

'മനുഷ്യൻ ഹാ അതെത്രയോ അത്ഭുതപ്രപഞ്ചമാണു്, എന്നാണു് ഗോർക്കി പറഞ്ഞിട്ടുള്ളതു്. അഭ്യാനിക്കുന്ന മനുഷ്യവർഗ്ഗത്തെ സാഹിത്യത്തിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു് ജീവിതത്തിൽ കലയും രാഷ്ട്രീയവും ഒത്തൊരുമിച്ചുകൊണ്ടു്, പ്രതിഭയുടെ തീപ്പന്തവുമായി ഗോർക്കിയിൽനിന്നു സാഹിത്യത്തിലേയ്ക്കു കടന്നവരുകയാണുണ്ടായതു്. സ്വന്തം അനുഭവങ്ങളുടെ ജീവരക്തത്തിൽ നിന്നാണു്, ചുറ്റുപാടും കാണുന്ന സാമൂഹ്യവൈതരണ്യങ്ങളിൽ നിന്നാണു് ഗോർക്കി തനിക്കു വേണ്ട അസംസ്കൃതപദാർത്ഥങ്ങൾ കണ്ടെടുത്തതു്. നവുമായുണ്ടായ ചൈതന്യത്തോടെ ആ അസംസ്കൃത പദാർത്ഥങ്ങൾക്കു് ഗോർക്കി തന്റെ വിശേഷരൂപങ്ങളിൽ ജീവൻ കൊടുക്കുകയും ചെയ്തു.

'അമ്മ' 'മനുഷ്യപുത്രൻ' 'ശത്രുക്കൾ' എന്നീ ഗ്രന്ഥങ്ങളിലും My Universities" "My-Apprentice ship" 'My Childhood' എന്നീ ആത്മകഥാകഥനങ്ങളിലും കൂടി ഗോർക്കി ജീവിതത്തിനു് നവ്യമായൊരു വഴി അദ്ദേഹം തിരഞ്ഞെടുക്കുകയാണുണ്ടായതു്. ബൂർഷ്വാസിയുടെ നിരവധി നാടകങ്ങളും, മനുഷ്യജീവിതത്തിൽ ഇന്നു് ഒട്ടേറെ സ്വാധീനശക്തി ചെലുത്തി കഴിഞ്ഞിട്ടുണ്ടു്. പുതിയ കാലത്തിൽ സാമൂഹ്യജീവിതത്തിൽ സാംസ്കാരികങ്ങളായ സ്വാധീനശക്തികളും ചെലുത്താത്ത ഗ്രന്ഥങ്ങളും എഴുത്തുകാരും വിരളമല്ലാതായി തീർന്നിട്ടുണ്ടു്. സാംസ്കാരികമായ പ്രവണതകളുടെ ഫലമായിട്ടുണ്ടാകുന്ന സാംസ്കാരിക മുന്നേറ്റങ്ങളിലാണു് മാനുഷിക മൂല്യങ്ങളുടെ വളർച്ചയും നിലനിൽപ്പും സ്ഥിതിചെയ്യുന്നതു്. സാംസ്കാരിക മൂല്യങ്ങളുടെ മുതൽക്കൂട്ടുകളും അപ്പോൾതാനെ ഉടലെടുത്തുകൊള്ളും ഈ സാംസ്കാരിക പ്രവണതകളുടെ സാഹിത്യത്തിൽ ഏതാണു് ഗ്രന്ഥങ്ങളും ഗ്രന്ഥകർത്താക്കളുമാണു് കൂടുതൽ കയ്യെടുത്തിട്ടുള്ളതു്? തന്നു് മറ്റൊരവസരത്തിൽ പറയാം. ഒരുപ്പമായ വ്യാഖ്യാനം, അഥവാ ഒരെത്തിനോട്ടം മാത്രമെ ഈ ലേഖനം കൊണ്ടു് ഉദ്ദേശിക്കുന്നുള്ളൂ സാംസ്കാരിക പ്രവണതകളും മൂല്യങ്ങളും സാഹിത്യത്തിൽ നിന്നും ചോർന്നു പോകാതെ, സാഹിത്യം സാംസ്കാരിക മൂല്യങ്ങൾക്കായി വളരട്ടെ!

,,,,,,

മഹോന്നതം
തുംഗവാൻസായ്
(14-ംപേജിൽ നിന്നും തുടർച്ച)

അതു വെളിപ്പെടുത്തുകയാണു്. മാനുഷികാംശമില്ലാത്ത ഏതു നന്മയും എനിക്കു രുചിക്കാറില്ല.

ലി—"ക്രൂരതയോ?"

ഞാൻ—"വസ്ത്രധാരണത്തിലും, ആഹാരത്തിലും സഞ്ചാരസഹകർമ്മങ്ങളിലും നേതാക്കന്മാരും സാധാരണജനങ്ങളും തമ്മിൽ മിതമായ വ്യത്യാസമുണ്ടായിരിക്കുന്നതു് തത്വപരമായി ശീർത്തയാണു്. കാലക്രമത്തിൽ അതു അഴിമതിക്കും ഉദ്യോഗസ്ഥദുഷ്പ്രഭുത്വങ്ങിനും വഴിതെളിക്കാതിരിക്കയില്ല

ലി—"അഴിമതിക്കും ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിനും അല്ലാവഴി തെളിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നതെന്തുകൊണ്ടാണു്?"

ഞാൻ—ക്രമേണ അതു് ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിക്കും. ചൈനാക്കാരായാലും വിദേശികളായാലും നേതാക്കന്മാരോടും അവരുടെ അനുയായികളോടും പെരുമാറുന്നതിൽ നിങ്ങൾ പ്രദർശിപ്പിക്കുന്ന വ്യത്യസ്തം ഞാൻ ചൈനയിൽ പ്രവേശിച്ച നാൾമുതല്ലേ ശ്രദ്ധിച്ചുതുടങ്ങിയതാണു്.

ലീ അവർ പ്രതിനിധാനം ചെയ്യുന്ന രാജ്യങ്ങളോടു് ഞങ്ങൾക്കുള്ള ബഹുമാനം കാണിക്കാനായാണു് നേതാക്കന്മാരെ ഞങ്ങൾ പ്രത്യേകമായി ബഹുമാനിക്കുന്നതു്. അനുയായികൾതന്നെയല്ലേ അവരെ നേതാക്കന്മാരായി തിരഞ്ഞെടുത്തതു്.

ഞാൻ ഇതേവരെ സ്ഥാനമായരൂപമാറ്റം സോഷ്യലിസ്റ്റ് സ്ഥിതി സമത്വത്തിനു യോജിച്ചതല്ല. ഒരു പക്ഷേ ഞങ്ങളുടെ രാഷ്ട്രീയ സ്വഭാവമായിത്തീർന്നിരിക്കുന്നതാണു് സ്റ്റാലിൻ തത്വ സംഘടിത കൂടിച്ചേർന്നു് എന്റെ വീക്ഷണശക്തി അകെ കുഴഞ്ഞുമറിഞ്ഞതു കൊണ്ടോ വാം. നേതാക്കന്മാരും അനുയായികളും ഒരു രാജ്യത്തെ തുല്യമായി പ്രതിധീകരിക്കുന്നു. എന്നാണെന്റെ അഭിപ്രായം. എന്നതുമാത്രമല്ല അദ്ദേഹവു കാണിക്കുന്ന പ്രത്യേക താൽപ്പര്യമായതുകൊണ്ടല്ല ഞാനും നിങ്ങളുടെ ചിന്താഗതി ഈ പ

വെറും രണ്ടാഴ്ചകൊണ്ടുമാത്രം ശമിപ്പിക്കാം

സപ്തസ്വഘ്നം, ശീഘ്രസ്വഘ്നം മുതലായ ഇന്ദ്രിയസ്വഘ്നരോഗങ്ങളും അവ ഏതു പഴക്കമേറിയതായാലും ശരി സിദ്ധൗഷധത്താൽ **സ്വഘ്നനിവാരണി** എന്ന അമൂല്യ വെറും രണ്ടാഴ്ച കൊണ്ടു പരിപൂർണ്ണമായി ശമിപ്പിക്കുമെന്നു ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

മൂത്രത്തിനു മുമ്പോ പിമ്പോ, തുള്ളുപോലെയോ, കൊഴുത്തോ, മൂത്രത്തിൽ കുഴന്നോ, സ്വപ്നം കണ്ടോ, അല്ലാതെയോ, ഭഗനം, സ്പർശനം, മുതലായവകളാൽ പെട്ടെന്നോ ഉണ്ടാകുന്ന ഏതുതരം ഇന്ദ്രിയസ്വഘ്നരോഗങ്ങളും അവയൊന്നുകൊണ്ടും ശമിക്കാത്ത നിലയിൽ എത്തിയിരുന്നാൽപോലും ഒരു ഡപ്പി ''സ്വഘ്നനിവാരണി'' കൊണ്ടുമാത്രം രോഗശാന്തി വരുത്താമെന്നു ഇതാ പരസഹസ്രം അനുഭവത്തിന്റെ പേരിൽ വീണ്ടും ഞങ്ങൾ ഉറപ്പുതരുന്നു.

വില ഡപ്പി 1 ക്കു 5 ക 8 ണ —— വി. പി. ചാർജ്ജു 1 ക. 2 ണ.

വി. എസ്. കേശവൻവൈദ്യൻ, വൈദ്യകലാനിധി

S. D. ഫാർമസി, നാഗമഹാൽ, Alleppey P. O.

(ഇന്ത്യ) 95. Rayapetah High Road Luz. Madras 4.

തുക വഴിയിൽക്കൂടി വ്യാപരിക്കുന്നുകൊണ്ടാണു് ഈ വ്യത്യസ്ഥത നിങ്ങൾ സ്വീകരിച്ചിരിക്കുന്നതു എന്നുകൂടി ഞാൻ വിചാരിക്കുന്നു.

കു—അടുത്ത വർഷം മുതൽ നിങ്ങളുടെ ഈ അഭിപ്രായം വിദേശപ്രതിനിധികളെ സംബന്ധിക്കുന്നകാര്യത്തിൽ ഞങ്ങൾ പരിഗണിച്ചോളാം.

ഞാൻ—വിദേശപ്രതിനിധികളെ കുറിച്ചൊന്നിനക്കാൻ പരാതിയുമില്ല. അവർ തങ്ങളുടെ രാജ്യങ്ങളിൽ തിരിച്ചുചെല്ലുമ്പോൾ വ്യത്യാസപ്പെട്ടുകാണും പുതിയ ചൈനയുടെ മഹിമയെക്കുറിച്ചാണു് ഞാൻ വ്യാകുലപ്പെടുന്നതു്. കാലക്രമത്തിൽ ഇതു ചൈനയ്ക്കു ഗുണകരമായിരിക്കുമെന്നനിക്കു തോന്നുന്നില്ല

ലീ—ഞങ്ങളുടെ പ്രധാനമന്ത്രിക്കു് ഒരു സാങ്കേതിക വിദഗ്ദ്ധന്റെ വേതനത്തിൽ വളരെക്കൂടുതലായൊന്നും ലഭിക്കുന്നില്ല.

ഞാൻ വേതനമല്ല പ്രശ്നം ജീവിതത്തോടു് ആണു് കണക്കാക്കേണ്ടതു്.

ലീ—ഞങ്ങളുടെ ഭാഷാശാസ്ത്രികളിൽ ഭൂരിഭാഗവും വിദേശഭാഷകളിൽ ബിരുദം നേടിയിട്ടുള്ളവരാണു് അവക്കു ലഭിക്കുന്ന വേതനവും അവരുടെ ജീവിതത്തോടും ഒരു വിദഗ്ദ്ധ തൊഴിലാളിയുടേതിൽ നിന്നും ഉയർന്നതല്ല.

ഞാൻ—നിങ്ങളുടെ കേഡറുകളുടെ ഉയർന്ന ധാർമ്മികനിലവാരത്തെ ഞാൻ അനുമോദിക്കുന്നു.

ലീ—ഞങ്ങളുടെ കേഡറുകളിൽ മുക്കാൽപങ്കും വിമോചനസമരത്തിൽക്കൂടി വികസിച്ചുവന്നവരാണു്.

ഞാൻ—അതുകൊണ്ടാണു് അവരും നിങ്ങളെപ്പോലുള്ള നേതാക്കന്മാരും എപ്പോഴും വഴിതെറ്റിപ്പോകാത്തതു് ഇപ്പോഴത്തെ നേതാക്കന്മാരെല്ലാം പുതിയ ചൈനയുടെ ജന്മത്തിനുവേണ്ടി വളരെയേറെ ത്യാഗം സഹിച്ചിട്ടുള്ളവരാണു് സാധാരണജനങ്ങളും സഹിച്ചിട്ടുള്ള ദുരിതങ്ങളേയും ത്യാഗങ്ങളേയുംപറ്റി അവർക്കു ബോധവുമുണ്ടു്. അതുകൊണ്ടു് അവർ അഴിമതിക്കാരായില്ല. പക്ഷെ അടുത്ത തലമുറയോ?

ലീ—ഞങ്ങളും എല്ലാ വളർച്ചകളേയും സൂക്ഷ്മമായി ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണു് ഉദ്യോഗസ്ഥദുഷ്പ്രവൃത്തികൾക്കു ലാഞ്ഛനകിംകുന്നിലേ തന്നെ നശിപ്പിക്കുകയും ചെയ്യും.

ഞാൻ—നിങ്ങൾക്കു കുന്നോ പർവ്വതമോ പായൽ പറിച്ചുകളയാൻ സാധിച്ചു എന്നു വരും പക്ഷെ കാലവസ്ഥയുടെ സഹായംകൊണ്ടു് കൃഷിനിലം നിറയെ പായലുണ്ടാവുകയാണെങ്കിൽ കൃഷിക്കു കേടുതട്ടാതെ അതെല്ലാം പറിച്ചുകളയാൻ സാധ്യമാകുമോ അതുകൊണ്ടാണു് വർത്തമാനകാലം എങ്ങനെയായിരിക്കണമെന്നല്ല, ഭാവിതലമാണു് സ്വീകരിക്കേണ്ടതെന്നതാണു് കണക്കാക്കപ്പെടേണ്ടതെന്നു ഞാൻ പറഞ്ഞതു്.

ലീ—മറ്റൊന്നു്?

ഞാൻ—ട്രേഡ് യൂണിയൻ പ്രവർത്തകൻ മനഃശ്ശാസ്ത്രജ്ഞൻ എന്നീ നിലകളിൽ പീസുവക്കു് സിയുത്തിന്റെ യാത്രികമായ പ്രയോഗത്തെ ഞാൻ സ്വീകരിക്കുന്നില്ല. സോഷ്യലിസത്തിനു് 'ജോലിക്കനുസരണമായ പ്രതിഫലം നൽകൽ' എന്ന വ്യാഖ്യാനം കൊടുക്കുന്നതിനോടു് ഞാൻ അടിസ്ഥാനപരമായി വിയോജിക്കുന്നു.

ലീ—മനഃശ്ശാസ്ത്രംകൊണ്ടാണു് വ്യവസായങ്ങളുടെ ഏറ്റവും താഴ്ന്നക്രമത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു് അതിൽ കുറയാൻ പാടില്ല എന്ന വ്യവസ്ഥയുമുണ്ടു്. ഈ താഴ്ന്നക്രമത്തിനുപോലും സുഖകരമായ ജീവിതത്തെ പോലുന്നതുമാണു്. സാങ്കേതികപരിചയമില്ലാത്തവർക്കു് വൈദഗ്ദ്ധ്യംനേടി ഏതു ഉയർന്ന സ്ഥാനങ്ങളിലും എത്തുന്നതിനുള്ള സഹചര്യങ്ങളുണ്ടു്. ഞങ്ങൾക്കു് അസംഖ്യം എൻജിനിയന്മാരുടേയും സാങ്കേതികവിദഗ്ദ്ധന്മാരുടേയും ആവശ്യമുണ്ടു്.

ഞാൻ—വ്യവസായങ്ങളെല്ലാം ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലെ ബുദ്ധിമാന്മാരായ യുവാക്കളെ സംബന്ധിച്ചിടത്തോളം അതു വാസ്തവമായിരിക്കാം. പക്ഷെ ഏറെക്കാലം ക്രമിൻഗ്രൂപ്പ് ഭരണത്തിൻകീഴിൽ കഠിനാദ്ധ്വാനം ചെയ്തിട്ടുള്ള സാങ്കേതികപരിചയമില്ലാത്ത യുവാന്മാരുടെകാര്യമോ?

ലീ—യുവാക്കന്മാരും അയാളുടെ വയോധികരക്ഷിതാക്കളുടെ ധർമ്മരക്ഷയ്ക്കായി ഗ്രാമങ്ങളിലേയ്ക്കു പോകണം. അവിടെ അവർ സംരക്ഷിക്കപ്പെടട്ടെ. മുകൾനിലയിലെ ഉദ്യോഗമെഴുന്നള്ളത്തെ താഴിലാളികളുടെ സ്ഥാപനം താങ്കൾ കണ്ടില്ലെ?

ഞാൻ—വളരെക്കാലത്തെ പഴക്കമുള്ള ഒരു ട്രേഡ് യൂണിയൻ പ്രവർത്തകനും രാഷ്ട്രീയപ്രവർത്തകനുമായ ഞാൻ അത്തരം പ്രദർശനങ്ങളിൽ മതിമറന്നിപ്പോവുകയില്ല. കരതലകപോലും മനഃസ്പർശിക്കാൻ കഴിയാത്തവണ്ണം ചൈനയിലെ വയോവൃദ്ധരുടെ പ്രശ്നം അത്രകണ്ടു് ഭീമമാണു്. പ്രായാധിക്യംകൊണ്ടു് തൊഴിലിൽനിന്നും വിരമിച്ച ലക്ഷോപലക്ഷം പേരെ എങ്ങനെയാണു് പോറ്റിവളർത്തുക?

ലീയു—ഇവിടുത്തെ വ്യവസായ തൊഴിലാളികളും നാൽപതു ലക്ഷത്തോളം വരും. കഷ്കരുടെ ഇടയ്ക്കു് ഗ്രാമങ്ങളിൽ ലക്ഷക്കണക്കിനു് പുതു ജനങ്ങളും കാണും. വ്യവസായ തൊഴിലാളികളെ സംബന്ധിച്ചുണ്ടെങ്കിൽ, പെൻഷൻ കൊടുത്തു് പിരിച്ചയയ്ക്കേണ്ടവരുടെ സംഖ്യ അത്ര വലിച്ചുതല്ല പോരെങ്കിൽ ഇൻഷ്വറൻസു് പദ്ധതികളുമുണ്ടു്.

ഞാൻ—മൂന്നു ശതമാനം ഇൻഷ്വറൻസു് തികച്ചും അപര്യാപ്തമാണു് ഇന്ത്യയിൽ, മറ്റുള്ള എല്ലാ വ്യവസായങ്ങളിലും സ്ഥാപനങ്ങളിലും പ്രൊവിഡൻറ് ഫണ്ടും ഗ്രാറ്റുവിറ്റിയും കൊടുത്തുവരുന്നുണ്ടു് ഇതിനു പുറമെ അപകടത്തിൽ കൂടുന്നവർക്കു് നഷ്ടപരിഹാരവും, പിന്നെ മെഡിക്കൽ ബനിഫിറ്റും മറ്റും നിയമപ്രകാരം വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇൻഷ്വറൻസു് പദ്ധതികളും പ്രചരിപ്പിച്ചുവരുന്നുണ്ടു്.

ലീയു—ഇൻഷ്വറൻസു ഫണ്ടിലേക്കു് മുന്നൂറുശതമാനമേയുള്ളു. അതുകൊണ്ടുതന്നെ പതിനഞ്ചുശതമാനമുണ്ടു്.

കടപ്പാട് മലയാളി

ഞാൻ— താൽക്കാലികസ്വഭാവമുള്ള ക്ഷേമപ്രവർത്തനങ്ങൾക്കാണ് ശ്രേഷ്ഠം നീക്കിവച്ചിട്ടുള്ളത്. പതിനഞ്ചു് കൊല്ലം കഴിയുമ്പോൾ പെൻഷൻ പ്രശ്നം തുടങ്ങാനാവശ്യതായി തീരും

ഇതുമായിബന്ധപ്പെട്ടു ഞങ്ങൾ ഹോട്ടലിൻറെ പിൻഭാഗത്തെത്തുകയും, ലീയുനിംഗുമായി സംസാരിക്കാൻ പല പ്രതിനിധികളും കത്തിരുന്നതുകൊണ്ടു് ഞങ്ങളുടെ സംഭാഷണം പെട്ടെന്നു് അവസാനിക്കുകയും ചെയ്തു. (ഞങ്ങളുടെ സംഭാഷണം കഴിഞ്ഞയുടൻ ഓർമ്മയിൽ നിന്നും കുറിച്ചെടുത്തതാണ് മുകളിൽ എഴുതിയിരിക്കുന്നതു്)

മേയ് ഇരുപത്തിഏഴാംതീയതി വൈകുന്നേരം, എന്നോടു് അവസാനമായി കുറച്ചു സംസാരിക്കണമെന്നു് സ. ചെൻയിൽ അഭ്യർത്ഥിച്ചു. നിശ്ശബ്ദമായ ഒരു സ്ഥലത്തുവച്ചു് ഞങ്ങൾ കണ്ടുമുട്ടി. അദ്ദേഹം ഭൂനയത്തെപ്പറ്റി വിശദീകരിക്കാൻ തുടങ്ങി. ഭൂപരിഷ്ക്കരണങ്ങൾക്കു് മാർഗ്ഗദർശകമായ ആദർശങ്ങൾ രണ്ടാണു്:

1. കർഷകരുടെ ഭൂദാഹം ശമിപ്പിക്കണം.

2 ഭൂപരിഷ്ക്കരണങ്ങളെക്കുറിച്ചുള്ള സ്റ്റേറ്റിൻറെ നയം അംഗീകരിക്കണം.

കർഷികസഭയുടെ പരമാവധി നിർണ്ണയിക്കപ്പെട്ടിട്ടില്ല. പൊതുസ്ഥലങ്ങൾ ജന്മിമാരുടെ അധീനതയിലുള്ള ഭൂമിയും ഭൂമിയില്ലാത്ത കർഷകർക്കു് വിതരണം ചെയ്യുന്നതിനു് തികയാത്തതുകൊണ്ടു്, കുറെ ഭൂമി ധനികകൃഷികാരിൽ നിന്നും, അവരോടു് ആലോചിച്ചുകൊണ്ടു് ഗവർമ്മേൻറിനു് കൈമാറുകയുണ്ടായി. സൂക്ഷ്മമായ നിയമങ്ങളൊന്നും ഇല്ല. ഭൂമിയെ പരാമർശിക്കുന്ന നിയമങ്ങൾ ലംഘിക്കാതെ, ആവശ്യമായ നടപടികളും സ്വീകരിക്കാൻ കർഷക സംഘടനകൾക്കും തദ്ദേശനേതാക്കന്മാർക്കും അനുവാദമുണ്ടു്.

ഞാൻ:

മതസ്ഥാപനങ്ങളുടെ ഉടമയിലിരുന്ന ഭൂമി എന്തുചെയ്തു?

ചെൻയിൻ:

ജനങ്ങളെ മർദ്ദിച്ചുകൊണ്ടിരുന്ന മതവിഭാഗങ്ങളുടെ അധീനതയിലിരുന്ന കുറെഭൂമി കർഷകർക്കായി വിതരണംചെയ്തു. പക്ഷെ, സാധാരണയായി അത്യാവശ്യമുള്ള ഭൂമി, കർഷകരുടെ അനുമതിയോടുകൂടി കയ്യിൽവച്ചുകൊണ്ടിരിക്കാൻ അനുവദിക്കുന്നുണ്ടു്.

ഞാൻ:

സഹകാര്യസമിതികളുടെ ഘടനയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ചെൻയിൻ:

അതു് വ്യവസായത്തേയും ഭേദിയുടെ പ്രാധാന്യത്തേയും ആശ്രയിച്ചിരിക്കും. ഓരോന (Demand) വളരെയുള്ള സാധനങ്ങളും ഉൽപാദിപ്പിക്കുന്ന വ്യവസായങ്ങൾക്കു് ക്രമേണ ലാഭം കുറച്ചും ഭേദിയവ്യവസായങ്ങളും വളരുകയും പ്രാമാനവും ഓരോനയും (Supply and Demand) തമ്മിലുള്ള അകൽച്ച കുറയുകയും ചെയ്യുമ്പോൾ അവരുടെ ലാഭം കുറയും.

ഞാൻ

ഈ മുതലാളിമാരെ മുഴുപ്പോട്ടു പോകാനനുവദിക്കുന്നതു് അപകടമല്ലേ?

ചെൻയിൻ

അവർ അപകടകാരികളായിത്തീരുന്നുണ്ടെങ്കിൽ, അവരുടെ സ്വത്തെല്ലാം ഞങ്ങൾ കണ്ടുകെട്ടും. ഇന്നു് അവരുടെ സാമ്രാജ്യത്വബന്ധങ്ങളെല്ലാംവിച്ഛേദിക്കപ്പെട്ടിട്ടുണ്ടു്. അവർക്കു് പരമാവധി വരുത്തിക്കൂട്ടാൻ കഴിയുന്ന കഴപ്പും കർഷകരുടെയിടയിലായിരിക്കും. അതുകൊണ്ടു് കർഷകരുമായുള്ള അവരുടെ ബന്ധവും വിച്ഛേദിക്കപ്പെട്ടുകൊണ്ടിരിക്കുകയാണു്. ഉൽപ്പാദകനും ഉപഭോക്താവും തമ്മിലുള്ള സഹകരണപ്രസ്ഥാനം ഗ്രാമപ്രദേശങ്ങളിലേയ്ക്കു് വ്യാപിച്ചുകൊണ്ടിരിക്കുകയാണു്. കർഷകത്തൊഴിലാളിഐക്യം ഭേദപ്പെടുത്തുകയും ചെയ്തു. ഇതിനെല്ലാം പുറമെ വിപുലമായ തോതിൽ ശ്രമപൂണ്ട വരുന്നുണ്ടു്.

ഞാൻ

ചാമാമാക്കും മറ്റു പുരോഹിതന്മാക്കും അവരുടെ ഈ അലസജീവിതംനയിക്കാൻ നിങ്ങളും ധനം വ്യയംചെയ്യുന്നതെന്തിനാണു്?

ചെൻയിൻ

അവർ തിന്നുംകുടിച്ചും ജീവിക്കട്ടെ. ഞങ്ങളും അതിനു് ധനം വ്യയംചെയ്തില്ലെങ്കിൽ അവർ സാധുക്കളായ ജനങ്ങളെ പൂഷണം ചെയ്യുകയും സാമ്രാജ്യത്വവുമായും രാജ്യദ്രോഹികളുമായും കൂട്ടുചേരുകയും ചെയ്യും. അവരെ പരിരക്ഷിക്കുന്നതുമൂലം നാം അവരെ നമ്മുടെ അണികളിലേക്കു് കൊണ്ടുവരുകയാണു് ചെയ്യുന്നതു് ബഹുജനങ്ങളുടെ പ്രബുദ്ധത പ്രവൃത്തമാകുന്നതുവരെ അവരെക്കൊണ്ടു നമുക്കു പ്രയോജനമുണ്ടാക്കാം. സാധാരണക്കാർക്കു് ദൈവത്തിലുള്ള വിശ്വാസം ഭേദമില്ലാതാക്കാനുള്ള പരിശ്രമങ്ങളുണ്ടു് ഞങ്ങളും നടത്തുന്നതു്."

രക്തസാക്ഷികളുടെ ശവകുടീരങ്ങൾ

തങ്ങളുടെ മഹാന്മാരായ അസംഖ്യം രക്തസാക്ഷികളെ പുത്തൻ ചൈന വിസ്മരിച്ചിട്ടില്ല. രക്തവും മാംസവും നൽകി പുത്തൻ ചൈനയുടെ അസ്ഥിവാരമുറപ്പിച്ചിട്ടുള്ള വീര രക്തസാക്ഷികളുടെ പാപനസ്മരണയെ ശാശ്വതീകരിക്കാൻ തങ്ങളുടെ ജീവൻ ബലികൊടുത്തവർ തലോചിച്ച അവരുടെ സുന്ദരസ്വപ്നങ്ങളെ സാക്ഷാത്കരിക്കുക മാത്രമല്ല നവം നവങ്ങളായസങ്കേതങ്ങളുപയോഗിച്ചു് ശവകുടീരങ്ങളും പണിയുത്തുകയും ചെയ്തിട്ടുണ്ടു്. രാജാവിൻറെ പ്രൗഢിയോ അലങ്കാരമോടിയോ ഇവരുടെ നിങ്ങളും കണ്ടെന്നു വരികയില്ല. : എല്ലാം ലളിതമാണു്. പക്ഷേ അത്യന്തം ഹൃദയസ്പർശിയുമാണു്. ചരിത്രം മൃഗീയൻ കഴിയാവുന്നിടത്തോളം ഛായാപടങ്ങൾകൊണ്ടും വർത്തമാനപ്പത്രശകലങ്ങൾകൊണ്ടും അടുക്കിനിരത്തി മൂടിയിട്ടുണ്ടു്. രക്തസാക്ഷികളുടെ ഗ്രന്ഥങ്ങളും ഭേതികസമ്പത്തുകളും രക്തം പുരണ്ട അവരുടെ വസ്ത്രങ്ങളും ചിലയിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. അവയുടെ അതീവ ലളിതവും വികാരരഹിതവുമായ കഥാകഥനങ്ങളും നിങ്ങളുടെ ഹൃദയത്തിൻറെ അഗാധതയിലേയ്ക്കു് ഊളിയിടുകയും ഒരു ദൃക്സാക്ഷിയെന്ന മാതിരി ആ രക്തസാക്ഷികളും വീരോചിതമടഞ്ഞ രംഗങ്ങളും പുനർജ്ജന്മംപൂണ്ടു് നമ്മുടെ കൺമുന്നിൽ പ്രത്യക്ഷപ്പെടും. ഷാൻഗേയിലുള്ള തൊഴിലാളികളുടെ സാംസ്കാരികമന്ദിരത്തിൽ മുപ്പതുവർഷക്കാലത്തെ വിപ്ലവ ചരിത്രത്തിൻറെ പ്രമാണങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ടു്. 1921-മുതൽ 27 വരെയുള്ള പ്രഥമഘട്ടത്തിൽ ക്രൂരമർദ്ദനത്തിനും ജോലിസ്ഥിരതയ്ക്കും വേണ്ടി 1925 ഫെബ്രുവരിയിൽ ജാപ്പനീസ് മില്ലുകളിൽനടന്ന പണിമുടക്കത്തേയും ട്രേഡ്യൂണിയൻ സംഘാടകനായ ക്വൻഗങ്ങിനെ 1925 മേ 15-ാം തീയതി ജാപ്പനീസ് സാമ്രാജ്യത്വം വെടിവച്ചുകൊന്നതിനെ പ്രതിഷേധിച്ചുകൊണ്ടു് ചൈനയിലെ എല്ലാ നഗരങ്ങളിലും പടർന്നുപിടിച്ച സാമ്രാജ്യത്വ വിരുദ്ധ പണിമുടക്കവും അവിസ്മരണീയമാക്കിയിട്ടുണ്ടു്. ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻറെ അതിശീഘ്രമായ വളർച്ചയും അലസിപ്പോയ രണ്ടു സായുധസംരംഭങ്ങളും 1927 മാർച്ചു് 31-ാം തീയതി ഷാൻഗേയിലെ സായുധരായ 8 ലക്ഷം തൊഴിലാളികളും നടത്തിയ ഐതിഹാസികമായ അധികാരം പിടിച്ചെടുക്കലും 1927-ഏപ്രിൽ 12-ാംതീയതി ഷാൻഗേയിലെ തൊഴിലാളികളെ കൂട്ടക്കൊല ചെയ്തുകൊണ്ടു് ചിയാങ്കൈഷക്കു് തൻറെ തനിനിറം പ്രദർശിപ്പിച്ചുതിനെ തുടർന്നുള്ള നാടകത്തിൻറെ ശോകസംഗീതമായ പരിസമാപ്തിയും ആ ഘട്ടത്തിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ടു് 1927-37-വരെയുള്ള രണ്ടാംഘട്ടത്തിൽ ഒളിവിൽ നിന്നുകൊണ്ടുള്ള സമരങ്ങളും സംഘടിപ്പിക്കാനേ തൊഴിലാളിവർഗ്ഗത്തിനു കഴിഞ്ഞുള്ളൂ. പക്ഷെ 1932 മുതൽക്കു് ജാപ്പനീസ് വിരുദ്ധമുന്നണിക്കുവേണ്ടി അവർ പ്രചരണങ്ങളും പ്രകടനങ്ങളും നടത്തുകയുണ്ടായി മൂന്നാംഘട്ടമായ ജാപ്പനീസ് വിരുദ്ധയുദ്ധകാലത്തു് കമിന്താംഗ് തൊഴിലാളിവർഗ്ഗത്തിൻറെ നേർക്കുള്ള അവരുടെ മർദ്ദനമാകമം തുടർന്നുകൊണ്ടിരുന്നു. വനിതാ വിഭാഗത്തിലെ ഒരു സംഘാടകയും ട്രേഡ്യൂണിയനിസ്റ്റുമായ മഹലിയുചിങ്ങിനെ പൊതുനിരത്തിൽ വച്ചു് പരസ്യമായി കൊലചെയ്തുത്തി പ്രദർശനമുറിയിലെ ചുമരുകളിൽ കൂടി നമ്മുടെ നേർക്കു് ഉറ്റുനോക്കുന്ന അവരുടെ സുന്ദരവുമായ വദനം തൊഴിലാളിവർഗ്ഗത്തിൻറെ അന്തർദ്ദേശീയത്തിലേയ്ക്കു പ്രയാണം ചെയ്യുവാൻ പതിനായിരങ്ങൾക്കു പ്രചോദനമാകുന്നു. അപകടങ്ങളുണ്ടെങ്കിൽ അവയെല്ലാം അ

നായാസമായി അമിതമുഖികരിക്കുന്ന അവസരവും പ്രലോഭനവുമാണ് നമുക്ക് സംഭാവന ചെയ്യുന്നത്. അവസ്ഥചെയ്ത് കോടതിയിൽ കയറിവിസ്തരിച്ച് വിധ്വംസകപ്രവർത്തനങ്ങളും നടത്തിയെന്ന കാരണമാരോപിച്ചു കൊല്ലപ്പെട്ട ഒരു ഷാപ്പ് അസിസ്റ്റൻറായ വാൻഷിഹോയുടെ പ്രതിമയും ചോരപുരണ്ട അദ്ദേഹത്തിൻറെ വസ്ത്രങ്ങളും അദ്ദേഹം വായിച്ചുകൊണ്ടിരുന്ന ഗ്രന്ഥങ്ങളും മൂകമാണെങ്കിലും ഭാഷയിൽ ആ വീരകഥ നമ്മെ അനുസ്മരിപ്പിക്കുന്നു. ഇടതടവില്ലാതെ മർദ്ദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിൻറെ മുഖത്തു പ്രതിഫലിച്ച നിന്ദാഗർഭമായ നോട്ടവും വിസ്മരവേളയിൽ ആ മുഖത്തോളംവെട്ടിയ അമർഷവും വിദ്വേഷവും ആയുധധാരികളായ അരാച്ചന്മാരെ നോക്കി അദ്ദേഹം ചിരിച്ച അവസാനത്തെ ചിരിയും മഹത്ത്വത്തിൻറെ മുദ്രകളായി അവശേഷിക്കുന്നു. ഇമ്മാതിരിയുള്ള എത്രയോ എത്രയോ രക്തസാക്ഷികളുടേയും വീരാത്മാക്കളുടെയും ചോരയിലും കണ്ണീരിലുമാണ് പുത്തൻ:ഒരു ചൈനയുടെ മോഹനസൗധം പണിയുയർത്തപ്പെട്ടിട്ടുള്ളത്.

ചൈനീസ് ചരിത്രത്തിലെ അനിമേഹത്തായ മഹാവീരരഭ്യായമാണ് കാൻറൺകമ്മൂൺ. കാൻറണിൽ അവയുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട് ഷാൻഗായിലെ ക്രൂരതിക്കുശേഷം ചിയാങ്ങ്കൈഷെക്ക് തൊഴിലാളിവർഗ്ഗത്തിൻറെ നേരെ സംഹാരാസക്തിയോടെ തിരിഞ്ഞടുക്കുകയും ഒട്ടേറെ തൊഴിലാളികളെ കൊലപ്പെടുത്തുകയും ട്രേഡ്യൂണിയനുകൾ നിരോധിക്കുകയും ചെയ്തു. 1927 ഒക്ടോബർ 14-ംതീയതി കാൻറണിലെ തൊഴിലാളികളുടെ മുഖത്തുണ്ടായിരുന്ന ഒരു പ്രതിഷേധപണിമുടക്കും നടത്തിയ കുടുംബത്തിനുനേരെയും ട്രേഡ്യൂണിയൻ മർദ്ദനത്തിനെയും പ്രതിഷേധിച്ചുകൊണ്ടുള്ള ബഹുജനപ്രക്ഷോഭം രൂപീകരിക്കുകയാണ് 1927 നവം: 4-തീയതി കാൻറണിലെ വടക്കുള്ള സാഹോദരന്മാരുടെ സ്ഥലത്തു ചാങ്ങ് ടിയെ-ലിയുടെ സായുധസൈന്യത്തിനെതിരെ നേതൃത്വം നൽകി. "സാമ്രാജ്യത്വം തുലയട്ടെ" "യുദ്ധപ്രേരകന്മാർ നശിക്കട്ടെ" "തൊഴിലാളികർഷകൻ" "എല്ലാ അധികാരവും തൊഴിലാളികർഷക സോവിയറുകൾക്ക്" തുടങ്ങിയ മുദ്രാവാക്യങ്ങളും വഹിച്ചുകൊണ്ടുള്ള തൊഴിലാളികർഷകസേന രണ്ടു വഴിയായി മുന്നോട്ടു നീങ്ങി. ഒന്ന് കിൽഡാൻ റെയിൽവേസ്റ്റേഷൻറെ നേർക്കും മറേറത് കാൻറൺ നഗരത്തിൻറെ നേർക്കും പറഞ്ഞുകയറി 1927 ഡിസംബർ 11-ാംതീയതി കാൻറൺ നഗരം വിപ്ലവ സൈന്യത്തിനു കീഴടങ്ങി.

പോലീസ് ഹെഡ്ക്വാർട്ടേഴ്സ് ബോംബിട്ടുതകർത്തുകൊണ്ട് ഒരു കമ്മൂൺ സ്ഥാപിക്കപ്പെട്ടു. മൂന്നുദിവസം മാത്രമേ ആ കമ്മൂൺ നിലനിന്നൊള്ളു. ഷാപ്പ് യുദ്ധക്കപ്പലുകളും ബ്രിട്ടീഷ് യുദ്ധക്കപ്പലുകളും സഹായത്തോടുകൂടി ക്രമിനാങ്ങ് നഗരം തിരിച്ചുപിടിക്കുകയും സാധുക്കളായ സ്ത്രീകളേയും പുരുഷന്മാരേയും കുഞ്ഞുങ്ങളേയും കണ്ടെടുത്തെല്ലാം കൂട്ടക്കൊല നടത്തുകയും ചെയ്തു. സോവിയറുകൺസൊലേറ്റിലെ മൂന്നു അംഗങ്ങളും കൊല്ലപ്പെട്ട ക്രമിനാംഗ് ഉദ്യോഗസ്ഥനായ ചു-ടങ്ങ് അയാളുടെ കുത്സിതനടപടികളുടെ ഫലമായുണ്ടായ വിമോചനസമരക്കാലത്തു ആ ഉദ്യോഗസ്ഥനും അയാളുടെ പക്ഷത്തുണ്ടായിരുന്ന ഫാഷിസ്റ്റുകളുടെ കൈവശത്തിലായി. ജനകീയ കോടതിമുൻപാകെ അയാളെ വിസ്തരിക്കപ്പെടുകയും ഉടൻതന്നെ വെടിവച്ചു കൊല്ലപ്പെടുകയുംചെയ്തു. ഒരുചരിത്രാസിക്കമായ ആ സമരരംഗങ്ങൾ നമ്മുടെ കൺമുന്നിൽ നിരത്തിക്കൊണ്ട് ആ ഫാഷിസ്റ്റുപടങ്ങളും ഇന്നും അവശേഷിക്കുന്നു.

ചൈനയിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രം യുഹുമാടായ് (വഷ്കസുമം) ആണ്. ഏഡി ആറാം ശതകത്തിൽ അകന്നിൻറെ മകളിൽ ഒരു ബുദ്ധസന്ന്യാസി ധ്യാനനിമഗ്നനായിരുന്നു വഷ്പാതം ക്ഷണിച്ചു വരുത്താനുണ്ടായിരുന്നതായി പ്രസ്താവിക്കപ്പെടുന്ന ഇതിഹാസകഥയിൽ നിന്നാണ് ആ നാമധേയം ഇന്നുമെടുത്തുള്ളത് ക്രമിനാംഗ് അധികൃതർ ഈ മനോഹരമായ പ്രദേശം മനുഷ്യരെ ക്ഷുത്തോടെ കൃതിചെയ്ത ഒരു കൽപ്പിത സ്ഥലമായി രൂപാന്തരപ്പെടുത്തി.

1927-നം 47 നം ഇടയ്ക്ക് 109000 പേരും വിപ്ലവകാരികളെ ഇവിടെവച്ച് കൃതിചെയ്തുകയുണ്ടായി. നിലംമൂടുവാനും ശവശരീരങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ടതാണ്. അവിടെ അടക്കംചെയ്യപ്പെട്ടിരിക്കുന്ന ലക്ഷത്തിൽപരമാളുകളിൽ മേ 4-ംതീയതിയുണ്ടായ സംരംഭത്തിൻറെ നേതാക്കന്മാരിലൊരുവനായ യാംഗ്ടിയിയാണും, ഷാൻഗായിലെ തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിൻറെ സംഘാടകനായ 1927 കാൻറൺ പണിമുടക്കകമ്മിറ്റി നേതൃത്വം നൽകിയ ചോകൻഷിയൻമാൻകിങ്ങ് കമ്മൂണിസ്റ്റ് പാർട്ടി സിക്രട്ടറിയായ സുൻഡിൽ ചാവുവും ഉൾപ്പെടുന്നു. 1928 സഖാവ് സുൻ ഇവിടെവച്ചു അറസ്റ്റുചെയ്ത് വെടിവച്ചുപ്പോൾ അദ്ദേഹം കൊലപാതകികളുടെ നേർക്ക് ഇപ്രകാരം ഉത്ഘോഷിച്ചു. ..."ഒരാളെ വെടിവയ്ക്കുക പത്തു പേർ പൊങ്ങിവരും പത്തു പേരെ കൊല്ലുമ്പോൾ അയിരംപേർ പൊങ്ങിവരും."

പരിശുദ്ധമായ മരണകളുടെ ഈ ഈ നാട്ടിൽ ഒരു ലളിതമായ സ്മാരകസ്തംഭം സ്ഥാപിക്കപ്പെട്ടിട്ടുണ്ട് "ചരിത്രത്തിലെ രക്തസാക്ഷികൾ നിണമേ വാഴട്ടെ" എന്ന ശാസനം മാവോയുടെ കൈയ്യക്ഷരത്തിലുള്ളതിനെ വലുതാക്കി ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ആ കന്നു മുഴുവനും ഒരു മനോഹരമായ പൂന്തോട്ടമാക്കപ്പെട്ടിട്ടുണ്ട്. അതിരക്കണക്കിനു ജനങ്ങൾക്കും അവിടം സന്ദർശിച്ചു. രക്തസാക്ഷികൾക്കു് അഭിമാനം സമർപ്പിക്കാനുണ്ട്. ക്രമിനാങ്ങ് മരണകാലത്തു സ്ഥാപിക്കപ്പെട്ട രണ്ടു സ്മാരകസ്തംഭങ്ങളുമുണ്ട്. ഒന്ന് കാൻറണിലാണ്. മണപ്പാവ് എന്നാണതിൻറെ പേര്. മസ്സണശിലാനിർമ്മിതമായ ആ സ്തൂപത്തിൻറെ മുകളിൽ പ്രേക്ഷകരെ നോക്കി പുഞ്ചിരി തൂകുന്ന, സ്വാതന്ത്ര്യദേവതയുടെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. ആ സ്തൂപികയ്ക്കു ചുറ്റും ഷഡിപ്പിച്ചിട്ടുള്ള മസ്സണശിലാഫലകങ്ങളെല്ലാം ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ചീനക്കാർ സംഭാവന ചെയ്തിട്ടുള്ളതാണ്. 1911 മാർച്ച് 29-ംതീയതി മഞ്ചു ചക്രവർത്തിമാർക്കെതിരായി ഉയർത്തെഴുന്നേറ്റ 72 രക്തസാക്ഷികളുടെ പാവന സ്മരണയെ നിലനിർത്തുന്ന ഒരു സ്മാരകമാണത്. വിദേശത്തു താവളമുറപ്പിച്ചുകൊണ്ട് ഡാക്ടർ സൺയാറുസേൻ നേതൃത്വം നൽകിയ പതിനൊന്നാമത്തെ സായുധമുന്നേറ്റമാണത് കയ്യിൽകിട്ടിയ ആയുധങ്ങളുമേന്തി 175 വിപ്ലവകാരികളും കാൻൺ ഗവർമെൻറ് പിടിച്ചടക്കാൻ പരിശ്രമിച്ച 43 പേർ തൽക്ഷണം കൊല്ലപ്പെട്ട 27 പേർ തടവുകാരാക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. ആ സംയുധസംരംഭത്തിൻറെ സമുജ്ജ്വലമായ പരാജയ വാർത്തകേട്ട് ഡാ: സൺയാറുസേൻ പ്രഖ്യാപിച്ചു. അവർ പരാജയപ്പെട്ടു പക്ഷെ അവർ നമ്മുടെ ശത്രുക്കളുടെ ഹൃദയത്തിൽ ഭീഷണികരം അടിച്ചുകയറിയിട്ടുണ്ട്.

(തുടരും)

അടുത്തലക്കത്തിൽ

ഡാ: സൺയാറുസൻറെ

ശവകുടീരം

ലോകചരിത്രത്തിലെ ഏറ്റവും സമുന്നതനായ ലോരാളായ ഡാ. സൺയാറുസൻ

വിസ്തരിക്കപ്പെടുന്നു

എൻ. ശ്രീകണ്ഠൻനായർ എം. പി.


തെരുവിലെ പെങ്ങൾ

പുത്തൂശ്ശേരി രാമചന്ദ്രൻ

കരളിലോടയും പുണ്ണുവെളുക്കെ
ച്ചിരിയുടയ്നിൽക്കുമിപ്പട്ടണത്തിൽ
വഴിയരികിലീവീടകവീട്ടിൽ
വിരവിലൊറ്റയ്ക്കു ഞാനിരിക്കുമ്പോൾ
പറയുകപെങ്ങളേ, യെങ്ങുനിന്നെന്തി
ന്നിവിടെയാരെത്തിരക്കി നീ വന്നു?
ഇരവുപട്ടിക്കുവേ തോന്നിയ മട്ടിൽ
തെരുവിലിങ്ങനെ ചുറ്റിത്തിരിഞ്ഞാൽ
'അന്തസ്സി'തെന്നു വിലക്കുവാൻ വീട്ടിൽ
പറയുകില്ലേ, നിനക്കൊരുചേട്ടൻ?
കവിതനുറുങ്ങും ചവിട്ടുമക്കണ്ണിൽ
കരിമുകിലോ നിഴലിട്ട നിഴല്പ്പു?
ഉടയുടയുത്തോരിയ്യോരിവായ് പുണ്ണിൽ
കരിപിടിപ്പിക്കുവാൻ കാരണമെന്തേ?
ഉടലെക്കണ്ണീർ കുത്തിവീണിട്ടോ
കവിളുരഞ്ഞുകേട്ടിരിക്കുന്നു?
കരിവാളിച്ചൊരുച്ചുണ്ടിലിന്നെങ്ങാൻ
അരിമുല്ലച്ചിരി പൂവിടാറുണ്ടോ?
ഇടയിടെനീ വെളിയിലേക്കാരേ
പാരതിനോക്കുന്നു? പേടിയാവുന്നു?
തെരുവിലെ യ്ക്കൊച്ചുപെങ്ങളേ, യെന്നെ
കരുതിടാവുനിൻ ചേട്ടനായ് തന്നെ!
പറയുകൺകളാൽ പുണ്ണുകാരുക്കും
വിധമു നിന്നെപഠിപ്പിച്ചതാരേ?
തലകുനിച്ചുനീ തമ്മവിരലാൽ
തറയ്ലിപ്പോളെഴുതിയതെന്തേ? —
പറയുവാൻ നാണമാകയാലാണോ
തറയിലൊക്കെക്കുറിച്ചിട്ടതുനീ?
ജന്മതിരുത്തുന്നൊരു മാവചാപല്ല്യം
പെരുമാറ്റത്തിൽ നി കൂട്ടിയല്ലെന്നോ?....
തെരുവിലെയ്ക്കൊച്ചുപെങ്ങളേ യിതാൻ
ഒരുവകയിൽ നിന്നാങ്ങളയല്ലേ?
തകരം ചില്ലിട്ട ജീവിതത്തിന്റെ
രുകരച്ചുമ്മിനി വെട്ടത്തിലൂടെ,
കലകളെണ്ണി പഠിക്കാൻ, പകർത്താൻ
കളവെഴാതവ പാടിപ്പരത്താൻ
അകലെ, നാട്ടിൻപുറത്തുനിന്നൊന്നി
ങ്ങിവിടെയെത്തിയോനാണഞാൻ കണ്ടെ,
തരുവാനില്ലൊന്നുമെൻ ഹൃദയത്തിൻ
തറയിൽ കാലിടുമ്പുമിയല്ലാതെ;
കരുണം ചാലെടുത്താ കന്നിമണ്ണിൽ
കവിത നട്ടിട്ടുപോകുവു നീയും!
ഒരു കുടംവന്നുമാരണ്ടുകണ്ണീർ
കണികയാലെ'നടീപ്പുറം' മുക്കി.

2

ഒരുവാരക്കുന്നോട്ട മിണ്ടിടാതയ്യോ
പരിഭവിപ്പോ നീ പോയതജ്ഞാതി?
വയറൊരിയും നിനക്കെൻ പ്രസംഗം
തലകുറക്കും വരുത്തിയോ തങ്കം?
അതുമില്ലെങ്കിലോ "ഹാ മരമണ്ടൻ....
ഇവ"നെന്നെണ്ണി നീപോയതായേക്കാം!
പരിഭവമില്ലെനിക്കതിൽ തെല്ലും
പറയാനുള്ളതു ഞാൻ പറഞ്ഞല്ലോ!
ഇതുപറയാൻ കടപ്പെട്ടതായി
ട്ടിവിടെയേറെയാശം വേറയില്ലല്ലോ!
അറിയുന്നില്ല നീ, നടക്കുന്ന
വഴിയിൽ മുള്ളുകളല്ലേ ചിരിപ്പു.
[വളരെവൈകിയല്ലോ വിഷുപ്പുല്ലിൻ
മുനകളും പൂക്കളായ് മാറുന്നകാലം!]
കരുണകാണിച്ചു നാലണതന്നാ
കവിളിലായിര മുമ്മവയ്ക്കുന്നോർ
....
അവരിലെങ്ങാനുമെൻ മിഴിനീരിൽ
തിരികൊളുത്തു മീയത്തുതം കണ്ടോ?
അറിയുംപെങ്ങളേ നിന്നോടെഞാൻ. നിന്റെ
കരളിൻ നോവുകളെന്നെയറിയുന്നോണം,
അകലെനാട്ടിൻപുറത്തുവച്ചേ ഞാൻ
അറിയുംനിന്നെയും നിൻതറവാട്ടും!
കുരുവിക്കുഞ്ഞുങ്ങൾ ക്രൂരണയുമ്പോലും
ഇരുവാങ്ങാനിടം തിരക്കുന്നോർ,
നനുനിലാവുള്ള നെയ്യാവീഴുമ്പോലും
കളിതമൂടാനടുപ്പുതപ്പുന്നോർ,
കരയുമോർക്കുകിം പുഞ്ചിരിക്കുന്ന
തിരുവോണത്തിനുമിഷ്ടിതരുന്നോർ
തെരുവിൻതൊട്ടിലിൽ തിണ്ടാടിയാടി
തെരുവിന്നാട്ടുകിം താരാട്ടുപാടി
വളരും "മോരത പുരു"രപ്പോറ
തറവാടല്ലോ നിൻ തറവാട്ടും!
ഉടയോരേറെയില്ലെങ്കിലും, ഭൂമി
എവിടെടാകാണും നിനക്കുമമ്മ'രമ്മ'
മകാടിയ പട്ടിണിയുറിയെറിഞ്ഞ
തൊലിയാലെല്ലുകിം പൂട്ടുമൊരമ്മ.
പിടലിനീട്ടിയിരിക്കയാം നിന്റെ
വരവിൽ വല്ലുംകിട്ടിയോ' നോക്കി.
അഴലിതൊക്കെയിജ്ജീവിതത്തിന്റെ
നിഴലാണെങ്കിനി നീകരയായ്ക.
കരുതിവയ്ക്കുണേ, ജീവിതത്തിന്റെ
തിരികെട്ടും വരെനിൻപാനപാത്രം
കരയാൻ, പൊട്ടിച്ചിരിക്കാൻ, പിരിച്ചു
കവിൾതുടുക്കുമ്പോഴുമൽകീടാൻ
വരുമേനാളെ, നിനക്കായതത്താൻ
കരയും നിന്റെയിക്കണ്ണീർതുടയ്ക്കാൻ
അവനുപൂട്ടുവാനുള്ളതാണേനിൻ
അഴകിൻപൂക്കാം, പൂഴിക്കുമകൊതുക്കേ? —
അതല്ല, കാണുന്നതെൻറനാട്ടിന്റെ
തെരുവിൽ തെണ്ടുന്ന പെങ്ങളെ-നാളെ!
കരളുപോരയ്ക്കാട്ടുകണാനെൻ
കരളേ, നിയെന്നടുപിറപ്പല്ലേ?
അതിനുവേണ്ടിയാണിജ്ജീവിതത്തിൻ
കവിതയാകെ കുരുപ്പിടിപ്പൂഞാൻ!



വായനക്കാരുടെ ലേഖനങ്ങളിൽനിന്നും

★

ഞങ്ങളുടെ വിനീതമായ നിർദ്ദേശമനുസരിച്ചു പല ലേഖനങ്ങളും ഇയിടെ അയച്ചുതരുകയുണ്ടായിട്ടുണ്ട്. സ്ത്രീകളെ സംബന്ധിക്കുന്നവയായ പല പ്രശ്നങ്ങളും അവയിൽ ചർച്ചാവിഷയമാക്കുകയും ചെയ്യപ്പെട്ടിട്ടുണ്ട്. അവയെല്ലാം തന്നെ പൂർണ്ണരൂപത്തിൽ പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾക്കു അത്യഗ്രഹവും സന്തോഷവും ഉള്ളതാണ്; പക്ഷേ ഇന്നത്തെ കടലാസിയുടെ വിലയുടെ പോരാതെവരും, ക്രടാതെ എഴുതി നല്കുന്നതഴക്കം വരാത്തവരായതുകൊണ്ടാകാം ചില ലേഖനങ്ങളിൽ വേണ്ടത്ര അടുക്കും മുറയും കാണുന്നില്ല. ചിലതിൽ ഭാഷയുടെ തന്നെയും പ്രസിദ്ധീകരണയോഗ്യമായ മിനുമിനുപ്പു വേണ്ടത്രകാണുന്നതേയും വരുത്തണ്ടതുണ്ട്. മേലെഴുതിയ ചില ലേഖനങ്ങളും വളരെ മീർക്കുങ്ങളാണ്, അതിനാൽ മുഴുവനായി അതെന്നെ പ്രസിദ്ധപ്പെടുത്തൽ അസാധ്യമായിട്ടുണ്ട്. അതുകൊണ്ട്. ഞങ്ങൾക്കിടയിടെ കിട്ടിയിട്ടുള്ള ലേഖനങ്ങളിൽ നിന്നും പ്രധാനമായ ഭാഗങ്ങൾ താഴെച്ചേർക്കുകയാണ്. ലേഖികമാർ ഉദ്ദേശിച്ച കാര്യങ്ങളും മുഴുവൻ ഒരു പക്ഷേ പ്രസിദ്ധപ്പെടുത്താൻ കഴിയാതെ പോവുകയാണെങ്കിൽ മാപ്പുതരണമെന്നും അപേക്ഷിച്ചുകൊള്ളട്ടെ.

മിസ്സിസ് ബേബി തോമസ് ജോയ്സ് (കൊല്ലം) - എഴുതുകയാണ്:.....എന്തെല്ലാം മധുരതരങ്ങളായ പ്രതീക്ഷകളോടെയാണ് ഞാൻ ദൈവവാഹിക ജീവിതത്തിൽ കാലൂന്നിയതെന്നോ? ആനന്ദത്തിന്റെ വിഹായസ്സിൽ എന്റെ സുന്ദരങ്ങളായ സ്വപ്നങ്ങളും ചിറകുവിരിച്ചു പറന്നിരുന്നു എന്നാൽ ഇന്ന് അവയൊക്കെ വെറും അഗ്രഹങ്ങളും മാത്രമായി അവശേഷിച്ചിരിക്കുന്നു. ഞാൻ എല്ലാം പറയുന്നില്ല ചിലതു മാത്രമേ പറയുന്നുള്ളൂ നാലുപ്രസവിച്ചു ഞാൻ ഇനി ഒരു കുട്ടികൂടി വേണ്ടായെന്നു അറിയിച്ചിട്ടുപോലും അമ്മുവിന്റെ അച്ഛൻ വിടുകയില്ല പത്തുമാസം ചുമന്നു വളരെ വേദനയനുഭവിച്ചാണ് ഒരു കുഞ്ഞിനെ പ്രസവിക്കുക. അതിന്റെ കരച്ചിൽ കേൾക്കുമ്പോൾ ആ വേദനകളെല്ലാംതന്നെ വിസ്മരിച്ചുപോകും എന്നാലും ഒരു ശോചനീയമായ കാര്യമാണ് ഇങ്ങനെ ഇനിയുമിനിയും പ്രസവിക്കണമെന്നു വന്നാൽ? അതു തീരുമാനിക്കാനുള്ള അവകാശം ഈ പുരുഷന്മാർ, ഭർത്താക്കന്മാർ അവകാശപ്പെടുന്നു എത്ര അന്യായമാണ്. അവക്ക് ഒരു ഭാരവുമില്ലല്ലോ.....ഇന്നു ഞാൻ എട്ടുമാസം ഗർഭിണിയാണ്. ഗവർമ്മെന്റിൽ നിന്നും ഒരാൾക്ക് ഇത്ര കുട്ടികളിൽ കൂടുതൽ പാടില്ല എന്നു ഒരു നിയന്ത്രണം വച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. അതു മഹത്തായ ഒരു ലോകസേവനം ആയിത്തീരുന്നേനേ. പത്രങ്ങളിൽ ചിലപ്പോൾ കാണുന്നതുപോലെ ഈ പുരുഷന്മാർ സ്ത്രീകളായി മാറി പ്രസവം എന്നതെന്താണെന്ന് ഒന്ന് അനുഭവിച്ചറിഞ്ഞിരുന്നുവെങ്കിൽ എന്നു ഞാൻ അത്യഗ്രഹിക്കുന്നു. നാലു കുഞ്ഞുങ്ങളെ വളർത്തുന്ന വിഷമം അവരുടെ മാതാവിനേ അറിഞ്ഞുകൂടൂ അച്ഛൻ കാലത്തേയ്ക്കു ഓഫീസിൽ പോയാൽ പിന്നെ ടെലഫോണിലൂടെ മടങ്ങിവന്നാൽ മതിയല്ലോ. പിന്നെ ഇനി ഒരു കുഞ്ഞുകൂടെയായാൽ എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്നതുപോലെയാണ് ചില്പ്പോൾ അഞ്ചിലും നിന്നില്ലെങ്കിൽ എന്തുചെയ്യും?

* * *

നന്ദൻകോട്ട് മിസ്സിസ് ഹേമാംബികയ്ക്കു പറയാനുള്ളതു കുമാരികളോടാണ്. "നിങ്ങൾക്കു അതിപ്രധാനമായി വേണ്ടതു സ്വഭാവഗുണമാണ്. നല്ല അടക്കവും ഒതുക്കവും വണക്കവും ഉള്ളവരായി വളരാൻ നിങ്ങൾ ശ്രമിക്കേണ്ടതാണ്. എന്തെന്നാൽ നിങ്ങൾ ഭാര്യമാരായിത്തീരാനുള്ളവരാണ് എന്റെ അഭിപ്രായമനുസരിച്ചു സ്ത്രീകളുടെ നാടകമെല്ലാം ഭർത്താക്കന്മാരാൽ ഭരിക്കപ്പെട്ടും ഉത്തമമായ കുടുംബജീവിതം നയിക്കണം.

ഭാര്യയായി കഴിഞ്ഞാൽ നിങ്ങൾ ഭർത്താവിനെ സ്വാർത്ഥഹിതവും ത്യാഗപൂർണ്ണവുമായ സ്നേഹം കൊണ്ടു ശ്രുശ്രൂഷിക്കണം. ഭർത്താവിനെ ആകർഷിക്കുന്നതിനും അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിങ്ങളോടുള്ള സ്നേഹം നിലനിറുത്തുന്നതിനും നിഷ്കളങ്കമായ സ്നേഹത്തിനു മാത്രമേ കഴിയുകയുള്ളൂ. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒളിഞ്ഞുകിടക്കുന്ന അഗ്രഹങ്ങൾപോലും മനസ്സിലാക്കി അവ അവളുടെ ഇഷ്ടകർമ്മമേലായി അവയെ നിർവഹിക്കുകയാണ് ഭാര്യാധർമ്മം. ഭർത്താവു് ഏർപ്പെടുന്ന എല്ലാകാര്യത്തിലും ഉല്യമായി സഹായിക്കാൻ ഭാര്യയ്ക്കു കഴിഞ്ഞില്ലെങ്കിലുമാകാം. അങ്ങനെവരുമ്പോഴും നമ്മുടെ ഹൃദയംശുദ്ധമായ പ്രാർത്ഥനകളും ദൈവത്തിൽ ഭർത്താവിന്റെ സുഖത്തിനുവേണ്ടി അർപ്പിക്കുക നമുക്കു സാധ്യമാണ്.

ഭർത്താവിന്റെ വിഷമതകളും വർദ്ധിപ്പിക്കാൻവേണ്ടി ഉത്സാഹിക്കുന്ന ഭാര്യമാരുണ്ട് ഇത്തരം ഭാര്യമാരാണ് കുടുംബങ്ങളെ അധഃപതിപ്പിക്കുന്നതു്. എപ്പോഴും ശണ്ഠകൂടുന്നതും സ്ത്രീയുമായികൂടി ഒരു രമ്യഹർമ്മ്യത്തിൽ വസിക്കുന്നതിനേക്കാളും ശ്രേഷ്ഠം സുശീലയായൊരുവളോടൊത്തു ഒരു കുടിലിൽ താമസിക്കുന്നതാണെന്നാണല്ലോ അമിതാഭമതം.... സ്ത്രീകളായ നമുക്കു സ്വാതന്ത്ര്യം വേണം എന്നും പറഞ്ഞു നടക്കുന്നതു സ്ത്രീത്വമല്ല എന്നാണ് ഏകൻവാദം. സ്നേഹംനിറഞ്ഞ ഒരു ഭാര്യയുടെ ഭർത്താവിന്റെ ന്യായമായ അധികാരത്തിനും അജ്ഞയ്ക്കും കീഴ്പ്പെട്ടിരിക്കുക എന്നതു സ്വാതന്ത്ര്യത്തിനൊന്നും തടസ്സമേയല്ല.

നമ്മുടെ ഭാവിഭർത്തൃത്തിന്റെ ഫലങ്ങളിൽ ഒന്നു അമ്മയാവുക എന്നതുമാണ്. ലോകത്തിനു മഹാന്മാരായ അനേകരെ നൽകുന്നതും നൽകേണ്ടതും സ്ത്രീകളാണ്. ഇക്കാര്യത്തിൽ സ്ത്രീവിദ്യയും പ്രാപിക്കണമെങ്കിൽ ശിശു ഉദരത്തിൽ ജനിക്കുന്നതിനോടൊപ്പം തന്നെ

വാസുദേവ വിലാസം
കുറിഞ്ഞിക്കുഴമ്പ്
പ്രസവാനന്തരസ്ത്രീകളുടെ ക്ഷീണം, ഞരമ്പുതളർച്ച, ഉന്മാദവായു, ഉദരശൂല മുതലായവയെ ഉന്മൂലനംചെയ്ത് പൂർവ്വവൽ യുവത്വം കൊടുക്കുന്ന ഒരുത്തമ ഔഷധം.
നിർമ്മാതാക്കൾ:
വാസുദേവവിലാസം വൈദ്യശാല
കോട്ടയ്ക്കകം, തിരുവനന്തപുരം
ബ്രാഞ്ചുകൾ:
1. പുത്തൻചന്ത, തിരുവനന്തപുരം. 2. ഹരിപ്പാട്.

ഏറ്റവും നല്ല പദ്യകൃതി

സാഹിത്യപ്രവർത്തക സഹകരണ സംഘം ലിമിറ്റഡിന്റെ സെക്രട്ടറി ശ്രീ. കാശ്മീർ നീലകണ്ഠപിള്ള ഇപ്രകാരം അറിയിക്കുന്നു:—

ഈ സംഘം വക 1654-ാമത്തെ എം. പി പോൾ മെമ്മോറിയൽ പ്രൈസ് 1950 ഏപ്രിൽ 1-നും 1954 മാർച്ച് 31-നും ഇടയ്ക്കു മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ ഏറ്റവും നല്ല പദ്യകൃതിക്കു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സമ്മാനനിർണ്ണയക്കമ്മിറ്റിയുടെ പരിശോധനയിൽ ഉൾപ്പെടുത്തേണ്ട കൃതികളുടെ നാല് കോപ്പി വീതം ഏപ്രിൽ 15-ാംതീയതിക്കുമുൻപ് സംഘം ആഫീസിൽ എത്തിച്ചുതരുവാൻ ഗ്രന്ഥകർത്താക്കളോടപേക്ഷിക്കുന്നു. സമ്മാനാർഹമായ ഗ്രന്ഥത്തിന്റെ പേര് ജൂലായ് 12-ാംതീയതി പ്രഖ്യാപിക്കും. സമ്മാനത്തുക 250 ക. യാണ്. മെഡലിക്കവും ആദ്യപതിപ്പും ആയ ഗ്രന്ഥങ്ങൾ മാത്രമേ സമ്മാനാർഹമാകൂ

അവളുടെ വിചാരങ്ങളും പ്രവൃത്തികളും സൽപഥത്തിലേയ്ക്കു തിരിക്കേണ്ടതു അത്യാവശ്യമാണ്. ഈ വിധത്തിൽ നല്ല കുഞ്ഞുങ്ങളെ ജനിപ്പിക്കുകയും അവരെ നല്ലവരായി വളർത്തുകയും ചെയ്യുമ്പോൾ മാത്രമേ നാം അമ്മയെന്ന ഉന്നതപദവി കരസ്ഥമാക്കുകയുള്ളൂ.

* * *

മിസ്സ് കെ. സരോജിനി മുവാറ്റുപുഴ) പറയുന്നു:—കുമുദിയിൽ പര്യാധിപർ സഭയം അനുഭവിച്ചു തന്നിരിക്കുന്ന വനിതാപംക്തിയിൽ പുരുഷൻ ആൺകുങ്ങളെ ഏടുത്തുകാട്ടുന്ന ലേഖനങ്ങൾക്കു സ്ഥാനം കൊടുക്കാതെ സ്ത്രീലോകത്തിൽ ഇന്നു സാധാരണയായിക്കാണാവുള്ള അന്ധമായ വിശ്വാസങ്ങളേയും സങ്കല്പങ്ങളേയും ദൂരീകരിക്കുന്നതിനു സഹായിക്കുന്ന ലേഖനങ്ങളാണു മോടേത്. സഭയെയ്ക്കുമായി അടിപ്രയോഗം ചെയ്യാൻ കഴിവുള്ള വനിതകൾ വളരെയുള്ള നാടാണല്ലോ നമ്മുടേതു്. സംസ്കാര സമ്പന്നമായ ഒരു ലോകമാണ് നമുക്കാവശ്യം. സംസ്കാരം നേടാൻ കഴിഞ്ഞ സഹോദരിമാരും അമ്മമാരും നമുക്കുണ്ട്. അവരെക്കൊണ്ടു മുന്നോട്ടുവന്നവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാത്തതു് നമ്മുടെ തലമുറയോടു അവർ ചെയ്യുന്ന ഒരു കൊടുമാണ്.

* * *

ലത (കോട്ടയം, സി എസ്. ഹൈസ്കൂൾ, തിരുവല്ല) 'സ്ത്രീകൾ പ്രവൃത്തി നിരതരാകുക' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിൽ പ്രധാനമായി പറയുന്നതു ഇങ്ങനെയാണ്. സ്ത്രീകൾ അടിമത്വത്തിന്റേയും കടിപ്പാടിന്റെയും പര്യായമാണ്. പോരെങ്കിൽ അബലയും പുരുഷൻ വിധിയെഴുതി; സ്ത്രീക്കു ഭർതൃശുശ്രൂഷ, ശിശുസംരക്ഷണം, പാചകം ഇവയെക്കയാണ് ധർമ്മമെന്നും. അതിന്റെ അടിസ്ഥാനത്തിൽ അവളെ ബാഹ്യലോകത്തിൽ നിന്നും നീക്കിനിർത്തി ബാഹ്യലോകാനുഭവത്തിൽ നിന്നും അവൾ തന്റെ ധർമ്മമാക്കിവച്ചു അങ്ങനെ അന്തഃപുരത്തിന്റെ അന്ധകാരത്തിൽ മറഞ്ഞ സ്ത്രീയ്ക്കു് തന്റെ ജീവനയേയോ കലാപാടവത്തേയോ വികസിപ്പിക്കാൻ കഴിഞ്ഞില്ല. പക്ഷേ സ്ത്രീത്വം അതുവളരെനാൾ വകവച്ചുകൊടുത്തില്ല. അവർ തങ്ങൾക്കു നഷ്ടപ്പെട്ടുപോയവയെ ഓരോന്നോരോന്നായി വീണ്ടെടുത്തു. അതുമൂലം അവനും അവളും ജീവിതത്തിൽ ഏതാണ്ടു് തുല്യപങ്കാളികളായിത്തീർന്നു അവിടെ ഏതൊരു രംഗത്തിലും തന്റെ പാടവം പോകട്ടെ ബോധ്യപ്പെടുത്താൻ അവൾക്കു കഴിഞ്ഞു. അതിനു് കുറുവളരെ ഉദാഹരണങ്ങളുണ്ടു്.....അങ്ങനെ കഴിവുകളുള്ള കുറുവളരെ സ്ത്രീരത്നങ്ങൾ നമ്മുടെ ഇടയിൽത്തന്നെയുണ്ടു് വേണ്ട പ്രോത്സാഹനം ലഭിച്ചാൽ ലോകത്തിൽ ഉന്നതമായ സ്ഥാനംതന്നെ നേടാൻ കഴിവുള്ളവരാണ് അവർ സ്ത്രീയുടെ ഈ രംഗപ്രവേശം പുരുഷനു് തന്റെ കൃതനിർവ്വഹണത്തിനു് ഒരു പ്രചോദനംകൂടെയാണെന്നു ലോകത്തിനുബോധ്യമായിരിക്കുന്നു. അടുക്കളയിലെ ജോലികളും മറ്റും പ്രധാനപരിപാലനം മുതലായവയിൽ അവർ ഇന്നു പേരെടുത്തിട്ടുണ്ടു്.....എന്നാൽ ആധുനിക സംസ്കാരസന്ദർഭങ്ങൾ ഇന്നു എല്ലാ സ്ത്രീകൾക്കും ലഭ്യമായിട്ടില്ല. ഇപ്പോൾ അവരെ ബന്ധിച്ചിരിക്കുന്ന ശൃംഖലകളിൽനിന്നും അവർ മോചനം നേടി അനന്തിരമായ ഭാവിയിൽ പുറത്തേയ്ക്കു വരുന്നുണ്ടാവും. അവർ പുരുഷന്റെ അടിമയല്ല, ലോകരംഗത്തു അവർ സ്വതന്ത്രകാരികൾ നിറഞ്ഞുനിൽപ്പാൻ വെമ്പുന്നവളാണു് എന്നു ലോകം ഇന്നു അംഗീകരിച്ചിരിക്കുന്നു. ജീവിതലക്ഷ്യത്തിൽ എത്തിച്ചേരുന്നതിൽ വനിതകൾ പുരുഷനെ അപേക്ഷിച്ചു കടുംപിന്നിലല്ലെന്നതന്നെയല്ല, അവരെ അതിശയിക്കാൻ കഴിവുള്ളവരുമാണ്. ഏതുവിചാരിച്ചു് വനിതകൾ തങ്ങളുടെ സ്ത്രീത്വത്തെ പരിഗണിക്കാതിരിക്കരുതു്, ബഹുമതിനേടാതിരിക്കരുതു്.

എന്നാൽ മറ്റാരുകൊണ്ടും പറയേണ്ടതായിരിക്കുന്നു. അതു നമ്മുടെ സഹോദരിമാരുടെ ഒരു ദുഷ്പ്രവൃത്തിയാണു്. മൂന്നോ നാലോ സ്ത്രീകൾ ഒത്തുചേർന്നാൽ അവരുടെ സംഭാഷണവിഷയം സഭയെപ്പറ്റി നിരൂപണമാണു്. അഭ്യന്തരമായ ബാഹ്യസഭയെപ്പറ്റിയുള്ള നിരൂപണം. ആന്തരികമായ സഭാഭാവത്തിലേയ്ക്കു പ്രവേശിക്കുന്നതിനോ, പ്രവേശനത്തെപ്പറ്റിയോ അവർക്കൊന്നും പറയാനില്ല. ഇങ്ങനെ പരനിന്ദയ്ക്കും അസൂയയ്ക്കുംവേണ്ടി ദുർവിനിയോഗിക്കുന്ന സമയം സ്ത്രീജനങ്ങളുടെ സാംസ്കാരികമായ പുരോഗതിയെ സംബന്ധിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാനും മനസ്സിലാക്കിപ്പിക്കുവാനും മറ്റും ഉപയോഗിച്ചിരുന്നുവെങ്കിൽ അതു ലോകത്തിനു് എന്തോരു നേട്ടമായേനെ അവർക്കോരോരുത്തരായി തങ്ങളുടെ കഴിവുകളെ സൽപന്ഥാവിൽക്കൂടിനയിച്ചും മറ്റു സഹോദരിമാരെക്കൂടെ അതിലേയ്ക്കു ആഹ്വാനംചെയ്തും അവരിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ തട്ടിയുണർത്തി ലോകനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനും യത്നിച്ചു ലോകത്തിനു് ഉപകാരികളാകാൻ ശ്രമിക്കേണ്ടതാണു്,


——



തലവേദന, അകാലനര, താരണം, പുകച്ചിൽ, മുടികൊഴിച്ചിൽ ഇവയെ മാറ്റി, തലച്ചോറിനും, കണ്ണിനും കുളിർമനൽകി തലമുടി നിണ്ടുചുരുണ്ടു് സമൃദ്ധമായി വളരുന്നതിനു് പറ്റുപറ്റമായ വിധം, ആയുർവേദ ശാസ്ത്രപ്രകാരം തനി ഏരണ്ണയിൽ അനേകം ഫലവൃക്ഷങ്ങളായ ഔഷധങ്ങളും സുഗന്ധപുഷ്പരസങ്ങളും ചേർത്തു് തയ്യാർചെയ്ത സുഗന്ധകേരതൈലം.

4-ഔ. കുപ്പി 1 ക്ക 1-6-0

N B 3 കുപ്പിയിൽ കുറഞ്ഞു് വി. പി. അയയ്ക്കുന്നതല്ല. 25% മുൻകൂർ. (ഇംഗ്ലീഷ് പരിജ്ഞാനമുള്ള, സാധുവായ ഒരു പയ്യനെ ആവശ്യമുണ്ടു്.)



ക്രിസ്തുമസ് പ്രമാണിച്ചുള്ള ലേഖനങ്ങൾ വളരെ അധികം പേർ എഴുതി അയച്ചു തന്നിട്ടുണ്ട്. അടുത്തയാഴ്ച സമ്മാനാർഹമായ ലേഖനം പ്രസിദ്ധപ്പെടുത്താം. സമ്മാനം ഇത്രവണ താമസിച്ചു പോകുകയില്ലെന്നു ആണയിട്ടു പറയുന്നു.

പരീക്ഷ അടുത്ത സമയമാണല്ലോ, വേറെ മൽസരങ്ങൾ വെയ്ക്കുമെന്നു വിചാരിച്ചുതാണ്. നിങ്ങളുടെ പരീക്ഷയുടെ ഇടയ്ക്കുവച്ചാൽ അമ്മമാരുടെ ശകാരം കൂടെ കേൾക്കേണ്ടിവരുമല്ലോ എന്തിനു വെറുതെ വഴിയേ പോകുന്ന പുലിവാലു പിടിച്ചു തലയിൽ വയ്ക്കുന്നു എന്നു വിചാരിക്കയാണ്. പരീക്ഷയും വളരെ അടുത്തുപോയല്ലോ. അതുകൊണ്ടു ഒരു മാസത്തേയ്ക്കു ഇനി മൽസരം കാണുകയില്ല. അമ്മമാർക്കും ഇതു നല്ല വാർത്തയായിരിക്കും. തിരുവനന്തപുരത്തുകാർക്കു ഒരു ആശ്ലോഷം വരുന്നതേയുള്ളു — എക്സിബിഷൻ. ടീനി ചേച്ചിയ്ക്കുള്ളതും സ്വതന്ത്രമായി വൈകുന്നേരം ചേച്ചിയുടെ ഇളയമ്മയുടേയും മറ്റും വീട്ടിൽ ഈവിനിങ്ങ് വാക്കിനു പോകാം. റോഡു ഇനി മിക്കവാറും ശൂന്യമായിരിക്കും. കഴിഞ്ഞയാഴ്ച ലക്ഷദീപം കാണാൻ ചേച്ചി പോയിരുന്ന ഒരുമാതിരി ക്ഷേത്രക്കുമാതിരിയായിരുന്നു തിരിച്ചുവന്നതു്. തള്ള അത്രയും ഭയങ്കരമായിരുന്ന എക്സിബിഷൻ പ്രോഗ്രാം ഇതുവരെ നിശ്ചയിച്ചില്ല. വെളിയിൽ നിന്നു വരുന്നവർക്കു ചേച്ചിയെക്കൂടി കണ്ടിട്ടുപോകാനുള്ള സന്മനസ്സുണ്ടാകുമോ എന്തോ? ഇതുകൊണ്ടു ചേച്ചിയെ എക്സിബിഷൻസ്റ്റാളിൽ പ്രദർശനവസ്തുവായി വയ്ക്കുമെന്നു തൊഴിലുരിക്കുന്നതു്. ചേച്ചിയുടെ വീട്ടിൽ വരണമെന്നാണു പറഞ്ഞതു്. ഒരു കപ്പു കാപ്പിതരാം. വരണേ.

അംഗത്വകാർഡുകൾ കിട്ടിയതു ഇഷ്ടമായോ? ചേച്ചിയുടെ കവിത കൂട്ടുകാരിയുടെ സാമർത്ഥ്യംകൊണ്ടാണു് ഇപ്പോഴെങ്കിലും അയയ്ക്കാൻ സാധിച്ചതു്. നമ്മുടെ പത്രാധിപർ എലക്ഷനു നിൽക്കുന്നുണ്ടല്ലോ? ഇപ്പോൾ പറയുന്നതു ചെയ്യുമോ. നമുക്കു ഒരു പേജുകൂടി ചോദിച്ചു നോക്കാം, വേറെവിശേഷം ഒന്നുമില്ല. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു. മതിയാക്കട്ടെ. ശേഷം അടുത്തയാഴ്ച എഴുതാം.

സ്നേഹപൂർവ്വം,
നിങ്ങളുടെ സ്വന്തം ചേച്ചി.

അംബികാഭായി, കല്ലറ. മറുപടി എഴുതാൻ താമസിച്ചതിൽ ചേച്ചിയോടു പിണക്കമില്ലല്ലോ എങ്കിലേ എഴുതുന്നുള്ളു ഇയാളു ഒരു കുട്ടുകാരിക്കു പരിചയപ്പെടുത്തി കൊടുക്കുന്നുണ്ട്. കവിത എഴുതുമതിയാക്കല്ലേ ഇനിയും എഴുതി അയച്ചുതരണം

തുളസീഭായ്, ഏല്ലൂർ. എഴുത്തു കണ്ടിട്ട് അതു് എപ്പോഴും വലിയ 'ബിസി' ആണെന്നു തോന്നുന്നല്ലോ ക്ലാസ്സിൽ 'മിക്കതിനും' ഫസ്റ്റാണല്ലോ? കുസൃതിയും ഇതിൽ ഉൾപ്പെടുമല്ലേ കഥ അമ്മമ്മയെ വായിച്ചു കേൾപ്പിച്ചു നന്നെന്നു പറഞ്ഞാൽ ഉടൻ അയച്ചുതരണം. അമ്മാമ്മ മറിച്ചുപറയില്ലല്ലോ. "ഒരു മു" മുന്നിലെത്തട്ടെ എല്ലാവരേയും സ്നേഹാന്വേഷണങ്ങളും അറിയിക്കണം. അതോ മറക്കുമോ?

കെ. കെ. ശാന്തകുമാരി, മങ്ങനാശേരി. തുടക്കമേ പച്ചക്കള്ളം. ചേച്ചിയുടെ 'ജാതി'യല്ലേ? ഇതു അഞ്ചാമത്തെയെഴുത്തല്ലേ, മഴകാരണം ചെറിയ ഒരു ജലദോഷം പിടിപെടാതിരുന്നില്ല എങ്ങനെയറിഞ്ഞു ഈവിട്ടുള്ള കൊതുകുകടം ചേച്ചിയെ അധികം ഉപദ്രവിക്കുകയില്ല പുറം പറമ്പുനോക്കിയിട്ടു നിർദ്ദേശപ്പെട്ട വേറെയാളുകളുടെ അടുത്തു പൊയ്ക്കൊള്ളുകയും. വലിച്ചാലും നിൽക്കില്ല ഈ കുട്ടുകാരിയെഴുത്തു. അംബികാഭായി C/o ശ്രീ. എസ്. വി. നായർ, ആനന്ദവല്ലീശ്വരം, കല്ലറ.

രാജഗോപാൽ, തലവടി. ചേച്ചിയാണോ ഈ എഴുത്തും എഴുതിയതു്. എന്നാൽ ഇനി ഉണ്ണിക്കൃഷ്ണൻ സ്വന്തമായി എഴുതുന്നതായിരിക്കും നല്ലതു്. കഥ അച്ചടിച്ചുകളയാം. എല്ലാ വിഷയത്തിനും പാസ്സായതിൽ വളരെ സന്തോഷിക്കുന്നു,

ജി, സുമംഗലാഭായി, പരവൂർ. ഫോട്ടോ അയച്ചുതരൂ. കൂട്ടുകാരിയെ പരിചയപ്പെടുത്തിത്തരാൻ താമസം നേരിട്ടോ എന്നറിയിക്കണം ഇതാണു കൂട്ടുകാരിയുടെ മേൽവിലാസം, സരോജിനി, C/o കെ. വിശ്വനാഥൻ & ബ്രദേഴ്സ്, എം. വി. ബുക്ഡിപ്പോ കല്ലറ, കിളിമാനൂർ.

കെ. വി. നടരാജൻ, ചങ്ങനാശ്ശേരി. അപ്പോൾ ഇതുവരെ വായുവില്ലാതെ എങ്ങനെ ജീവിച്ചു. കൂട്ടുകാരനെ പരിചയപ്പെടുത്തിത്തരുമ്പോൾ എഴുതാൻ വിഷമം കാണുകില്ലല്ലോ. ചങ്ങനാശ്ശേരിയിൽ ആൺകുട്ടികൾ കുറവാണല്ലേ? ഈ കൂട്ടുകാരനെഴുതു എം. എസ്. ശ്രീനിവാസൻ, C/o ശ്രീ കെ സുകുമാരൻ, കേരളകൗമുദി, പേട്ട തിരുവനന്തപുരം.

ലളിതാഭായി, പ്രാക്കുളം ചേച്ചിയുടെ നിറം തങ്കത്തിന്റെ നിറമെന്നാരു പറഞ്ഞു. ചേച്ചി കറുപ്പുമല്ല. വെളുപ്പുമല്ല. ചെറുകഥ അയച്ചതരൂ. ചേച്ചിയുടെ ഫോട്ടോ ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ലല്ലോ. ഉഷാലച്ചിയുടെ പടമായിരിക്കും കണ്ടതു്. ചോദിച്ചു ഉഷാലച്ചിയോടു ചോദിച്ചു മറുപടി പറയാം. തന്നിതയാമാരോടു ക്ലബ്ബുൺ പൂരിപ്പിച്ചയക്കാൻ പറയണം

നാരായണൻകുട്ടി, ഇട്ടിപ്പള്ളി. അന്വേഷണം അറിയിക്കുന്നുണ്ട്. കഥ അയച്ചുതന്നാൽ പ്രസിദ്ധീകരിക്കാതെ ചേച്ചി അതിനു കളയുമോ? അങ്ങനെ പേടിക്കേണ്ട കൂട്ടുകാരനെ പരിചയപ്പെടുത്തിത്തരുന്നുണ്ട്.

എസ്. സുവർണ്ണകുമാരി, കൊല്ലം. എവിടെയെല്ലാമാതിരുന്നു സക്കീട്ട്. കൊച്ചു പെൺകുട്ടികൾ കൂട്ടംകൂടിനടക്കുന്നതു കണ്ടാൽ ഒരു കുത്തു പിടിച്ചുകാണുകില്ല അതായിരിക്കും കുത്തിമറിച്ചിട്ടതു് ഓടയിൽ വീണവരെല്ലാം നടന്നതന്നെയാണോ വീട്ടിൽ എത്തിയതു്. സരസ്വതി കാർഡു അയച്ചിട്ടുണ്ടായിരുന്നല്ലോ. പാട്ടു പ്രസിദ്ധപ്പെടുത്താം. ലളിതയേയും വിജയത്തേയും അന്വേഷിച്ചതായി പറയണം.

ഇന്ദ്രൻ, വൈക്കം ക്ലാസ്സിലെ സിക്രട്ടറിയെന്ന നിലയിൽ ഇതുവരെ എന്തെല്ലാം ചെയ്തിട്ടുണ്ട്. കഥ എഴുതി അയച്ചുതരൂ. സിക്രട്ടറിയുടെ മിടുക്കു അപ്പോൾ കാണാമല്ലോ

എം. രാജകുമാരി, വൈക്കം എഴുത്തിനൊക്കുടെ ചെറുകഥ എഴുതാൻ ആരു പറഞ്ഞു. 'രാജകുമാരി'യാണെന്നുവെച്ചു ഇങ്ങനെ ചെയ്യൽ പാവപ്പെട്ട ഈ ചേച്ചി എന്തുചെയ്യും. കഥ വായിച്ചു നോക്കട്ടേ. ശാന്ത മുതൽ കീഴോട്ടു എല്ലാവരേയും പ്രത്യേകം പ്രത്യേകം ചേച്ചിയുടെ അന്വേഷണം അറിയിക്കണേ.

സരോജിനി, കല്ലറ. കാർഡു അയയ്ക്കാൻ താമസിച്ചതിൽ പിണങ്ങുന്നതെന്തിനാണ് സരോജം. രജിസ്റ്റർ അടുത്തെങ്ങും ഇല്ലാത്ത ഒരു സ്ഥലത്തിരുന്നാണ് ഈ മറുപടികൾ എഴുതുന്നതു്. അടുത്തയാഴ്ച തീർച്ചയായും കൂട്ടുകാരിയെ പരിചയപ്പെടുത്തി തരാം. ഈ

പഠഞ്ഞതും അതു രസിച്ചിരിക്കുന്നു തോന്നുന്നല്ലേ, ഒരു കുട്ടുകാരിക്കു പരിചയപ്പെടുത്തികൊടുത്തിട്ടുണ്ട്.

സഖിയോട്

എസ്സ്. സ്വർണ്ണകുമാരി, കൊല്ലം. നമ്പർ 3302

ആശതയാശതയായിതാ
ആനന്ദകാലവിൻ ഗായികാ—ഇതാ മട്ട്.

ദൂരെയാചോണി പാടത്തിൽ–
ഒളിവിലായ് നിൽക്കുന്ന താരകേ
ആശതയായിട്ട എൻസഖീ
മാമരച്ചോലയിൽ പോകുവാൻ
നിന്നരിവാളിനാൽ മൂർച്ചയിൽ
കൊയ്തുപാൻകതിർ ഞാൻ കാണട്ടെ.
പൊന്നരിവാൾപോൽ വളഞ്ഞനിൻ
ചില്ലിത്തുമ്പുകളിൻറെ നേരത്തു്
നീലനയനം കാക്കി നീ
നീലിമാകാശത്തറിഞ്ഞിട്ട.
അഞ്ജിപ്പൂപോൽ ചുമന്ന നിൻ–
ചുണ്ടുകളെന്തേ വെളുത്തതു്?
ചോരനിറഞ്ഞ നിൻകവിളും
ദൂരെയാപ്പായ്കയിൽ കഴുകിടാം
മന്ദമാരുതൻ തലോടുമ്പോഴും
നിൻഗീതത്തിൽ ഞാൻ മയങ്ങിടാം
കാട്ടുപൂവിറുക്കാൻ പോയിടാം–
രാക്കയിൽപോലെ നീ പോരുക.
പോരുക പോരുക എൻസഖീ
പൂനിലാവിൽകളിയാടിടാം.

താരാപഥം

	രൂ.	ണ.
ഒറാപ്രതി എജൻറന്മാർമുഖേന	0	4
വാർഷികവരിസംഖ്യ	8	8
വാർഷികവരിസംഖ്യ (വിദേശത്തേക്ക്)	4	0

ആറുമാസത്തെ വരിസംഖ്യ മൻക്രർ അയയ്ക്കേണ്ടതാണു്.

മാനേജർ,
താരാപഥം
പേട്ട, തിരുവനന്തപുരം

ചെറുകഥ

അവനും ജീവിക്കുന്നു!!

എം. രാജകുമാരി

അന്നു ഞാൻ എഴുന്നേറ്റതു് കുറച്ചു നേരത്തേയായിരുന്നു. കാക്കകളുടെ കാ—കാ എന്നുള്ള ശബ്ദങ്ങളും എന്നെ പെട്ടെന്നുണർത്തി. ഞാൻ കണ്ണു തിരുമ്മിക്കൊണ്ടു് ജനലിലേയ്ക്കു വന്നു പ്രഭാതസൂര്യൻറെ ചെങ്കതിരുകളും വന്നടിക്കുകമൂലം എൻറെ ചെറിയ വീടിൻറെ ശോഭ വാചാമഗോചരമായിരുന്നു. മുറ്റത്തു് വികസിച്ചുനിന്ന റോസാപുഷ്പം അതിൻറെ മംഗളിക്ക മാറോടുകൂടി. മുഖം മംഗിയായി കഴുകിയിട്ടു ഞാൻ ബുക്കും എടുത്തുകൊണ്ടു് വായിക്കുവാൻപോയി.

.....

"അമ്മാ! വല്ലതുംതരണേ. രണ്ടുദിവസമായമ്മാ അല്പം കഞ്ഞിടെ വെള്ളം മോന്തീട്ട്". ഒരപരിചിതമായ ശബ്ദം! എനിക്കു ഭേഷ്യംവന്നു ആരാണ്ടു് ഇതുരാവിലെ രണ്ടാൻ നടക്കണതു്. ഞാൻ മുറ്റത്തു വന്നു നോക്കി, ഒരു ബാലൻ! ഏകദേശം എട്ടുവയസ്സു പ്രായംവരും. കഷ്ടിച്ചു നഗ്നത മറയ്ക്കുവാൻമാത്രം ഒരു തോല്ത്തു അവൻ ഉടുത്തിട്ടുണ്ടു്. "അമ്മാ, ഇച്ചിരി കഞ്ഞിവെള്ളം തരണേ രണ്ടുദിവസമായമ്മാ ഒരിറ്റു കഞ്ഞി ടെവെള്ളം കുടിച്ചിട്ട്". എന്നെക്കണ്ടപ്പോൾ അവൻ യാചിച്ചു.

ഞാൻ കുറച്ചു കഞ്ഞി കൊണ്ടുവന്നുകൊടുത്തു അതിയോടുകൂടി അവൻ അതു കഴിക്കുവാൻ തുടങ്ങി.

"നിൻറെ വീടെവിടെയാ? നീയെന്താ ഇങ്ങനെ തനിച്ചു നടക്കുന്നതു്. നിനക്കു് അമ്മയും അച്ഛനും ആരും ഇല്ലേ?" ഞാൻ അവനോടു് ചോദിച്ചു.

"എൻറെ വീട് ഒരുപാടു വടക്കാ അമ്മച്ചി. ഞാനും അമ്മേം അച്ഛനുംഎല്ലാരുംകൂടെ സുഖായിട്ട താമസിച്ചിരുന്നു. ഞാനും അമ്മേം അച്ഛനും കൂടി ദൂരെ ഒരു ഒരമ്പലത്തിൽ ഉൽസവം കാണാൻ പോയി. ഡാൻസായിരുന്നു അന്നേരം. പെട്ടെന്നൊരു തിക്കലുവന്നു. ഞാൻ അമ്മേടടുത്തു അച്ഛൻറെം അടുക്കേന്നു ദൂരെയായി. അന്നു ഞാൻ തീരെ കൊച്ചായിരുന്നു. ജനക്കൂട്ടത്തിനൊക്കെ പോയി. വഴിലൊക്കെ നടന്നു. അപ്പം ഒരാളെന്നെ അയാടെ വീട്ടി വേലക്കു നിറുത്താൻ വിളിച്ചോണ്ടു പോയി അവിടെ ഒരുപാടു ജോലി ഒണ്ടായിരുന്നു. ഒരു ദിവസം അവിടുത്തെ കൊച്ചൻ പശുവിനെ മാറിക്കെട്ടിയപ്പം അതെന്നെ കുത്തി. അതുകാരണം ഞാനിഞ്ഞു എനിക്കിനി പശുവിനെ കെട്ടാൻ കഴിയേലന്നു അപ്പം അവരെന്നെ തല്ലി ഓടിച്ചു, അവരു പറേണതൊക്കെകേക്കാത്തവരവടെ നിക്കണ്ടെന്നുപറഞ്ഞു. പിന്നെ ഞാൻ തെണ്ടി നടന്നു. രാത്രി വല്ല പീടികത്തിണ്ണേലും കെടക്കും. അങ്ങനെ ഇവിടംവരേക്കെ എത്തി. അമ്മച്ചി!

അയ്യോ ഒരു പാട്ടനേരം പോയി. ഞാനിനി പോണ്ടെ. അവൻ കഞ്ഞികുടിച്ചു പാത്രവും കഴുകിത്തന്നിട്ടു് രപെട്ടെന്നു പോയി".

ആ പാവം ചെറുക്കനോടു് എനിക്കു വളരെ സ്നേഹം തോന്നി. ഹാ അവൻറെ പ്രായമുള്ള അനേകർ എനിക്കുണ്ടു്. ശിവൻ ശിവനും ആ ബാലനുമായിട്ടു് യാതൊരു വ്യത്യാസവും ഞാൻ കണ്ടില്ല. പക്ഷേ ശിവനു ജീവിതത്തിൻറെ ക്ലേശങ്ങളെപ്പറ്റി യാതൊരു അറിവും ഇല്ലായിരുന്നു. എന്നാൽ ഈ ബാലനോ? ഓരോ ദിവസവും അവൻ എങ്ങനെയാണു നീക്കുന്നതു്. ഹാ! മിക്കദിവസവും അവൻ പട്ടിണിയാണു്. അവനു് മരണത്തെപ്പറ്റി യാതൊരു പേടിയും ഇല്ല ഏച്ചിലിലയിൽ പഠിയിരിക്കുന്നതുപോലും അവൻ തിന്നും. ആ ബാലനു് സുഖക്കേടിനെപറ്റി യാതൊരു വിചാരവും ഇല്ലായിരുന്നു. നടന്നകലുന്ന ആ ബാലനെത്തന്നെ ഞാൻ നോക്കിക്കൊണ്ടിരുന്നു. തീ പോലത്തെ വെയിലിലും തോരാത്ത മഴയിലും അവൻ നടക്കും തീ പോലത്തെ വെയിലിനെ പഠിയോ തോരാത്ത മഴയെപ്പറ്റിയോ മരണത്തെപ്പറ്റിപ്പോലുമോ ഭയമില്ലാത്ത ആ ബാലൻ! അതെ അവനൊരു പിച്ചക്കാരനാണു് തെണ്ടിയാണു്. യാചിച്ചാണു് അവൻ ജീവിതം നയിക്കുന്നതു്. അവനും ജീവിക്കണം!!

പ്രപഞ്ചഗായകൻ



കെ. ശ്രീധരൻനായർ, ഇടപ്പള്ളി

നിൻഗാനധ്വനിതകർന്നയത്തീപ്രപഞ്ചങ്ങിൻ
സംഗീതസാരമായാൻസൃഷ്ടിതൻമുടക്കതിൽ.
പ്രണവപ്രഭാവമേ നാദജ്യോതിസ്സേ! തവ
വ്യത്യക്ഷോഷങ്ങളല്ലേ സാഗരമായത്തിപ്പു.
വിണ്ടലം വിപഞ്ചികമീട്ടുകയല്ലേചെയ്തു
വിസ്യുതനായരത്തിൽ മാരിവിൽ വിടരുമ്പോൾ
അപ്രമേയമാമേതോഗാംഭീര്യംകൈക്കൊണ്ടതാ
നിൽക്കുമീഹിമവാന്റെ ഹൃത്തടം കവിഞ്ഞെത്തും
വേദസത്യങ്ങൾ ഋഷി പ്രോക്തങ്ങളുംനാരായി-
ട്ടീഇഹാമുഖങ്ങളിൽ മന്ത്രിക്കുംമന്ദാനിലൻ.
ആ മന്ത്രനാദത്തിൽഹാ! നിന്നോടേക്കഴലിന്റെ-
യാനന്ദസന്ദേശങ്ങൾ നിറയും ഗാനംകേൾപ്പു.

* * * * *

വിണ്ണിന്റെ പ്രതീക്ഷയാം താരകാവലിയുമീ-
മണ്ണിന്റെ സപര്യനെയ്തുപൂർണ്ണചന്ദ്രനും വാനിൽ
കണ്ണിണപൂട്ടാതതാ കാത്തുനിൽക്കുന്നതിന്റെ
സംഗീതശ്രോതാക്കളായ്സ്വർഗ്ഗത്തിൻ സന്താനങ്ങൾ.
ശൂന്യമായ് പ്രപഞ്ചത്തിൻ ചേതനപകർന്നപ്പോൾ
ആദ്യമായ് സൗന്ദര്യങ്ങളുണർന്നു വിടർന്നപ്പോൾ
ശൂന്യതഗർഭം ധരിച്ചാദ്യമായ് പ്രസവിച്ച
നാദസത്തയാം വീണിൻ തന്ത്രികൾ മീട്ടിലല്ലീ?
പിന്നിട്ട നൂറ്റാണ്ടുകൾക്കിപ്പുറം യമുനയിൽ
സുന്ദരതീരങ്ങളിൽ കേട്ട ഞാൻ നിൻഗാനങ്ങൾ.
ചന്ദ്രികപുഷ്പിച്ചുരാം മഞ്ഞിന്റെ പൂമൊട്ടുകൾ
ചെങ്കൽകല്ലിൽവിരചിച്ച നിശ്ശബ്ദഗാനങ്ങളിൽ,
മാനവസംസ്കാരത്തിൻ താരാട്ടുപാട്ടെന്നാരീ
മാരുതഗ്രാമങ്ങളിൽ ശാന്തിതൻ കുഞ്ഞുങ്ങളിൽ,
പൊന്നന്തിക്കുളിർമ്മയിൽ-അവ്യക്തമധുരമായ്
പൊങ്ങിടും സന്ധ്യാരാഗവീചിയിൽ-നിൻചേതന
തൃസിപ്പു, നിശ്ശബ്ദമായ് നിത്യനിർവൃതിയേകി
പ്പുണരാൻ നിർവാണത്തിൽ ശാന്തിമണ്ഡലങ്ങളെ!

* * * *

കരളിൻ വസന്തങ്ങൾ പൂവിട്ടുപ്രഭാതത്തിൽ
ഹൃദയാർപ്പണംചെയ്ത മകൈക്കുട്ടി നിൽക്കുന്നേ ഞാൻ!

ചില മികച്ച കൃതികൾ

			രൂ	ണ
എന്റെ ശ്രീകോവിൽ		വി. കുഞ്ഞുരാമൻ	0	12
പഞ്ചവടി		,,	0	14
ഒരു നൂറാണ്ടിനുമുമ്പ്		,,	0	12
പ്രണയരാവണൻ		കെ. ബാലാമണി ബി. എ.	1	0
ഓമന		,,	1	0
ജീവിതസമരം (ആത്മകഥ)		സി. കേശവൻ	3	0
ഈ. വി. യുടെ ആത്മകഥ	vol 1	ഈ. വി. കൃഷ്ണപിള്ള	2	8
മരിയ്ക്കാൻവയ്യ		കിഷൻചന്ദർ	0	12
അമരമോഹിനി		എം. ആർ. രാമകുമാരൻ	1	4
പട്ടേലും ചിന്തയും		പെരുന്ന കെ. വി. തോമസ്സ്	1	0
ചൈനയിൽ		പൂജപ്പുര കൃഷ്ണൻനായർ	1	12
അപ്പൻ		പൊറ്റക്കാട്ട	1	0
സപ്തസ്വരം		ചെമ്പിലമ്മി	0	12
പ്രതീക്ഷകൾ		തകഴി	1	8
ജീവിതവല്ലി		കരോട്ട ജനാർദ്ദനൻ	1	4
പൂലരിപ്പൂക്കൾ		,,	1	0
പാവങ്ങൾ		വിക്ടർയൂഗോ	1	8
വെള്ളിമുള്ളുകൾ		ടാറാപുരം സുകുമാരൻ	1	4
കുസ്തി ജീവിച്ചിരുന്നില്ല.		ഡി. കെ. ചന്ദ്രശ്രീ.	2	0
മാതൃഹൃദയം		കേരളവർമ്മ	0	8
ശിശുസംരക്ഷണം		ഡാ: എ. കെ. ജോർജ്ജ്	1	0
മധുവിധു		തോമസ് ചാലങ്ങാടി	1	0
രതിവികൃതികൾ		,,	1	0
വേശ്യയുടെ ഡയറി		മിസ്സ് ഏലൻ	1	0
വേശ്യയുടെ ആത്മകഥ		,,	1	8
യേശുവിന്റെ വിളി.		ജോർജ്ജ് വല്ലാട്ട	1	4
അണ്ണാതയ്യികുമൻ		കെ. ജെ. പിള്ള	1	4
കോമളവല്ലി		എം. ആർ.	2	0
ശ്രീമതി.		ദിവാകരൻ വൈദ്യൻ.	0	12
ഖദീജാ പെണ്ണ്,		അബ്ദുൽഖാദർ.	1	4
ചലനങ്ങൾ		(ചെറുകഥകൾ)	1	8
കാമുകൻ		അലപ്പുഴ ഖാദർ.	1	0
മാലിനീ മാലിന്യം			3	0
സംസാരിക്കുന്ന ശവങ്ങൾ		വള്ളംകുളം പി. ജി. പിള്ള.	1	0
ഇലക്ഷൻ പ്രണയം.		മേക്കൊല്ല.	1	4
അവളോ വേശ്യ		ബി. ജി. കറപ്പ്	1	0
സ്ഥലത്തെ പ്രധാന വേശ്യ		എൻ. പി ചെല്ലപ്പൻനായർ	0	8
മധുലീല		പി. സി. കോരുട്ട്	1	0
ജീവിതരഹസ്യം (ചിത്രങ്ങളടങ്ങിയത്)		കെ. ജെ.	1	8
പേരില്ലാത്ത വേശ്യ		പൂയപ്പള്ളി രാഘവൻപിള്ള	0	8

മറ്റു പല പുസ്തകങ്ങളും വില്പനയുണ്ട്.

N B:-രണ്ടു രൂപയിൽ കുറഞ്ഞ വി. പി. അയയ്ക്കുന്നതല്ല.

അശോകാ പബ്ലിഷിംഗ് ഹൗസ്

പബ്ലിക്ഹൗസ് റോഡ്-കൊല്ലം.

സംരക്ഷണനടപടികളും തുല്യവേതനവും



സി. നരോത്തമൻ എം. എ., എൽ. ടി

"നിങ്ങൾ ഏത്രതന്നെപറഞ്ഞാലും ശരി, ആകൃതികൊണ്ടോ പ്രകൃതികൊണ്ടോ സ്ത്രീകൾക്ക് പുരുഷന്മാരോട് ഒരു വിധത്തിലും തുല്യത പ്രാപിക്കുവാൻ സാദ്ധ്യമല്ല" എന്നാണ് ഐക്യരാഷ്ട്രമനുഷ്യാവകാശകമ്മീഷന്റെ ജനീവസമ്മേളനത്തിൽ ഒരു പാക്കിസ്ഥാൻ പ്രതിനിധി സർ അബ്ദുറഹ്മാൻ ഇയ്യിടെ ഘോഷിച്ചുപോൽ. സ്ത്രീകൾക്ക് തുല്യാവകാശം നൽകുകയെന്നകാര്യത്തെപ്പറ്റി സംസാരിച്ചിട്ടതന്നെ ഹലമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതു അവർതന്നെ ആവശ്യപ്പെടാത്ത ഒരു സംഗതിയാണെന്നുകൂടിയാണ് അദ്ദേഹം പ്രസ്താവിച്ചത്. വിവാഹം, വിവാഹമോചനം മുതലായ ചില സാമൂഹ്യജീവിത പ്രശ്നങ്ങളെ സ്പർശിച്ചുകൊണ്ടായിരുന്നു സർ അബ്ദുറഹിമാൻ സംസാരിച്ചിരുന്നത് എന്നതിൽ പാശ്ചാത്യദേശങ്ങളിലെ സ്ത്രീകൾ ഇതിലും: തുല്യാവകാശം ആവശ്യപ്പെടുന്നവരാണ്. പാശ്ചാത്യ വിദ്യാഭ്യാസം പ്രചരിക്കുന്നതോട് കൂടി മഹാരാഷ്ട്രവനിതകളും കേരളയാകെ അങ്ങിനെ ഉടങ്ങിട്ടുണ്ട്, സംഭാഷണത്തിൽ മാത്രമല്ലാ സാമ്പത്തിക രംഗത്തിലും രാഷ്ട്രീയ മണ്ഡലത്തിൽ പോലും അവർ തുല്യനില അവകാശപ്പെടുന്നുണ്ട്. നൂറാണ്ടുകാലങ്ങളായി അവക്ക് നിഷേധിക്കപ്പെട്ടിട്ടുള്ള അവകാശങ്ങളും നേടുവാൻ അവർ ഉറച്ചിരിക്കയാണ്. പല രാജ്യങ്ങളിലും ഭരണഘടനകളും അവ അനുവദിച്ചുകൊടുക്കുകയും നമ്മുടെ ഭരണഘടനതന്നെ സ്ത്രീപുരുഷസമത്വം പ്രഖ്യാപിച്ചിരിക്കയാണല്ലോ.

സ്ത്രീകൾക്ക് പ്രത്യേക സംരക്ഷണം—

എന്നാൽ യഥാർത്ഥത്തിൽ പല രംഗങ്ങളിലും സ്ത്രീപുരുഷന്മാർ തമ്മിലുള്ള അസമത്വം ഇന്നും നിലനിന്നുപോരുന്നുണ്ട്. പ്രകൃതികമായ ഭിന്നതകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള അസമത്വം, സർ അബ്ദുറഹിമാൻ പ്രസ്താവിച്ചതുപോലെ, എന്നും നിലനിൽക്കുകയും ചെയ്യും. എന്നാൽ അങ്ങിനെയല്ലാത്ത അസമത്വങ്ങളെ ദൂരീകരിക്കാനാണ് പരിഷ്കർത്താക്കളുടെ പ്രധാന ശ്രമം—ചിലപ്പോൾ അവർ ഏതഭിഷയകമായ പരിഷ്കാരശ്രമത്തിലുള്ള ഉൽസാഹത്തള്ളിച്ചയിൽ പ്രകൃത്യാ ഉള്ള വ്യത്യാസങ്ങളെ മറക്കുന്നുവെന്നുമാത്രം. സ്ത്രീകൾക്ക് സഹജമായുള്ള ചില ദൗർബ്ബല്യങ്ങളും, അവക്കുള്ള പ്രത്യേകതരം ഉത്തരവാദിത്വങ്ങളുമോർക്കുമ്പോൾ അവക്ക് പ്രത്യേകസംരക്ഷണമാണ് ചില രംഗങ്ങളിൽ ആവശ്യമായി വരുന്നത്. ഖനികളിൽ പ്രവൃത്തിയെടുക്കുന്ന സ്ത്രീകളെ ഖനിയുടെ അന്തർഭാഗത്തു പ്രവൃത്തിക്ക് നിയോഗിക്കരുതെന്നും ബഹിർഭാഗത്തുമാത്രമേ നിയോഗിക്കാവുവെന്നുമുള്ള നിയമം ഇങ്ങിനെയാണ് മുൻപ് ഇവിടെ പാസ്സാക്കപ്പെട്ടത്, അവരുടെ ആരോഗ്യസംരക്ഷണത്തിന് ഇതു അത്യാവശ്യമായിരുന്നു—ഖനികൾക്കുള്ളിൽ പ്രവൃത്തിയെടുക്കുവാനുള്ള ശരീരദാർഢ്യം അവക്കില്ല. അതെപ്രകാരംതന്നെ പ്രവൃത്തിശാലകളിൽ അവരെ രാത്രികാലങ്ങളിൽ വേലയ്ക്ക് നിയോഗിക്കുന്നതു് അനാശാസ്യമാകയാൽ അതു തടയുവാൻ നിയമനടപടികളുണ്ടാക്കണമെന്ന് സാർവ്വദേശീയ തൊഴിൽസംഘടന ആവശ്യപ്പെട്ടതനുസരിച്ച് ഇന്ത്യാഗവൺമെന്റ് പ്രസ്തുത ആവശ്യാർത്ഥം ഒരു ബിൽ ഇപ്പോൾ പാർലിമെന്റിൽ അവതരിപ്പിച്ചിരിക്കയാണ്. അധികം ആയാസകരമായ ജോലികളും സ്ത്രീകൾക്ക് നൽകാതിരിക്കേണ്ടതാണ്. ഭാവിതലമുറയുടെ ആരോഗ്യത്തിനുവേണ്ടി അമ്മമാരുടെ ആരോഗ്യം സംരക്ഷിക്കേണ്ടതു് അത്യാവശ്യമാണല്ലൊ—പ്രത്യേകിച്ചും ഗർഭകാലങ്ങളിൽ. അതുകൊണ്ട് അത്തരം സംരക്ഷണങ്ങളും നൽകുന്ന നിയമങ്ങളും ആവശ്യമാണ് സ്ത്രീകൾക്ക് പ്രസവം ആസന്നമായ വേളകളിലും, പ്രസവാനന്തരം ആരോഗ്യം വീണ്ടെടുക്കുന്നതുവരെ കുറച്ചുകാലത്തേക്കും, രമ്പളത്തോടുകൂടി അവധി അനുവദിക്കുന്ന നിയമങ്ങളും പല രാജ്യങ്ങളിലും നടപ്പിൽ വന്നിട്ടുണ്ട്. ഏഷ്യയിൽ സ്ത്രീകളുടെ ചുരുങ്ങിയ ശൂലിനിരക്ക് കാരണം അവരെ ധാരാളമായി കാഷ്ടിക വേലകൾക്ക് വേണ്ടി എടുക്കുന്നുണ്ടെന്നും, അവർ പല വിധത്തിലും തൊഴിലുടമകളുടെ ചൂഷണത്തിനിരയായിത്തീരുന്നു വെന്നും, ഇതിൽ നിന്നും അവക്ക് സംരക്ഷണം നൽകേണ്ടിയിരിക്കുന്നുവെന്നും സർവ്വരാജ്യതൊഴിൽ സംഘടന ഇയ്യിടെ ആവശ്യപ്പെട്ടിരിക്കുന്നു. കാർഷികേതര ജോലികളിലും അവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നുണ്ടെന്നും, ഇതിൽ ഉൽക്കണ്ഠാജനകമായിട്ടുള്ള സംഗതി അവരുടെ ശാരീരിക സ്ഥിതിക്ക് യോജിക്കാത്ത ആയാസകരമായ തൊഴിലുകൾ ധാരാളമായി അവക്ക് നൽകപ്പെടുന്നതാണ് എന്നും അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. തോട്ടത്തൊഴിലാളികളിൽ ഒരു വലിയ വിഭാഗം സ്ത്രീകളാണ്. (ഇവരെ രാത്രികാലങ്ങളിൽ പ്രവൃത്തിയെടുപ്പിക്കുന്നതു് മുൻപു തന്നെ ഇന്ത്യയിൽ നിയമംമൂലം നിരോധിക്കപ്പെടുകയുണ്ടായിട്ടുണ്ട്) അതുകൊണ്ട് ഏഷ്യയിലെ സ്ത്രീജനങ്ങളിൽ തൊഴിലിലേർപ്പെട്ടവരായി 27% ഉണ്ടെന്നാണ് സ: തൊ: സംഘടനയുടെ മതിപ്പ് പുരുഷന്മാരിൽ 50% വും.

എന്നാൽ സ്ത്രീകൾക്ക് സംരക്ഷണം നൽകിക്കൊണ്ടുള്ള നിയമങ്ങൾ പാസ്സാക്കുന്നതു ചിലപ്പോൾ ദോഷകരമായ ഫലമുളവാക്കിയേക്കും എന്നതുകൂടി സ്ത്രീ തൊഴിലാളികൾക്ക് പകരം ക്ഷുദ്രകരായി പുരുഷന്മാരെ നിശ്ചയിച്ച് തങ്ങളുടെ ബാദ്ധ്യതകൾ ലഘൂകരിക്കുവാൻ തൊഴിലുടമകൾ ശ്രമിച്ചേയ്ക്കും. ഇതു സ്ത്രീകളുടെ തൊഴിൽ സന്ദർഭങ്ങൾ ചുരുക്കുവാൻ കാരണമാവുമല്ലൊ. അങ്ങിനെയായാൽതന്നെയും കുടുംബത്തിന്റെ വരുമാനം കുറയുകയും ജീവിതച്ചെലവു താങ്ങാൻപോകുകയും ചെയ്യും. ഇതിനൊന്നും ഇടവരുത്താത്തവിധത്തിലായിരിക്കണം നിയമനിർമ്മാണം ചെയ്യുന്നതു്. അതിനാൽ തൊഴിലുടമകളുടെ താല്പര്യങ്ങളേയും ശരിയായ താല്പര്യങ്ങളേയും ഇണക്കിക്കൊണ്ടു് സ്ത്രീകളുടെ തൊഴിൽസ്ഥിതി നന്നാക്കുന്ന വിധത്തിലുള്ള നിയമനിർമ്മാണം ഏർപ്പെടുത്തുവാനുള്ള മാർഗ്ഗമാണ് ആരായേണ്ടതാണ്. അല്പജ്ഞാനം അധികമുള്ള തൊഴിലുകൾ പുരുഷന്മാർക്ക് നീക്കിവെക്കാവുന്നതാണ്.

തുല്യജോലിക്ക് തുല്യവേതനം—

ഇനി ശ്രദ്ധിയുടെ കാര്യമാണ് ആലോചിക്കുവാനുള്ളതു്. സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്യ ശ്രദ്ധിലടിക്കേണ്ടതെല്ലാം താത്വികമായിലപാടിൽ നിന്നുകൊണ്ട്. ഇതു ആക്ഷേപം നിഷേധിക്കാവുന്നതല്ല ഇന്ത്യയിലെ ചുരുങ്ങിയ ശ്രദ്ധിനിയമങ്ങളിൽ ഇതിനുള്ളതായ വ്യവസ്ഥയും അടങ്ങീട്ടുണ്ട്. എന്നാൽ യാഥാർത്ഥ്യങ്ങളുടെ രംഗത്തിൽ പരിശോധിക്കുമ്പോൾ ഇതിൽ പല വിഷമതകളും കാണാവുന്നതാണ്. ഒന്നാമതായി അയാസകരമായ തൊഴിലുകളിൽ അവർ പ്രവേശിക്കുമ്പോൾ ശാരീരികമായ ശക്തിക്കുറവു കാരണം പുരുഷന്മാരുടെ തോതിൽ അവക്ക് പ്രവൃത്തിയെടുപ്പു് തീർക്കുക സാദ്ധ്യമല്ല. അപ്പോൾ മണിക്കൂറിനു കണക്കായി പുരുഷന്മാരോടൊപ്പം അവക്ക് തുല്യശ്രദ്ധി നൽകുവാൻ സാദ്ധ്യമല്ല. ഭോഹാരപ്രധാനമായ ഇന്ത്യ തൊഴിലുകളും കാഷ്ടികരംഗത്തിലും വ്യവസായരംഗത്തിലും ധാരാളമായി കാണാവുന്നതാണ്. പിന്നെ സ്ത്രീ തൊഴിലാളികളും സാധാരണയായി വിശേഷാൽ ശ്രദ്ധികളിലുള്ള

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്തം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ്സെക്യൂറിറ്റിയിന്മേൽ"

പുതുതായി വീണ്ടും ഉടനെ ആരംഭിക്കുന്നു

(A)	75 രൂ.	40 മാസം	രൂ. 3000	(E)	17½ രൂ.	40 മാസം	രൂ 700x2
(B)	50 ,,	,,	2000	(F)	15 ,,	,,	,, 600
(C)	37½ ,,	,,	1500	(G)	12½ ,,	,,	,, 500x4
(D)	25 ,,	,,	100x2				

ഉടനെ ചിട്ടികൾ തുടങ്ങുന്നു. ആവശ്യമുള്ളവർ ഉടനെ പത്രോല അയച്ചുതരുന്നതാകുന്നു.

കെ. ദാമോദരൻപിള്ള,

മാനേജിംഗ് ഡയറക്ടർ.

പരിശീലനം നേടിയവരായിരിക്കയില്ല; കാരണം ആജീവനാന്തം തൊഴിൽകൊണ്ടു ജീവിക്കുക എന്നതല്ല അവരുടെ ലക്ഷ്യം അവിവാഹിതകാലം പലരും വിവാഹം കഴിയുന്നതുവരെ മാത്രമേ ജോലിക്കു പോകുന്നുള്ളൂ. തദനന്തരം ഭർത്താവിന്റെ വരുമാനത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. വിവാഹിതകാലം ജോലിക്കുപോകുന്നത് ഭർത്താക്കന്മാരുടെ വരുമാനത്തിനു പുറമേ ഉപവരുമാനം നേടി കുടുംബബഡ്ജറ്റിലെ കമ്മി നികത്തുവാനാണ്. അതിനാൽ വലിയ പരിശീലനമൊന്നും ആവശ്യമില്ലാത്തതും ഏളുപ്പത്തിൽ പഠിച്ചുചെയ്യാവുന്നതുമായ വല്ല തൊഴിലുകളിലുമാണ് അവർ ഏർപ്പെടുന്നത്. ഇതാണ് അവരുടെ കൂലിക്കുറവിനുള്ള മറ്റൊരു കാരണം. ഇപ്പറഞ്ഞകാരണങ്ങളും കൊണ്ട് കൂലികുറയുന്നതിനെ തടഞ്ഞു തുല്യകൂലിനൽകുവാൻ നിയമംമൂലം നിർബന്ധിക്കുകയാണെങ്കിൽ അതിന്റെഫലം സ്ത്രീതൊഴിലാളികൾക്ക് ഇത്തരം തൊഴിൽ നഷ്ടപ്പെടുകയായിരിക്കും. തുല്യമല്ലാത്ത മുല്യമനത്തിനു തുല്യമായ കൂലിനൽകുന്നതു തൊഴിലുടമകൾക്ക് നഷ്ടഹേതുകമാകുമല്ലൊ. ഈ കാരണംകൊണ്ട് ഇത്തരം തൊഴിലുകളിൽ മുല്യമനത്തിന്റെ തോതും ഗുണവുമനുസരിച്ച് പ്രവൃത്തിയുടെ വേതനം നിശ്ചയിക്കുകതന്നെ വേണ്ടിവരും. പ്രത്യേകിച്ചും കാഷികരംഗത്തിൽ ഇതാണു സ്ഥിതി. ഇവിടെ കൂടുതൽ അദ്ധ്വാനമുള്ള ജോലികളും പുരുഷന്മാരാണ് ചെയ്യുന്നത്. അദ്ധ്വാനം കുറഞ്ഞ ജോലികളും. ഇതുകൂടാതെ തുല്യകൂലി നൽകുവാൻ നിർബ്ബന്ധിക്കുകയാണെങ്കിൽ കൃഷിച്ചെലവു് അസാമാന്യമായി അധികരിക്കുന്നതായിരിക്കും. അപ്പോൾ സ്ത്രീകൾക്ക് പകരം കൂടുതൽ കൂടുതൽ പുരുഷന്മാരെ പ്രവർത്തിക്കു് നിശ്ചയിക്കുകയായിരിക്കുംഫലം. ഇതു ഗ്രാമീണരുടെ ഗാർഹിക സമ്പദ് വ്യവസ്ഥയെ തകരാറിലാക്കുകയും ചെയ്യും.

എന്നാൽ ഒരു തരത്തിലുള്ള പ്രവൃത്തിചെയ്യുമ്പോൾ, പ്രയത്നത്തിന്റെ തോതും ഫലവും ഒരേപോലെ ഇരിക്കുമ്പോൾ, സ്ത്രീക്ക് പുരുഷനോടൊപ്പം സമവേതനം ലഭിക്കേണ്ടതല്ലേ? തീർച്ചയായും അതെ പക്ഷെ ഇന്നും ഇത്തരം തൊഴിലുകളിൽ സ്ത്രീക്ക് പുരുഷനേക്കാൾ ഏതുയോ ചുരുങ്ങിയ കൂലി നൽകിവരുന്നില്ലേ? ഉണ്ട്. ഇവിടെയാണ് നിയമനടപടികളും പരിഷ്ക്കാരങ്ങളും ആവശ്യമായിരിക്കുന്നത്. ചില്ലറ ചുരുങ്ങിയ കൂലി, നൽകിവരുന്നതു് മിർക്കുകാലത്തെ പരിവേതനസമ്പ്രദായത്തിന്റെ ശേഷിപ്പുമാത്രമാണ്, കൂലിക്കുറവിനുള്ള മറ്റൊരു കാരണം സ്ത്രീകൾക്ക് സംഘടനാശക്തിയില്ലായ്മയാണ്; അവർ അധികവും താല്ക്കാലിക തൊഴിലാളികളായതാണ് ഇതിനു പ്രധാന കാരണം. ട്രെയിഡ് യൂനിയനുകളും മുഖേന സംഘടിച്ച് കൂലിവർദ്ധനവിനും മറ്റും ശ്രമിക്കുക അത്ര എളുപ്പമല്ല. ചില കാലങ്ങളിൽ—പുഷ്പശർക്കാലത്തും പ്രസവകാലത്തും—അവക്ക് പ്രവർത്തിയിൽ നിന്നു വിരമിക്കേണ്ടതുണ്ടല്ലോ. സ്ത്രീകൾ ഏതാനും ചില തൊഴിൽ തുറകളിൽ മാത്രം പ്രവേശിക്കുകകാരണം അവിടെ അവരുടെ സംഖ്യ ആവശ്യത്തിലും ഏതുയോ അധികമാകുക നിമിത്തവും കൂലി കുറയുന്നുണ്ട്. ഏതാദ്ദേശാവസ്ഥകളിൽ ഒരേ പ്രവർത്തിക്ക് ഒരേക്കൂലി എന്ന പ്രമാണപ്രകാരം വേതനം നൽകേണ്ടതാണെന്നും സംഘടന മുഖാർശചെയ്തിരിക്കുന്നു. തൊഴിലുടമകൾക്ക് വേണ്ടപ്പെട്ടയോഗ്യതയുണ്ടെങ്കിൽ സ്ത്രീപുരുഷന്മാർക്ക് തുല്യസന്ദർഭങ്ങളും തുല്യവേതനവും ലഭിക്കണം എന്നതാണ് പ്രസ്തുതസംഘടന മുന്നോട്ടുവച്ചിരിക്കുന്ന അടിസ്ഥാനപ്രമാണം. ബുദ്ധിപരമായ കഴിവുകൾക്ക് പ്രാധാന്യമുള്ള ശാസ്ത്രജ്ഞൻ, സംഗീതജ്ഞകളിലും, വ്യാപാരസ്ഥാപനങ്ങളിലും മാറ്റം തുല്യവേതനം നൽകുന്നതിനു വിഷമമില്ല.

—അസമത്വം കുറവ്

വസ്തുവ്യവസായത്തിൽ

വ്യവസായരംഗത്തിൽ വേതനം സംബന്ധിച്ചുള്ള അസമത്വം ഇന്നു പല രാജ്യങ്ങളിലും പ്രകടമായി കാണാവുന്നതാണ്. ഇതിനു മുഖ്യോദാഹരണമായി വസ്തുവ്യവസായത്തെത്തന്നെയെടുക്കാം. സ്ത്രീകൾക്ക് ഏറ്റവുമധികം തൊഴിൽ നൽകുന്ന വ്യവസായം വസ്തുവ്യവസായമാണ്. അവർ പ്രസ്തുത വ്യവസായത്തിൽ മുഖ്യപ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നതു് എന്നു പഠിച്ചാൽ അതൊരു അതിശയോക്തിയല്ല. ഇതു താഴെച്ചേർത്ത സ്ഥിതിവിവരപ്പട്ടികയിൽനിന്നു മനസ്സിലാവുന്നതാണ്:—

രാജ്യം	സ്ത്രീതൊഴിലാളികളുടെ സംഖ്യ	ശതമാനം
ഫിൻലണ്ട്	28,833	83
ഇറ്റലി	(കണക്കില്ല)	74
ഡാൻമാർക്ക്	19,038	64
സ്വിറ്റ്സർലണ്ട്	43,900	62
നോർവ്വേ	1,270000	59
ബ്രിട്ടൻ	528,00	58
ഫ്രാൻസ്	344,300	57
പ. ജർമ്മനി	366,533	56
അമേരിക്ക	533,300	43
കാനഡ	24,247	36
ജപ്പാൻ	108,068	10

ഈ വ്യവസായത്തിൽ മിക്ക രാജ്യങ്ങളിലും തൊഴിലാളികളിൽ പകുതിയിലധികവും സ്ത്രീകളാണെന്നു മേൽച്ചേർത്ത കണക്ക് വ്യക്തമാക്കുന്നുണ്ടല്ലൊ. ഇന്ത്യയിൽ



EFFICIENT PERSONAL POSTAL TUITION

For

M. A Degree Examination (Economics Nagpur
B. A. Degree Examination Nagpur for ladies only
Intermediate Examination Nagpur for ladies only
Ajmir Intermediate for both sexes
Madras Matriculation
Banaras Matriculation (No mathematics, no cience, no age restriction)
S S. L. C. (T C. State).
Sahitya Visarad Examination
This is the proper time for you to join When applying state the class in which you studied last.

Manager,
The Cambridge College,
Kythamukku, (K W.) Trivandrum.

USHA

പൊതുവെ ഇവർ 10 ശതമാനം മാത്രമാണുള്ളത്. എന്നാൽ തിരുകൊച്ചിയിൽ 33 ശതമാനത്തോളംവരുന്നുണ്ട്. ഇന്ത്യയിൽ മിക്കവ സ്ത്രീവ്യവസായത്തേക്കാളും കൂടുതൽ തൊഴിൽനൽകുന്നതു കൈത്തറി വ്യവസായമാണെന്നും അതിൽ ലക്ഷക്കണക്കിൽ സ്ത്രീകൾ തൊഴിലാളികളായിട്ടുണ്ടെന്നുമുള്ള സംഗതി ഇവിടെ പ്രത്യേകം സ്മരിക്കാവുന്നതാണ്. വിവിധ രാജ്യങ്ങളിലും വസ്ത്രവ്യവസായത്തിൻറെ യന്ത്രവൽക്കരണത്തിലുണ്ടായിട്ടുള്ള പുരോഗതിയനുസരിച്ച് സ്ത്രീ തൊഴിലാളികളുടെ ശതമാനം വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. ഒന്നു മാത്രമല്ല, വ്യവസായത്തിനുള്ളിൽത്തന്നെ അതിൻറെ വിവിധ ശാഖകളിലും സ്ത്രീതൊഴിലാളികളുടെ തോത പലവിധത്തിലാണ്. യാന്ത്രികമായകൈവേഗ്യം ആവശ്യമായേടത്തും ദാസപരിത്രങ്ങളുടെ ഉപയോഗമുള്ളേടത്തുമെല്ലാം പുരുഷന്മാരേയാണ് പ്രായേണ നിയമിച്ചുകാണുന്നത്. നൽനൂൽപ്പ് നെയ്ത്തു വിഭാഗങ്ങളിലാണ് സ്ത്രീകൾ അധികവും ഉള്ളത്. അതുകൊണ്ട് തൊഴിലില്ലായ്മ വരുമ്പോൾ അതു് ഏറ്റവുമധികം ബാധിക്കുന്നതു് സ്ത്രീകളെയാണ്.

എന്നാൽ സ്ത്രീകൾ ഇതുപോലെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന വസ്ത്രവ്യവസായത്തിലും അവരുടെ വേതനം പുരുഷന്മാരുടേതിനെ അപേക്ഷിച്ച് വളരെ കുറഞ്ഞിരിക്കുന്നതായി കാണാം. സർവ്വരാജ്യതൊഴിൽ സംഘടനയുടെ കണക്കിൻപ്രകാരം സ്ത്രീകളുടെ വേതനം പുരുഷന്മാരുടേതിനേക്കാൾ 20% മുതൽ 40% വരെ കുറവാണ്. ഇതിനുമുമ്പു വിടവ് ഇതിലും അധികമായിരുന്നു. തുല്യവേതനതത്വം നിയമംമൂലം പല രാജ്യങ്ങളിലും നടപ്പിൽവരുത്തിട്ടുണ്ട്.

അങ്ങനെയുള്ള രാജ്യങ്ങളുടെ എണ്ണം അടുത്തകാലത്തു വർദ്ധിച്ചുവന്നിട്ടുണ്ട്. അമേരിക്ക, കാനഡ, മെക്സിക്കോ, ബ്രസീൽ, പെറു, ചിലി, വെനിസ്വല, ഫ്രാൻസ്, പോളണ്ട്, റുമേനിയാ, ചെക്കോസ്ലോവേക്യ, റഷ്യ, ചൈന, എന്നീ രാജ്യങ്ങളെല്ലാം ഇതിൽപെട്ടവയാണ്, ബ്രിട്ടനിൽ വസ്ത്രവ്യവസായത്തിൽ ഈ തത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അപായകരവും, അരോചകരവുമായ ചില ജോലികളും പുരുഷന്മാർക്ക് നീക്കിവെച്ചിരിക്കയാണ്. അതിനു് പ്രത്യേകതോതിലുള്ള വേതനവുമാണ് നൽകുന്നതു്.

— മേൽനടപടികൾ —

ഏതായാലും വേതനകാര്യത്തിൽ അസമത്വം ഏറ്റവും കൂടുവ വസ്ത്രവ്യവസായത്തിലാണെന്നതും പ്രസ്താവ്യമാണ്. തുല്യവേതനം ലഭ്യമാകുന്നതിനു് സ്ത്രീകൾക്ക് അവശ്യമായേടത്തു് തൊഴിൻപരിശീലനസൌകര്യവും ഏർപ്പെടുത്തേണ്ടതാണെന്നും സ. തൊ. സംഘടനയുടെ നിർദ്ദേശം ശ്രദ്ധേയമാണ്. വ്യവസായത്തിൽ നവീന യന്ത്രോപകരണങ്ങൾ അധികമധികം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കെ, സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം അവരുടെ പ്രവർത്തനം സംബന്ധിച്ച സാങ്കേതിക പരിശീലനം ലഭിച്ചിരിക്കുകിൽ, അവർക്ക് പ്രാപ്തിയുണ്ടെങ്കിലും പ്രവർത്തി ഉപയുക്തമായി ചെയ്യുവാൻ സാധിക്കയില്ല. അതുകൊണ്ട് പുരുഷന്മാർക്കുള്ള പരിശീലനസൌകര്യം സ്ത്രീകൾക്കും ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണ്. ഇതിനും പുറമെ സ്ത്രീകളെ തൊഴിലുകളിൽ നിശ്ചയിക്കുന്നതു് അവരുടെ വ്യക്തിപരമായ പ്രാപ്തിയും യോഗ്യതയുമനുസരിച്ചായിരിക്കണം, അല്ലാതെ സ്ത്രീപുരുഷ വ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയായിരുതെന്നു സ: രാ: തൊഴിൽ സംഘടന അഭിപ്രായപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്കുള്ള തൊഴിൽത്തുറകളിൽ കൃത്രിമമായ തടസ്ഥങ്ങൾ ഇല്ലാതിരിക്കേണ്ടതാണ്. അങ്ങിനെയായാൽ തൊഴിലാളികളുടെ പൊതുവേയുള്ള പ്രയത്നക്ഷമത വർദ്ധിക്കുന്നതായിരിക്കും. അവിവാഹിതയുവതികളെയും, ഗൃഹനായികളേയും പ്രവൃത്തിശാലകളിൽ നിയമിക്കുമ്പോൾ അവർക്ക് പുരുഷന്മാരോടൊപ്പം തുല്യസന്ദർഭങ്ങൾ ലഭ്യമാകുന്നതിനും പ്രവൃത്തിക്ക് അനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കുന്നതിനും ചില പ്രത്യേക രക്ഷാവ്യവസ്ഥകളും ക്ഷേമനടപടികളും അത്യാവശ്യമായിവന്നേക്കും. ഇക്കാര്യത്തിലും തൊഴിലുടമകളുടെയും അധികൃതരുടെയും ശ്രദ്ധാപതിയേണ്ടതുണ്ട്. തുല്യവേതനതത്വം നടപ്പിലാക്കുവാൻ ദേശീയാടിസ്ഥാനത്തിലുള്ള നിയമനിർമ്മാണം പ്രത്യേക ക്രമനിർണ്ണയസമിതി, തൊഴിലാളികളും മുതലാളികളുംതമ്മിൽ കൂട്ടുസഖ്യം എന്നീ മാർഗ്ഗങ്ങളാണ് സ. രാ. തൊഴിൽസംഘടന നിർദ്ദേശിച്ചിരിക്കുന്നതു് ഇക്കാര്യത്തിൽവസ്ത്രവ്യവസായത്തിലുണ്ടായിട്ടുള്ള പ്രായോഗികപരിചയം മാർഗ്ഗദർശകമായി ഭവിക്കേണ്ടതാണ്.


— —

കൗമുദിവാരിക

	രൂ.	ണ.
ക്ലബ്ബർമാർക്കുള്ളതു കാറപ്രതി	0	8
വാർഷിക വരിസംഖ്യ പോസ്റ്റേജ്	10	8
,, ഫോറിൻപോസ്റ്റേജ്	18	0

കൂടുതൽ വിവരങ്ങൾക്കെഴുതുക:

മാനേജർ, കൗമുദി വാരിക
പേട്ട—തിരുവനന്തപുരം



ഈ നിയമസഭാ പരിഷ്ക്കാരത്തിന്റെ പിറകിൽ നിന്നതു സർ സി. പി. രാമസ്വാമി അയ്യരുടെ പരിശ്രമമായിരുന്നു. അദ്ദേഹത്തെ മഹാരാജാവിന്റെ ഉപദേഷ്ടാവായി നിയമിച്ചതിൽ വ്യാപിയ പ്രതിഷേധം തിരുവിതാംകൂറിൽ അന്നത്തെ ഉണ്ടാകാതിരുന്നില്ല. അതു പ്രതിഷേധം തിരുവനന്തപുരത്തു തന്നെയാണു ആരംഭിച്ചതു്. അതു വളരുന്നു എന്നു കണ്ടപ്പോൾ പ്രതിഷേധകരെ ഉപദേശ്രുപേണ പ്രലോഭനം ചെയ്തു കൊണ്ടു് വ്യാപാരമനോരമ മുഖപ്രസംഗം എഴുതിയിരുന്നതായി ഞാനോർമ്മിക്കുന്നു. ഒന്നു രണ്ടു വർഷക്കാലം ക്ഷോഭിച്ചിരുന്നു, സർ സി. പി. യുടെ അപരിപാടികൾ സൃഷ്ടിച്ചുവരുന്നതെ ഇതു നിയമനത്തെക്കുറിച്ചു് ഒരു തീരുമാനത്തിൽ ജനങ്ങൾ എത്തുന്നതു എന്നായിരുന്ന മനോരമ പറഞ്ഞതു. സർ. സി. പി. യുടെ പരിഷ്കാരവും ബഹിഷ്ക്കരണവുമായ കൈകൊണ്ടും രണ്ടു വർഷംകൊണ്ടു മനോരമ തന്നെ ഗതനാളത്തിനു് അടുത്തെത്തുമെന്ന വിചാരം മനോരമക്കു് അന്നു വഹിക്കുവാൻ പോലും കഴിഞ്ഞില്ല.

ഇതിനിടയിൽ വട്ടമേശ സമ്മേളനത്തിൽ സംബന്ധിച്ചു ശേഷം ഗാന്ധിജി മടങ്ങി എത്തിയിരുന്നു. കോൺഗ്രസ്സ് നിസഹകരണ നിഷേധപ്രവർത്തനങ്ങൾ കളയാനാരംഭിച്ചു. ഇർവിൻ പ്രഭു പകച്ചു നിൽക്കുകയാണു്. ഒരു സമരസന്നദ്ധത എല്ലായിടത്തും കൊടുംപിരി കൊണ്ടിട്ടുണ്ടു്. മലപ്പുഴയും ഏറണാകുളത്തും തിരുവനന്തപുരത്തും ഒക്കെ വിദേശവസ്തുബഹിഷ്കരണവും പിക്കറിംഗും നടന്നുകൊണ്ടിരിക്കയാണു്. ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യാഗ്രഹവും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. തിരുവനന്തപുരത്തു് കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള, ആലുവാ കൊച്ചുകൃഷ്ണപിള്ള തുടങ്ങിയ കോൺഗ്രസ്സുകാർ ചാലയിൽ വിദേശവസ്ത്രവില്പനസ്ഥലങ്ങൾ പിക്കറുചെയ്യുന്നതിൽ ബദ്ധശ്രദ്ധരായിരിക്കയാണു്. തുടരെപിക്കറിംഗും കോൺഗ്രസ്സ് യോഗങ്ങളും പട്ടണങ്ങളിന്റെ പല ഭാഗങ്ങളിലും നടന്നുകൊണ്ടിരുന്നു. നിയമലംഘനങ്ങളിനു് ജനങ്ങൾ സന്നദ്ധരായി, ഗാന്ധിജിയുടെ ആഹ്വാനത്തെക്കാത്തു് നിൽക്കുകയാണു്. പക്ഷെ ബ്രിട്ടീഷ് ഗവർമെന്റു് കോൺഗ്രസ്സിന്റെ ഈ തകൃതികളെ ഉദാസീനമായി നോക്കിയിരുന്നില്ല. അറസ്റ്റുകളും ആരംഭിച്ചു, നിരോധനാജ്ഞകളും ഉണ്ടായി കോൺഗ്രസ്സ് സ്ഥാപനങ്ങളും നിയമവിരുദ്ധമെന്നു പ്രഖ്യാപിക്കപ്പെട്ടു. 1931 ഡിസംബർ 19-ാം തീയതി ആസ്റ്റിൻ തിരുവിതാംകൂർ ദിവാനായി നിയമിക്കപ്പെട്ടു. കഷ്ടിച്ചു് രണ്ടാഴ്ചകഴിഞ്ഞു് കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി നിയമനിഷേധപരിപാടി ജനുവരി ഒന്നാം തീയതി അംഗീകരിച്ചു. ഗാന്ധിജിയിണ്ടും അറസ്റ്റുചെയ്യപ്പെട്ടു. ഏർവാദാ ജയിലിൽ ഗാന്ധിജിയും വല്ലഭായിപട്ടേലും പാർപ്പിക്കപ്പെട്ടു. തുടർന്നു് ക്രൂര അറസ്റ്റുകളും ഉണ്ടായി. ഇൻഡ്യാ മുഴുക്കെയുള്ള കോൺഗ്രസ്സുകമ്മിറ്റികളും നിയമവിരുദ്ധമെന്നു് പ്രഖ്യാപിക്കപ്പെട്ടു. കോൺഗ്രസ്സ് ഫീസുകളും സ്വത്തുക്കളും ഗവർമെന്റു് കയ്യടക്കി. തിരുവനന്തപുരത്തു് കോൺഗ്രസ്സ് യോഗങ്ങളും നിരോധിക്കപ്പെട്ടു. അറസ്റ്റും ബഹളവും വർദ്ധിച്ചു അന്നു് തിരുവനന്തപുരത്തെ സിറ്റികോൺഗ്രസ്സ് പ്രമുഖന്മാർ സി. ഐ, പരമേശ്വരപിള്ള, കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള, ഏ നാരായണപിള്ള, ടി. കെ നാരായണപിള്ള മുതലായവർ ആയിരുന്നു. അവർക്കു് ഈ അറസ്റ്റുകൾക്കിടയിൽ വിവേകം ഉപദേശിക്കുന്നു് ഉദിച്ചു. കോൺഗ്രസ്സിന്റെ അന്നത്തെ പരിപാടികളിൽ സഹകരിക്കുവാൻ നിവൃത്തിയില്ലെന്നുള്ള കാരണത്താൽ ആ മഹാരഥന്മാർ കോൺഗ്രസ്സ്കമ്മിറ്റിയിൽ നിന്നും രാജിവച്ചുപിരിഞ്ഞു. കഥയറിയാതെ ഒരു കോൺഗ്രസ്സുകാരൻ ഉണ്ടായിരുന്നു. അതു് ആലുവാ കൊച്ചുകൃഷ്ണപിള്ളയായിരുന്നു. ഇന്നു് അദ്ദേഹമുണ്ടെങ്കിലും ആ ധർമ്മയോദ്ധാവിന്റെ ത്യാഗോന്മാദനവും യാതനാനിർഭരവുമായ കഥ ഓർമ്മിക്കുന്നുണ്ടോ എന്തോ? അദ്ദേഹം പിക്കറിംഗിനും നിരോധനലംഘനത്തിനും ഒരേക്കൂടി മാറി പലതവണയായി ജയിലിൽ അടയ്ക്കപ്പെട്ടിരിക്കയാണു്. മനഃസാക്ഷിക്കു് ഒരു കുത്തും നോവും ക്ലേശമെയാണു് കോട്ടൂർ പ്രഭൃതികളും കമ്മിറ്റിയിൽ നിന്നു് ഇറങ്ങിനടന്നതു്. ഇതിനിടയിൽ ഡേവിഡുസൺ കമ്മിറ്റി തിരുവനന്തപുരത്തെത്തി സർ സി. പി. യും ദിവാനുമായി ആലോചനകളും നടത്തുകയും കനകക്കുന്നിൽ വച്ചു് ഗംഭീരമായി ഡിന്നർ കഴിക്കുകയും മറ്റും നടന്നിരുന്നു. ശങ്കുണ്ണിയായതു ഭരണം തിരുവിതാംകൂറിൽ ഉണ്ടെന്നു കാണിക്കാൻ ദിവാനും ഭരണോപദേഷ്ടാവും മതിയാകുന്നു. പക്ഷെ ഒരു വിച്ഛിത്തി സംഭവിച്ചു നാലഞ്ചുമാസം മഹാരാജാവിനെ ഉപദേശിച്ചുകഴിയുമ്പോൾ സർ. സി പി. ദൈവസ്രോയിയുടെ എക്സിക്യൂട്ടീവു്, കൊൺസിൽമെമ്പറായി നിയമിതനായി. ഈ യുദ്ധകേളു കഴിഞ്ഞപ്പോൾ എന്നൊരാശ്വാസം പിന്നെ. പക്ഷെ കാശ്മീരിന്റെ ചെലപ്പോഴെങ്കിലും ഒന്നോ രണ്ടോ മാസംകഴിഞ്ഞു് ആമനുഷ്യൻ മടങ്ങിവന്നു് തിരുവിതാംകൂർ ഗവർമെന്റിന്റെ ഗതനാളം ഇറക്കിപ്പിടിച്ചു്, ഇരിപ്പുറപ്പിച്ചു.

ഭരണപ്രതിഷ്ഠാപന വേളനയിൽ മഹാരാജാവു് ചെയ്ത പ്രസ്താവനയെ അടിസ്ഥാനമാക്കി ശ്രീമൂലം പ്രജാസഭ പരിഷ്ക്കരിച്ചു്. രണ്ടു മണ്ഡലങ്ങളുള്ള ഒരു നിയമസമിതി അതു സൂത്രണം ചെയ്തിരിക്കുന്നു എന്നു ഒരു പ്രസ്സ്കമ്മ്യൂണിക്കെ ഗവർമെന്റു് 1932 ജൂൺ ആദ്യം പ്രസിദ്ധപ്പെടുത്തി. ജൂൺ 29-ാംതീയതി എസ്. എൻ. ഡി. പി. വാർഷികം കൊല്ലത്തുകൂടി കെ പി. ആശാന്റെ അദ്ധ്യക്ഷതയിൽ. ജനാൽസെക്രട്ടറി സി. വി. യായിരുന്നു. എന്നിട്ടു് തിരുവിതാംകൂറിലെ രാഷ്ട്രീയനിലവാരം കുറേശ്ശ വ്യക്തമായിക്കൊണ്ടിരുന്നു. ഈഴവാദി അവശസമുദായങ്ങളുടെ മോക്ഷം അവർതന്നെ സ്വാദിച്ചേ മതിയാകൂ എന്നു ഞാനും ബോധവാനായി തുടങ്ങുകയാണു്. എസ്. എൻ. ഡി. പി. യോഗം ഈഴവന്റെ രാഷ്ട്രീയയുദ്ധത്തിനു പറ്റിയ നിശിതായുധമാണെന്നും ഞാൻ കണ്ടതിതുടങ്ങി. അതിനാൽ വാർഷികയോഗത്തിനു സ്വാഗതസംഘാദ്ധ്യക്ഷപദവി എനിക്കു് നൽകിയതു് ഞാൻ നിരാകരിച്ചില്ല സ്വാഗതപ്രസംഗം ഞാൻ തന്നെ ചെയ്യുമെന്നു യോഗത്തിന്റെ ആലോചനാവിഷയങ്ങളിലും സർവ്വപ്രധാനമായും നിയമസഭാ പരിഷ്കാരത്തെകേന്ദ്രീകരിച്ചു് കൊണ്ടായിരുന്നു പ്രായപൂർത്തി വന്നിട്ടുള്ള എല്ലാ ആളുകൾക്കും വോട്ടവകാശം നൽകണം; ഇനിമുതൽ വോട്ടവകാശത്തിനു ഒഴിച്ചുകൂടാത്ത ഒരു യോഗ്യതയായി ഗണിക്കുന്നപക്ഷം നികുതിയും ടെയ്കനോക്കാതെ ഏതിനും വസ്തുവിനും എത്തുകരവും കൊടുക്കുന്ന എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരിക്കണം, വിദ്യാഭ്യാസം വോട്ടവകാശത്തിനു യോഗ്യതയായി വിചാരിക്കുന്നപക്ഷം പ്രാഥമികവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരിക്കണം; പ്രായപൂർത്തിവോട്ടവകാശം

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs.	125
„ Last Page	„	100
„ 2nd Page	„	75
„ 3rd Page	„	75
Inner Full Page	„	50
„ Half Page	„	30
„ Pr inch Single Col.	„	2

18 രൂപാമാത്രം

ഇംഗ്ലീഷ് പഠിക്കാൻ

(സ്വന്തഭവനത്തിലിരുന്നു)

ഏ. ബി. സി. മുതൽ ആരംഭിക്കാം. ഫീസ് 3 രൂപാ വീതം അതിയേശം ഇംഗ്ലീഷിൽ എഴുതാൻ—വായിക്കാൻ സംഭാഷണം ചെയ്യാൻ സാധിക്കും. കൂടുതൽവിവരത്തിനു ഒരു കാർഡയയ്ക്കുക.

ചന്ദ്രാകാളേജ്

പഴവങ്ങാടി (K. W.)

തിരുവനന്തപുരം-1.

USHA

വരിക്കാത്തപക്ഷം സമുദായത്തിന്റെ സംഖ്യാബലത്തിനനുസരിച്ചു നൂറിനു പതിനേഴിതിൽ സ്ഥാനങ്ങൾ രണ്ടു നിയമസമിതിയിലും ഈഴവർക്കായി റിസർവുചെയ്യണം, നിയോജകമണ്ഡലങ്ങളുടെ എണ്ണം കുഴിയുന്നതു കൂടുതൽ എല്ലാ നിയോജകമണ്ഡലങ്ങളും ബഹുഭംഗങ്ങളാക്കണം എന്നിങ്ങനെപോയി അയോഗത്തിന്റെ ആലോചനായിഷയങ്ങൾ.

രാഷ്ട്രീയരംഗത്തു പരസ്യമായി നിന്നു പയറാൻ വിഷമമുണ്ടാക്കുന്ന ചില പരാധീനകം എസ്. എൻ. ഡി പിക്കു ഉണ്ടായിരുന്നു. അതിനാൽ യോഗവുമായി ബന്ധമില്ലാത്ത ഒരു തനി രാഷ്ട്രീയസഭ ഉടലെടുക്കേണ്ട ആവശ്യം അന്നു യോഗനായകന്മാരുംപ്പെട്ടെ പല ഈഴവപ്രമാണികൾക്കും ബോദ്ധ്യപ്പെട്ടിരുന്നു. പരിഷ്കരിക്കാൻ പോകുന്ന നിയമസഭയിൽ സാമാജികത്വം, വോട്ടവകാശം മുതലായവ സംബന്ധിച്ച കാര്യങ്ങളിൽ ആലോചിക്കുന്നതിനു ശ്രീ. മേനാത്തേരി കേശവപ്പണിക്കരുടെ വീട്ടിൽ വച്ചു ഒരു ആലോചനായോഗംകൂടി. ആ യോഗത്തിൽവച്ചു ഈഴവ രാഷ്ട്രീയസഭ എന്നപേരിൽ ഒരു സഭ രൂപവൽക്കരിക്കുന്നതിനു തീരുമാനിച്ചും ഏന്നയും (ഹൈക്കോടതിജഡ്ജി) കെ ശങ്കരനേയും ആ സഭയുടെ സെക്രട്ടറിമാരായി തിരഞ്ഞെടുത്തു. ജൂലൈ 31-നു തീയതി അതായതു് 107 കർക്കടകം 16-നു തീയതി തിരുവിതാംകൂർ ഷൺമുഖവിലാസം ഹാളിൽ ഈഴവരാഷ്ട്രീയ മഹാസഭ ശ്രീ. സി. വി. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ കൂടി, ആ യോഗം ഒരു വലിയ ഉൽബോധനവും നേതൃത്വവും ഈഴവസമുദായത്തിനു നൽകി' സി വി. അന്നു ചെയ്ത അദ്ധ്യക്ഷ പ്രസംഗം അതിഗംഭീരമായ ഒരു തന്നെയായിരുന്നു. താഴെപ്പറയുന്ന നിശ്ചയം യോഗം പാസ്സാക്കിയിരുന്നു..... — ശവർമ്മെന്റ് പ്രസ്സ്കമ്മ്യൂണിക്കേയിൽ കാണുംപോലെയുള്ള ഭരണപരിഷ്കാരം നടപ്പിലാക്കുമ്പോൾ നിയമസഭയുടെ തിരഞ്ഞെടുപ്പിനു പ്രായപൂർത്തിയുള്ള എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരിക്കത്തക്കവണ്ണവും ഈഴവസമുദായത്തിന്റെ സംഖ്യാബലത്തിനനുരൂപമായി പ്രാതിനിധ്യം അവർക്കു ലഭിക്കത്തക്കവണ്ണവും കൊച്ചിയിൽ ചെയ്തിരിക്കുന്നതുപോലെ പൊതുനിയോജകമണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പിനു നിൽക്കുന്നതിനുള്ള അവകാശത്തിനു പുറമെ പ്രത്യേക നിയോജകമണ്ഡലങ്ങളും ഈഴവർക്കു അനുവദിക്കുന്നതിനുവേണ്ട വ്യവസ്ഥകളും ഭരണപരിഷ്കാരത്തിൽ ഉണ്ടായിരിക്കണമെന്നു ഈ യോഗം മഹാരാജാവുതിരുമേനിയോടും തിരുമനസ്സിലെ നിയമോപദേഷ്ടാവിനോടും ശവർമ്മെൻറിനോടും അപേക്ഷിക്കുന്നു.'' ഈ നിശ്ചയത്തെ അനുഗ്രഹിച്ചു് വിശദീകരിച്ചുകൊണ്ടുള്ള ഒരു ഉജ്ജ്വല പ്രഭാഷണമായിരുന്നു. സി. വി. യുടേതു് അതുയോഗം ഒരു മഹായിജയം തന്നെ ആയിത്തന്നു. അതിന്റെ അലകും തിരുവിതാംകൂറൊട്ടുക്കു് ഇളകി ഈഴവരാഷ്ട്രീയ സഭയുടെ യോഗങ്ങൾ എല്ലാ താലൂക്കു കേന്ദ്രങ്ങളിലും കൂടി മേൽക്കാണിച്ച വിധത്തിൽ നിശ്ചയങ്ങൾ പാസ്സാക്കി മഹാരാജാവിനും സി. വി: ക്കും അഭിവാദനം ഇരുപതരു അയച്ചു തുടങ്ങി. കഷ്ടിച്ചു ഒരു മാസം തികയും മുമ്പു് ഇന്ഡ്യയിലെ കഴഞ്ഞ വട്ടിന പ്രശ്നത്തെ സംബന്ധിച്ചു് ബ്രിട്ടീഷ് പ്രധാനമന്ത്രി ഒരു തീരുമാനം കൈക്കൊണ്ടു് പ്രസിദ്ധപ്പെടുത്തി. മുസ്ലീം സിക്കും ക്രിസ്ത്യാനികൾക്കും ആംഗ്ലോ ഇൻഡ്യന്മാർക്കും അധഃകൃതർക്കും സ്ത്രീകൾക്കും പ്രത്യേക നിയോജകമണ്ഡലങ്ങൾ അനുവദിക്കപ്പെട്ടു. അധഃകൃതർ ഹിന്ദുക്കളുടെ തന്നെ ഘടകയാണെന്നും അവർക്കു് പ്രത്യേക നിയോജകമണ്ഡലം അനുവദിച്ചതു് തെറ്റാണെന്നും അതിനാൽ ആ വ്യവസ്ഥ മാറണമെന്നും അല്പാഹാരപക്ഷം താൻ മരണംവരെ ഉപവസിക്കുമെന്നും ഗാന്ധിജി ഒരു ഉഗ്രശപഥംചെയ്തു. അതിന്റെ പ്രത്യാഘാതം ഭയങ്കരമായിരുന്നു. ഡാക്ടർ അംബേദ്കർ മക്ടമുള്ളി പിടിച്ചു്, വില്ലുംകുലച്ചു നിലയായി. ഗാന്ധിജി ഉപവാസയജ്ഞം ആരംഭിച്ചു. സർവ്വത്രഗുൽക്കണ്ഠ ഉളവായി. അംബേദ്കറുടെ ഉശിരായുള്ള നിലപാടു് സവർണ്ണഹിന്ദുനേതാക്കന്മാരുടെ കണ്ണുതുറപ്പിച്ചു അവർ അധഃകൃതരെ സർവ്വാനന്തപ്പെടുത്താൻ ക്ഷേത്രങ്ങളൊന്നാകെ തുറന്നുകൊടുക്കുന്നതിനു് സന്നദ്ധരായി. മാളവ്യജി തന്റെ കടുംബക്ഷേത്രത്തിൽ അധഃകൃതർക്കു് പ്രവേശനം അനുവദിച്ചു കൽക്കട്ടായിൽ ബ്രാഹ്മണരും അധഃകൃതരുംചേർന്നു പന്തിഭോജനംനടത്തി. ഒടുവിൽ അംബേദ്കറുമായു് സന്ധിസംഭാഷണംനടത്തി ചില വ്യവസ്ഥകളും രൂപവൽക്കരിച്ചു. ആ സന്ധിയുടെ വ്യവസ്ഥകളും പ്രസിദ്ധമാകയാൽ ഞാൻ വിവരിക്കുന്നില്ല. ശ്രീ കേളപ്പൻ ഗുരുവായൂർ ക്ഷേത്രസന്നിധിൽ ഗാന്ധിജി നിരാഹാരവ്രതം ആരംഭിച്ചതിനെറ അടുത്തദിവസം സത്യാഗ്രഹം ആരംഭിച്ചു. മരണംവരെ ഉപവസിക്കാൻ തീരുമാനിച്ചുകൊണ്ടുതന്നെയായിരുന്നു. ഞാനും കെ. ജി. ശങ്കരനും മറ്റും കേളപ്പനെ ക്ഷണിക്കാൻ ഗുരുവായൂർ പോകയുണ്ടായി. ഞാൻ കേളപ്പനെ അന്നു് ആദ്യമായിക്കാണുകയാണു്. ക്ഷേത്രത്തിന്റെ മുൻഭാഗത്തു് വെയിലത്തു് ഒരു പായിൽ അദ്ദേഹം കിടന്നിരുന്നു. കരുത്തു് ക്ഷീണിച്ച ഒരു കൊച്ചു മനുഷ്യൻ. ഉപവാസം തുടങ്ങിയിട്ടു് അപ്പോൾ ഒരാഴ്ചയോളം ആയിരുന്നു രണ്ടു ചെവികളിലും നീണ്ടരോമങ്ങൾ തൊങ്ങി എഴുന്നുനിൽപുണ്ടു്. വളരെ ക്ഷീണിച്ചിരുന്നു. അനുസഹായത്തോടുകൂടിയാണു് കേളപ്പനു് കുളിക്കാനും മറ്റും കൊണ്ടുപോയതു്. ഞങ്ങൾ അഭിവാദ്യങ്ങൾ നൽകി മടങ്ങിപ്പോന്നു കേളപ്പന്റെ സത്യാഗ്രഹം സംബന്ധിച്ചു് സാമൂതിരിപ്പാടുമായി ചർച്ചകൾ നടന്നു ടസ്സി എന്ന നിലയിൽ ക്ഷേത്രം ഉടനെകൊടുക്കാൻ നിവൃത്തിയില്ലെന്നു് അദ്ദേഹം പറഞ്ഞു. ഇതിനിടയിൽ അധഃകൃതർക്കുള്ള രക്ഷാവ്യവസ്ഥകളും സകല കക്ഷികളും ശവർമ്മെൻറും അംഗീകരിക്കയാൽ ഗാന്ധിജി ഉപവാസം മുഞ്ചിച്ചു് കഴിഞ്ഞിരുന്ന ഗാന്ധിജിയുടെ ശ്രദ്ധ ഉടൻ തിരിഞ്ഞതു് കേളപ്പന്റെ ഉപവാസത്തിലായിരുന്നു. അദ്ദേഹം ഉപവാസം അവസാനിപ്പിക്കാൻ കേളപ്പനെ ഉപദേശിച്ചു. കേരളത്തിലെ ക്ഷേത്രപ്രവേശന പ്രശ്നം താൻ ഏറെറടുത്തു കൊള്ളാമെന്നും മുന്നു മാസത്തിനകം എല്ലാ പ്രതിബന്ധങ്ങളും നീക്കി എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കാത്തപക്ഷം ശ്രീ കേളപ്പൻ സത്യാഗ്രഹത്തിൽ താനും ഭാഗഭാക്കാകുന്നതാണെന്നും ഗാന്ധിജി സാമൂതിരിപ്പാടിനെ അറിയിച്ചു. ആ അഭിവാദനമാണു് വൈസ്രായിയുടെ കൺസിൽമെമ്പർസ്ഥാനം രാജിവച്ചു് അതിലും മോഹനമായ ഉപദേഷ്ടാസ്ഥാനത്തിലേക്കു സർ സി. പി. വീണ്ടും തിരുവനന്തപുരത്തെത്തിയതു്.

(9-ാം പേജിൽനിന്നും തുടർച്ച)

സ്ഥാനത്തിലാണ് ജനങ്ങളും കാൺഗ്രസ്സിനു വോട്ടുനൽകേണ്ടതെന്നു കൺവെൻഷൻ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുമെന്നു കരുതപ്പെടുന്നു. കാൺഗ്രസ്സിനു വോട്ടുനൽകേണ്ടതിന്റെ ചിലകാരണങ്ങളൊക്കെ വ്യക്തമാക്കിക്കൊണ്ടു നേതാക്കന്മാർ അഭിപ്രായങ്ങളും മുഴക്കുകയും ചെയ്തു. പക്ഷേ ചൂണ്ടിക്കാണിക്കപ്പെട്ട കാരണങ്ങളും പ്രമുഖ പരസ്പരവിരുദ്ധങ്ങളായിരുന്നു.

കാൺഗ്രസ്സിന്റെ കഴിഞ്ഞകാല ചെയ്തികളും എടുത്തു കാണിച്ചുകൊണ്ടാണു പലരും കാൺഗ്രസ്സിനു പിൻതുണ ആവശ്യപ്പെട്ടതു്. ഗാന്ധിജിയും നെഹ്റുവും തുടങ്ങിയ നേതാക്കന്മാർ തൊട്ടു സാധാരണക്കാർവരെ കാൺഗ്രസ്സിന്റെ കൊടിയും പിടിച്ചുകൊണ്ടു അനുഭവിച്ച ത്യാഗങ്ങളും വർണ്ണിക്കപ്പെട്ടു. ശാന്തിനഗർ നിൽക്കുന്ന സ്ഥാനത്തുവച്ചു കാൺഗ്രസ്സിനുവേണ്ടി മാത്തിഅടിയോറവരും വെടികൊണ്ടു മരിച്ചുവീണവരും സഹിച്ച ത്യാഗങ്ങളും ശ്രീ. ആർ. ശങ്കർ കൊല്ലത്തെ ജനങ്ങളെ അനുസ്മരിപ്പിച്ചു. കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനു ശേഷമുണ്ടാക്കിയിട്ടുള്ള നേട്ടങ്ങളും പ്രകീർത്തിക്കപ്പെട്ടു. പഞ്ചവത്സരപദ്ധതിയുണ്ടാക്കിയതും അണകെട്ടിയതും റോഡിൽ ചാലുമരങ്ങളും വെച്ചുപിടിപ്പിച്ചതും കിണറുകൾ കഴിച്ചതുമെല്ലാം ഉദ്ധരിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾക്കുശേഷം പല നേതാക്കന്മാരും കാൺഗ്രസ്സിനു വോട്ടു ചോദിച്ചു.

ഹസ്തദാനങ്ങൾക്കിടയിൽ പ്രസംഗവേദിയിൽ പ്രത്യക്ഷപ്പെട്ട സമുന്നതനായ വേറൊരുനേതാവു ഉറക്കെ വിളിച്ചുപറഞ്ഞു "കാൺഗ്രസ്സിന്റെ കഴിഞ്ഞകാലചെയ്തികളെ വിസ്മരിച്ചുകൊണ്ടു കാൺഗ്രസ്സിനു വോട്ടുചെയ്യുവിൻ" എന്നു്. അതു ശ്രീ. മന്നത്തു പദ്മനാഭനായിരുന്നു. കാൺഗ്രസ്സിന്റെ കഴിഞ്ഞകാലചെയ്തികളും ഓർത്താൽ കാൺഗ്രസ്സിനു ജനങ്ങൾ വോട്ടു നൽകുകയില്ലെന്നു അദ്ദേഹത്തിനു തോന്നി. അതു അദ്ദേഹവും കാൺഗ്രസ്സംതമ്മിലുണ്ടായിരുന്ന കഴിഞ്ഞകാലബന്ധംവച്ചു നോക്കുമ്പോൾ തികച്ചും അത്മാർത്ഥപൂർണ്ണമായിരുന്നുവെന്നു സമ്മതിക്കുകതന്നെവേണം.

സ്വന്തം കഴിഞ്ഞകാലവും കാൺഗ്രസ്സിന്റെ കഴിഞ്ഞകാലപ്രവർത്തനങ്ങളും ജനങ്ങളുടെ ദൃഷ്ടിയിൽനിന്നു മറച്ചു വയ്ക്കുന്നതുമെന്നാഗ്രഹിക്കുന്നവരാണു കാൺഗ്രസ്സിന്റെ നേതാക്കന്മാരായി ഇന്നു അരങ്ങേറിയിട്ടുള്ളവരിൽ മിക്കവരും. ഈ വിഭാഗത്തിൽപ്പെടുന്ന നേതാക്കന്മാരുടെ അനുയായികളെകൊണ്ടാണു കാൺഗ്രസ്സിന്റെ അണികളും ഇന്നു നിറഞ്ഞിരിക്കുന്നതും. വിവിധ സ്ഥലങ്ങളിൽനിന്നായി കൊല്ലത്തുവന്നിറങ്ങിയ വേഷങ്ങളും അതു പരമാർത്ഥം വെളിപ്പെടുത്തുകയുംചെയ്തു. 1944-ൽ കൊല്ലത്തുവച്ചു അതിശംഭീരമായിനടന്ന കാൺഗ്രസ്സ് വാർഷികയോഗത്തിൽ സന്നിഹിതരായിരുന്ന അധികം പേരെ 17-ാം- ഞാൻ കണ്ടില്ല. അന്നത്തെ ചില പ്രവർത്തകരെ ഞാൻ കണ്ടു. കഴുവണ്ടിമുതലാളി മാരായ ശ്രീ. വി. എസ്. ജോഷ്വാ, വെണ്ടർ കൃഷ്ണപിള്ളയും, വി. എൻ. വർഗ്ഗീസും മറ്റും കൺവെൻഷനു വേണ്ടി ഇടതടവില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ, 1944 ലെ ഒരു പ്രധാനപ്രവർത്തകനായിരുന്ന ശ്രീ. ഈ വി. കേശവൻ മൈതാനത്തിന്റെഒരറ്റത്തു ഏതൻ വലത്തുഭാഗത്തായി തോടിയിൽ കയ്യും കെട്ടുനിൽക്കുന്നുണ്ടായിരുന്നു ശ്രീ. ഈ വി. എന്തൊക്കെയോ ആലോചിച്ചിട്ടു ഇടയ്ക്കിടയ്ക്കു ദീർഘശ്വാസം വിടുന്നതു ഞാൻ കണ്ടു് കൺവെൻഷന്റെ മൈതാനത്തിന്റെ പല കോണുകളിൽ നിന്നും അന്നു് അനേകം ദീർഘനിശ്വാസങ്ങളും പുറപ്പെട്ടിട്ടുണ്ടു്. ഇടിമുഴക്കുംപോലെ ശ്രീമാൻ പനമ്പിള്ളി അപ്പോഴും പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു:- ജനങ്ങളുടെ വോട്ടുകൊണ്ടു മാവിൻകൊമ്പു തിങ്ങിനിൽക്കുന്ന മാങ്ങാപോലെയാണെന്നു്. ആരും കൊളുവെട്ടി ഏറിഞ്ഞാലും കുറെ മാങ്ങാകൊമ്പു വീഴുമെന്നു്. ഇന്നത്തെ കാൺഗ്രസ്സ് നേതൃത്വത്തിന്റെ മനോഭാവം അദ്ദേഹം ചമല്ലാരത്തോട്ടുകൂടി അവതരിപ്പിക്കുകയായിരുന്നു. അതു കൊളുവെട്ടിഏറിഞ്ഞാലും മാങ്ങാവീഴും, അതിനു പഴയ പ്രവർത്തകർ വേണമെന്നില്ല. ഇന്നത്തെ പ്രവർത്തകർക്കു സ്വഭാവശുദ്ധിയോ ത്യാഗസന്നദ്ധതയോ വേണമെന്നുമില്ല കൊളു ഏറിയാൻ കുറച്ചുവേണം. ആ ശാരീരശക്തിയുള്ളവരെയാണു ഇന്നു കാൺഗ്രസ്സിനാവശ്യം. അവരെ കാൺഗ്രസ്സ് ക്ഷണിച്ചു. അവർ മാവിൻമൂട്ടിൽ കൂടിഏത്തുകയും ചെയ്തു. കാൺഗ്രസ്സ് ഇന്നവരുടെ വകയാണു്. അവരുടെ സംസ്കാരം ഇന്നു അതു സംഘടന പ്രതിഫലിപ്പിക്കുകയുംചെയ്തു. ഇന്നത്തെ ഈ കാൺഗ്രസ്സിന്റെ നാളത്തെ വാഗ്ദാനങ്ങളും വിശ്വസിച്ചുമാത്രം ജനങ്ങൾ കാൺഗ്രസ്സിനു വോട്ടുചെയ്യണമെന്നാണു ശ്രീ. മന്നം പറയുന്നതു്. ഇന്നലത്തെ ചരിത്രം പറഞ്ഞു മന്നത്തിനോ, ശങ്കറിനോ, വെണ്ടർ കൃഷ്ണപിള്ളയ്ക്കോ തീർച്ചയായും കാൺഗ്രസ്സിനുവേണ്ടി വോട്ടുകൾ അഭ്യർത്ഥിക്കാൻ സാധ്യമല്ലല്ലോ ഇന്നലത്തെ ചരിത്രം പറഞ്ഞാണു് അന്തരന്യനമസ്യങ്കാക്ക രാജഗോപാലാചാരിക്കും പനമ്പിള്ളിക്കും കാൺഗ്രസ്സിനു വേണ്ടി വോട്ടു അഭ്യർത്ഥിക്കാനുള്ളതു്. കാൺഗ്രസ്സ് നേതാക്കന്മാരുടെ അഭിപ്രായങ്ങൾക്കുള്ള വൈരുദ്ധ്യമാണു്. കാൺഗ്രസ്സ് ഇതിനകം ചെയ്തിട്ടുള്ള കാര്യങ്ങളും അഭിമാനകരമാണെന്ന കാര്യം ക്ഷുദ്രക്രൂരർ പ്രഖ്യാപിക്കുമ്പോൾ കാൺഗ്രസ്സിന്റെ കഴിഞ്ഞ കാലചെയ്തികളും ലജ്ജാകരങ്ങളാണെന്നും അവ വിസ്മരിക്കപ്പെടേണ്ടവയാണെന്നും മറ്റാരും ക്ഷുദ്രർ സൂചിപ്പിക്കുന്നു. പക്ഷേ രണ്ടുകൂട്ടരും കൂടിച്ചേർന്നനിന്നു വോട്ടുചോദിക്കുകയാണു്.

വോട്ടുകൾ പൂളിമാങ്ങാ അണയുന്ന തിരു-കൊച്ചിയിലെ ജനങ്ങൾ വിധി എഴുതാൻ പോകുകയാണു്.

— —

R. S. P. TIMBER DEPOT,

EAST THAMPANOOR

TRIVANDRUM 1

തേക്ക്, ഇറ്റ്ടി, വേങ്ങ, തേമ്പാവു്, മരുതു് ആഞ്ഞിലി, മുതലായ എല്ലാത്തരം: ഉരുപ്പടികളും അറുത്ത ഓടുസ് ഉരുപ്പടികളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

N. B. ഓർഡർപ്രകാരം ഏതിനം ഓടുസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണു്,

Phone 2743. Prop: ശങ്കർ, R. ശ്രീധരപ്പണിക്കർ



ഒരു മഹച്ചരിത

പ്രസിദ്ധ സാഹിത്യകാരനും വിപ്ലവകാരിയുമായിരുന്ന അംബാപ്രസന്നസ്വാമിയുടെ ജീവിതത്തിനേയും ചെയ്തികളേയും കുറിച്ചുള്ള സംക്ഷിപ്തവിവരണം തന്നെ നൽകപ്പെട്ടിട്ടുണ്ട്. പ്രാധാന്യം നൽകേണ്ടവയ്ക്കു പ്രാധാന്യം നൽകിയും വികാരരഹിതമായ ഘട്ടങ്ങളും വികാരജന്യമായും ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന ഈ ലേഖനം മഹച്ചരിത ലേഖനങ്ങൾക്ക് ഒരു മാതൃകയാണ്. ഹിന്ദിയിൽനിന്നും വിവർത്തനം ചെയ്യപ്പെട്ടിട്ടുകൂടിയും നല്ലൊരു മലയാളശൈലിതന്നെ തർജ്ജമക്കാരിക്ക് ഉടനീളം സ്വീകരിക്കുവാൻ കഴിഞ്ഞതു പ്രശംസാർഹമാണ്. മരണത്തോടുകൂടി വിസ്മൃതിയിലേക്കാഴ്ത്തപ്പെട്ട പോകുന്ന ഇത്തരം മഹാന്മാരുടെ ചരിതങ്ങളും സ്വയപ്രതിഷ്ഠിപിക്കലിൽ അങ്കിതം ചെയ്യപ്പെടേണ്ടതാണ് ഈ മഹാനെ കേരളീയർക്ക് പരിചയപ്പെടുത്താൻ തോന്നിയതിൽ ദേവിക്ക എന്റെ അഭിനന്ദനങ്ങൾ!

എം സമാശിവൻ,
കൊല്ലം

പുലിയോപെണ്ണോ?
അപഹരണമാണ്.

17 1—54-ലെ കേരളദീപ്തിയിൽ ഉള്ള "പുലിയോപെണ്ണോ?" എന്ന കെ. ഏ. ജബ്ബാറിന്റെ പ്രസ്താവം; ഠി കെ നാരായണക്കുറുപ്പിന്റെ പത്രാധിപത്യത്തിൽ നടത്തിയിരുന്ന "ടാഗോർ" മാസികയിൽ (1943 ഫെബ്രുവരി) ആതിരുനല്ലൂർ എൻ. കേശവപിള്ള (ബി എ എൽ. ഠി) "നരിയോനരിയോ?" എന്ന പെസ്റ്റിംഗോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ "പുലിയോ, പെണ്ണോ" എന്ന കഥയെക്കാൾ "നരിയോ നാരിയോ?" എന്ന കഥയ്ക്കാണ് ദൈർഘ്യവും മെച്ചവും കൂടുതലാണ്. എന്നാണ് എനിക്കു തോന്നുന്നത്. ഈ കഥ (അതിന്റെ) അപഹരണമെന്നുള്ള ആശയവും സംഭവവും എല്ലാം ഒന്നുതന്നെ.

കഥയ്ക്കുടിസ്ഥലമായി പത്രാധിപരുടെ അഭിപ്രായവും ഏതിരായിട്ടുണ്ട് സ്ഥലചിത്രക്കം കൊണ്ടും പ്രധാനമായും പ്രാധാന്യം ഏതാം 'മരുകായ്യും തീർച്ച ജീവനം കാട്ടിക്കൊടുക്കുന്നതു' അഥവാ അവൻ ചെയ്യുന്നതു കൂടുവാക്കുന്ന മനിതനെന്നയാണ്. അങ്ങനെയല്ലെന്നു പറയാൻ പുതിയർ ഒരെയ്ത്തു സ്വാതന്ത്ര്യമുണ്ടാക്കാം സ്ത്രീയുടെ ചിന്താഗതി അവർ മനസ്സിലാക്കുന്നില്ല. സ്ത്രീയുടെ ചിന്താഗതി മറ്റൊരേതന്നെയാണ്. നിങ്ങളും ഇതു ഭൂമുഖത്തുള്ള മാരോ സ്ത്രീയോടും ചോദിക്കുക എന്നും ഞാനും പറയുന്നതാണ് പറയണം വല്ലപ്പോഴും ഒരു സത്യം പറയുന്നതിനു വിരോധമില്ലെന്നു പറയണം. എന്നിട്ടു നിങ്ങളും കേൾക്കണം. നിങ്ങളും മേല്പറഞ്ഞ ഉത്തരംതന്നെ കേൾക്കും. സംശയമില്ല ഉപനിഷത്തിലും പറയുന്നു:—

"നാനാ അരേപത്യുഃ കാമായ—
പതിപ്രീയോ ഭവതി
ആത്മനസ്തുകാമായ പതിഃ—
പ്രിയോഭവതി"

ഈ ഭൂമുഖത്തു ഒരു സ്ത്രീയെങ്കിലും തന്റെ ഭർത്താവിനുവേണ്ടി ഭർത്താവിനെ സ്നേഹിക്കുന്നില്ല ചിന്തനയേ; തനിക്കുവേണ്ടിത്തന്നെ ഭർത്താവിനെ സ്നേഹിക്കുന്നു. ഇതരത്ര പരമതം!

അഡ്വ. ശോപിനാഥപിള്ള,
പന്തളക്കോട്ട്.

രണ്ടു കവിതകൾ

അടുത്ത കാലത്തു കേരളീയരിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള കവിതകളിൽ ഒന്നും സ്ഥാനത്തിനർഹയാണ് : ഇന്നത്തെ ലോകത്തെ ഇതു കണ്ടു ഭീഷണം വികാരജന്യതയും അശ്ലീലഗാംഭീര്യവുമുള്ള കവിത രാധാമണിതന്നെ അടുത്തകാലത്തു രചിച്ചിട്ടില്ല.

കാട്ടാക്കടയുടെ കവിത വളരെ ദീർഘിച്ചുപോയി ഒരാഴ്ചപ്പതിപ്പിൽ ഇതു ദീർഘമായ കവിതകൾ ചേർക്കുന്നതിൽ എതിരഭിപ്രായക്കാരനാണ് ഞാൻ എങ്കിലും കവിത ഒന്നാംതരമായിട്ടുണ്ടെന്നു തല കുലുക്കി സമ്മതിക്കുന്നു.

പി ഭാസ്കരൻനായർ
തിരുവനന്തപുരം.

സ്പോർട്സ്

(6-ാംപേജിൽനിന്നും തുടർച്ച)

ക്രിക്കറ്റ് വിജയമായി : മദിരാശിടെസ്റ്റ് വിജയസ്വന്തമാണ്.

ഇമാസം 31-ാംതിയതി, ലക്ക്നൗവിലാരംഭിക്കുന്ന സമാപന ടെസ്റ്റിൽ ഇന്ത്യാഫാഡ്ക്കർ ഇൻഡ്യൻ ടീമിനെ നയിക്കുന്നതാണ്. പുതിയ ടെസ്റ്റ് ക്യാപ്പുകളായ പഞ്ചാബി, സുനാരായണ എന്നിവർക്ക് പുറമെ ഇപ്പോൾ ടെസ്റ്റിൽ മുഷ്താക്ക്-അലി, ഉമ്രിഗർ, ഗുലാം അഹമ്മദ്, രാംചന്ദ്, റോയ്, ഗുപ്ത, കെന്നി, ജോഷി, വിക്കറ്റുകീപ്പർ) എന്നിവർ ഉണ്ടായിരിക്കുന്നതാണ്. ലക്ക്നൗ ടെസ്റ്റിൽ, വിജയംവരിച്ച ഇൻഡ്യ അനൗദ്യോഗിക ടെസ്റ്റ് മോശമെന്ന നമുക്കു കയ്പുപൂർവം നോക്കാം.

* * *

അന്തർ സർവകലാശാലാ അഖിലഭാരത ഫൈനൽസിൽ 200 റൺസിനു മൈസൂറിനെ പരാജയപ്പെടുത്തി ഡൽഹി സർവകലാശാല, "ദോഹിൻസ് ബാരിയ" ട്രോഫി കരസ്ഥമാക്കിയിരിക്കുന്നു. ഈ മൽസരത്തിലെ ഒന്നാം ഇന്നിംഗ്സിൽ ഡൽഹി 240 റൺസും (ഓട്ടിയ 95 റൺസ്, യശ്പാൽ 55 റൺസ്, പട്ടേൽ 5 വിക്കറ്റ്, ഇഞ്ചിനിയർ 4 വിക്കറ്റ്) മൈസൂർ 156 റൺസും (കൃഷ്ണ 33 റൺസ് ഇഞ്ചിനിയർ 23 റൺസ്, കംപണ്ണ 31 റൺസ്, സഖർവാൽ 5 വിക്കറ്റ് ബന്ധാരി 2 വിക്കറ്റ്) രണ്ടാം ഇന്നിങ്സ്സിൽ ഡൽഹി 275 റൺസും (മാത്തൂർ 86 റൺസ് ഓട്ടിയ 66 റൺസ്, കൃഷ്ണ 2 വിക്കറ്റ്, ഇഞ്ചിനിയർ 3 വിക്കറ്റ്, കെ ശ്രീനിവാസൻ 3 വിക്കറ്റ്) മൈസൂർ 159 റൺസും (അനന്തസ്വാമി 64 റൺസ്, കൃഷ്ണസ്വാമി 35 റൺസ്, സഖർവാൽ 5 വിക്കറ്റ് യശ്പാൽ 3 വിക്കറ്റ്) കരസ്ഥമാക്കുകയുണ്ടായി.

* * * *

നമ്മുടെ ക്രിക്കറ്റ് രംഗത്തെ ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു, സ്റ്റേഡിയത്തിൽ വച്ചു ഇപ്പോൾ നടന്ന ഇൻഡ്യൻ കോളേജിയറ്റ് ഭക്ഷിണമേഖല ഫൈനൽസ് മത്സരം. യൂണിവേഴ്സിറ്റി കോളേജ് ഠീമിന്റെ കണ്ണൻദേവൻ കപ്പു ലഭ്യധിയിൽ സമീപിച്ച പ്രസ്തുത മത്സരം നമ്മുടെ ബോളർ സഖത്തിന്റെ ഒരു പ്രദർശനമായിട്ടാണ് പ്രേക്ഷകർക്ക് അനുഭവപ്പെട്ടതു. 91 റൺസിനു പര്യവസാനിച്ച ഇഞ്ചിനീയറിംഗ്കാരുടെ ടീമിന്റെ ഒന്നാം ഇന്നിങ്സ്സിലെ 6 വിക്കറ്റുകളും. ശ്രീ വിശ്വനാഥ് കരസ്ഥമാക്കി 46 റൺസ് അടിച്ചെടുത്ത യൂണിവേഴ്സിറ്റികാരുടെ ടീമിന്റെ ഒന്നാം ഇന്നിങ്സ്സിലെ സമ്പാദ്യം. 5 വിക്കറ്റുകൾ കരസ്ഥമാക്കി ആൻസ്റ്റം പ്രേക്ഷകരെ രസിപ്പിച്ചു

ദ്വിതീയഇന്നിംഗ്സിലോടെ ഇഞ്ചിനീയറിംഗ്കാരുടെ ടീം വീണ്ടും ബാറ്റിംഗാരംഭിച്ച പക്ഷം നമ്മുടെ ഏറ്റവും നിപുണന്മാരായ പേസുബൗളറന്മാരുടെ മൻപന്തിയിൽ നിൽക്കുന്ന രാമകൃഷ്ണന്റെ ലക്ഷണയുക്തമായ ബൗളിംഗിന്റെ മുൻപിൽ വിലപിടിച്ച 4 വിക്കറ്റുകൾ ക്ഷണനേരംകൊണ്ടു നിലംപതിച്ചു 80 റൺസിനു ആ ഇന്നിംഗ്സ്സു സമാപിച്ചു. 5 വിക്കറ്റിനു 130 റൺസു കരസ്ഥമാക്കി (പണിക്കർ 53 റൺസ് രാമകൃഷ്ണൻ 36 റൺസ്) യൂണിവേഴ്സിറ്റികാരുടെ ടീം കണ്ണൻദേവൻ കപ്പു കരസ്ഥമാക്കി.

വിജയശ്രീലാളിതമായ യൂണിവേഴ്സിറ്റികാരുടെ ടീം ഇമാസം 25, 26, 27 എന്നീ ദിവസങ്ങളിൽ എറണാകുളം മഹാരാജാസ് കോളേജ് ടീമുമായി മൽസരിക്കുന്നതാണ്.

* * *

ദേശീയ ബാഡ്മാൻറൺ ചാമ്പ്യൻ ഹൈദ്രാബാദ് പുതിയ റാങ്കിങ്ങിൽ പ്രഥമ സ്ഥാനവും ഠി എൻ. സേതുദ്വിതീയ സ്ഥാനവും നേടിയിരിക്കുന്നു

അനന്യസാധാരണമായ പാടവത്തോടുകൂടി ലോകപ്രസിദ്ധനായ ശ്രീ തങ്കരാജ് സ്ക്കോർ ചെയ്ത ശതകം തിരുവിതാംകൂർ ട്രോഫി തൃതീയ ഫൈനൽസ് മൽസരത്തിൽ മദിരാശി വിംകൊ ടീമിനെ വിജയപ്രഥമത്തിലും മരണംവരെ സമരംചെയ്ത ന്യൂഡൽഹി ഹിന്ദോസ്ഥാനെ ഠ്ഞിംഗ്സ് അപ്പു നിലയിലും പ്രതിഷ്ഠിച്ചിരിക്കുന്നു. സ്റ്റേഡിയംനിറഞ്ഞൊഴുകിയ ഒരു ദിവസം ആയിരുന്നു അതു.

———

Printed and Published by K. Balakrishnan at the Indira Printing Works, Pettah, Trivandrum

Phone No. 2128

PRICE As. 3

REG: M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL: IV
25th MONDAY
JANUARY 1954
No. 44

★ കഥാമാലിക ★

(ചെറുകഥാമാസിക)

★

— പത്രാധിപസമിതി —

തകഴി

കെ. ബാലകൃഷ്ണൻ

സി. എൻ. ശ്രീകണ്ഠൻനായർ

മാർച്ച് ആദ്യവാരം
പ്രസിദ്ധീകരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കെഴുതുക:

മാനേജർ,
കഥാമാലിക,
പേട്ട,
തിരുവനന്തപുരം.